

# സാമൂഹ്യ സമ്പർക്ക മാദ്ധ്യമങ്ങൾ

ജെ. ചിറയിൽ

# സാമൂഹ്യ സമ്പർക്ക മാദ്ധ്യമങ്ങൾ

## (ദൈവശാസ്ത്രം)

ACHARYA PALACKAL JEEVASS KENDRAM
LIBRARY
15077

ജെ. ചിറയിൽ

(Malayalam)

# Samoohya Sambarka Madhyamangal

*By*

J. Chirayil., M. A.

M/689
CHI

*Published by*:
Better Life Movement, Aloor

*Printed at*:
B. L. M. Press,
Aloor - Kallettumkara.
Trichur Dt.
Kerala

Price: Rs. 2-00

# ആമുഖം

സാമൂഹ്യ ജീവിയായ മനുഷ്യൻ പരസ്പരം അടുത്തറിഞ്ഞു മനസ്സിലാക്കുവാനും, അങ്ങനെ തങ്ങളുടെ സാമൂഹ്യതയെ അരക്കിട്ടുറപ്പിക്കുവാനും ഉപയോഗിക്കുന്ന പ്രസ്സ്, റേഡിയോ, ടെലവിഷൻ, സിനിമ ഇവയാണ് പ്രധാനമായും സമ്പർക്കമാദ്ധ്യമങ്ങളുടെ പേരിൽ അറിയപ്പെടുന്നതു്. ഏഴു ഭൂഖണ്ഡങ്ങളിലായി ചിതറിക്കിടക്കുന്ന മനുഷ്യരാശി മാനസികമായി ഐക്യപ്പെടുന്നതും, പരസ്പരം അറിയുന്നതും മനസ്സിലാക്കുന്നതും ഈ മാദ്ധ്യമങ്ങളിലൂടെയാണ് മനുഷ്യന് വായുവും ജലവും ഭക്ഷണവും വസ്ത്രവും പോലെ ആശയവിനിമയോപാധികളും ജീവിതത്തിൻെറ നിലനില്പിനും വളർച്ചയ്ക്കും പൂർണ്ണതയ്ക്കും ഇന്നു് ആവശ്യമായി വന്നിരിക്കുന്നു. ആധുനിക നൂററാണ്ടിലെ മനുഷ്യനിൽ ഇവയ്ക്കുള്ള സ്ഥാനം വളരെ ശക്തവുമത്രേ. ആഴ്ചയിൽ ഒരു ചിത്രം കാണാത്ത സാമാന്യക്കാരനോ, ഒരു റേഡിയോ ഇല്ലാത്ത സാമാന്യ ഭവനമോ ഒരു പത്രമാസികയോ ആഴ്ചപ്പതിപ്പോ വാങ്ങാത്ത വീടുകളോ വളരെ വിരളമത്രേ. ഈ സൗകര്യങ്ങൾ ഇല്ലാത്തവർക്കുവേണ്ടി ഗ്രാമീണ വായനശാലകളും, പൊതുഗ്രന്ഥശാലകളും, റേഡിയോ ഗ്രാമരംഗങ്ങളും എല്ലാം ഉണ്ടു്. മററാരുവാക്കിൽ എല്ലാ മനുഷ്യരെയും ഈ മാദ്ധ്യമങ്ങൾ ആകർഷിക്കുന്നുണ്ടു്, സമീപിക്കുന്നുണ്ടു്, സ്വാധീനിക്കുന്നുണ്ടു്. പള്ളികളിലും അമ്പലങ്ങളിലും മോസ്ക്കുകളിലും എന്നതിനേക്കാൾ ആളുകൾ തടിച്ചുകൂടുന്നതു്. സിനിമാതിയേററുകളിലും നാടക ടെൻറുകളിലുമാണ്. ഒരു വിധത്തിൽ പറഞ്ഞാൽ ദേവാലയങ്ങളെക്കാൾ, സ്കൂളുകളേയും കോളേജുകളേയുംകാൾ സ്വാധീനം മനുഷ്യ മനസ്സുകളിൽ ഈ മാദ്ധ്യമങ്ങൾ ഇന്നു ചെലുത്തുന്നുണ്ടു്. ഒരു ഞായറാഴ്ച ദേവാലയത്തിൽ പോയില്ലെങ്കിലും പുതിയ പിക്ചറിനു മനുഷ്യൻ പോകും.

ഫീസുകൊടുത്തു് കോളേജിൽ പഠിക്കുന്ന കുട്ടികൾ ക്ലാസ്സു 'കട്ടു' ചെയ്തുപോലും സിനിമാ കോട്ടകയിൽ കയറിപ്പററം. നമ്മുടെ യുവജനങ്ങളുടെ 'ജീവശ്വാസമായി' സിനിമയും റേഡിയോയും പത്രമാസികകളും മാറിക്കഴിഞ്ഞു. ഇവയുടെ പ്രത്യേകഭാഷകളിലാണു് അവരിന്നു സംസാരിക്കുക. അവരുടെ വ്യക്തിത്വത്തെ കരുപ്പിടിപ്പിക്കുന്നതും അവരുടെ ഫാഷനിൽ ചലനം സൃഷ്ടിക്കുന്നതും അവരിൽ നാം ഇന്നു ദർശിക്കുന്ന ചില പെരുമാററരീതികൾ അവർ പഠിക്കുന്നതും, മാദ്ധ്യമങ്ങളിലൂടെയാണു്. മനുഷ്യജീവിതത്തെ ഇത്രയധികം പിടിച്ചുകുലുക്കുന്ന, സ്വാധീനിക്കുന്ന, ഈ ഉപാധികൾ മനുഷ്യന്റെ സന്തത സഹചാരികളുമാണു്. മനുഷ്യൻ മനുഷ്യനോടടുക്കുന്നതിൽക്കൂടുതൽ മനുഷ്യൻ ഈ ഉപകരണങ്ങളുമായി ഇടപഴകുന്നുണ്ടു്.

മനുഷ്യന്റെ ബുദ്ധിപരവും ആദ്ധ്യാത്മികവും സാംസ്കാരികവുമായ എല്ലാപ്രതലങ്ങളിലും ചലനം സൃഷ്ടിക്കുന്ന ഈ മാദ്ധ്യമങ്ങൾ അവന്റെ രാഷ്ട്രീയ ജീവിതത്തിൽ വളരെയധികം കോളിളക്കം സൃഷ്ടിക്കുന്നുണ്ടു്. പൊതുജനാഭിപ്രായത്തിന്റെ ആലാത്തിൽ തൂങ്ങിക്കിടക്കുന്ന ഭരണകൂടങ്ങൾ ഇളകുകയും മറിയുകയും മാറുകയും തകരുകയും ചെയ്യുന്നതു് നിത്യസംഭവങ്ങളാണു്. പൊതുജനാഭിപ്രായ രൂപീകരണത്തിൽ വളരെ വലിയ അദ്ധ്യയന ശക്തിയാണു് ഇതിന്റെയെല്ലാം പിന്നിൽ പ്രവർത്തിക്കുന്നതു്.

നന്മയ്ക്കും തിന്മയ്ക്കും ഉപകരിപ്പിക്കാവുന്ന ഈ മാദ്ധ്യമങ്ങളിലൂടെ സത്യാന്വേഷിയായ മനുഷ്യൻ സത്യത്തെ അന്വേഷിക്കുന്നു. ഇവ മനുഷ്യന്റെ പക്കൽ എത്തിച്ചു കൊടുക്കേണ്ടതു് സത്യമാണു്. അങ്ങിനെ സത്യത്തിലൂടെ മനുഷ്യരെ വൈകാരികതലത്തിൽ പരസ്പരം ബന്ധിച്ചു് ഏകലോക കുടുംബമാക്കി മാറ്റാനുള്ള വലിയ കഴിവു് ഇവയ്ക്കുണ്ടു്. അതുപോലെതന്നെ, ഇവയിൽ നിന്നും ജന്മം കൊള്ളുന്ന തിന്മയുടെ ദുർഭൂതങ്ങൾ മനുഷ്യനെ

മനുഷ്യത്വത്തിൻെറ തലത്തിൽനിന്നും ആട്ടിയിറക്കി മൃഗീയതയു ടെ വനാന്തരങ്ങളിൽ അപ്പവും വെള്ളവും കിട്ടാതെ അലഞ്ഞു തിരിയുവാൻ ഇടയാകും. മനുഷ്യനെ ദൈവമാക്കാനും മനുഷ്യ നെ പിശാചാക്കാനും ഈ മാദ്ധ്യമങ്ങൾക്ക് കഴിവുണ്ട് എന്നു സാരം.

'എലിയേത്തോല്പിച്ച് ഇല്ലം ചുടുന്ന' ഒരു സമീപനരീതി യാണ് കത്തോലിക്കാസഭ ഇക്കാര്യത്തിൽ ഈ അടുത്തകാലം വരെ സ്വീകരിച്ച് പോന്നിട്ടുള്ളതെന്നു പറഞ്ഞാൽ അതു് അതി ശയോക്തിയില്ല. തിന്മയെ പേടിച്ച നന്മയെ വളത്താതിരിക്കു ന്ന ഈ മനസ്ഥിതി സഭാ സമൂഹത്തിൽ വലിയ വിനകളും വി നാശങ്ങളും ഉളവാക്കിയിട്ടുമുണ്ട്. തിന്മയെ നന്മകൊണ്ട് ജയി ക്കാൻ ആത്മാത്ഥമായി പഠിപ്പിക്കുന്ന സഭ ഈ പ്രതലത്തിൽ അതു് അധികമൊന്നും പ്രായോഗികമാക്കിയില്ല. പേടിച്ചും അറച്ച മാണ് സഭ ഇന്നും ആശയവിനിമയോപാധികളെ സമീപിക്കു ന്നതു്. ഈ പേടിയുടെയും അറപ്പിൻെറയും അടിയിൽ തൻെറ മക്കളുടെ ആത്മരക്ഷയെക്കുറിച്ചുള്ള അമ്മ്യേദാഹം നമുക്കു കാണു വാൻ സാധിക്കും. 'വീഴാതിരിക്കണമെങ്കിൽ ഓടിയകന്നുകൊള്ളു ക'യെന്ന അഗസ്റ്റിൻെറ ആ ചിന്താശകലം ഇവിടെ മുഴച്ച നി ല്ക്കുന്നു. 'തിന്മയായ എന്തോ ആണിതു്. നിവൃത്തിയില്ലാത്തതുകൊ ണ്ടു് അത്യാവശ്യത്തിനു് സമീപിക്കാൻ അനുവദിക്കുന്നു' എന്ന ഈ ചിത്തവൃത്തി കാരണം പലപ്പോഴും നിഷേധാത്മകവും അജപാ ലനപരവുമായ ചില നിർദ്ദേശങ്ങളിൽമാത്രം ഇവയെക്കുറിച്ചുള്ള സഭാപഠനങ്ങൾ ഒതുങ്ങിനിന്നു. പന്ത്രണ്ടാം പീയൂസും വത്തി ക്കാൻ കൗൺസിലുമാണ് എന്തൊക്കെയോ അനുലോമപര മായ ഒരു സമീപനരീതി ഇക്കാര്യത്തിൽ സ്വീകരിച്ചതു്. ഇന്നും ഈ സമീപനം ഭാഗികവും അപൂർണ്ണവുമത്രേ. സഭയ്ക്കു് തീർത്തും നവീ നവും സമ്പൂർണ്ണവുമായ ഒരു ആഭിമുഖ്യവും ചിന്താഗതിയും ഇക്കാ ര്യത്തിൽ എത്രയും വേഗം ഉണ്ടായേ പറ്റൂ. ഇതു് ഇന്നിൻെറ

ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരാവശ്യമാണ്. പ്യൂരിട്ടൻ ധാർമ്മികതയും വിക്ടോറിയൻ ചിന്താഗതിയും കഴിച്ചു മൂടിയിട്ട് മനുഷ്യാവതാരത്തിൻെറയും സമ്പൂർണ്ണവും സ്വർഗ്ഗീയവുമായ ക്രൈസ്തവ ധാർമ്മികതയുടെയും, കുഴൽക്കണ്ണാടിയിലൂടെ ഈ വസ്തുതകളെ നാം നോക്കിക്കാണണം. വെറും ഉപരിപ്ലവമായ പ്രശ്നങ്ങളിൽ തറച്ചു നില്ക്കാതെ വസ്തുതകളുടെ ആഴത്തിലേയ്ക്കിറങ്ങി സാക്ഷാൽ നന്മയും തിന്മയും വ്യവച്ഛേദിച്ച് തിന്മയെ തള്ളി നന്മയെ വളർത്തിയെടുക്കുന്ന അനുലോമപരമായ ഒരു വീക്ഷണഗതിയുണ്ടാകണം. എന്തിലും തിന്മ ചികഞ്ഞെടുക്കുവാനുള്ള ചിലരുടെ വികല പ്രവണത സ്വീകാര്യമല്ലതന്നെ. നന്മ വളർത്തിയെടുത്ത് ആ നന്മയുടെ പരിവേഷത്തിൽ 'വിനോദത്തിനും വിജ്ഞാനത്തിനും, ദൈവരാജ്യത്തിൻെറ പ്രചരണത്തിനുമായി' ശക്തിമത്തായ ഈ ആയുധങ്ങളെ നാം സൃഷ്ടിപരമായും, ക്രിയാത്മകമായും കൈകാര്യം ചെയ്യണം. ഇവിടെ സഭാധികാരികളും സഭാതനയരും ഒററക്കെട്ടായി നിന്നു പ്രവർത്തിക്കേണ്ടതുണ്ട്. അത്മായരുടെ ഈ തലത്തിലുള്ള പ്രവർത്തനങ്ങളെ സംശയത്തിൻെറ മഞ്ഞക്കണ്ണാടിയിലൂടെ നോക്കാതെ, അവരെ വിശ്വസിച്ച്, അവരുടെ പക്വതയെ മാനിച്ച്, അവക്കുവേണ്ട എല്ലാ സഹായസഹകരണങ്ങളും ചെയ്തുകൊടുക്കണം. ഈ പ്രതലത്തെ സഭയുടെ സാക്ഷാൽ പ്രേഷിതരംഗംതന്നെയായി കരുതണം. ഇതു് പുതിയ ഒരു വെല്ലുവിളിയായി സ്വീകരിക്കതന്നെവേണം.

ഇവിടെ പ്രസ്താവിച്ച സൃഷ്ടിപരവും അനുലോമപരവുമായ വീക്ഷണത്തിൻെറ 'ഹരീ ശ്രീ' കുറിക്കലാണു് ഈ ലഘുഗ്രന്ഥം കൊണ്ടു് ഈ ഗ്രന്ഥകത്താവു് ഉദ്ദേശിക്കുന്നതു്. 'വചനം' 'മാംസ'ത്തിൻെറ മാദ്ധ്യമം സ്വീകരിച്ച് നമ്മെ സമീപിക്കയും നാമുമായി സമ്പക്കത്തിൽ ഏപ്പെടുകയും നമ്മോടു സംസർഗ്ഗം ചെയ്യുകയും ചെയ്തു. ഇതുപോലെതന്നെ, ഇന്നും മനുഷ്യൻ മനുഷ്യനോടു സംസർഗ്ഗത്തിൽ ഏർപ്പെടുന്നതു് പ്രധാനമായും 'മാംസത്തി'ലൂടെ

തന്നെയാണ്. സാമൂഹ്യസമ്പക്ക് മാദ്ധ്യമങ്ങളുടെ വൈവശാസ്ത്രം മാംസമായ വചനത്തിൻെറ അടിസ്ഥാനത്തിലാണു നാം കാണുക.

ഇതൊരു സമ്പൂർണ്ണ പഠനമല്ല. സമ്പൂർണ്ണപഠനത്തിനുള്ള വെറും മുഖവുരമാത്രമായി ഇതിനെ കരുതിയാൽ മതി. അഭിപ്രായ വ്യത്യാസങ്ങളുണ്ടാകാം. ആശയങ്ങൾ എല്ലാം എല്ലാവക്കും സ്വീകാര്യമായിതോന്നുകയില്ലായിരിക്കാം. വൈവിദ്ധ്യം ഉൾക്കാഴ്ചയ്ക്കു ആക്കം കൂട്ടുമല്ലോ. ഈ ചെറുഗ്രന്ഥം ആശയവിനിമയോപാധികളുടെ പ്രേഷിതത്വത്തിൽ എന്തെങ്കിലും ഒരു ചലനം നമ്മുടെ സമുദായത്തിൻെറ ഏതെങ്കിലും കോണിൽ ഉളവാക്കിയാൽ ഈയുള്ളവൻ കൃതാത്ഥനായി. ഉള്ളിലേയ്ക്കു വരാം. നിങ്ങൾക്ക സ്വാഗതം!

ജെ. ചിറയിൽ M. A.

പാലാ,

11-11-1973

ARYA PAL... ASS KENDR...

"However, you're a man, you've seen the world—
The beauty and the wonder and the power,
The shape of things, their colours, lights and shades,
Changes. surprises—and God made it all!"

R. Browning.

"The children of this world are in their
generation wiser than the children of light"

St. Luke.

# ഗ്രന്ഥകർത്താവിൻെറ കൃതികൾ

1 സാമൂഹ്യസമ്പർക്കമാദ്ധ്യമങ്ങൾ

2 സന്ന്യാസദർശനം

3 ദൈവവിളിയും ജീവിത ഔത്യവും

5 കൊച്ചമ്മ

4 ജന്മസാഫല്യം

6 ഒരു ജീവിതവും കുറെ യാഥാർത്ഥ്യങ്ങളും

7 ആധുനിക കാലത്തിൻെറ സൂചനകൾ

8 നൂററാണ്ടുകളിലൂടെയുള്ള അന്വേഷണം

# താളുകൾ മറിക്കുമ്പോൾ


| | | |
|---|---|---|
| 1 | ആമുഖം | 1 |
| 2 | സമൂഹവും സാമൂഹ്യബന്ധങ്ങളും | 13 |
| 3 | ആശയവിനിമയോപാധികൾ | 33 |
| 4 | സഭയും ആശയവിനിമയോപാധികളും | 59 |
| 5 | ആശയവിനിമയോപാധികളുടെ വൈവിധ്യം | 88 |

## അദ്ധ്യായം ഒന്നു്

# സമൂഹവും സാമൂഹ്യബന്ധങ്ങളും

മനുഷ്യൻ ഒരു സാമൂഹ്യജീവിയാണു്. അവൻ തന്റെ സ്വഭാവം പ്രകടമാക്കുന്നതിനു് ഉപയോഗിക്കുന്ന ഒരു ഉപാധിയത്രേ സമൂഹം. നൂറു നൂറു മാർഗ്ഗങ്ങളിലൂടെ തങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുകയും പരിക്ലിപ്തിപ്പെടുത്തുകയും, നയിക്കുകയും, ഒക്കെ ചെയ്യുന്നതിനുവേണ്ടി, തന്റെ സ്വഭാവത്തെ പ്രകടമാക്കുമാറു് അവൻ സമൂഹത്തെ കെട്ടിപ്പടുക്കുകയും, തല്ലിത്തകർക്കുകയും, പുനഃനിർമ്മാണം ചെയ്യുകയും ചെയ്യുന്നു. മനുഷ്യവ്യക്തിത്വത്തിന്റെ ആഴത്തിലേയ്ക്കും പരപ്പിലേയ്ക്കും ഇഴഞ്ഞിറങ്ങി അവനെയും അവനു

ച്ചുറവും അവനെപ്പോലുള്ളവരെയും പരസ്പരം ബന്ധിക്കുന്ന ഒരു സംസർഗ്ഗവും ഐക്യവും അസ്തിത്വത്തിന്റെ അധിത്യകയിൽ അവൻ കണ്ടെത്തുന്നു. ഈ ഐക്യമനോഭാവത്തിനാണു് സാമൂഹ്യതയെന്നു പറയുന്നതു്. ഒന്നിക്കുന്നതിനും ഒരുമിക്കുന്നതിനുമുള്ള ഈ നൈസർഗ്ഗിക വാസന ജീവിതത്തിന്റെ സാക്ഷാത്കരണത്തിനു് തികച്ചും അവശ്യവുമത്രേ.

## സാമൂഹ്യവത്ക്കരണം

മററുള്ളവരുമായി ഒന്നായിത്തീരുന്നതിനും മററുള്ളവരാൽ സ്വീകൃതനാകുന്നതിനും മററുള്ളവരുടെ മുൻപാകെ സ്ഥാനം ലഭിക്കുന്നതിനുമുള്ള അദമ്യമായ ഒരു ദാഹത്തിന്റെ ഉടമയാണു് സാമൂഹ്യവത്ക്കരണം സാധിച്ച ഒരു വ്യക്തി. നൈസർഗ്ഗികമായി കൂട്ടായ്മയ്ക്കുവേണ്ടി ദാഹിക്കുന്ന മനുഷ്യവ്യക്തിയെ സമൂഹത്തിന്റെ ഒരു ഘടകമാക്കിത്തീർക്കുന്ന പ്രക്രിയയ്ക്കാണു് സാമൂഹ്യവത്ക്കരണം (Socialization) എന്നു പറയുന്നതു്. കുടുംബം, വിദ്യാഭ്യാസം, മററിതുപോലുള്ള സാമൂഹ്യ സ്ഥാപനങ്ങൾ, സമൂഹം ഓരോ വ്യക്തിയിലും ചെലുത്തുന്ന സ്വാധീനം, നിയമം, ശിക്ഷ, സമ്മാനം എന്നീ ഉപാധികൾ, ഇവയെല്ലാംവഴിയാണു് സാമൂഹ്യവത്ക്കരണം സാധിക്കുന്നതു്. വികാരത്തിന്റെയും വിചാരത്തിന്റെയും പരസ്പരധാരണയുടെയും പ്രതലങ്ങളിലുള്ള ഈ കൂട്ടായ്മ നൈമിഷികമായ ഒന്നല്ല; ഏറെക്കുറെ സ്ഥായി ആയ ഒന്നത്രേ. ശാരീരികമായ ഒന്നിക്കലിനു് അതീതമായി മാനസികതലത്തിലുള്ള ഐക്യബോധമാണു് സമൂഹത്തിന്റെ അടിസ്ഥാനംതന്നെ.

## സമൂഹത്തിന്റെ ആരംഭം

സാമൂഹ്യത, മനുഷ്യവ്യക്തിത്വത്തിന്റെ പൂർണ്ണതയ്ക്കുതന്നെ ആവശ്യമാണു്. ആദിമമനുഷ്യനു് തനിച്ചിരിക്കുക നല്ലതല്ലയെന്നു കണ്ട ദൈവം അവനൊരു കൂട്ടാളിയെ നൽകി. "മനുഷ്യൻ ഏ

കനായിരിക്കുന്നതു നല്ലതല്ല. അവനെപ്പോലുള്ള ഒരു സഹായിയെ അവനുവേണ്ടി ഞാനുണ്ടാക്കും” (Gen. 2:18) എന്നു പറഞ്ഞ്, സൃഷ്ടിക്കു കാരണമായ ദൈവം ഒരു സ്ത്രീയെ നൽകിക്കൊണ്ട് ആദ്യത്തെ സമൂഹത്തിന്റെ രൂപരേഖ വരച്ചു. ഈ കൂട്ടായ്മ അവനെ സംബന്ധിച്ച നല്ലതായിരുന്നു; അവന്റെ അസ്തിത്വത്തിന്റെ പൂർണ്ണതയ്ക്ക് ആവശ്യമായിരുന്നു. സാമൂഹ്യതയുടെ ഈ ആരംഭബീജത്തിൽനിന്നും പൊട്ടിത്തളിർത്തതാണ് മറ്റെല്ലാ സാമൂഹ്യബന്ധങ്ങളുംതന്നെ. സ്ത്രീയും പുരുഷനുമെന്നബന്ധം, ഭാര്യയും ഭർത്താവുമെന്നബന്ധം, അപ്പനും അമ്മയുമെന്ന ബന്ധം, മാതാപിതാക്കളും മക്കളുമെന്നബന്ധം, ശത്രുമിത്രബന്ധം, മററിതുപോലുള്ള എല്ലാ ബന്ധങ്ങളും ലോകത്തിൽ ഉത്ഭവിച്ചതു് ഈ കൂട്ടായ്മയിൽനിന്നത്രേ.

## സാമൂഹ്യതയിലെ ദ്വിത്വഭാവം

പറുദീസായിൽ ആരംഭിച്ച ഈ സാമൂഹ്യബന്ധങ്ങൾ വളരുന്നതും തകരുന്നതും നോക്കിനിന്ന ചരിത്രത്തിനു് ഒരു ദ്വിത്വഭാവം ഉള്ളതായി നമുക്കു കാണാം. ഒന്നായി വളന്ന മനുഷ്യൻ പ്രതികൂലസാഹചര്യങ്ങളുടെ പാറക്കെട്ടുകളിലും സ്വാത്ഥമോഹങ്ങളുടെ ചുഴികളിലും തല്ലിത്തകന്നും അകപ്പെട്ടും പരസ്പരം ഛിദ്രിക്കുന്നതു കാണുവാൻ സാധിക്കും. ഇങ്ങനെ തമ്മിത്തല്ലി, പരസ്പര ബന്ധമില്ലാതെ, ഗുഹകളിൽ ഒററയ്ക്കു വസിച്ചിരുന്ന മനുഷ്യൻ, പ്രതികൂലസാഹചര്യങ്ങളെയും പ്രകൃതിയെത്തന്നെയും ഒററയ്ക്കും, തനിച്ചും നേരിടാൻ ശക്തനല്ലെന്നു കണ്ടപ്പോൾ “ഭൂമിയെ കീഴ്പ്പെടുത്താൻ”വേണ്ടി സമൂഹജീവിതത്തിനു് വീണ്ടും ആരംഭംകുറിച്ചു. വീണ്ടും ചരിത്രത്തിലൂടെ നടന്നു കയറിയപ്പോൾ മനുഷ്യൻ ‘ഞങ്ങളും’ ‘നിങ്ങളു’മായി. “എന്റെ മാംസത്തിന്റെ മാംസവും മജ്ജയുടെ മജ്ജയുമായ ഈ സ്ത്രീ,” ‘ആ സ്ത്രീ’യായി ആരംഭിച്ച സാമൂഹ്യസംഘട്ടനത്തിന്റെ ഒച്ചയും ഓശയുമെല്ലാം ചരിത്രത്തിന്റെ അതതു പരിതസ്ഥിതികളിൽ വീണ്ടും മാറെറാലിക്കൊണ്ടിരുന്നു.

വീണ്ടും ചരിത്രത്തിലൂടെ നടന്നു കയറിയ മനുഷ്യൻ ഈ ചെറു ചെറു സമൂഹങ്ങളെ തമ്മിൽ ബന്ധിച്ച് ജനതകളും രാഷ്ട്രങ്ങളും കെട്ടിപ്പടുത്തു. അവർ സംസ്കാരങ്ങൾക്ക് അസ്തിവാരമിട്ടു. രാഷ്ട്ര നിർമ്മാണം നടത്തി....കാലചക്രം കറങ്ങിത്തിരിഞ്ഞു. സംസ്കാരങ്ങൾ വളർന്നു പന്തലിച്ചു. ആദമിന്റെ ചെറുകുടുംബം വലിയ ശാഖോപശാഖകളുള്ള മനുഷ്യ സമൂഹമായിത്തീർന്നു. വളർച്ചയും, വളർച്ചയുടെ പ്രതിഭാസവും, സംഘട്ടനത്തിനും സംഘർഷത്തിനും വേരുപാകി. ഒരു ജനത മറെറാരു ജനതയെ കടന്നാക്രമിച്ചു..... യുദ്ധങ്ങൾ ഉണ്ടായി—പടുത്തുയർത്തിയ നാഗരീകത തല്ലിത്തകർത്തു; സംസ്കാരത്തിനു് ധയനമേറവച്ചു. പുരോഗമനത്തിന്റെ പാതയിൽ പ്രതിബന്ധങ്ങൾ സൃഷ്ടിച്ചു; പുരോഗതിയുടെ ശവക്കുഴി തോണ്ടി. വിജയികൾ പുനഃനിർമ്മാണത്തിലേർപ്പെട്ടു. വീണ്ടും ഈ പ്രതിഭാസങ്ങൾ ആവർത്തിക്കപ്പെട്ടു. അങ്ങനെ ലോകചരിത്രംതന്നെ തല്ലിത്തകർക്കലിന്റെയും പുനഃനിർമ്മാണത്തിന്റെയും ചരിത്രമായിത്തീർന്നു. മനുഷ്യൻ മനുഷ്യനെ വെറുത്തതിന്റെയും സ്നേഹിച്ചതിന്റെയും, മനുഷ്യൻ ഒന്നായതിന്റെയും ഭിന്നിച്ചതിന്റെയും ചരിത്രമായിത്തീർന്നു അതു്. നിത്യം മാറിക്കൊണ്ടിരിക്കുന്ന വ്യാമിശ്രമായ ഈ പദ്ധതി (System)യെ സമൂഹമെന്നു പറയാം. മറെറാരു വാക്കിൽ, സമൂഹമെന്നു പറയുന്നതു് സാമൂഹ്യ ബന്ധങ്ങളുടെ ഒരു മാറാല (web)യാണു്, ആകത്തുകയാണു്. ഇതു് എന്നും മാറിക്കൊണ്ടിരിക്കുകയും ചെയ്യും.

## സാമൂഹ്യബന്ധങ്ങൾ

സാമൂഹ്യബന്ധങ്ങൾ (Social relationships) എന്നു പറഞ്ഞാൽ എന്താണെന്നുകൂടി നാം മനസ്സിലാക്കേണ്ടതുണ്ടു്. ഒരു റേഡിയോയും അതിരിക്കുന്ന മേശയുമായി ഒരു ബന്ധമുണ്ടു്. തീയും പുകയുമായി ബന്ധമുണ്ടു്, ചൂടും വെളിച്ചവുമായും ബന്ധമുണ്ടു്. ഒന്നിന്റെ അസ്തിത്വം മറെറാന്നുമായി ബന്ധപ്പെട്ടതാണു്.

പക്ഷേ, ഈ ബന്ധങ്ങളെ സാമൂഹ്യബന്ധങ്ങൾ എന്നു നാം വിളിക്കാറില്ല. കാരണം, ഇവിടെ മാനസികോപാധികൾ (Psychical conditions) നിലനില്ക്കുന്നില്ല. റേഡിയോയും മേശയും അവയുടെ പരസ്പര സാന്നിദ്ധ്യത്തെക്കുറിച്ച് അവബോധം (awareness) ഉള്ളവയല്ല. പരസ്പരാവബോധത്തിൻെറ അടിസ്ഥാനത്തിൽ പടുത്തുയർത്തപ്പെട്ടതുമല്ല അവയുടെ ബന്ധം. പരസ്പരാവബോധത്തിന്റെ (mutual awareness) അഭാവത്തിൽ സാമൂഹ്യബന്ധമോ, സമൂഹം തന്നെയോ, അസ്തിത്വം കൊള്ളുന്നില്ല. പരസ്പര അംഗീകാരത്തിൽനിന്നും ഉടലെടുക്കുന്ന മാർഗ്ഗങ്ങളിലൂടെ ഓരോ വ്യക്തിയുടെയും പരോന്മുഖമായ പെരുമാററങ്ങളെ (behaviours) പരിക്ലിപ്തിപ്പെടുത്തുകയും നിർണ്ണയിക്കയും ചെയ്യുന്നിടത്തോളം മാത്രമേ സമൂഹം അസ്തിത്വം കൊള്ളുന്നുള്ളു. ഇപ്രകാരം നിർണ്ണയിക്കപ്പെട്ടിട്ടുള്ള (determined), ഏതൊരു ബന്ധത്തേയും 'സാമൂഹ്യ'മെന്നു് നാം പേർ വിളിക്കുന്നു.[1] സമൂഹം വ്യാമിശ്രമാകുന്നതനുസരിച്ച് സാമൂഹ്യബന്ധവും വൈവിദ്ധ്യമാർന്നുകൊണ്ടിരിക്കും. സാമ്പത്തിക ബന്ധങ്ങൾ, രാഷ്ട്രീയബന്ധങ്ങൾ, സുഹൃത്ബന്ധങ്ങൾ, വൈയക്തിക ബന്ധങ്ങൾ, വൈരുദ്ധ്യാത്മക ബന്ധങ്ങൾ, ഇവയെല്ലാം സാമൂഹ്യബന്ധങ്ങളുടെ ചില ഉദാഹരണങ്ങളാണ്.

## തുല്യതയും വൈവിദ്ധ്യവും

സമൂഹത്തിൻെറ അന്തസത്തയിൽ അലിഞ്ഞുചേർന്നിട്ടുള്ള രണ്ടു ആശയങ്ങളാണ് തുല്യതയും (likeness), വൈവിദ്ധ്യവും (difference). സാമൂഹ്യതയുടെ പ്രാഥമിക ഭാവമെന്നു നാം വിശേഷിപ്പിക്കുന്ന കുടുംബത്തിലും ഇതു തീർത്തും ശരിയത്രേ. സാമൂഹ്യബന്ധങ്ങളിൽ അടിസ്ഥാനപരവും സത്താപരവുമായ ഒന്നാണല്ലോ ലൈംഗികബന്ധം. ഈ ബന്ധത്തിൻെറ അസ്തിവാരത്തിലാണ് കുടുംബ ബന്ധം കെട്ടിപ്പടുക്കപ്പെട്ടിരിക്കുന്നതു്. ഈ ബന്ധ

(1) Maciver and Page. Society. P. 6.

ത്തിൻെറ സത്തയിൽ നാം മുൻപു കണ്ട തുല്യതയും വൈവിദ്ധ്യവും ഉള്ളതായിക്കാണാൻ പ്രയാസമില്ല. മറെറല്ലാ സാമൂഹ്യ ബന്ധങ്ങളിലും ഇവ രണ്ടും വിഭിന്നമായ രീതിയിൽ ഒളിഞ്ഞും മറഞ്ഞും നില്ക്കുന്നു.

തുല്യതയും വൈവിദ്ധ്യവും താർക്കിക വൈരുദ്ധ്യങ്ങ (logical oposites) ളാണു് സാമൂഹ്യ ശാസ്ത്രജ്ഞൻെറ ദൃഷ്ടിയിൽ. [2] പക്ഷേ, വസ്തുനിഷ്ഠമായ അവയുടെ പ്രകാശനത്തിൽ അവ രണ്ടും പരസ്പരം ബന്ധിതങ്ങളുമാണു്. സാമ്യം മനസ്സിലാക്കാൻ വ്യത്യാസവും വ്യത്യാസം അറിയുവാൻ സാമ്യവും അറിഞ്ഞേ പററു. സാമ്യമില്ലാതെ, സാമ്യത്തെക്കുറിച്ചുള്ള അവബോധമില്ലാതെ, പരസ്പര ബന്ധമാണെന്നുള്ള ('belonging together') അംഗീകാരം ഉണ്ടാകയില്ല; ഇതില്ലെങ്കിൽ സമൂഹമില്ല. ഏറെക്കുറെ സാധർമ്മ്യമുള്ളിടത്തുമാത്രമേ സമൂഹം ഉണ്ടാകയുള്ളു; അതിനാലാണു് 'വർഗ്ഗബോധ്യ'ത്തിലാ ('consciousness of kind') ണു് സമൂഹം പടുത്തുയർത്തപ്പെട്ടിരിക്കുന്നതെന്നു് എഫ്. എച്ച്. ഗിഡിംഗ്സ് (F. H. Giddings) പറയുന്നതു്. [3] രക്തബന്ധത്തിലും കെട്ടുബന്ധത്തിലും ഒക്കെ അടിസ്ഥാനമിട്ടിരിക്കുന്ന സാമ്യബോധം ഇന്നു് വികസ്വരമായി മനുഷ്യവർഗ്ഗത്തിൻെറ മുഴുവൻ തുല്യതയിൽ ചെന്നെത്തിയിരിക്കയാണു്. അതിൽനിന്നാണു് ഏകലോക (one world) ലക്ഷ്യത്തിനായി ഇന്നു മനുഷ്യൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതു്.

തുല്യത (likeness) യിലെന്നതുപോലെ വൈവിദ്ധ്യത്തിലും ഉറപ്പിക്കപ്പെട്ടതാണു സമൂഹം. എല്ലാ മനുഷ്യരും എല്ലാത്തിലും തുല്യരായിരുന്നെങ്കിൽ സാമൂഹ്യബന്ധങ്ങളുടെ പ്രതലം വളരെ ഇടുക്കാന്തരായിത്തീരുമായിരുന്നു. വൈവിദ്ധ്യമുള്ളതിനാലാണു് പരസ്പര ദാനത്തിനും, അങ്ങനെ പരസ്പര പൂരണ (complement) ത്തിനും സാധിക്കുന്നതു്. ലൈംഗികബന്ധം തന്നെ വൈവിദ്ധ്യ

---

(2) Maciver and Page. Society. P. 7
(3) F. H. Giddings. Quoted in Society. P. 7

ത്തിൽനിന്നും സംലബ്ധമാകുന്ന പൂരണത്തിന്റെ ഏററം ഉത്തമമായ ഉദാഹരണമത്രേ. തുല്യതയുടെയും വൈവിദ്ധ്യത്തിന്റെയും ഈ ചട്ടക്കൂട്ടിൽ നില്ക്കുന്നതിനാലാണ് സമൂഹത്തിലെ എല്ലാ അംഗങ്ങൾക്കും ഓരോ അംഗത്തിനും എന്തെങ്കിലും കൊടുക്കുവാനും വാങ്ങുവാനും ഉണ്ടാകുന്നത്. എത്ര ചൂഷണാത്മകവും, അനീതിപരവും, ഇത്തിക്കണ്ണി സ്വഭാവം ഉള്ളതുമായിരുന്നാലും ഏതു സമൂഹത്തെക്കുറിച്ചും ഇതു ശരിയാണ്. കൊടുക്കൽവാങ്ങലിന്റെ (give and take) ദശ്നത്തിൽ എന്നും ഈ വൈവിദ്ധ്യവും തുല്യതയുമാണ് ഒരുവൻ ഊന്നിപ്പറയുന്നത്. സാഹചര്യങ്ങളുടെ വൈവിദ്ധ്യം, ശാരീരികവൈവിദ്ധ്യം, മാനസിക കഴിവുകളുടെ വൈവിദ്ധ്യം, ഇങ്ങനെ ഒരു നൂറു വൈവിദ്ധ്യങ്ങൾ മാനവ സമുദായത്തിൽ അതതിന്റെ പ്രതലം സൃഷ്ടിക്കുകയും സാമൂഹ്യ ബന്ധങ്ങൾക്ക് വ്യത്യാസം വരുത്തുകയും ചെയ്യുന്നു. ഏതായാലും, തുല്യതയ്ക്കു തന്നെയാണ് വൈവിദ്ധ്യത്തെക്കാൾ സാമൂഹ്യബന്ധങ്ങളുടെ ചരടു പിടിക്കുന്നതിൽ പ്രാമുഖ്യം.

## മനുഷ്യചേതനയുടെ സവിശേഷത

സമൂഹത്തെ കരുപ്പിടിപ്പിക്കുന്ന ഈ തുല്യതയ്ക്കും വൈരുദ്ധ്യത്തിനും ഒരു പടികൂടി ഉയർന്നുനിന്നുകൊണ്ടാണ് 'മനുഷ്യൻ ഒരു സാമൂഹ്യ ജീവി'യാണെന്ന് അരിസ്റ്റോട്ടൽ പറഞ്ഞു വച്ചത്. ഇത് മനുഷ്യചേതനയുടെ അടിസ്ഥാനപരമായ ഒരു സവിശേഷത (attribute) യുമത്രേ.[4] മനുഷ്യൻ തനിച്ചായിരിക്കുന്നത്, ഒററപ്പെട്ടവനാകുന്നത്, അവനു നല്ലതല്ല. ഒരുവൻ അവന്റെ സംരക്ഷണത്തിനും, സുഖത്തിനും, പോഷണത്തിനും, വിദ്യാഭ്യാസത്തിനും, ഉപകരണങ്ങൾക്കും, സാദ്ധ്യതകൾക്കും മററിതുപോലുള്ള നൂറുനൂറു ആവശ്യങ്ങൾക്കും സമൂഹത്തെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ഈ

---

(4) മൃഗങ്ങൾക്കു സാമൂഹ്യവാസന ഇല്ലായെന്ന് ഇവിടെ പറയുന്നില്ല. മനുഷ്യനാണല്ലോ നമ്മുടെ ചർച്ചാവിഷയം.

ആശ്രയം മൃഗങ്ങളിലെന്നതിനേക്കാൾ മനുഷ്യനിൽ കൂടുതലായും കാണുന്നു. അതുപോലെതന്നെ, അവൻെറ ആശയങ്ങൾക്കും, ആദശ്ങ്ങൾക്കും, ലക്ഷ്യങ്ങൾക്കും, ലക്ഷ്യബോധങ്ങൾക്കും, സങ്കല്പങ്ങൾക്കും അഭിലാഷങ്ങൾക്കും, ശാരീരികവും മാനസികവുമായ പലേ സ്വസ്ഥതകൾക്കും ഒരുവൻ സമൂഹത്തെ ആശ്രയിച്ചാണിരിക്കുന്നതു്. സമൂഹത്തിലുള്ള അവൻെറ ജന്മംതന്നെ സമൂഹത്തിൻെറ അവശ്യത്തിനുള്ള തെളിവത്രേ. ഒരുവനെ സംബന്ധിച്ച് അവൻെറ അടിസ്ഥാനാവശ്യങ്ങളിലൊന്നാണ് സമൂഹം. വീട്ടുതടങ്കലും ഏകാന്തവാസവുമൊക്കെ ഒരു മനുഷ്യവ്യക്തിയെ സംബന്ധിച്ച് ഏററം വലിയ ശിക്ഷയാകുന്നതു് ഇതിൽനിന്നുമത്രേ. സ്വാതന്ത്ര്യത്തിനു വേണ്ടി എത്രയെല്ലാം സമരങ്ങൾ സൃഷ്ടിച്ചാലും, അവയെല്ലാം വിജയിച്ചാലും ഒരു മനുഷ്യനും സമൂഹത്തിനുള്ള അവൻെറ ആവശ്യത്തിൽനിന്നും സ്വതന്ത്രനാകാൻ സാധിക്കയില്ല. ജീവിതം ജീവിക്കാൻ കൊള്ളുന്നതാക്കിത്തീക്കാൻ സാമൂഹ്യബന്ധങ്ങൾ തീത്തും കൂടിയേ തീരു. സാമൂഹ്യബന്ധങ്ങളുടെ അഭാവത്തിൽ ഒരു മനുഷ്യനും ജീവിക്കാൻ സാധിക്കയില്ലതന്നെ. [5]

## സാമൂഹ്യപ്രതിപ്രവത്തനം

സമൂഹം സാമൂഹ്യബന്ധങ്ങളുടെ ആകെത്തുകയാണെങ്കിൽ ഈ ബന്ധങ്ങൾ എങ്ങനെയാണ് ഉണ്ടാകുക? സാമൂഹ്യബന്ധങ്ങളുടെ അടിത്തറതന്നെ സമൂഹാംഗങ്ങളുടെ പരസ്പര സംസഗ്ഗ (inter course) മാണ്. സ്ത്രീയും പുരുഷനും, ശിശുക്കളും യുവാക്കളും, പ്രായപൂത്തിയിൽ എത്തിയവരും വൃദ്ധരും, എന്നുവേണ്ട എല്ലാ

---

(5) വനവാസികളും മററും സാമൂഹ്യബന്ധത്തിൽ നിന്നു് ഓടിയകലുന്നു. പക്ഷേ, ദൈവവുമായോ, പ്രകൃതിയുമായോ അവർ മറെറാരു തലത്തിൽ സാമൂഹ്യബന്ധം സ്ഥാപിക്കുന്നു. ഇതു സാധിക്കുന്നില്ലെങ്കിൽ അവർ മാനസിക വികലതയുള്ളവരായിത്തീരുകയും ചെയ്യും.

വ്യക്തികളും പരസ്പരം പെരുമാറുന്നു, സംസർഗ്ഗത്തിലേപ്പെടുന്നു. പരസ്പര പ്രവർത്തനത്തിൻെറ രൂപത്തിലാണ് ഈ സംസർഗ്ഗം കാണപ്പെടുന്നതു്. രണ്ടോ അതിലധികമോ അംഗങ്ങൾ പരസ്പരസമ്പക്ക (contact) ത്തിൽ ഏപ്പെടുന്നു. ഈ സമ്പക്കം അർത്ഥസമ്പുഷ്ടമായിരിക്കണം. ഇതിൻെറ ഫലമായി ഈ വ്യക്തികളുടെ സമ്പ്രദായങ്ങളിലും, പെരുമാററത്തിലും, സ്വഭാവത്തിൽ തന്നെയും ചലനവും വ്യതിയാനവും ഉണ്ടാകുന്നു. ഒരു സ്ത്രീയും പുരുഷനും പരസ്പരസമ്പക്കത്തിൽ വരുന്നു. ഇതു് അവരെ പരസ്പരം അടുപ്പിക്കാം, അല്ലെങ്കിൽ അകററാം. ഈ ചെറിയ ചലനം സമൂഹത്തിൻെറ പലേ കോണുകളിലും വ്യതിയാനത്തിനു കളമൊരുക്കും. ഇതു് കുടുംബങ്ങളെയും ആളുകളെയും കൂടുതൽ അടുപ്പിക്കുകയോ, അല്ലെങ്കിൽ അവയെ അകററുകയോ ശത്രുതയിൽ കൊണ്ടുവരികയോ ചെയ്യും. ഈ വ്യതിയാനങ്ങളുടെ കാരണമാകട്ടെ പരസ്പരം വ്യക്തികളുടെ മനസ്സിനെ പഠിച്ചതിൻെറയോ, വിലയിരുത്തിയതിൻെറയോ പശ്ചാത്തലമാണ്. സാമൂഹ്യബന്ധങ്ങൾ വ്യക്തികളിൽ മാനസികബന്ധങ്ങൾ സംസ്ഥാപിക്കാൻ കാരണമാകുന്നു എന്നു പറയുന്നതു് ഇതിനാലത്രേ. ഇതര വ്യക്തികളുടെ ആശയങ്ങളും, ആദർശങ്ങളും, വികാരങ്ങളും എല്ലാം മററ വ്യക്തികളെ സ്വാധീനിക്കാൻ പോരുന്നതത്രേ. ആശയങ്ങളും, വികാരങ്ങളും, വിചാരങ്ങളും, പരസ്പരം കൈമാററുന്നതിൽ നിന്നുമാണ് സാമൂഹ്യബന്ധങ്ങൾ ഉരുത്തിരിയുന്നതു്. അതിനാലാണ്, "സാമൂഹ്യപ്രതിപ്രവർത്തനം (social interaction) എന്നു പറയുന്നതു്, ഇതരൻെറ മനസ്സിലേയ്ക്കുള്ള ഓരോരുത്തരുടെയും പരസ്പര നുഴഞ്ഞുകയററമാണെന്ന് (inter penetration)" ഡോസനും ഗററിസും പറയുന്നതു്. ഈ നുഴഞ്ഞുകയററം വ്യക്തി വ്യക്തിയിലേക്കും, സമൂഹം സമൂഹത്തിലേയ്ക്കും ഒക്കെ നടത്തും. ഫലം; ഒന്നുകിൽ അടുക്കും, അല്ലെങ്കിൽ അകലും. ഒന്നുകിൽ സ്നേഹിക്കും, അല്ലെങ്കിൽ വെറുക്കും. ഇതിൻെറ പ്രത്യാഘാതം സമൂഹത്തിൻെറ മുഖച്ഛായയിൽ ആകപ്പാടെ മാററം സൃഷ്ടിക്കും.

## ആശയങ്ങളുടെ അടിത്തറ

മനുഷ്യൻെറ വളച്ച്യും തളച്ച്യും, സമൂഹത്തിൻെറ സുസ്ഥിതിക്കും ദുഃസ്ഥിതിക്കും, വ്യക്തികളിലും കൂട്ടത്തിലും സ്വസ്ഥതയ്ക്കും, അസ്വസ്ഥതയ്ക്കും എല്ലാം കാരണമാണ് സാമൂഹ്യസമ്പക്കങ്ങളും തത്ഫലമായി ഉണ്ടാകുന്ന സാമൂഹ്യബന്ധങ്ങളും. ഒരു സാമൂഹ്യശാസ്ത്ര വിദ്യാർത്ഥിയുടെ മുന്നിൽ വിരോധവും സ്നേഹവും, പകയും ദ്വേഷവും, ഇഷ്ടവും അനിഷ്ടവുമെല്ലാം സാമൂഹ്യബന്ധങ്ങളുടെ ഓരോ ഭാവങ്ങൾ മാത്രം. ഇവയുടെ നന്മയും തിന്മയുമൊന്നും അവന് പഠനവിധേയമല്ലതന്നെ. ഈ എല്ലാ ബന്ധങ്ങളുടെയും അടിയിൽ മനുഷ്യപ്രവത്തനങ്ങളും അവയ്ക്കു നിദാനവും പ്രേരണയുമായി നില്ക്കുന്ന ആശയങ്ങളും ഉണ്ട്. മനുഷ്യമനസ്സിനെ മഥിക്കുന്ന, അവിടെ കൊടികുത്തി വാഴുന്ന, ആശയങ്ങളാണ് യഥാർത്ഥത്തിൽ മനസ്ഥിതിയ്ക്കു് രൂപം നൽകുന്നതും വൈവിദ്ധ്യപൂർണ്ണങ്ങളായ കാഴ്ചപ്പാടുകളിലൂടെ വസ്തുതകളെയും സംഭവങ്ങളെയും നോക്കിക്കാണുവാൻ മനുഷ്യചേതനയെ പ്രേരിപ്പിക്കുന്നതും. സാമൂഹ്യബന്ധങ്ങൾക്ക് നിറപ്പകിട്ടേകുന്ന, അവയിൽ ചായപ്പണി നടത്തുന്ന, കാഴ്ചപ്പാടുകളുടെ ഈററില്ലമാണല്ലോ നാം മനസ്ഥിതിയെന്നു പറയുന്നതു്.

## മനസ്ഥിതിയെന്ന മൂശ

വളച്ച്യിലൂടെ ഒരു വ്യക്തി വലിച്ചെടുക്കുന്ന ആശയങ്ങളും അവൻെറ ജീവിത സാഹചര്യങ്ങളിൽ അവനുണ്ടാകുന്ന അനുഭവങ്ങളും അനുഭൂതികളും അവൻെറ മാനസിക പരിതോവസ്ഥയിൽ ഉറഞ്ഞുകൂടി അവൻെറ ചിന്താഗതിയ്ക്കും, ചിത്തവൃത്തിയ്ക്കും (attitude) രൂപം നൽകുന്നു. ഈ ചിന്താഗതിയെയാണ് കാഴ്ചപ്പാടെന്നു നാം സാമാന്യഭാഷയിൽ പറയുന്നതു്. ഈ കാഴ്ചപ്പാട്, മനസ്ഥിതി (mental set) യെന്ന മൂശയിൽ വാർത്തെടുക്കുന്നതുമാണ്. മനസ്ഥിതിയാണ് യഥാർത്ഥത്തിൽ ഒരുവനെ ഒരു പ്രത്യേക വീക്ഷണഗതിയുള്ളവനാക്കിതീർക്കുന്നതു്. മനസ്ഥിതിയുടെ

ചട്ടക്കൂട്ടിൽ ഒരുവൻ സാത്മീകരിച്ചിട്ടുക്കുന്ന ആശയങ്ങളും അവൻെറ അനുദിന ജീവിതത്തിലുണ്ടാകുന്ന അനുഭവങ്ങളും ഒരു പ്രത്യേക രൂപം കൊള്ളുകയും, സ്വന്തമായി ഒരു രൂപവത്ക്കരണം (formation) അവയ്ക്കു ലഭിക്കയും ചെയ്യുന്നു. വർഷങ്ങളിലൂടെ അവൻ കരുപ്പിടിപ്പിച്ചിരിക്കുന്ന ഈ മനസ്ഥിതിക്കു് സാമാന്യരീതിയിൽ മാററം സംഭവിക്കുക അത്ര എളുപ്പമല്ല. ബോധതലത്തിൽ മാത്രമല്ല, അബോധതലത്തിലും ഈ മനസ്ഥിതി പ്രവർത്തിക്കയും വ്യത്യസ്തങ്ങളായ കാഴ്ചപ്പാടുകൾ മനുഷ്യവ്യക്തികളിൽ രൂപീകരിക്കയും ചെയ്യും. എന്തു നവീകരിച്ചാലും അവയെ എല്ലാം ഈ മൂശയിൽ പുനഃനിർമ്മാണം ചെയ്തേ ഒരുവൻ പുറത്തിറക്കൂ.

## മനസ്ഥിതി മാററുക

അതിനാൽ കാഴ്ചപ്പാടുകൾ മാറണമെങ്കിൽ ചിന്താഗതി മാറണമെങ്കിൽ ആദ്യമായി ചെയ്യേണ്ടതു് മൂശ തകർക്കുകയാണു്; മനസ്ഥിതി മാററുകയാണു്. ബോധപൂർവ്വം പഴമയേ മാററി പുതിയ ആശയങ്ങളുടെ ലോഹംകൊണ്ടു് മറെറാരു മൂശ സംവിധാനം ചെയ്തിട്ടു് അതിലൂടെവസ്തുതകളെ നോക്കിക്കാണാൻ ശ്രമിക്കണം. ഇതിനാലാണു്, മനസ്സിൻെറ അന്തരം അഥവാ മാററം എന്നു നാം പറയുന്ന മാനസാന്തരം ഉണ്ടാകേണ്ടതു്. പൂർണ്ണമായ ബോധ്യത്തിൽ നിന്നുമാത്രമേ ഈ മാനസാന്തരം (Conversion) സാധിക്കയുള്ളു. പ്രചരണം (Propaganda)ത്തിലൂടെയും ആവർത്തന (repetition)ത്തിലൂടെയും ഒരു പൊതുജനാഭിപ്രായം (Public opinion) രൂപീകരിച്ചു് മനുഷ്യ ചേതനയിൽ ബോധ്യത്തിൻെറ ലൈററു് അടിച്ചെങ്കിൽ മാത്രമേ ഈ മാററം സംഭവിക്കയുള്ളു.

## ആശയം മനുഷ്യനെ ഭരിക്കുന്നു

സാമൂഹ്യ പ്രതിപ്രവർത്തനത്തെക്കുറിച്ചു് പ്രതിപാദിക്കുമ്പോൾ മേൽപ്പറഞ്ഞ മനഃശാസ്ത്രപരമായ ആശയങ്ങൾ ഉള്ളിന്റെ ഉള്ളിൽ

നാം കാത്തു സൂക്ഷിച്ചിരിക്കണം. കാരണം, മനുഷ്യൻ സ്വയം സാത്മീകരിച്ചിട്ടുള്ള ആശയങ്ങളാണ് അവൻെറ ആദർശത്തിൻെറ രൂപരേഖ. ആദർശമാണ് വ്യക്തിത്വത്തെ ഉറപ്പുള്ളതാക്കിത്തീർക്കുന്നതു്. തത്വാധിഷ്ഠിതമായ (Principled) ജീവിതവും കർമ്മപദ്ധതിയുമാണ് ഒരുവനെ മനുഷ്യവ്യക്തിത്വമെന്ന അടിസ്ഥാനത്തിൽ ഉറപ്പിച്ചു നിർത്തുക. അതിനാലാണ് ആശയങ്ങളാണ് മനുഷ്യനെ ഭരിക്കുന്നതെന്നു പറയുന്നതു്. ഇവിടെയാണ് ആശയങ്ങൾ മനുഷ്യനെയും മനുഷ്യബന്ധങ്ങളെയും സ്വാധീനിക്കുന്ന വലിയ പ്രതലം നമുക്കു കാണുവാൻ സാധിക്കുന്നതു്. ആശയങ്ങൾ പ്രചരിപ്പിക്കുന്നവരെ വിപ്ലവകാരികളെന്നും ആശയവിനിമയ മാധ്യമങ്ങളായ ഗ്രന്ഥശാലകളെ വിപ്ലവത്താവളങ്ങളെന്നും മററും നാം പറയുന്നതിൻെറ അടിയിൽകാണുന്ന ചൈതന്യമിതാണ്.

ഒരുവനെ മനുഷ്യൻെറ പൂർണ്ണതയിലേയ്ക്കുയർത്തി അവനെ സാക്ഷാൽ മനുഷ്യനാക്കാനും, അവനെ മാലാഖായാക്കാനും, പിശാചും, മൃഗവും എല്ലാമാക്കിത്തീർക്കാനും ആശയങ്ങൾക്കു കെല്പുണ്ടു്. ലോകം കണ്ടിട്ടുള്ള ഏററം വലിയ വിപ്ലവങ്ങളുടെ അടിയിൽ അവയ്ക്കു് ഇന്ധനമേകിയതു ചില ചില്ലറ ആശയങ്ങളാണ്. "തൊഴിലാളികളെ, നിങ്ങൾക്കു് ഒന്നും നഷ്ടപ്പെടുവാനില്ല. വെറും കൈ വിലങ്ങുകൾ മാത്രമേ തകരാനുള്ളു"വെന്ന മാർക്സിൻെറ ആ ചെറുവാചകമാണ് ഇന്നത്തെ തൊഴിലാളിവർഗ്ഗത്തെ വർഗ്ഗസമരത്തിലൂടെയും രക്തച്ചൊരിച്ചിലിലൂടെയും നയിക്കാൻ കമ്മ്യൂണിസത്തിനു സാധിച്ചതു്. 'നിന്നെപ്പോലെ നിൻെറ അയല്ക്കാരനെ സ്നേഹിക്കണ'മെന്ന ക്രിസ്തുവിൻെറ ചെറിയ വാചകമാണ് ക്രിസ്തീയ സഭയ്ക്കു് ഇന്നു് ലോകത്തിലുള്ള സ്ഥാനം വാങ്ങിക്കൊടുത്തതു്. 'സമത്വം സ്വാതന്ത്ര്യം സാഹോദര്യം' എന്നീ മൂന്നു വാക്കുകളാണ് ഫ്രഞ്ചു വിപ്ലവത്തെ നയിച്ചതു്. ഇതുപോലെ പലതും. ലോകം കണ്ടിട്ടുള്ളതിൽവച്ചു് ഏററം വലിയ മൂന്നു

വിപ്ലവങ്ങളായിരുന്നു ഇവ. ഇവയുടെ അടിസ്ഥാനമാകട്ടെ ചുരുങ്ങിയ വാക്കുകളിൽ പ്രകടമായ വലിയ ആശയങ്ങളും.

## ആശയവിനിമയം ആവശ്യം

ആശയങ്ങൾ വൃഥാ മനുഷ്യമസ്തിഷ്ക്കങ്ങളിൽ തടങ്കലിൽ കിടന്നാൽ പോരാ; അവ മററുള്ളവക്കു് എത്തിച്ചു കൊടുക്കണം. അതിനായിട്ടാണു് പ്രസ്സ്, റേഡിയോ, ടെലിവിഷൻ മുതലായ സാമൂഹ്യസമ്പക്ക മാദ്ധ്യമങ്ങൾ. വിലപിടിപ്പുള്ള ആശയങ്ങൾ ജനതാമദ്ധ്യത്തിൽ എത്തിക്കാനുള്ള ഈ ഉപാധികളും വിലയുററവ തന്നെ. "ദൈവാനുഗ്രഹത്താൽ ആധുനികകാലത്തു് മനുഷ്യബുദ്ധി പ്രകൃതിവസ്തുക്കളുടെ ഉപയോഗംവഴിയായി സാങ്കേതികരംഗത്തു് അത്ഭുതാവഹമായ കണ്ടുപിടിത്തങ്ങൾ നടത്തിയിട്ടുണ്ടു് ........ഈ കണ്ടുപിടിത്തങ്ങളിൽ ചിലതു വ്യക്തികളിലേയ്ക്കു മാത്രമല്ല മാനവസമുദായം മുഴുവനിലേയ്ക്കും ആഞ്ഞിറങ്ങി സ്വാധീനം ചെലുത്തുവാൻ കഴിവുററവയാണു്. പ്രസിദ്ധീകരണങ്ങൾ, സിനിമാ, റേഡിയോ, ടെലിവിഷൻ ആദിയായവ അവയുടെ സ്വഭാവത്താൽ തന്നെ പരമപ്രാധാന്യം അർഹിക്കുന്നു." [6] 'മാനവസമുദായത്തിനു വിലയേറിയ മുതൽക്കൂട്ടായിരിക്കുന്ന' ആശയവിനിമയോപാധികളുടെ പ്രാധാന്യത്തെക്കുറിച്ചു് ഇപ്രകാരമാണു് കൗൺസിൽ പ്രതിപാദിക്കുന്നതു്.

## സമ്പക്കവും സംസഗ്ഗവും

ആശയങ്ങളെയും അവയുടെ വിനിമയോപാധികളെയും സംബന്ധിച്ചു് ഇവിടെ ഇത്രയും പറയുവാൻ കാരണം സാമൂഹ്യപ്രതിപ്രവത്തനത്തിൻെറ (Social interaction) അവശ്യ ഉപാധികളെ (Basic Conditions) കുറിച്ചു പരാമർശിക്കുന്നതിനുവേണ്ടിയാണു്. സമ്പക്കം (Contact) സംസഗ്ഗം അഥവാ ആശയ

(6) Decree. Social Communication Media. No. I.

വിനിമയം (Communication) എന്ന് രണ്ട് ഉപാധികളുടെ അഭാവത്തിൽ സാമൂഹ്യപ്രതിപ്രവർത്തനം സാധ്യമല്ലതന്നെ.

ഇവിടെ സമ്പർക്കംകൊണ്ട് സാമൂഹ്യസമ്പർക്കത്തെയാണ് ഉദ്ദേശിക്കുന്നത്. റേഡിയോ, എഴുത്തുകൾ, ഫോൺ, പ്രസ്സ്, ടെലഗ്രാം, ടെലിവിഷൻ സിനിമ, മുതലായവയും ഇവപോലുള്ള മററ സാമൂഹ്യ സമ്പർക്ക മാദ്ധ്യമങ്ങളും ഇവിടെ ഉദ്ദേശിക്കപ്പെടുന്നുണ്ട്. സാമൂഹ്യസമ്പർക്കങ്ങളെ ശാരീരികമായ സമ്പർക്കങ്ങൾ (Physical contact)വളർത്തുകയും പരിപോഷിപ്പിക്കയും ചെയ്യുമെന്നുള്ളത് നാം വിസ്മരിക്കുന്നില്ല. കൈകൊടുക്കുക, ആലിംഗനം ചെയ്യുക, ചുംബിക്കുക, ആതിഥ്യം സ്വീകരിക്കുക, സന്ദർശിക്കുക ഈ ഉപാധികളെല്ലാംതന്നെ സാമൂഹ്യ സമ്പർക്കത്തെ ത്വരിതപ്പെടുത്തുകയും, ഉറപ്പിക്കുകയും നിലനിത്തുകയും ചെയ്യുവാൻ ഉതകുന്നവയാണ്. സാമൂഹ്യസമ്പർക്കത്തിൻെറ ആരംഭം വ്യക്തികൾ തമ്മിലും സമൂഹങ്ങൾ തമ്മിലുമുള്ള പ്രതിസ്പന്ദ (Response)ങ്ങളത്രേ. അതിനാലാണ് സാമൂഹ്യസമ്പർക്കമാണ് സാമൂഹ്യപ്രതിപ്രവർത്തനത്തിന്റെ ആദ്യ ഭാവം എന്ന് ഗില്ലിൻ ആൻഡ് ഗില്ലിൻ പറയുന്നത്.

ഈ സാമൂഹ്യ സമ്പർക്കങ്ങൾ നന്മയിലേയ്ക്കും, പരസ്പര സഹായത്തിലേയ്ക്കും, പരസ്പരധാരണയിലേയ്ക്കും, സാത്മീകരണത്തിലേയ്ക്കും നയിക്കുന്ന അനുലോമപരമായ സമ്പർക്കങ്ങൾ (Positive Contacts) ആകാം. അതുപോലെതന്നെ, വിദ്വേഷവും പരദ്വേഷവും വമിപ്പിക്കുന്ന നിഷേധാത്മക സമ്പർക്കങ്ങളും (negative contacts) ആയിരിക്കാം. അതുപോലെതന്നെ നേരിട്ടോ, മാദ്ധ്യമങ്ങളും മദ്ധ്യവർത്തികളും വഴിയോ ഉള്ള സമ്പർക്കങ്ങൾ ഉണ്ടാകാം. താല്ക്കാലികവും, സ്ഥിരമായതുമായ സമ്പർക്കങ്ങളുമുണ്ട്. ഏതുതരത്തിൽ പെട്ടവയായാലും ഈ സമ്പർക്കങ്ങളുടെ സ്വാധീന (influence) ത്തിനാണ് പ്രാധാന്യം കല്പിക്കേണ്ടത്.

ഇതരനോടൊത്തു ചിന്തിക്കുക, അവൻെറ വികാരവിചാരങ്ങൾ അനുഭവഗോചരമാക്കുക, ആശയങ്ങളും ആദർശങ്ങളും പങ്കുവ

യ്ക്കുക, ഇതിനെല്ലാമാണ് സംസർഗ്ഗമെന്നും ആശയവിനിമയം (Communication) എന്നുമൊക്കെ പറയുന്നതു്. സമ്പർക്കം സാധിക്കുന്നതു് മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങളിലൂടെയാണ്. മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങളുമായി വസ്തുക്കൾ പ്രതിപ്രവർത്തിക്കാതെ ഒരു വസ്തുതയും ഗ്രഹിക്കുവാൻ മനുഷ്യനു സാധ്യമല്ല. അതിനാൽ പഞ്ചേന്ദ്രിയങ്ങളേയും വസ്തുക്കളേയും തമ്മിൽ പ്രതിപ്രവർത്തിപ്പിക്കുന്ന ഉപാധികൾ സാമൂഹ്യ സമ്പർക്കത്തിന്റെ ഏററം അടുത്ത സഹായികളാണ്. ഇപ്രകാരം ആശയ വിനിമയം സാധിക്കുന്നതിനുള്ള ഏററം പ്രധാനപ്പെട്ട ഉപാധികളാണ് പഞ്ചേന്ദ്രിയങ്ങൾ, ഭാഷ, കൈയ്യെഴുത്തു്, ആംഗ്യങ്ങൾ, പ്രതീകങ്ങൾ, റേഡിയോ, ടെലഫോൺ, കമ്പിത്തപാൽ, പത്രം, ടെലിവിഷൻ മുതലായവ. ആശയവിനിമയത്തിന്റെ അഭാവത്തിൽ സമൂഹത്തെക്കുറിച്ച് ചിന്തിക്കുവാൻ സാധ്യമല്ലതന്നെ. 'സംസ്ക്കാരവും സമൂഹംപോലും സാമൂഹ്യപ്രതിപ്രവർത്തന (Social interaction)ത്തിന്റെ ഫലങ്ങളാണെന്നു്' കോൾബും വിൽസണും പറയുന്നു. സമൂഹത്തിന്റെ അസ്തിത്വംതന്നെ ഇവയെ ആശ്രയിച്ചാണിരിക്കുന്നതു്. സംസ്ക്കാരം പൊട്ടിക്കിളിർക്കുന്ന വളക്കൂറുള്ള മണ്ണാണ് സാമൂഹ്യപ്രതിപ്രവർത്തനം. സാമൂഹ്യബന്ധങ്ങളെ പഠിക്കുവാൻ ഉദ്ദേശിക്കുന്ന ആരും അവശ്യം പഠിച്ചിരിക്കേണ്ട ഒന്നത്രേ ഇതു്.

## സാമൂഹ്യ പ്രക്രിയയുടെ രൂപങ്ങൾ

മത്സരം, സംഘട്ടനം, പൊരുത്തപ്പെടൽ, സാത്മീകരണം, സഹകരണം എന്നിങ്ങനെ നാലഞ്ചുതരം സാമൂഹ്യവർത്തനരീതികൾ ഉള്ളതായി സാമൂഹ്യ മനശ്ശാസ്ത്രജ്ഞന്മാർ പറയുന്നു.

### a) മത്സരം

ഒന്നിലധികം ആളുകൾ, തങ്ങൾക്കു തമ്മിൽ പങ്കുവയ്ക്കാൻ സാധിക്കാത്ത പരിക്ലിപ്തമായ ഒന്നിനുവേണ്ടി ശ്രമിക്കുന്നതിനു് മത്സരം

(Competition) എന്നു പറയുന്നു. ഈ മത്സരം സാർവ്വലൗകീകമായി എല്ലാ വ്യക്തികളിലും സമൂഹത്തിലും കാണപ്പെടുന്ന ഒരു പ്രതിഭാസമത്രേ. എല്ലാവർക്കും ആവശ്യമായ ഒരു വസ്തു വിതരണത്തിനു് ആവശ്യപ്പെട്ടിടത്തോളം ഇല്ലാതിരിക്കുമ്പോഴാണ് അവിടെ മത്സരം സാമാന്യമാണ്. ലക്ഷ്യത്തെ സംബന്ധിച്ചാണു് മത്സരം നടക്കുക; അല്ലാതെ അതു വ്യക്തിപരമല്ല, വ്യക്തിക്കെതിരായുമല്ല.

## b) സംഘർഷം

എന്നാൽ സംഘർഷ (Conflict) മാകട്ടെ ഒരു പ്രത്യേകവിധത്തിലുള്ള എതിർപ്പാണു്. വ്യക്തികളും ഗ്രൂപ്പുകളും തങ്ങളുടെ ലക്ഷ്യം നേടുവാൻവേണ്ടി എതിരാളിയെ അക്രമംകൊണ്ടോ, അക്രമഭീഷണികൊണ്ടോ എതിരിടുന്നതിനാണു് സംഘർഷം എന്നു പറയുക. ഇവിടെ എപ്പോഴും അക്രമത്തിനുള്ള സാധ്യതയുണ്ടു്. ഇതു് ബോധപൂർവ്വമുള്ള ഒരു പ്രവർത്തിയുമാണു്. മനുഷ്യ സമുദായത്തിൽ പൊതുവിലുള്ളതാണു് ഈ പ്രതിഭാസം. ഇതു് ലക്ഷ്യത്തോടെന്നതിനേക്കാൾ വ്യക്തിയോടായിരിക്കും. അതിനാൽ സംഘട്ടനത്തിനു് വൈയക്തിക സ്വഭാവം (Personal character) ഉണ്ടായിരിക്കുകയും ചെയ്യും. വ്യക്തികൾ തമ്മിലും, ഗ്രൂപ്പുകൾ തമ്മിലും, വർഗ്ഗങ്ങൾ തമ്മിലും, ജാതികൾ തമ്മിലും, അന്താരാഷ്ട്രതലത്തിലും സംഘട്ടനങ്ങൾ ഉണ്ടാകാറുണ്ടു്. [7]

## c) പൊരുത്തപ്പെടൽ

സംഘട്ടനത്തിൽനിന്നും അനുരഞ്ജനത്തിലേയ്ക്കുള്ള ആദ്യപടിയായ പൊരുത്തപ്പെടൽ (Accommodation) എന്നൊരു പ്രതിഭാസം അടുത്തതായി നാം കാണുന്നു. എക്കാലത്തും ഒരു മനുഷ്യനു്

(7) മത്സരത്തിന്റെയും സംഘട്ടനത്തിന്റെയും മദ്ധ്യത്തിൽ പ്രതിരോധനം (Contravention) എന്നൊരു പ്രതിഭാസം കാണുന്നുണ്ടു്. ഇതു് മറെറാരു അടിസ്ഥാനപര പ്രവർത്തനമായി ചില സാമൂഹ്യശാസ്ത്രജ്ഞന്മാർ കരുതുന്നു.

തൻെറ സാഹചര്യവുമായും തന്നെ ചുററി നില്ക്കുന്ന ഇതര മനുഷ്യരുമായും സംഘട്ടനത്തിലായിരിക്കുക സാധ്യമല്ല. ചിലപ്പോളൊക്കെയെങ്കിലും അവൻ ചിലതൊക്കെ വച്ചു പൊറുപ്പിക്കേണ്ടി (tolerate)വരും. ചിലതൊക്കെ സഹിക്കേണ്ടിവരും. ജീവിതവുമായി ഒരു ധാരണയിൽ എത്തേണ്ടിവരും. ഈ ധാരണയുടെ മാഗ്ഗത്തിൽ സംഘട്ടനം ഉപേക്ഷിക്കയും ശത്രുതാഭാവം ഇല്ലാതാക്കുകയും വേണം. ധാരണയിലെത്തുന്ന ഈ പ്രക്രിയയാണു് പൊരുത്തപ്പെടൽ എന്നു പറയുന്നതു്. ചെറുപ്പക്കാർ കുടുംബത്തിൽ മാതാപിതാക്കളുടെ ഇഷ്ടാനിഷ്ടമനുസരിച്ചു് ജീവിക്കുന്നതു് പലപ്പോഴും ഈ പൊരുത്തപ്പെടൽ പ്രക്രിയയിലൂടെയാണു്. ചുരുക്കത്തിൽ, സാഹചര്യവുമായി ഒരു സ്വരച്ചേച്ചയിലെത്തുന്ന വത്തനരീതിയ്ക്കു് പൊരുത്തപ്പെടൽ എന്നു മറെറാരു പേരും പറയുന്നു. വിയോജിപ്പിനുവേണ്ടിയുള്ള ഒരു യോജിപ്പാണു് (an agreement to disagree) ഒരത്ഥത്തിൽ പൊരുത്തപ്പെടൽ എന്നു് ജോനസ് (Jones) അഭിപ്രായപ്പെടുന്നു. അനുരൂപണവും (adaptation) സായോജനവും (adjustment) പൊരുത്തപ്പെടലല്ലതന്നെ. പൊരുത്തപ്പെടൽ അബോധതലത്തിലുള്ള ഒരു പ്രവത്തനമാണു്. അതു് ആന്തരികവും ബാഹ്യവുമാണു്. ക്രമീകരണം അഥവാ സായോജനത്തിൻെറ ശേഷമുള്ള ഒരു വത്തന ക്രമവുമാണു്. എന്നാൽ സായോജനം ബോധതലത്തിലുള്ള ഒരു പ്രവൃത്തിയും ബാഹ്യമാത്രവും പൊരുത്തപ്പെടലിൻെറ ആദ്യപടിയും മാത്രമത്രേ. ഇതേ അവസരത്തിൽ അനുരൂപണം എന്നു പറയുന്നതു് പ്രകൃതിനിദ്ധാരണത്തെ(Natural Selection) സംബന്ധിച്ചുള്ളതും മനുഷ്യനിലും മൃഗങ്ങളിലും പ്രസക്തമായ മാററങ്ങൾ ഉളവാക്കിയിട്ടുള്ളതുമാണു്.

## d) സാത്മീകരണം

സാത്മീകരണം എന്നുപറയുന്നതു് സാമൂഹ്യ സായോജനത്തിൻെറ (Social adjustment) അഥവാ ക്രമീകരണത്തിൻെറ

ഒരു വകഭേദമത്രേ. വ്യക്തികളും സമൂഹങ്ങളും തങ്ങൾ ജീവിക്കുന്ന പുതിയ സാഹചര്യങ്ങൾ സാവധാനം അബോധതലത്തിൽ സാത്മീകരിച്ച് സ്വന്തമാക്കുന്നു. ഇതു് സാമൂഹ്യ ചിത്തവൃത്തിയിൽ (Social attitude) വ്യതിയാനവും പരിവർത്തനവും ഉളവാക്കുകയും ചെയ്യുന്നു. ഹിന്ദുക്കളും മുസ്ലീമുകളും ഈ പ്രക്രിയയിലൂടെയാണ്, ഇന്ത്യയിൽ, പരസ്പരം സാംസ്കാരിക ഘടകങ്ങൾ സ്വായത്തമാക്കിത്തീർത്തതും, അവരവരുടെ സാമൂഹ്യാചാരങ്ങളുമായി അവയെ താദാത്മ്യപ്പെടുത്തിയതും. ആധുനിക അമേരിക്കൻ സംസ്കാരംതന്നെ വിവിധ സംസ്കാരങ്ങളുടെ സാത്മീകരണത്തിന്റെ മകുടോദാഹരണമത്രേ. ഈ സാത്മീകരണ സ്വഭാവം കുറേക്കൂടെ വിശാലമായ ചിന്താഗതികൾക്കും പരസ്പര സഹകരണത്തിനും കുറേക്കൂടെ മെച്ചമായി അന്യരെ വീക്ഷിക്കുന്നതിനും ഒരുവനെ പ്രാപ്തനാക്കിത്തീർക്കുന്നു. വ്യക്തിയും സമൂഹവും തമ്മിലും, ഭാര്യയും ഭർത്താവും തമ്മിലും, ഒരു കുടുംബത്തിലെ വിവിധ അംഗങ്ങൾ തമ്മിലും, സ്ഥാപനങ്ങൾ തമ്മിലും സമൂഹങ്ങൾ (Communities) തമ്മിലും സംഘടനകൾ തമ്മിലും ഈ വിധത്തിലുള്ള സാത്മീകരണം കാണപ്പെടുന്നുണ്ട്. സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ പലേ ഘടകങ്ങളും ഈ സാത്മീകരണ പ്രക്രിയയിൽ അന്തർലീനമായിട്ടുണ്ട്.[8] ഒന്നിക്കലിന്റെ അടിസ്ഥാനംതന്നെ ഇതാണ്.

## e) സഹകരണം

സാമൂഹ്യ പ്രതിപ്രവർത്തനത്തിന്റെ മറെറാരു രൂപഭാവമാണ് സഹകരണം (Co-operation). ഇവിടെ പൊതുവായ ഒരു ലക്ഷ്യത്തെ മുൻനിർത്തി രണ്ടോ അതിലധികമോ ആളുകൾ പ്രവർത്തിക്കുന്നു. ലക്ഷ്യം നേടിയെടുക്കാൻ വ്യക്തികൾ പരസ്പരം സഹകരിക്കുകയും ഒന്നായിനിന്നു പ്രവർത്തിക്കുകയും ചെയ്യുന്നു. മഹാ

---

(8) Dr. Vatsyayan. Social Psychology, P. 413-415

ത്മാഗാന്ധിയുടെ നേതൃത്വത്തിൽ ഇന്ത്യൻ ജനത ഒററക്കെട്ടായി നിന്നു് പ്രവൎത്തിച്ചതിൻെറയും അദ്ദേഹത്തോടു സഹകരിച്ചതിൻെറയും ഫലമാണു് ഇന്ത്യയ്ക്കു് സംലബ്ധമായ സ്വാതന്ത്ര്യംതന്നെ. സമൂഹത്തിൻെറ അസ്തിവാരംതന്നെ സ്ത്രീപുരുഷ സഹകരണത്തിലാണു് പണിതുയൎത്തിയിട്ടുള്ളതു്. സ്ത്രീയും പുരുഷനും സഹകരിച്ചു് പുതിയ വ്യക്തിയ്ക്കും തലമുറയ്ക്കും ജന്മമരുളുന്നു. കുടുംബാംഗങ്ങൾ എല്ലാവരും സഹകരിച്ചു് ശിശുവിൻെറ സാമൂഹ്യവത്ക്കരണവും അതിൻെറ വിവിധ കഴിവുകളുടെ വികസനവും സാധിക്കുന്നു. വളൎച്ചയെത്തിക്കഴിയുമ്പോൾ സ്ത്രീയും പുരുഷനും വിവാഹമെന്ന സഹകരണ ഉടമ്പടി (Co-operative agreement) യിലൂടെ മരണംവരെ പരസ്പരം സഹകരിക്കാൻ ഒപ്പുവയ്ക്കുന്നു. വ്യക്തിയുടെ മനഃശാസ്ത്രപരവും മാനസികവും ആദ്ധ്യാത്മികവുമായ സംതൃപ്തിയ്ക്കു് സമൂഹത്തിലുള്ള ഇതര വ്യക്തികളുമായി സഹകരിക്കാതെ സാധ്യമല്ല. സംഘട്ടനം പുരോഗതിയിലേയ്ക്കു നയിക്കുമ്പോൾ പുരോഗതിയെ നിൎണ്ണായകമായി നിലനിൎത്തുന്നതു് സഹകരണമത്രേ. സംഘട്ടനം വ്യക്തിയെ പുരോഗതിയ്ക്കു പ്രേരിപ്പിക്കുന്നു. എന്നാൽ അവനു് സഹകരണം ലഭിച്ചെങ്കിൽ മാത്രമേ അവൻ പുരോഗമിക്കുകയുള്ളു.

## സാമൂഹ്യസഞ്ചയനം

സമൂഹത്തെയും സാമൂഹ്യബന്ധങ്ങളെയും വിശകലനവിധേയമാക്കുന്ന നാം ഈ അദ്ധ്യായം അവസാനിപ്പിക്കുന്നതിനു മുൻപു് സാമൂഹ്യബന്ധങ്ങളുടെ സമഞ്ജസ സമ്മേളനത്തെക്കുറിച്ചു കൂടി പ്രതിപാദിക്കേണ്ടതുണ്ടു്. സാമൂഹ്യബന്ധങ്ങളുടെ സമ്മേളനമാണു് സമൂഹമെങ്കിൽ ഈ ബന്ധങ്ങൾ സമ്പൂൎണ്ണമായി സഞ്ചയിക്ക (Integrate) പ്പെടേണ്ടതുണ്ടു്. സാമൂഹ്യസഞ്ചയനം (Social integration) എന്നു പറയുന്നതു് സാമൂഹ്യബന്ധങ്ങളുടെ സഞ്ചയീഭാവമത്രേ. വൈവിധ്യങ്ങളെ തകൎത്തുകൊണ്ടു് ഏകതാനത ഉൾക്കൊള്ളണമെന്നു് ഇവിടെ വിവക്ഷയില്ല. വിവിധ

ഘടകങ്ങളുടെ ക്രമാനുഗതമായ വിന്യാസമാണ് (organization) നിർമ്മാണമാണ്, ഈ സഞ്ചയനത്തിന്റെ സത്തതന്നെ. സമൂഹത്തിലെ വിവിധഘടകങ്ങളായ പാരമ്പര്യം, നടപടിക്രമങ്ങൾ, ആദർശങ്ങൾ, ഗ്രൂപ്പുകൾ, വിഭാഗങ്ങൾ ഇവയെല്ലാം വിന്യസിക്കപ്പെടണം. ഇതിൻെറ മാതൃക എല്ലാ സമൂഹങ്ങളിലും ഒന്നായിരിക്കണമെന്നോ പൊതുവായിരിക്കണമെന്നോ ഒരു നിർബ്ബന്ധവുമില്ല. സാമൂഹ്യവത്ക്കരണം, പൊതുലക്ഷ്യം, സാംസ്ക്കാരികഘടകങ്ങൾ തമ്മിലുള്ള ക്രിയാത്മകബന്ധം, ഇവയെല്ലാം സാമൂഹ്യസഞ്ചയനത്തിന്റെ സ്വഭാവഗുണങ്ങളാണ്. ഈ സഞ്ചയനത്തിനു് ഒരു സാമൂഹ്യമനസ്സാക്ഷിയും ഒരു പൊതു ഭാഷയും, വൈകാരികോദ്ഗ്രഥനവും (emotional integration) ആവശ്യമായിത്തീരുന്നു.

നൈസർഗ്ഗികമായി മനുഷ്യനിൽ രൂഢമൂലമായിരിക്കുന്ന സാമൂഹ്യ വാസനയിൽനിന്നും പൊട്ടിവിടരുന്ന സാമൂഹ്യബന്ധങ്ങളുടെ ആകെത്തുകയായ സമൂഹം ആശയങ്ങളാലും വികാര വിചാരങ്ങളാലും ഭരിക്കപ്പെട്ടുകയും ചെയ്യുന്നു. ആശയങ്ങളാണ് മനുഷ്യവ്യക്തിത്വത്തെ കരുപ്പിടിപ്പിക്കുന്നതും അവൻെറ വളർച്ചയ്ക്കും സംതൃപ്തിയ്ക്കും ഏററം ആവശ്യമായ സമൂഹത്തിനു് അടിത്തറ പാകുന്നതും. വൈവിദ്ധ്യമാന്ന സാമൂഹ്യബന്ധങ്ങളെയും സാമൂഹ്യ പ്രക്രിയകളുടെ രൂപഭാവങ്ങളെയും വാർത്തെടുക്കുന്ന മനസ്ഥിതിയെന്ന മൂശയിൽ ഈ ആശയങ്ങൾ വാർത്തെടുക്കുന്നതനുസരിച്ച് വ്യക്തികൾക്കു് സാമൂഹ്യവീക്ഷണങ്ങളും കാഴ്ചപ്പാടുകളും ഉണ്ടാകയും ലോകചരിത്രത്തെ ഈ കാഴ്ചപ്പാടുകൾ മാററിമറിക്കയും സമൂഹത്തെ മുന്നോട്ടു നയിക്കയും ചെയ്യും. ഈ ആശയങ്ങൾ തന്നെയാണ് സാമൂഹ്യബന്ധങ്ങളുടെയും സഞ്ചയനം സാധിക്കുന്നതും. സമൂഹത്തിൻെറയും സാമൂഹ്യബന്ധങ്ങളുടെയും നാടിസ്പന്ദനമാണ് ആശയവിനിമയം. ആശയവിനിമയത്തിനുള്ള ഉപാധികളെ അടുത്ത അദ്ധ്യായത്തിൽ നമുക്കു കാണാം.

## അദ്ധ്യായം രണ്ട്

# ആശയവിനിമയോപാധികൾ

സാമൂഹ്യബന്ധങ്ങളുടെ ഊടും പാവും നെയ്തുകൂട്ടിയതാണ് സമൂഹമെന്നു നാം മനസ്സിലാക്കിക്കഴിഞ്ഞു. സാമൂഹ്യബന്ധങ്ങളെയും തദ്വാരാ സമൂഹങ്ങളെയും ഉരുവാക്കുന്നതു് സാമൂഹ്യപ്രതിപ്രവർത്തനമാണ്. വ്യക്തി വ്യക്തിയോടും, കൂട്ടം കൂട്ടത്തോടും ആശയപരമായും വികാരപരമായും സമ്പർക്കവും സംസർഗ്ഗവും പുലർത്തുമ്പോഴാണ് സാമൂഹ്യബന്ധങ്ങൾ ഉണ്ടാകുക.

### വിജ്ഞാനശകലങ്ങളും മാദ്ധ്യമങ്ങളും

മേൽപ്പറഞ്ഞ സമ്പർക്കത്തിനും (Contact) സംസർഗ്ഗത്തിനും (Communication) ചില മാദ്ധ്യമങ്ങൾ ആവശ്യമാണ്. മാന

സികസമ്പക്കം സാധിക്കുന്നതിനു്, പരസ്പരം മനുഷ്യർ അടുക്കണം. ശാരീരികമായ അടുപ്പത്തേക്കാഠം മാനസിക അടുപ്പമാണു് ഇവിടെ ഉദ്ദേശിക്കുക. മാനസിക അടുപ്പത്തിനു് പിരിമുറക്കം നല്കാൻ ഉപകരിക്കുന്ന ശാരീരിക സമ്പക്കത്തെ നാം വിസ്മരിക്കുന്നുമില്ല. ഇങ്ങനെ വ്യക്തികളെയും കൂട്ടങ്ങളെയും പരസ്പരം സമ്പക്കത്തിലെത്തിക്കാൻ ഇന്നത്തെ വ്യാമിശ്രപരിതസ്ഥിതിയിൽ പലേ മാദ്ധ്യമങ്ങളും ഉപയോഗിച്ചേ പററ. മനുഷ്യൻ അടുക്കുന്നതു് പരസ്പരം അറിയുവാനും, കൊടുക്കൽവാങ്ങൽ നടത്തുവാനും, ഇതര വ്യക്തികളുമായി 'ബന്ധ' ത്തിൽ ഏളപ്പെടുവാനുമാണു്. ആശയങ്ങളുടെ വെളിച്ചത്തിൽ, വികാരങ്ങളുടെ കൈമാററത്തിൽ, ഇഷ്ടാനിഷ്ടങ്ങളുടെ തറവട്ടത്തു് ഇറങ്ങിവരുന്ന ഈ സാമൂഹ്യബന്ധം മനുഷ്യനു കൂടിയേതീരു ജീവിക്കുവാൻ. ആശയവിനിമയത്തിൻെറ പിരിമുറക്കത്തിലല്ലാതെ ഈ ബന്ധം രൂപംകൊള്ളുകയുമില്ല. സമ്പക്കത്തിലൂടെ മനുഷ്യൻ അന്വേഷിക്കുന്നതു് ആശയവിനിമയമാണു്. തൻെറ ആശയങ്ങഠം പകന്നുകൊടുക്കുവാനും, ഇതരരുടെ ആശയങ്ങഠം ഉഠംകൊള്ളുവാനുമുള്ള മനസ്ഥിതിയോടെയാണു് സാമൂഹ്യബന്ധം അരങ്ങേറുന്നതു്. ആശയങ്ങഠംക്കുവേണ്ടി ദാഹിക്കയും സാത്മീകരണത്തിനായി കിണഞ്ഞു ശ്രമിക്കയും ചെയ്യുന്നതാണു മനുഷ്യചേതന. ആശയങ്ങഠം ലോകത്തെ ഭരിക്കുമ്പോഠം, മനുഷ്യനെ വാത്തെടുക്കുമ്പോഠം ആശയദാരിദ്ര്യം മനുഷ്യത്വത്തിൽ കുറവു വരുത്തുന്നു. മനുഷ്യത്വത്തിൽ കുറഞ്ഞവനായി കാണപ്പെടുവാൻ യാതൊരുവനും ആഗ്രഹിക്കുന്നുമില്ല. അതിനാൽ സമൂഹത്തിൽ, മനുഷ്യത്വത്തിൻെറ വിലയിടിവു് അനുഭവപ്പെടാതിരിക്കാൻവേണ്ടി, ആധുനികമനുഷ്യൻ തൻെറ ചുററം പരന്നെത്തുന്ന എല്ലാ ആശയങ്ങളെയും—നന്മയും തിന്മയും—വെട്ടിവിഴുങ്ങുന്നു. വെട്ടിവിഴുങ്ങിയവ ദഹിപ്പിക്കാനോ സാത്മീകരിക്കാനോ കെല്പില്ലാതെ ദഹനക്കേടും അതിസാരവും പിടിച്ച ചിലർ ഇന്നത്തെ സമൂഹത്തിലുണ്ടു്. സെമിനാറിനും സ്റ്റഡിക്ലാസ്സിനും വായനയ്ക്കും ഒക്കെയുള്ള പരക്കം പാച്ചിലും അത്യാത്തിയുമൊക്കെ ആശയം ഉഠംക്കൊള്ളാനുള്ള, വിജ്ഞാനം സമ്പാദിക്കാനുള്ള, മനുഷ്യപ്രവണതയെ അത്ര

കാണിക്കുക. പരിമിതനായ മനുഷ്യനു് സത്യമറിയുവാനുള്ള അദമ്യവും അപരിമിതവുമായ കഴിവും ദാഹവുമുണ്ടു്. ഇങ്ങനെ, ദാഹിക്കുന്ന കല നീരുറവ തേടുന്നതുപോലെ, ജ്ഞാനജലത്തിനുവേണ്ടി നെട്ടോട്ടമോടുന്ന ജനതയെ ആശയങ്ങളും, വിജ്ഞാനശകലങ്ങളും സമീപിക്കുന്നതു് സമ്പക്മാദ്ധ്യമങ്ങളിലൂടെയാണു്.

## വിനോദവും മാദ്ധ്യമങ്ങളും

വിജ്ഞാന കുതുകിയെന്നതുപോലെതന്നെ വിനോദകുതുകിയുമാണു് മനുഷ്യൻ. ജീവിതത്തിൻെറ ഭാരവും ചുമന്നു് ക്ലേശിതനായി നിരാശയിലും വ്യഗ്രതയിലും കഴിഞ്ഞുകൂടുന്ന മനുഷ്യൻ, തന്നെ ചുറ്റിക്കറങ്ങുന്ന പ്രശ്നങ്ങളുടെ ചുഴിയിൽ മുങ്ങിത്താഴുകയാണു്. ജീവിതത്തിൻെറ ഭാരം ലഘൂകരിക്കുവാൻ, അല്പം ആനന്ദത്തിൻെറയും രസത്തിൻെറയും, സന്തോഷത്തിൻെറയും ആശ്വാസത്തിൻെറയും വെളിച്ചം പകരുന്നതാണു് മനുഷ്യനെ സംബന്ധിച്ചു് വിനോദം. തന്നെത്തന്നെ മറക്കുവാനും തൻെറ പ്രശ്നങ്ങളിൽനിന്നും കുറച്ചുസമയത്തേയ്ക്കെങ്കിലും ഓടിയൊളിക്കുവാനും മനുഷ്യനു് വിനോദം ആവശ്യമത്രേ. മനുഷ്യൻെറ മാനസികവും ശാരീരികവുമായ വളർച്ചയ്ക്കും ആരോഗ്യത്തിനും വിനോദം അത്യന്താപേക്ഷിതമാണു്. ജീവിതത്തിന്റെ നല്ലഭാഗം ഉപജീവനമാർഗ്ഗം തേടുവാൻ ചെലവഴിക്കുന്ന അവൻ കുറച്ചു സമയം വിശ്രമം ആവശ്യപ്പെടുന്നു. അവൻെറ വിശ്രമസമയം സല്ലീലമായി ചെലവിടുവാനുള്ള ഒരു മാർഗ്ഗമാണു് വിനോദം. യന്ത്രവത്കൃതയുഗത്തിൽ കായക്ലേശം കുറയുകയും മാനസികസംഘർഷം വർദ്ധിക്കയും ചെയ്തിട്ടുണ്ടു്. സാങ്കേതിക പരിജ്ഞാനവും, ശാസ്ത്രീയ പുരോഗതിയും മനുഷ്യനു് കൂടുതൽ വിശ്രമവേള നല്കിയിട്ടുണ്ടു്. ഈ വിശ്രമവേളകൾ പലതും അവൻ വിനോദിച്ചു രസിക്കാൻ ഉപയോഗിക്കുന്നു.

ഈ വിശ്രമവേളകൾ ജീവിതത്തിന്റെ അർത്ഥവും ലക്ഷ്യവും കണ്ടുപിടിക്കാൻ ഉപയോഗിക്കേണ്ടതാണു്. ആഴമേറിയതും പരപ്പാർന്നതു

മായ ജീവിതദശ്നങ്ങളെ കരുപ്പിടിപ്പിക്കുന്നതിനും ശരീരത്തിൻെറയും മനസ്സിൻെറയും ആത്മാവിൻെറയും നവീകരണത്തിനും ഏററം പററിയ അവസരമാണവ. ഈ അവസരത്തിലാണ് ഒരുവൻ തൻെറ യഥാത്ഥ വ്യക്തിത്വത്തെ മനസ്സിലാക്കുകയും തദനുസാരം സമൂഹത്തിലുള്ള തൻെറ ഇടപഴകലിൻെറ സമഗ്രവീക്ഷണം സ്വീകരിക്കുകയും ചെയ്യുന്നതു്. [1] റോബർട്ടു് ലീയുടെ ഈ പ്രസ്താവന അതിരുകടന്നതാണെന്നു തോന്നിയാലും അതിൻെറ ഉള്ളിൽ വളരെയധികം പരമാത്ഥങ്ങ ഒളിഞ്ഞു കിടപ്പുണ്ടു്. കാരണം, വീപ്പുമുട്ടി പണിയെടുക്കുന്ന ഒരുവനു് തന്നെയോ ജീവിതത്തെയോ കേന്ദ്രീകരിച്ചു് ശ്രദ്ധയെ പിടിച്ചുനിത്താൻ സാധിക്കയില്ല. ജീവിതത്തിന്റെ ഭാരം താഴെവച്ചു് വിശ്രമിക്കുമ്പോഴാണു് ജീവിതദശ്നത്തെയും മററിതുപോലുള്ള വ്യക്തിപരമായ സംഗതികളെയുംകുറിച്ചു് സാമാന്യഗതിയിൽ ചിന്തിക്കാൻ സാധിക്കുക. ഇതിനാലാണു് വിശ്രമവേളയ്ക്കു് റിക്രിയേഷൻ [2] എന്നു പറയുന്നതു്. ഈ അവസരത്തിൽ നാം നമ്മെത്തന്നെ പുനഃസൃഷ്ടി ചെയ്യുകയാണു്. വാന്നുപോയ ഊജ്ജം ശേഖരിക്കുന്നു. മാനസികവും സിരാസംബന്ധിയുമായ തളച്ചുമാററുന്നു. ഇതിനു് കളിയും വിനോദവും വിശ്രമവും ഒക്കെ ആവശ്യമാണു്. ആധുനികജീവിതത്തിൽ ചില പ്രത്യേക മസ്തിഷ്കകേന്ദ്രങ്ങ (brain centres) കൂടുതൽ ക്ഷീണിതമാകുന്നു. ഈ മസ്തിഷ്കകേന്ദ്രങ്ങളെ വിമുക്തമാക്കിക്കൊണ്ടു് മററു ചില കേന്ദ്രങ്ങളെ പ്രവത്തനോന്മുഖമാക്കുന്ന ചില പ്രവത്തനങ്ങളുണ്ടു്. ഇവിടെ പ്രവത്തനക്ഷമമാകുന്ന കേന്ദ്രങ്ങ ക്ഷീണിക്കുവാൻ ഇടവരുന്നുമില്ല. ഈ പ്രവത്തനത്തിനു് വിശ്രമം അഥവാ വിനോദം എന്നു പറയുന്നു. [3] വിശ്രമം ഇന്നിൻെറ ഒരാവശ്യമാണെന്നും അതു് ശരീരത്തിനും മനസ്സിനും ഏററം ആവശ്യമാണെന്നും ഇതിൽനിന്നും വ്യക്തം.

---

(1) Robert Lee. Religion and Leisure in America. P. 187
(2) Re + creation = പുനഃനിമ്മാണം.
(3) C T. W. Patrick. The Psychology of Relaxation. P. 48.

ഇപ്രകാരമുള്ള വിശ്രമസമയങ്ങളിൽ ആധുനിക മനുഷ്യൻ തത്വശാസ്ത്രപരമോ, ദൈവശാസ്ത്രപരമോ ആയ വൻ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നില്ല. ജീവിതദർശനത്തെക്കുറിച്ച് ആഴത്തിൽ ചിന്തിക്കുന്നില്ല. മറിച്ച്, പ്രത്യേകം പ്രത്യേകം രൂപത്തിലും ഭാവത്തിലും മനുഷ്യന്റെ മുന്നിൽ ഇവയെല്ലാം അവതരിപ്പിക്കുന്ന സാമൂഹ്യസമ്പർക്കമാദ്ധ്യമങ്ങളായ റേഡിയോ, ടെലിവിഷൻ, സിനിമ, നോവലുകൾ, മാസികകൾ എന്നിവയിലൂടെ ഇവയെ സാത്മീകരിച്ചെടുക്കുക മാത്രമാണ് ചെയ്യുക.

## ഏതെല്ലാമാണ് മാദ്ധ്യമങ്ങൾ

ശാസ്ത്രീയമായും കലാപരമായും, സാംസ്കാരികമായും ഉന്നതി പ്രാപിച്ചിരിക്കുന്ന ഈ നൂറ്റാണ്ടിലെ സാധാരണ മനുഷ്യൻ അഗാധമായ ചിന്തയോ, അധ്വാനംനിറഞ്ഞ ഗവേഷണമോ, ആയാസകരമായ കായക്ലേശമോ ഒന്നുംകൂടാതെ വിജ്ഞാനവും [4] വിനോദവും നേടുന്ന ഉപാധികളെയാണ് നാം ഇവിടെ സാമൂഹ്യ സമ്പർക്ക മാദ്ധ്യമങ്ങൾ എന്നു വിളിക്കുന്നത്. മറെറാരു വാക്കിൽ, മനുഷ്യനെ മനുഷ്യനോടടുപ്പിക്കയും അവരെ തമ്മിൽ ഇടപഴകിക്കയും അവർ തമ്മിൽ ആശയവിനിമയം നടത്തുകയും ചെയ്യാൻ ഉപകരിക്കുന്ന എല്ലാ സാങ്കേതിക ഉപാധികളും സമ്പർക്കമാദ്ധ്യമങ്ങളിൽ ഉൾപ്പെടുന്നു. എല്ലാവിധത്തിലുമുള്ള പ്രസിദ്ധീകരണങ്ങൾ, ചിത്രങ്ങൾ, റേഡിയോ, ടെലിവിഷൻ, സിനിമ, നാടകം, ഫോൺ, ടെലഗ്രാം, ഗതാഗതമാർഗ്ഗങ്ങൾ ഇവയെല്ലാം സാമൂഹ്യ സമ്പർക്ക മാദ്ധ്യങ്ങൾ തന്നെ. എന്നാൽ, നാം പ്രധാനമായി പരിചിന്തനത്തിനു വിധേയമാക്കുന്നതു് ഇവയിൽ പരമ പ്രാധാന്യമർഹിക്കുന്ന 'പ്രസിദ്ധീകരണങ്ങൾ, സിനിമ, റേഡിയോ, ടെലിവിഷൻ ആദിയായവയാണ്.' [5]

---

(4) ഏതു് അറിവും വിജ്ഞാനത്തിൽ ഉൾപ്പെടുന്നു. ഒരു വാർത്തയോ, ഒരു കഥയോ, ഒരു ചിന്തയോ ഒക്കെ വിജ്ഞാനം എന്ന പദം കൊണ്ടു വിവക്ഷിക്കുന്നു.

(5) Decree on Communication Media. No.I.

## മനുഷ്യനെ അടുപ്പിച്ചു

ആധുനിക മനുഷ്യന് വിജ്ഞാനവും വിനോദവും പ്രദാനം ചെയ്യുന്ന ഈ മാദ്ധ്യമങ്ങളുടെ ആവശ്യം ആക്കും വിസ്മരിക്കാവതല്ല. ഇവയിലൂടെയാണ് ഈ ലോകം മുഴുവൻ ഒരു ലോകകുടുംബമായിത്തീന്നിരിക്കുന്നതു്. ദൂരത്തെയും സമയത്തെയും വിജയിച്ചു കീഴടക്കിക്കൊണ്ടു് സ്പുട്ട്നിക്കും, ടെലസ്റ്റാറും റേഡിയോയും ടെലിവിഷനും ഒക്കെ മനുഷ്യനെ മനുഷ്യനോടും, രാജ്യത്തെ രാജ്യത്തോടും അടുത്ത സമ്പക്കത്തിലെത്തിയ്ക്കുന്നു. ഒരുവൻെറ ഹൃദയസ്പന്ദനവും, അവന്റെ വികാരവിചാരങ്ങളുടെ അലയടിയും ഒട്ടുംതന്നെ സമയമെടുക്കാതെ, ഒട്ടുംതന്നെ വികാരസാന്ദ്രത വാൎന്നുകളയാതെ, അവന്റെ അംഗവിക്ഷേപങ്ങളോടും മുഖഭാവത്തോടും മൈലുകാക്കിപ്പുറത്തു് ഒരാൾക്കു് ഒപ്പിയെടുക്കാൻ സാധിക്കുന്നു. പണ്ടു് പ്രസിദ്ധീകരണ മാദ്ധ്യമത്തിലൂടെ മാത്രം പരസ്പരം അടുക്കുകയും അറിയുകയും ചെയ്തിരുന്ന വ്യക്തികൾ ഇന്നു് മുഖാഭിമുഖം സംഭാഷിക്കാനും ആശയവിനിമയം നിൎവ്വഹിക്കുവാനും സ്പന്ദനങ്ങളും പ്രതിസ്പന്ദനങ്ങളും മനസ്സിലാക്കുവാനും പ്രാപ്തരായി. ദൈൎഘ്യം ഇല്ലാതായി–സമയം ഇല്ലാതായി–ലോകം സാങ്കേതികവും ശാസ്ത്രീയവുമായ ഈ കണ്ടുപിടിത്തങ്ങളുടെ മുന്നിൽ ചുരുങ്ങിക്കൂടി. സമുദ്രങ്ങളും ആനകേറാ മലകളും അകററിനിൎത്തിയിരുന്ന മനുഷ്യർ മുഖാഭിമുഖമായിത്തീൎന്നു. മനുഷ്യൻ മനുഷ്യനോടടുത്തു–ഹൃദയം ഹൃദയത്തോടു മന്ത്രിച്ചു. ആശയം ആശയവുമായി കൂട്ടിയുരുമ്മി. ചുരുക്കത്തിൽ, അത്ഭുതംതന്നെ സൃഷ്ടിച്ചുകൊണ്ടു് മനുഷ്യഹൃദയങ്ങളിൽ ഇക്കിളിചാൎത്താൻ ഈ മാദ്ധ്യമങ്ങൾ കാരണമായി.

## മാദ്ധ്യമങ്ങൾ ഒരു വലിയ ശക്തി

സമ്പക്മാദ്ധ്യമങ്ങളുടെ വിപ്ലവാത്മകമായ ഈ ആധുനികപ്രയാണം മനുഷ്യചേതനയിൽ മാററം സൃഷ്ടിച്ചു. വായുവും ജലവും പോലെ, ഭക്ഷണവും കിടപ്പാടവും പോലെതന്നെ, ഈ മാദ്ധ്യമങ്ങൾ

മനുഷ്യനു് ആവശ്യമായിത്തീൎന്നു. സാമൂഹ്യബന്ധങ്ങൾക്കും ആശയവിനിമയത്തിനും ഇവ കൂടിയേ തീരൂ. മനുഷ്യൻ ഈ ഉപാധികളുടെ തന്നെ അടിമയായിത്തീരാറുമുണ്ടു് പലപ്പോഴും. പ്രഭാതത്തിൽ കാപ്പി കിട്ടിയില്ലെങ്കിലും കിടക്കയിൽനിന്നും എഴുന്നേല്ക്കുമ്പോൾ ഒരുവനു വേണ്ടതു് പത്രമാണു്. ഓരോ ഭവനത്തിലും റേഡിയോയും ടെലിവിഷനും ഇന്നു് ഒരു ആവശ്യമായിത്തീൎന്നു. സിനിമ ആഴ്ചയിൽ നിൎവ്വഹിക്കേണ്ട ഒരു 'കടമ' യായി മാറി. വിശ്രമവേള നോവലും ചെറുകഥയും മററിതുപോലുള്ള സാഹിത്യരൂപങ്ങളും വായിച്ചു തള്ളാനുള്ള അവസരമായി. ഒരു പേപ്പറോ, ഒരു നോവലോ, ഒരു മാസികയോ ഇല്ലാതെ യാത്ര ചെയ്യുന്നവർ ഇന്നു ചുരുക്കമാണു്. ഇതെല്ലാം കാണിക്കുന്നതു് മനുഷ്യനും ഈ സമ്പൎക്കമാദ്ധ്യമങ്ങളും എത്രമാത്രം ഇടപഴകിയെന്നും അവയ്ക്കു് മനുഷ്യനിലുള്ള സ്വാധീനം എത്ര വലുതാണെന്നുമാണു്. സമുദായത്തിന്റെ ഉന്നതനിലവാരത്തിലുള്ളവരോ, പണ്ഡിതരോ മാത്രമല്ല, സാമാന്യക്കാരും തൊഴിലാളികളുംപോലും ഇവയുടെ സ്വാധീനവലയത്തിലായിരിക്കുന്നു. രണ്ടു ദിവസം പട്ടിണികിടന്നാലും ഒരു റേഡിയോ ഇല്ലാതിരിക്കാൻ അവൎക്കു സാധിക്കുന്നില്ല. പാടത്തു പണിയുന്ന തൊഴിലാളിയും, പുക വമിക്കുന്ന ഫാക്ടറിയിലെ ജോലിക്കാരനും, പറമ്പിൽ പണിയുന്ന കൎഷകനും ഒക്കെ ഇന്നു് പത്രങ്ങളും മാസികകളുമായിട്ടാണു് തൊഴിൽ രംഗങ്ങളിൽ ചെന്നുചേരുക. കിട്ടുന്ന വിശ്രമസമയം നല്ലൊരുഭാഗം ആളുകളും വായിക്കുകയാണു്, റേഡിയോ കേൾക്കുകയാണു്. മറ്റൊരുവാക്കിൽ, ആശയവിനിമയോപാധികൾ ഒരു വലിയ പ്രതിഭാസവും [6] വൻശക്തിയും ആയായിരിക്കുകയാണു്.

---

(6) ഏതാണ്ടു് 10 വർഷംമുൻപു് സെൻസിലെ മെത്രാപ്പോലീത്തായായ സ്റ്റൗം (Stourm of Sens) 'ആശയവിനിമയോപാധി'യുടെ ദസ്തുമായെക്കുറിച്ചു് പഠിച്ചു റിപ്പോർട്ടു നൽകിയ കണക്കു് താഴെക്കുറിയ്ക്കുന്നു.

ദിനപ്പത്രങ്ങൾ 8000 -വരിക്കാർ 30 കോടി.

ആനുകാലിക പ്രസിദ്ധീകരണങ്ങൾ 22000. വരിക്കാർ

## ഡയലോഗിൻെറ മാഗ്ഗം

എതാശയവിനിമയത്തിൻെറയും ഉത്ഭവം സത്യാന്വേഷണവും സത്യം അവതരിപ്പിക്കുവാനുള്ള ആഗ്രഹവുമത്രേ. സത്യാന്വേഷിയായ മനുഷ്യനു് സത്യം എത്തിച്ചുകൊടുക്കുന്ന മാഗ്ഗങ്ങളാണു് ആശയവിനിമയോപാധികൾ. മനുഷ്യനെ അഭിസംബോധന ചെയ്യുന്നതിനുള്ള ഒരു കുറുക്കുവഴി മാത്രമല്ല അതു്, മറിച്ചു് സാക്ഷാൽ ആശയവിനിമയത്തിനുള്ള ആധുനികലോകത്തെ ഏററം ആവശ്യമായ മാഗ്ഗങ്ങളാണവ. സാക്ഷാൽ മാനുഷിക ഡയലോഗിൻെറ മാഗ്ഗങ്ങളാണവ. ഡയലോഗിന്നു് മനഃശാസ്ത്രപരമായും മററുമുള്ള വില നാം ഇന്നു കൂടുതൽ മനസ്സിലാക്കി വരികയാണു്. മററുള്ളവരെ അറിയാനും, അവർ ജീവിക്കുന്ന പശ്ചാത്തലം, അവരുടെ വികാരസാന്ദ്രത, അവരുടെ മതാത്മകവും മാനസികവുമായ വീക്ഷണഗതികൾ, ഇവ മനസ്സിലാക്കുവാനും അങ്ങനെ നമ്മുടെ ചുററുമുള്ള വ്യക്തികളെയും, സമൂഹങ്ങളെയും സമഗ്രമായി പഠിക്കുവാനും, ആധുനിക മനുഷ്യൻ ഉപയോഗിക്കുന്ന മാഗ്ഗമാണു് ഡയലോഗ്. പരസ്പരം വീക്ഷണങ്ങൾ കൈമാറുന്നതിനും, അടുക്കുന്നതിനും, ആശയപ്പൊരുത്തം നേടുന്നതിനും ഉള്ള ഈ ഡയലോഗിനു് ആശയവിനിമ

---

20 കോടി. ഫിലിം ഒരു വഷം 2500. കാണികൾ 1700 കോടി.

റേഡിയോ നിലയങ്ങൾ 600 കേൾവിക്കാർ 40 കോടി

ടെലിവിഷൻ സ്റ്റേഷൻസ് 1000 കാഴ്ച്ചക്കാർ 12കോടി.

Cfr. Herbert Vorgrimler-Commentary on the Documents of Vatican II. Vol. I. P. 90.

(ഇതിനകം 170000 സിനിമകൾ ഇറങ്ങിയിട്ടുണ്ടു്. എതാണ്ടു് 12 കോടി റേഡിയോകൾ വാത്തകൾ സ്വീകരിക്കുന്നു. ഇവർ പറയുന്നതു് 6000 റേഡിയോ നിലയനങ്ങൾ ഉണ്ടെന്നത്രേ. മുകളിൽ കൊടുത്തിരിക്കുന്ന 600 എന്ന സംഖ്യ അക്ഷരത്തെററാകാനാണു് സാധ്യത.

Cfr: Clergy monthly Vol. 28. No. 5. P. 169.

യോപാധികൾ അവശ്യം ആവശ്യമാണ്. തെററിധാരണയിലും തെററായധാരണയിലും സ്വാത്ഥതയുടെയും അജ്ഞതയുടെയും കയ്യാലകൾ സൃഷ്ടിച്ചും, വിരോധത്തിലൂടെയും, ശത്രുതയിലൂടെയും പരസ്പരം മനസ്സിലാക്കാൻ ശ്രമിക്കാതെ സ്വന്തമായ രക്ഷാകേന്ദ്രങ്ങളിൽ ഒളിച്ചു കഴിയുന്നവരെ, പരസ്പരം യോജിപ്പിലും ഐകൃത്തിലും പുനഃപ്രതിഷ്ഠിക്കുവാൻ ഡയലോഗും ഡയലോഗിൻെറ മാർഗ്ഗങ്ങളിൽ സുപ്രധാന ഉപാധികളായി നില ഉറപ്പിക്കുന്ന ആശയവിനിമയ മാർഗ്ഗങ്ങളും തീർത്തും അനിവാര്യങ്ങളാണ്.

## വിനോദരൂപങ്ങൾക്കു പ്രാധാന്യം

വ്യക്തികളുടെ അഭിപ്രായങ്ങളെയും തീരുമാനങ്ങളെയും കരുപ്പിടിപ്പിക്കയും ഇളക്കി പ്രതിഷ്ഠിക്കയും ചെയ്യുവാൻ ഈ ഉപാധികൾക്കുള്ള സ്വാധീനം ഒന്നു വേറെ തന്നെയത്രെ. വീക്ഷണഗതികളും, കാഴ്ചപ്പാടുകളും, അഭിപ്രായങ്ങളും വൈകാരികാവേശവും ഒക്കെ പകരുന്ന ഈ ഉപാധികൾക്ക് മനുഷ്യനെന്ന പ്രതിഭാസത്തിന്മേലുള്ള സ്വാധീനം വിനോദഭാവരൂപങ്ങളിലൂടെയാണ് കൂടുതലായി ചെലുത്തുന്നത്. നേരിട്ട് ആശയങ്ങൾ നൽകി മനുഷ്യന് മനഃപരിവത്തനം സൃഷ്ടിക്കുന്നതിൽ കൂടുതൽ പരോക്ഷമായി കലാരൂപങ്ങളിലൂടെയും വിനോദരീതികളിലൂടെയും മനുഷ്യൻെറ ആഗ്രഹങ്ങളെയും മനോഭാവങ്ങളെയും ചിത്തവൃത്തികളെയും അവ കരുപ്പിടിപ്പിക്കുന്നു.

## മാദ്ധ്യമങ്ങളുടെ അദ്ധ്യാപന മൂല്യം

ഇതുപോലെതന്നെ സുപ്രധാനമായ ഒരു കാര്യമാണ് ഈ ഉപാധികളുടെ അദ്ധ്യാപനമൂല്യം (educative value). വിജ്ഞാനദാഹിയും സത്യാന്വേഷിയുമായ മനുഷ്യൻെറ മുന്നിൽ വിജ്ഞാനവും അതിൻെറ അന്തസത്തയായ സത്യവും എത്തിച്ചുകൊടുക്കുന്ന ഉപാധികളാണിവ. വെറും വാർത്തകളും വിനോദപ്രധാനമായ ചില വസ്തുത

കളും മാത്രമല്ല മനുഷ്യന്റെ പക്കൽ എത്തിച്ചുകൊടുക്കുക. കേവലം താത്വികമായ ഒരു അദ്ധ്യാപനമല്ല ഈ ഉപാധികളിലൂടെ ഉദ്ദേശിക്കുന്നതു്. മറിച്ച്, മററുള്ള വ്യക്തികളുമായി ഇടപഴകുന്നതിനും അവരുടെ വികാരവിചാരങ്ങളുമായി പ്രായോഗിക തലത്തിൽ ഏകതാനത ഉൾക്കൊള്ളുന്നതിനും ഇവ സഹായിക്കുന്നു. അനുദിനം ജീവിക്കുന്ന പച്ച യാഥാർത്ഥ്യങ്ങളുമായി മനുഷ്യനെ അടുപ്പിക്കുന്നതിനും അവനു പ്രത്യേകമായ ആ പരിതസ്ഥിതിയിൽ യഥാതഥ്യമായി വിധിക്കുന്നതിനും അവന്റെ ജീവിതത്തിൽ അവനോടു് സഹതാപം പ്രകടിപ്പിക്കുന്നതിനും ഉതകുമാറു് മനുഷ്യനെ മനുഷ്യനോടടുപ്പിക്കയും മനുഷ്യനെ അവന്റെ ജീവിതസാഹചര്യത്തിൽ നിർത്തിക്കൊണ്ടു് തന്റെ അദ്ധ്യയനവിഷയമാക്കിത്തീർക്കയും ചെയ്യുന്നു.

ഇന്നത്തെ ലോകത്തിൽ മനുഷ്യൻ ആശയങ്ങൾ സ്വീകരിക്കുന്നതും, മനസ്ഥിതി വാർത്തെടുക്കുന്നതും, ജീവിതത്തെയും ജീവിക്കുന്ന മനുഷ്യരെയും സംബന്ധിച്ച് സമഗ്രമായി അറിയുന്നതും, സാമൂഹ്യ പരിവർത്തനം (social change) സാധിക്കുന്നതും, പ്രധാനമായി കേട്ടുകേൾവി (rumour) കളിലൂടെയും പ്രചരണത്തിലൂടെയും (propaganda) പൊതുജനാഭിപ്രായത്തിലൂടെയും (public opinion) പത്രമാസികകളുടെ വായനയിലൂടെയുമത്രേ. ഈ സാമൂഹ്യപ്രതിഭാസങ്ങളുടെയെല്ലാം അടിയിൽ ആശയവിനിമയോപാധികൾക്കു് വലിയ പങ്കു വഹിക്കുവാനുണ്ടു്.

## കേട്ടുകേൾവിയും മാദ്ധ്യമങ്ങളും

സമൂഹത്തിൽ പ്രചരിച്ചുകൊണ്ടിരിക്കുന്നതും, സംഭവിച്ചുവെന്നു് ആരോപിക്കപ്പെട്ടിട്ടുള്ളതും എന്നാൽ നിജസ്ഥിതി പരിശോധനാവിധേയമല്ലാത്തതു (unverified) മായ ഒരു കഥയാണു് കേട്ടുകേൾവിയെന്നു് ജയിംസ്. എ. ഡ്രിവർ നിർവ്വചിക്കുന്നു. [7]

---

(7) James A. Drever. Dictionary of psychology p. 254

ആളിന്റെ പ്രാധാന്യവും (importance), സംശയാത്മകതയും (ambiguity) കേട്ടുകേൾവിയുടെ പ്രധാനപ്പെട്ട ഘടകങ്ങളാണ്. [8] ഏതു കേട്ടുകേൾവിയുടെ അടിയിലും അല്പസ്വല്പ യാഥാർത്ഥ്യം ഉണ്ടായിരിക്കും. കാക്കയെ ഛർദ്ദിച്ചുവെന്ന പാഠപുസ്തക കഥതന്നെ കേട്ടുകേൾവിയുടെ ഏററം നല്ല ഉദാഹരണമാണു്. സാമാന്യമായി വ്യക്തികൾ വ്യക്തികളോടു് പറഞ്ഞാണ് ഇപ്രകാരമുള്ള കേട്ടുകേൾവികൾ പ്രചരിക്കുക. എന്നാൽ ആധുനിക യുഗത്തിൽ ആശയവിനിമയോപാധികളിലൂടെയാണ് കേട്ടുകേൾവികളും, ഊഹാപോഹങ്ങളും, കെട്ടുകഥകളും മററും പ്രചരിക്കുന്നതു്. ഇവയ്ക്കു് ഇന്നത്തെ സമുദായത്തിൽ സാമൂഹ്യബന്ധങ്ങളെ സ്പർശിക്കുവാനും ബന്ധങ്ങളിൽ ചലനംസൃഷ്ടിക്കുവാനും സാധിക്കും. കള്ളറേഡിയോ നിലയങ്ങൾ സൃഷ്ടിച്ചു് അവയിലൂടെ രാഷ്ട്രീയ കേട്ടുകേൾവികൾ പ്രചരിപ്പിക്കുന്നരീതി രണ്ടാംലോകമഹാ യുദ്ധകാലത്തു് വളരെയധികം ഉണ്ടായിരുന്നു. ജർമ്മനി ഒരു ഇമിറേറഷൻ B. B. C നിലയം ഉണ്ടാക്കുകയും ബ്രിട്ടനെ അധിക്ഷേപിച്ചുകൊണ്ടുള്ളതും അവരുടെ വിലയും നിലയും ഇടിച്ചുകാണിച്ചുകൊണ്ടുള്ളതും, ബ്രിട്ടൻെറയും റഷ്യയുടെയും ബന്ധത്തെ തകർക്കത്തക്ക വിധത്തിലുള്ളവയുമായ കള്ളവാർത്തകൾ പ്രചരിപ്പിച്ചിരുന്നു. പത്രത്തിലെഴുതപ്പെട്ടുന്നതെല്ലാം 'തെററാവരമുള്ള വിശ്വാസ സത്യങ്ങളായി' വെട്ടിവിഴുങ്ങുന്ന സാമാന്യ വായനക്കാരനെ തെററിധരിപ്പിക്കുമാറു് രാഷ്ട്രീയ പാർട്ടികൾ സ്വന്ത നന്മയ്ക്കായി ഊഹാപോഹങ്ങൾ അടിച്ചിറക്കാറുണ്ടു്. യുദ്ധ കാലങ്ങളിൽ യുദ്ധത്തിലേപ്പെട്ടിരിക്കുന്ന രാജ്യങ്ങൾ ശത്രുരാജ്യത്തെക്കുറിച്ചു് അവാസ്തവ പ്രസ്താവനകളും വാർത്തകളും പത്രദ്വാരാ ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കയും ആ രാജ്യത്തോടുള്ള വിരോധത്തിൻെറ വികാരം ജനഹൃദയങ്ങളിൽ ആളിക്കത്തിക്കയും ചെയ്യാറുണ്ടു്. യുദ്ധകാല സാഹചര്യങ്ങളിൽ റേഡിയോ നിലയങ്ങളിലൂടെ തെറ്റായ വാർത്തകളും, വൃഥാ കെട്ടിച്ചമയ്ക്കുന്ന

---

(8) Dr. Vatsyayan Ibid. P. 218-219

വാർത്തകളും എല്ലാം പ്രചരിപ്പിക്കുക സാമാന്യമാണ്. ചൈനാ-ഇൻഡ്യാ യുദ്ധത്തിൽ ചൈനീസ് റേഡിയോ നിലയം ഇന്ത്യക്കെതിരായി കെട്ടിച്ചമച്ച കുത്സിത പ്രചരണങ്ങൾ ഇത്തരം കെട്ടുകഥകൾ റേഡിയോയിലൂടെ പ്രചരിപ്പിക്കുന്നതിന്റെ ഒരു മാതൃകയാണ്. ചില റേഡിയോ നിലയങ്ങളിൽ നിന്നും കൃത്രിമ വാർത്താവിതരണക്കാരൻ (pseudo commentator) കള്ളപ്പേരിൽ തെററിദ്ധാരണകളും കള്ളക്കഥകളും വ്യാജവാർത്തകളും പ്രചരിപ്പിച്ച് രാഷ്ട്രീയ കയ്യാങ്കളി നടത്താറുണ്ട്. ഇപ്രകാരമുള്ള ഊഹാപോഹങ്ങളും കെട്ടുകഥകളും കള്ളവാർത്തകളും രാഷ്ട്രീയതലത്തിൽ മാത്രമല്ല ഉണ്ടാകാറുള്ളത്. വ്യക്തിക്കെതിരായും ഈ അമ്പുകൾ തൊടുത്തു വിടാറുണ്ട്. ചില പ്രത്യേക സമുദായങ്ങളെ അടിച്ചിരുത്തുന്നതിനും, അതിന്റെ വില പൊതുജനമദ്ധ്യത്തിൽ ഇടിച്ചു കാട്ടുന്നതിനും, ചില വ്യക്തികളെ തേജോവധം ചെയ്യുന്നതിനുമൊക്കെ പത്രങ്ങളും റേഡിയോയും ഇത്തരം കള്ളക്കഥകളും വ്യാജവാർത്തകളും പ്രചരിപ്പിക്കുന്നു. അതുപോലെതന്നെ, ഈ കെട്ടുകഥകളിലൂടെയും, ഊഹാപോഹങ്ങൾ നെയ്തെടുത്ത കേട്ടുകേൾവികളിലൂടെയും, ഒരു പ്രത്യേക വ്യക്തിയേയോ, സമൂഹത്തെയോ, ഒരു രാഷ്ട്രത്തെയോ ഉയർത്തിക്കാട്ടാനും ഇല്ലാത്ത മഹിമയും ഗുണഗണങ്ങളും ആരോപിക്കുവാനും പത്രത്തിനും റേഡിയോയ്ക്കും സാധിക്കും. സാക്ഷാൽ റേഡിയോ നിലയങ്ങൾ പ്രസിദ്ധം ചെയ്യുന്ന സത്യസന്ധമായ വാർത്തകളെ കള്ളനിലയങ്ങൾ ജാം ചെയ്യുന്ന രീതി വാർത്താപ്രക്ഷേപണത്തെ കേൾവിക്കാർക്ക് ശ്രാവ്യമല്ലാതാക്കിത്തീർക്കുന്നു. ഇവർ കള്ളവാർത്തകൾ പ്രചരിപ്പിക്കുകയും ചെയ്യും. ഇപ്രകാരം ആശയവിനിമയോപാധികൾ, പ്രത്യേകിച്ച്, പത്രവും റേഡിയോയും ഊഹാപോഹങ്ങളും കെട്ടുകഥകളും പ്രചരിപ്പിക്കുന്നതിന് ഉപകരണങ്ങളായിത്തീരുന്നു. ഇത് സാമൂഹ്യബന്ധങ്ങളിൽ വലിയ സ്വാധീനം ചെലുത്തുവാൻ പോരുന്നവയുമാണല്ലോ.

## പ്രചരണവും മാദ്ധ്യമങ്ങളും

ഇരുപതാം നൂററാണ്ടു് പ്രചരണത്തിൻെറ (propaganda) കാലഘട്ടമാണു്. പ്രചരണത്തിലൂടെയാണു് എല്ലാംതന്നെ സാധിക്കുന്നതു്. അതിനാലാണല്ലോ 'പ്രചരണയുദ്ധം' തന്നെ നടത്തപ്പെടുന്നതു്. എന്തും പ്രചരണംകൊണ്ടു് നേടിയെടുക്കാം. ഏതാശയവും ആവത്തിച്ചുള്ള പ്രചരണത്തിലൂടെ മററുള്ളവരെക്കൊണ്ടു സ്വീകരിപ്പിക്കാം. ആധുനികയുഗത്തിൽ സാമൂഹ്യബന്ധങ്ങളുടെ ചരടു പിടിക്കുന്നതു് പ്രചരണമാണെന്നുതന്നെ പറയാം. മനുഷ്യഹൃദയങ്ങളിൽ പ്രേരണ (suggestion) ചെലുത്താൻ ഈ പ്രക്രിയയ്ക്കു് വളരെയധികം കഴിവുണ്ടു്. വ്യവസായവും കച്ചവടവും എല്ലാംതന്നെ പ്രചരണത്തിലൂടെയും പരസ്യത്തിലൂടെയുമാണു് കുതിച്ചുകയറുന്നതു്. ജനസാമാന്യത്തിൻെറ ആശയങ്ങളെയും ആദശ്ങ്ങളെയും സ്വാധീനിക്കുവാനും നിയന്ത്രിക്കുവാനുംവേണ്ടി പ്രേരണയെ ചിട്ടപ്പെടുത്തി (systematically) യും പരോക്ഷമായും ഉപയോഗപ്പെടുത്തുന്ന മനഃശാസ്ത്ര രീതിയ്ക്കു് പ്രചരണം എന്നു പറയാവുന്നതാണു്. പ്രചരണം അടിസ്ഥാനപരമായി പ്രേരണയെയാണു് ഉപാധിയാക്കുന്നതു്. വസ്തുതകളുടെ ആവത്തനം തെററിനേപ്പോലും ശരിയാക്കിക്കാണിക്കും. ഒരു തെററു് നൂറുപ്രാവശ്യം ആവത്തിക്കുു, അതു് ശരിയായി അംഗീകൃതമാകുമെന്നു് ഡോ. ഗീബെൽസ് (Dr. Goebbels) പറയുന്നു. ആവത്തനം ഒന്നിനെ നന്മയാക്കി കാണിക്കയും അതേപടി സ്വീകരിക്കാൻ പ്രേരിപ്പിക്കയും ചെയ്യുന്നു. രാഷ്ട്രീയത്തിലും, സാമൂഹ്യതലത്തിലും, മതാത്മകതലത്തിലും, ആശയങ്ങളുടെയും ആദശ്ങ്ങളുടെയും തലത്തിലും പ്രചരണത്തിനു് വലിയ സ്വാധീനമുണ്ടു്. പ്രചരണം, വികാരത്തെയും, ഉദ്ദേശങ്ങളെയും, അനുഭൂതിയേയും എല്ലാം ഇക്കിളിയിടുവാൻ പോരുന്ന വിധത്തിൽ ബോധപൂവ്വം സംഘടിപ്പിച്ചിട്ടുള്ളതായിരിക്കണം.

പ്രചരണോപാധികളായി പലരും പല മാർഗ്ഗങ്ങളാണ് ഉപയോഗിക്കുന്നത്. പ്രസംഗപീഠങ്ങൾ, പത്രമാസികകൾ, റേഡിയോ, ടെലിവിഷൻ, സിനിമ, സാഹിത്യം, മതം, വിദ്യാഭ്യാസം, സമ്മേളനങ്ങൾ, ജാഥകൾ, മുദ്രാവാക്യങ്ങൾ, ബലം എന്നീ മാർഗ്ഗങ്ങൾ സാമാന്യങ്ങളത്രേ. ഇവയിൽ ഏറ്റം പഴയതാണ് പ്രസംഗസ്റ്റേജുകൾ.

## a) പത്രങ്ങൾ

പ്രസ്സിൻെറ ആവിർഭാവം പ്രചരണത്തെ വിപ്ലവാത്മകമായി ബാധിക്കുകയുണ്ടായി. ലഘുലേഖകളും ബിററ്നോട്ടീസുകളും, ലഘുഗ്രന്ഥങ്ങളും ലക്ഷോപലക്ഷങ്ങൾ അടിച്ച് ലോകത്തിൻെറ നാനാഭാഗങ്ങളിലും വിതരണംചെയ്ത് പ്രചരണം സാധിക്കാവുന്നതാണ്. എന്നാൽ ദിനപ്പത്രങ്ങളിലൂടെയുള്ള പ്രചരണമാണ് ലഘുലേഖകളെക്കാളും എളുപ്പവും ചെലവു കുറവും. പത്രങ്ങളിൽ അടിച്ചിറക്കുന്ന സംഗതികൾ വായനക്കാരൻെറ വികാരത്തെക്കാൾ ബുദ്ധിയെയാണ് ആകർഷിക്കുക. അതിനാൽ സമതോലനത്തോടും യുക്തിക്കു യോജിച്ചവിധവും പത്രങ്ങളിലൂടെ പ്രചരിപ്പിക്കുന്ന ആശയങ്ങൾ അഭ്യസ്തവിദ്യരെ ആകർഷിക്കുന്നു, ഇതിനാലാണ് പ്രധാനപ്പെട്ട രാഷ്ട്രീയപാർട്ടികളും മതസംഘടനകളും സമുദായങ്ങളുമൊക്കെ സ്വന്ത പത്രങ്ങളും മാസികകളും പ്രസാധനം ചെയ്യുന്നത്. തങ്ങളുടെ ആശയങ്ങളും കാഴ്ചപ്പാടുകളും വിവരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി ഗവണ്മെൻറുകൾ പോലും പത്രങ്ങൾ ഏറെറടുത്തു നടത്താറുണ്ട്. അതു സാധിക്കുന്നില്ലെങ്കിൽ തങ്ങളുടെ ആശയങ്ങൾ ജനതാമദ്ധ്യത്തിൽ പ്രചരിപ്പിക്കുന്ന പത്രങ്ങളെ സാമ്പത്തികമായും മററു വിധത്തിലും സഹായിക്കാറുണ്ട്.

## b) റേഡിയോ

ആധുനിക കാലത്തെ ഏററം വലിയ പ്രചരണോപാധി റേഡിയോ ആണ്. ശബ്ദമാദ്ധ്യമത്തിലൂടെ സാധിക്കുന്നതിനേ

ക്കാറം മെച്ചമായ ഗ്രഹണം (Perception) ശ്രാവ്യമാദ്ധ്യമത്തി ലൂടെ സാധിക്കുന്നുവെന്നതു് ഒരു മനഃശാസ്ത്രതത്വമാണു്. ഒരു പ്ര സംഗം വായിക്കുന്നതിനേക്കാറം എത്ര കൂടുതൽ ഫലപ്രദമാണതു കേറംക്കുക. ഇന്നു റേഡിയോ ഇല്ലാത്ത വീടുകറം ചുരുക്കമാണു്. വീട്ടിൽ റേഡിയോ ഇല്ലാത്തവർ പൊതുറേഡിയോ കേറംക്കാൻ തടിച്ചുകൂടാറുണ്ടു്. എല്ലാ ഹോട്ടലുകളിലും കടകളിലും പൊതു സ്ഥലങ്ങളിലും റേഡിയോ സർവ്വസാധാരണമായിട്ടുണ്ടു്. ചില ഗ്രാമപ്രദേശങ്ങളിൽ സാധാരണക്കാർ അവർ ജോലിസ്ഥലങ്ങളി ലേയ്ക്കു പോകുമ്പോഴും, വിനോദയാത്രകറംക്കും മററു യാത്രകറം ക്കും പോകുമ്പോറംപോലും, ട്രാൻസിസ്റ്റർ റേഡിയോകറം കൊണ്ടു പോകാറുണ്ടു്. അങ്ങിനെ, പത്രങ്ങളും മാസികകളും അക്ഷര ജ്ഞാനമുള്ളവരും വിദ്യാസമ്പന്നരുമായവരുടെ ഇടയിൽ പ്രചര ണം നടത്തുമ്പോറം റേഡിയോ വിദ്യാവിഹീനരുടെ ഇടയിൽപോലും ആശയ വിനിമയം സാധിക്കുന്നു. ബധിരർ മാത്രമേ ഈ മാദ്ധ്യമ ത്തിൻെറ പരിധിയിൽനിന്നും വകഞ്ഞു മാററപ്പെടുന്നുള്ളു. പത്രവാ ർത്തകളും പ്രസംഗങ്ങളും വിശ്വസിക്കുന്നതിനേക്കാറം കൂടുതൽ റേ ഡിയോന്യൂസുകറം ജനങ്ങറം വിശ്വസിക്കാറുണ്ടു്. കാരണം, ഗവണ്മെൻറു് നിയന്ത്രണത്തിലാണല്ലോ പല റേഡിയോ നില യങ്ങളും പ്രവർത്തിച്ചു പോരുന്നതു്. ഒരു സംഭവം നടക്കുന്ന അതേ സമയംതന്നെ റേഡിയോയിലൂടെ അവയുടെ റണ്ണിംഗ് കമെൻററി ലഭിക്കുന്നതിനാൽ കേറംവിക്കാക്കു് വാർത്തകളോടും സംഭവങ്ങളോടും വികാരപരമായി പ്രതിപ്രവർത്തിക്കാനും സാധി ക്കുന്നു. നേരിൽ സംഭവം കണ്ടാലെന്നതുപോലെയുള്ള ഒരു പ്രതീ തിയാണു് കേറംവിക്കാരിൽ ഉണ്ടാകുക. പ്രസിഡൻറിൻെറ പ്രസം ഗങ്ങറം, പ്രധാനമന്ത്രിയുടെ ആഹ്വാനങ്ങറം ഇവയെല്ലാം അപ്പോഴ പ്പോറം കേറംക്കുന്നതിനാൽ ഡൽഹിയിൽ അവർ പറയുന്നതു നേരിൽ ശ്രവിക്കുന്നവരേപ്പോലുള്ള മാനസിക പ്രതിസ്പന്ദങ്ങറം കരുപ്പിടിപ്പിക്കാൻ മൈലുകറംക്കിപ്പുറമുള്ളവക്കും സാധിക്കുന്നു.

## c) ടെലിവിഷൻ

റേഡിയോ ശബ്ദം മാത്രം പ്രക്ഷേപണം ചെയ്യുമ്പോൾ ടെലിവിഷൻ ചിത്രങ്ങൾകൂടി ശ്രോതാക്കൾക്ക് എത്തിച്ചുകൊടുക്കുന്നു. പ്രസംഗം കേൾക്കുക മാത്രമല്ല, പ്രസംഗിക്കുന്നതു കാണുകകൂടി ചെയ്യുവാൻ സാധിക്കുന്നു ടെലിവിഷനിൽ. സംഘട്ടനങ്ങളും വിനോദപ്രദമായ കാര്യങ്ങളും എന്നുവേണ്ട എല്ലാംതന്നെ കാഴ്ചക്കാരനു് എത്തിച്ചുകൊടുക്കുന്നു. അതിനാൽ റേഡിയോയിൽ എന്നതിനേക്കാൾ ഗ്രാഹ്യം (Perception) സമഗ്രവും കാര്യക്ഷമവുമാണു് ടെലിവിഷനിൽ. ടെലിവിഷൻ നേരിട്ടുള്ള ഒരു പ്രചരണോപാധിയായി പലപ്പോഴും തീരാറുണ്ടു്. അമേരിക്കൻ പ്രസിഡൻറു് തെരഞ്ഞെടുപ്പിലെ പ്രചരണത്തിൻെറ ഒരു വലിയ ഭാഗം ടെലിവിഷനിലൂടെ നിർവ്വഹിക്കപ്പെടുന്നതു് ഇതുകൊണ്ടത്രേ. സാങ്കേതികമായി പിന്നിൽ നില്ക്കുന്ന നമുക്കു് ടെലിവിഷൻ സർവ്വസാധാരണമായിത്തീർന്നിട്ടില്ല. എങ്കിലും അനതിവിദൂരമായ ഭാവിയിൽ ഇൻഡ്യൻജനതയുടെ സാമൂഹ്യബന്ധങ്ങളിൽ സ്വാധീനം ചെലുത്തുവാനും ജനതയുടെ മനസ്ഥിതിയെ പിടിച്ചു കുലുക്കുവാനും, പ്രത്യേകിച്ചു് ദേശീയോദ്ഗ്രഥനം സാധിക്കുവാനും ടെലിവിഷൻ ഉപകരിക്കുമെന്നതു തീർച്ചതന്നെ.

## d) സിനിമ

വിനോദത്തിനും വിശ്രമത്തിനുമുള്ള ഒരു മാദ്ധ്യമമാണു് സിനിമയെങ്കിലും ഇന്നു് അതു് പ്രചരണത്തിനും ആശയവിനിമയത്തിനുമുള്ള ഒരു ഉപാധിയായിത്തീർന്നിട്ടുണ്ടു്. രാഷ്ട്രങ്ങളും ഭരണകൂടങ്ങളും തങ്ങളെക്കുറിച്ചും, തങ്ങളുടെ ആശയങ്ങളെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും പ്രചരണം നടത്തുന്ന ഏററം പ്രധാനപ്പെട്ട ഒരുപാധിയാണു് സിനിമ. ഫാമിലിപ്ലാനിംഗ്, ലൈഫ് ഇൻഷ്വറൻസ്, സഹകരണം, ലഘുനിക്ഷേപപദ്ധതി, എന്നിങ്ങനെ പലതും ഫിലിമിലൂടെ പ്രചരിപ്പിക്കുന്നുണ്ടു്. കൂടാതെ

സമുദായങ്ങളും മതവിഭാഗങ്ങളും തങ്ങളുടെ ആശയങ്ങളും ആദർ ങ്ങളും പ്രത്യക്ഷമായും പരോക്ഷമായും പ്രചരിപ്പിക്കാൻ ഉതകുന്ന സിനിമ സംവിധാനം ചെയ്തു് ലക്ഷോപലക്ഷങ്ങളിൽ ആശയത്തിൻെറ വിത്തു് വിതയ്ക്കുന്നു. അതു മുപ്പതും അമ്പതും നൂറും മേനി വിളവുകൾ പുറപ്പെടുത്തുകയും ചെയ്യുന്നു. യുദ്ധകാലപരിതസ്ഥിതികളിൽ നിജസ്ഥിതി ജനതയെ മനസ്സിലാക്കാൻ ഭരണകൂടങ്ങൾ സിനിമ ഉപയോഗപ്പെടുത്തുന്നു. ടെലിവിഷനെയും റേഡിയോയെയുംകാൾ ചെലവുകുറഞ്ഞതും, കൂടുതൽ ഫലം പ്രദാനം ചെയ്യുന്നതും സിനിമയാണു്. ദൃശ്യവും ശ്രാവ്യവുമായ മാദ്ധ്യമങ്ങൾ ഇവിടെ ഉപയോഗപ്പെടുത്തുന്നു. വസ്തുതകൾ അങ്ങിനെ മനസ്സിൽ തറച്ചുനില്ക്കുവാൻ സിനിമ സഹായിക്കും. മാച്ചാലും മായാത്തവിധം, മാനവചേതനയിൽ വികാരത്തിൻെറ വേലിയേറ്റം സൃഷ്ടിച്ചു്, മനസ്ഥിതിയിൽ മാററം വരുത്തി, ആശയങ്ങളുടെ സസൂക്ഷ്മമായ ആവിഷ്കരണത്താൽ ബുദ്ധിയിൽ ചലനം സൃഷ്ടിച്ചു്, മനുഷ്യഹൃദയത്തിൽ പരിവർത്തനം വരുത്തുവാൻ സിനിമയോളം ഉതകുന്ന ഒരു മാദ്ധ്യമം വേറെയില്ല. സുന്ദരകലകളുടെ സമഞ്ജസമായ സമ്മേളനവും താളലയങ്ങളും എല്ലാം ഒത്തൊരുമിച്ചു് കണ്ണിനു കുളിർമ്മയും, ശ്രാവ്യമധുരിമയും പ്രദാനം ചെയ്യുന്ന ഈ സമ്പക്മാദ്ധ്യമം ഇന്നു് സാധാരണക്കാരൻെറ വില കുറഞ്ഞ വിനോദരീതിയായിത്തീർന്നിരിക്കയാണു്. വിനോദത്തിലൂടെ വിജ്ഞാനവും പകന്നുകൊടുക്കുന്ന സിനിമ ഇന്നു് പലരിലും ഒരുതരം ബ്രെയിൻവാഷിംഗ് നടത്തുകയും വ്യക്തിത്വമത്ത മാററിമറിക്കയും ചെയ്യുന്നു. ഇതിനെ ഉദാഹരിക്കുന്ന ഒരു കണക്കു് ഇവിടെ കുറിക്കാം. സദാചാരബോധവും സാമൂഹ്യമനോഭാവവുമില്ലാത്ത (delinquents) 252 പെൺകുട്ടികളെ പഠിച്ചപ്പോൾ അവരിൽ 39%വും വികാരതീവ്രതയുള്ള ഒരു പ്രേമകഥ സിനിമയിൽ കണ്ടതിനുശേഷമാണു് പുരുഷന്മാരുമായി അവിഹിതബന്ധത്തിൽ ഏർപ്പെട്ടതെന്നു സമ്മതിച്ചു. അവരിൽ 25% സിനിമാതീയേററുകളിൽവച്ചു് ലൈംഗികമായി വിജൃംഭിതരായതിൻെറ

ഫലമായാണ് ലൈംഗിക വേഴ്ചയിൽ ഏർപ്പെട്ടതെന്നും വെളിപ്പെടുത്തി [9] ഈ അടുത്തകാലത്ത് കേരളത്തിലുണ്ടായ പല കൊലപാതകങ്ങളിലും കററക്കാർക്കു പ്രേരണ ലഭിച്ചതു് അവർ കണ്ട സിനിമകളിൽനിന്നാണെന്നു് അവർതന്നെ സമ്മതിച്ചിട്ടുണ്ടു്.

യഥാതഥ്യവും വസ്തുനിഷ്ഠവുമായി വസ്തുതകളെ ചിത്രീകരിക്കാൻ ഫിലിമിൽ സാധ്യമുള്ളതിനാൽ കാഴ്ച്ചക്കാർ അവയുടെ വാസ്തവികതയെ സംബന്ധിച്ചു് സംശയിക്കാറില്ല. സംഗതികാം നുണ നുണക്കായി, വിശദാംശങ്ങളിൽ ആട്ടത്തിലും പാട്ടിലും, കഥയിലും സംസാരത്തിലും, പശ്ചാത്തലത്തിലും എല്ലാം അവതരിപ്പിക്കാൻ സുന്ദരകലകളിൽ പലതും കൈകോർത്തു നിന്നുകൊണ്ടു് അവതരണത്തിനു് സഹകരിക്കുന്നതിനാൽ അതിൻെറ മാസ്മരിക ശക്തി വേറൊന്നാണു്. ഒരു യുദ്ധ ചിത്രം കാണുന്ന ഒരാൾക്കു് നേരിൽ യുദ്ധരംഗത്തു് നിന്നാലെന്ന അനുഭവവും അനുഭൂതിയുമാണു് പകന്നുകൊടുക്കുക. അതിനാൽ സാമാന്യക്കാരൻ ഫിലിമിൽ കാണുന്നതെല്ലാം സംശയരഹിതമായി സ്വീകരിക്കുന്നു. ഇതേ കാരണത്താൽ തന്നെയാണു് സിനിമയിലൂടെയുള്ള പ്രചരണവും കാഴ്ച്ചക്കാർ കണ്ണടച്ചു സ്വീകരിക്കുന്നതു്.

## e) സാഹിത്യം

സാഹിത്യം ഒരു പ്രചരണോപാധിയായി സ്വീകരിക്കുന്നതു് ശരിയല്ലെങ്കിലും ഇന്നത്തെ മിക്ക സാഹിത്യകൃതികളും ഒന്നല്ലെങ്കിൽ മറെറാരു ആശയത്തിൻെറയും ആദർശത്തിൻെറയും പ്രചരണ മാദ്ധ്യമമായി ഉപയോഗിച്ചുകൊണ്ടിരിക്കയാണു്. മഹാത്മജിയും വിനോഭവേയും മാർക്സും എംഗൽസും ഒക്കെ ഗ്രന്ഥങ്ങാം നേരിട്ടു പ്രചരണോപാധികളാക്കിയവരിൽ ചിലരാണു്. ഇവ കൂടാതെ, നോവൽ, നാടകം, ചെറുകഥ, തുടക്കഥ,പദ്യം, ഉപന്യാസം മുതലായ സാഹി

(9) H. Blumer & Houser. "Movies, Delinquency and Crime." P. 86.

ത്യരൂപങ്ങളിലൂടെ പരോക്ഷമായും പ്രത്യക്ഷമായും ആശയപ്രചരണം നടക്കുന്നുണ്ട്. കമ്മ്യൂണിസ്റ്റുകാർ ഈ ഉപാധികളെയെല്ലാം തന്നെ പ്രയോജനപ്രദമായി ഉപകരിപ്പിക്കുന്നുണ്ട് തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനായി. ജീവിതദർശനങ്ങൾ, രാഷ്ട്രീയ വീക്ഷണങ്ങൾ, തത്വശാസ്ത്ര സമീപനങ്ങൾ, മതതത്വങ്ങൾ ഇവയെല്ലാം ഈ മാദ്ധ്യമങ്ങളിലൂടെ പ്രചരിപ്പിക്കാറുണ്ട്. വാൾട്ടയറിന്റെയും റൂസ്സോയുടെയും സാഹിത്യകൃതികൾ ഫ്രഞ്ചുവിപ്ലവത്തിന്റെ പ്രചരണ മാദ്ധ്യമങ്ങളായിരുന്നുവല്ലോ. വായനക്കാരന്റെ ഹൃദയസ്പന്ദനങ്ങളെ എത്തിപ്പിടിക്കുന്നതിനും, അവന്റെ അനുഭവങ്ങളെയും അനുഭൂതികളെയും ആഴത്തിൽ സ്പർശിക്കുന്നതിനും, സാഹിത്യത്തിനുള്ള കഴിവ് എത്ര വലുതെന്ന് നമുക്കറിയാം. വായന സമ്പൂർണ്ണ മനുഷ്യനെ ഉളവാക്കുന്നു എന്ന് ബേക്കൺ സമർത്ഥിക്കുന്നു.[10] ഒരു മനുഷ്യൻ ഭക്ഷിച്ചുകൊണ്ട് ശക്തനാകാൻ പ്രതീക്ഷിക്കുന്നതുപോലെ നിരന്തര വായനയാൽ ഒരാൾ വ്യൽപന്നമതി (wise) ആയിത്തീരുന്നു.[11] ഞാൻ ആരെ വായിക്കുന്നുവോ അയാൾക്ക് എന്നിൽ വളരെയധികം ശക്തി ഉള്ളതായി എനിക്കനുഭവപ്പെടുന്നു എന്ന് മൊണ്ടേഗ് പറയുന്നു.[12] സാഹിത്യകൃതികൾ മനുഷ്യമനസ്സുകളിൽ ചെലുത്തുന്ന ശക്തമായ പ്രേരണയെ ആണ് അദ്ദേഹം ഉദ്ദേശിക്കുന്നത്. 'നീ വായിക്കുന്ന പുസ്തകങ്ങൾ ഏവയാണെന്നു പറഞ്ഞാൽ നീ ആരാണെന്നു പറയാം' എന്ന ചൊല്ലും സാർത്ഥകമത്രേ. അത്ര വലിയ വ്യതിയാനം മാനസിക പരിതോവസ്ഥയിൽ വരുത്താൻ കൃതികൾക്കു കഴിയും. സുപ്രസിദ്ധ ജർമ്മൻ സാഹിത്യകാരനായ ഗൊയ്ഥേയുടെ 'വെർതറുടെ ദുഃഖങ്ങൾ' എത്രയധികം ആത്മഹത്യകൾക്കു വഴിതെളിച്ചുവെന്നുള്ളതുതന്നെ പുസ്തകങ്ങൾക്കു മനസ്സിലുള്ള സ്വാധീനം വ്യക്തമാക്കുന്നു. ഏതായാലും സാഹിത്യകൃതി

---

(10) Francis Bacon-Essays, 'Of studies'

(11) Geremy Collier-Of the Entertainnments of Books.

(12) Motaigne. Essays. 11

കൾ അവയിൽ ജീവിക്കുന്ന കഥാപാത്രങ്ങളിലൂടെ പരോക്ഷമായി അവരുടെ ആശയങ്ങളും ആദർശങ്ങളും മനുഷ്യ മനസ്സിൽ വാരിവിതറുന്നു. അനുവാചകൻ അറിയാതെതന്നെ അവ സ്വകീയമാക്കുന്നു. നല്ല നിലവാരം പുലർത്തുന്ന കൃതികളിലെ കഥാപാത്രങ്ങളുമായി നാം വൈകാരിക താദാത്മ്യം (emotional identification) പ്രാപിക്കയും ചെയ്യുന്നു. പക്ഷേ, ഗ്രന്ഥകാരന്റെ കഴിവിനെയും വ്യക്തിത്വത്തെയും ആശ്രയിച്ചായിരിക്കും ഈ പ്രക്രിയ നടക്കുക. സാഹിത്യത്തിലൂടെയുള്ള പ്രചരണം എത്രമാത്രം പരോക്ഷമായിരിക്കുമോ അത്രയും ശക്തമായിരിക്കും അതിലൂടെ ലഭിക്കുന്ന പ്രയോജനം.

## f) മതവും വിദ്യാഭ്യാസവും

മതത്തിനും വിദ്യാഭ്യാസത്തിനും പ്രചരണത്തിൽ വലിയ പങ്കുണ്ട്. പ്രാചീനകാലംമുതലേ മതത്തിനു മനുഷ്യമനസ്സുകളിലുള്ള സ്വാധീനം വളരെ വലുതാണ്. അതിനാൽ മതത്തിന്റെ അംഗീകാരമുള്ള, മതാചാര്യന്മാരുടെ ആശീർവ്വാദമുള്ള ആശയങ്ങൾക്കും, ചിന്തകൾക്കും ജനത ആവേശപൂർണ്ണമായ സ്വീകരണം നൽകുക സാമാന്യമാണ്. അതുപോലെതന്നെ, മൂല്യങ്ങളുടെയും ആദർശങ്ങളുടെയും, ആശയങ്ങളുടെയും ഏററം പ്രധാനമായ ഒരു ഉപാധിയത്രേ വിദ്യാഭ്യാസം. രാഷ്ട്രീയ പാർട്ടികളും, മതസംഘടനകളും, ഭരണകൂടങ്ങളും തങ്ങളുടെ ആശയപ്രചരണത്തിനായി വിദ്യാഭ്യാസം ഉപയോഗിക്കുന്നതു് ഇക്കാരണത്താലാണ്. എന്തും സ്വീകരിക്കാൻ ആത്മാർത്ഥതയോടെ തുറന്നുവയ്ക്കപ്പെട്ടിരിക്കുന്ന ബാലമനസ്സുകളിൽ ആദ്യം വിതയ്ക്കപ്പെടുന്നവ വേരൂന്നുക സ്വാഭാവികമത്രേ. ക്രിസ്തുമതം വിദ്യാഭ്യാസത്തിലൂടെയാണ് തങ്ങളുടെ അപ്പസ്തോലിക വേല കൂടുതലായി നിർവ്വഹിച്ചുകൊണ്ടിരുന്നതു്. ഇതിനു് സാമൂഹ്യസമ്പർക്ക മാദ്ധ്യമമെന്ന നിലയിലുള്ള വലിയ വില മനസ്സിലാക്കിയാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നടത്തിപ്പിനും എല്ലാം കോടാനുകോടി രൂപാ സഭ വ്യയം ചെയ്തിട്ടുള്ളതു്.

## g) മീററിംഗും ജാഥയും

മീററിംഗുകരാക്കും, സെമിനാറുകരാക്കും, സ്റ്റഡിക്ലാസ്സുകരാക്കും, ജാഥയ്ക്കും മുദ്രാവാക്യങ്ങരാക്കും പ്രചരണത്തിലുള്ള സ്ഥാനം സുവിദിതമാണല്ലോ. ഇതിൽ അവസാനത്തേതു രണ്ടും ആരാക്കൂട്ടങ്ങളിൽ വികാരത്തിൻെറ കൊള്ളിയാൻ പായ്ക്കാനും അങ്ങനെ വിളിച്ചുപറയുന്ന മുദ്രാവാക്യങ്ങരാ ജനങ്ങളെക്കൊണ്ടു സ്വീകരിപ്പിക്കാനും ഏററു പറയിക്കാനും സഹായിക്കും.

## h) ബലം

അവസാനമായി ആശയവിനിമയത്തിൽ ബലത്തിനു് അതിൻെറതായ സ്ഥാനമുണ്ടു്, ബലവും (force) പ്രചരണവും വൈരുദ്ധ്യങ്ങളല്ലയെന്നാണു് ചില ചിന്തകന്മാർ പറയുന്നതു്.[13] ബലം പ്രയോഗിച്ചു് ആശയങ്ങരാ സ്വീകരിപ്പിക്കയും പ്രചരിപ്പിക്കയും ചെയ്യാം. പക്ഷേ, ബലം പിൻവലിക്കപ്പെട്ടുകഴിയുമ്പോരാ തങ്ങരാ സ്വീകരിച്ച ആശയങ്ങളെ ജനങ്ങരാ പരിത്യജിക്കുന്നതായിക്കാണാം. പുരാതനകാലംമുതൽക്കേ മതങ്ങളും രാഷ്ട്രങ്ങളും തങ്ങളുടെ വീക്ഷണങ്ങളും, ആദർശങ്ങളും ജനതയെക്കൊണ്ടു സ്വീകരിപ്പിക്കാൻ ബലം പ്രയോഗിച്ചതായി ചരിത്രം സാക്ഷിക്കുന്നു.

## പ്രചരണവും ശീതസമരവും

ആധുനികലോകത്തിൽ പലയിടത്തും നടക്കുന്ന ശീതസമരമെന്ന മനഃശാസ്ത്രയുദ്ധ(Psychological war) ത്തിൻെറ പ്രധാന ആയുധം പ്രചരണമാണു്. മുൻപറഞ്ഞ മിക്കവരും എല്ലാ സമ്പർക്കമാദ്ധ്യമങ്ങളും ഉപയോഗിച്ചു് രാഷ്ട്രങ്ങരാ ഉത്തരം സമരങ്ങളിൽ ഏർപ്പെടുന്നു. രാഷ്ട്രങ്ങരാ പ്രതിനിധികളെ അയച്ചു്

---

(13) Hadamovsky-as quoted in Dr. Vatsyayan. Ibid. P. 256.

അവരിലൂടെ തങ്ങളുടെ രാജ്യത്തിൻെറ താല്പര്യങ്ങളെയും വീക്ഷ ണങ്ങളെയും പ്രചരിപ്പിച്ച് ആ നാട്ടിൽ പൊതുജനാഭിപ്രായം മാററിയെഴുതി, അഭിപ്രായങ്ങൾ തങ്ങൾക്കനുകൂലമായി പൊളി ച്ചെഴുതിക്കുന്നു. ഈ പൊളിച്ചെഴുത്ത് വിശ്വാസങ്ങളെയും മന സ്ഥിതിയേയും സ്വാധീനിക്കയും അങ്ങനെ ബുദ്ധിമതിയായ രാ ഷ്ട്രീയക്കാരൻ അവൻെറ ലക്ഷ്യം നേടുകയും ചെയ്യുന്നു.

## സാമൂഹ്യപരിവത്തനവും മാദ്ധ്യമങ്ങളും

ഇപ്രകാരം പ്രചരണോപാധിയായി ആശയവിനിമയോപാ ധികളെ ലോകവും ലോകജനതയും വളരെയധികം ഉപയോഗി ക്കുന്നു. ഈ മാഗ്ഗങ്ങളിലൂടെ ആശയവിനിമയം സാധിക്കയും സമൂ ഹത്തിൽ മാററങ്ങളും സാമൂഹ്യബന്ധങ്ങളിൽ പൊളിച്ചെഴുത്തും നടത്തുകയും ചെയ്യുന്നു. വ്യക്തിത്വത്തിൽപോലും വ്യതിയാനം സൃഷ്ടിക്കാനും നന്മയ്ക്കും തിന്മയ്ക്കും അവനെ കരുവാക്കാനും അവ നിൽ വികാരം കത്തിവയ്ക്കാനും, അവനെ ചിന്തിപ്പിക്കുവാനും പ്രവത്തിപ്പിക്കുവാനും ഈ ഉപാധികൾക്കു സാധിക്കുന്നു. ലോക ത്തിൻെറ മുഖം മാററിവരയ്ക്കുവാൻ ഇവയ്ക്കു കഴിവുണ്ടെന്നു ചുരു ക്കം. സാമൂഹ്യപരിവത്തനത്തിൻെറ (Social change) യും അ തിൽനിന്നും ഉളവാകുന്ന മാനവസംസ്ക്കാരത്തിൻെറ പുരോഗതിയു ടെയും അടിയിൽ പ്രവത്തിക്കുന്ന സാങ്കേതിക ഘടകങ്ങളിൽ technological factors) സുപ്രധാനമായ ഒരു പങ്ക് ഈ സ മ്പക്മാദ്ധ്യമങ്ങൾക്കാണ്. ആശയവിനിമയത്തിന് സാമൂഹ്യബ ന്ധങ്ങൾകൂടിയേ തീരൂ. സാമൂഹ്യബന്ധങ്ങളെ ഈ സമ്പക്മാ ദ്ധ്യമങ്ങൾ എളുപ്പമാക്കിത്തീക്കയും ചെയ്യുന്നു. മററ് സാങ്കേതി കഘടകങ്ങളുമായി ഒത്തൊരുമിച്ച് ഈ സമ്പക്മാദ്ധ്യമങ്ങൾ ജാ തികളും വഗ്ഗങ്ങളും തമ്മിലുള്ള സാംസ്ക്കാരിക വൈവിദ്ധ്യങ്ങൾ (cultural differentiations) കുറച്ചൊക്കെ തുടച്ചുമാററുകയും ഗ്രാമീണജനതയും നഗരവാസികളും തമ്മിലുള്ള വലിയ വിടവ്

കുറച്ചൊക്കെ നികത്തുകയും ചെയ്തിട്ടുണ്ട്. റേഡിയോയും, ടെലിവിഷനും, സിനിമയും, പത്രങ്ങളുമെല്ലാം കുടുംബാന്തരീക്ഷത്തിൽ വലിയ വ്യതിയാനങ്ങൾ സൃഷ്ടിച്ചു വിട്ടിട്ടുണ്ട്. [14] ഇതെല്ലാം സാമൂഹ്യപരിവർത്തനത്തിൻെറ ഘടകങ്ങളത്രേ. സാമൂഹ്യപരിവർത്തനത്തിനു് ഈ ഉപാധികൾ എത്രമാത്രം ഉപകരിക്കുന്നുണ്ടെന്നു് ഇവിടെ വ്യക്തവുമാണല്ലോ.

## പൊതുജനാഭിപ്രായവും മാദ്ധ്യമങ്ങളും

പ്രചരണത്തിലൂടെ സാമാന്യം സാധിക്കുന്ന ഒന്നാണ് പൊതുജനാഭിപ്രായം. പ്രചരണത്തിൻെറ ലക്ഷ്യംതന്നെ അതാണ്. പ്രജാധിപത്യ സോഷ്യലിസ്ററ വ്യവസ്ഥിതിയിൽ ജീവിക്കുകയും ആ വ്യവസ്ഥിതിയുടെ മൂല്യങ്ങളെ വിലമതിക്കയും ചെയ്യുന്ന ഇന്നത്തെ സാമൂഹ്യജീവിതത്തിൽ സംഗതികൾ തീരുമാനിക്കുന്നതു് സാമാന്യമായി ഭൂരിപക്ഷാഭിപ്രായ പ്രകാരമാണല്ലോ. ഈ ഭൂരിപക്ഷാഭിപ്രായത്തിൻെറ ഈററില്ലമാണ് പൊതുജനാഭിപ്രായം. 'പൊതുജനം ഒരു പ്രത്യേക സാഹചര്യത്തിൽ സ്വീകരിക്കുന്ന അഭിപ്രായങ്ങളാണ് പൊതുജനാഭിപ്രായം' എന്നു് യങ് നിർവ്വചിക്കുന്നു. [15] പൊതുജനാഭിപ്രായത്തിൻെറ രൂപീകരണത്തിൽ വിദ്യാഭ്യാസത്തിനു് വലിയ സ്വാധീനമുണ്ടു്. പൊതുജനാഭിപ്രായം നിമിഷംകൊണ്ടു സാധിക്കുന്ന ഒന്നല്ലല്ലോ. സമയമെടുത്തു് സാധിക്കുന്ന ഒരു വ്യാമിശ്രപ്രക്രിയയാണ് പൊതുജനാഭിപ്രായരൂപീകരണം.

ഇതിൻെറ രൂപീകരണത്തിനു് പ്രസ്സ്, റേഡിയോ, ടെലിവിഷൻ, സിനിമ എന്നീ ആശയവിനിമയോപാധികൾക്കു് വളരെയധികം പങ്കുവഹിക്കാനുണ്ടു്. പത്രങ്ങളിലൂടെ നേതാക്കു

(14) Cfr. Maciver & Page. Society. P. 556.
(15) Kimball Young. Hand book of Social Psychology.

ന്മാരുടെ ചിന്താഗതികളും കാഴ്ചപ്പാടുകളും പ്രസിദ്ധീകൃതമാകുന്നു. പലേ പത്രങ്ങൾ പലേ വീക്ഷണകോണത്തിലൂടെ ഒരേ പ്രശ്നത്തെതന്നെ നോക്കിക്കാണുന്നു. അതിനാൽ ഏതു പത്രമെടുത്താലും പ്രശ്നത്തിൻെറ വൈവിദ്ധ്യമാർന്ന മുഖഭാവങ്ങൾ അനുവാചകൻെറ മുന്നിൽ പ്രത്യക്ഷപ്പെടുന്നു. ആ പ്രശ്നത്തെ സംബന്ധിച്ച് അനുവാചകലോകത്തിനു് ഏകദേശജ്ഞാനം ലഭിക്കുന്നു. വാർത്തകൾ സത്യസന്ധവും (true) സാധുവും (valid) ആയിരിക്കണം. പ്രസിദ്ധീകരണങ്ങളിലൂടെ ജനസാമാന്യത്തിൻെറ അഭിപ്രായത്തെ നയിക്കുകയും, നിയന്ത്രിക്കുകയും രൂപീകരിക്കുകയും ചെയ്യാൻ എളുപ്പമാണു്. പൊതുജനാഭിപ്രായത്തെ നേരായവിധം നയിക്കയോ വഴിതെററിക്കയോ ചെയ്യാൻ പത്രങ്ങൾക്കു് കഴിവുണ്ടു്. സത്യത്തിൻെറ പ്രവാചകയായിരിക്കേണ്ട പത്രം കാപട്യത്തിൻെറ കുട്ടിപ്പിശാചു് ആയിത്തീരുന്നതു് ചിലപ്പോഴൊക്കെയെങ്കിലും കാണാവുന്നതത്രേ. അതിനാൽ കള്ളപ്പത്രങ്ങളെയും സ്വകീയതാല്പര്യങ്ങളെ താലോലിക്കുന്ന സ്ഥാപിതാതാല്പര്യക്കാരേയും നിയന്ത്രണത്തിൽ നിർത്തേണ്ടതു് സത്യത്തെയും സമുദായത്തെയും സംബന്ധിക്കുന്ന വലിയ ഒരാവശ്യമാണു്. റേഡിയോയും ടെലിവിഷനും സിനിമയും ഇപ്രകാരംതന്നെ പൊതുജനാഭിപ്രായ രൂപീകരണത്തിൽ വലിയ സ്വാധീനം ചെലുത്തുന്നുണ്ടു്. മനഃശാസ്ത്രപരമായ കാരണങ്ങളാൽ ഇവയ്ക്കു് പത്രങ്ങളെക്കാൾ കൂടുതൽ സ്വാധീനം മനുഷ്യഹൃദയങ്ങളിൽ ചെലുത്തുവാൻ സാധിക്കും. ജനാധിപത്യജീവിതത്തിൻെറ അടിസ്ഥാനം ഉറപ്പിച്ചിരിക്കുന്ന പൊതുജനാഭിപ്രായം കരുപ്പിടിപ്പിക്കുന്നതിൽ ഇവയ്ക്കുള്ള സ്ഥാനം നാം ഒരിക്കലും വിസ്മരിക്കരുതു്. ജനതയുടെ നന്മയ്ക്കുതകുന്ന ഏതൊരു വ്യതിയാനവും സ്വീകാര്യമായിത്തീരുന്നതു് പൊതുജനാഭിപ്രായത്തിൻെറ തൂക്കമനുസരിച്ചാണു്. ജനതയുടെ നന്മ എന്തെന്നു് മനസ്സിലാക്കി ഭൂരിപക്ഷത്തെക്കൊണ്ടു് ആ നന്മ അംഗീകരിപ്പിക്കുന്നതിനും, തിന്മ ദൂരികരിക്കുന്നതിനും പൊതുജനാഭിപ്രായം രൂപീകരിക്കാതെ സാധ്യമല്ല.

## സാമൂഹ്യനിയന്ത്രണവും മാദ്ധ്യമങ്ങളും

വ്യക്തികളിൽ സമൂഹം ചെലുത്തുന്ന സാമൂഹ്യനിയന്ത്രണത്തിൻെറ (social control) കാര്യത്തിലും പൊതുനാഭിപ്രായത്തിനു് വലിയ ശക്തിയുണ്ടു്. പരോക്ഷവും പ്രത്യക്ഷവും, അനുലോമപരവും നിഷേധാത്മകവുമായ സാമൂഹ്യനിയന്ത്രണത്തിലൂടെ വ്യക്തികളുടെ സാമൂഹ്യവിരുദ്ധവും തെററായിട്ടുള്ളതുമായ പ്രവണതകളെയും അവയിൽനിന്നും ഉരുത്തിരിയുന്ന തെററായ വർത്തനരീതികളെയും കടിഞ്ഞാണിട്ടു നിയന്ത്രിക്കേണ്ടതാവശ്യമാണു്. സമൂഹം ശ്ലാഘിച്ചും, സമൂഹം ശിക്ഷിച്ചും, നിയമങ്ങളിലൂടെയും, പരസ്യങ്ങളിലൂടെയും, ആചാരക്രമങ്ങളിലൂടെയും, കുടുംബം, അയൽക്കാർ, മുതലായ പ്രാഥമിക സമൂഹങ്ങളിലൂടെ (primary groups) യുമാണു് ഈ നിയന്ത്രണം സാധിക്കുന്നതു്. പൊതുജനാഭിപ്രായത്തിനെതിരായി ഒരു വ്യക്തിക്കും സമൂഹത്തിൽ ജീവിക്കുവാൻ സാധിക്കയില്ല. ഒരു ഗവണ്മെൻറം നിലനില്ക്കില്ല. തങ്ങളെക്കുറിച്ചു് പൊതുജനങ്ങൾക്കുള്ള അഭിപ്രായം ആരായുവാൻ രാജാക്കന്മാർ പ്രാചീനകാലങ്ങളിൽ വേഷപ്രച്ഛന്നരായി നടക്കുമായിരുന്നു. ജനങ്ങളിൽ നിന്നും ലഭിക്കുന്ന അഭിപ്രായാനുസാരം തങ്ങളുടെ ഭരണരീതിയിൽ മാററം വരുത്തുവാനായിരുന്നു അപ്രകാരം ചെയ്തിരുന്നതു്. പൊതുജനാഭിപ്രായം മാനിച്ചാണു് ഇന്നു് മന്ത്രിസഭകളും മന്ത്രിമാരുമൊക്കെ തങ്ങൾ ചെയ്ത തെററിൻെറ പേരിൽ രാജി സമർപ്പിക്കുന്നതു്. പൊതുജനാഭിപ്രായം അറിയുന്നതിനു് ആധുനികകാലത്തുള്ള ഏററം ശക്തമായ ഉപാധികളാണു് സമ്പർക്കമാദ്ധ്യമങ്ങൾ, പ്രത്യേകിച്ചു്, പത്രമാസികകളും റേഡിയോയും ടെലിവിഷനും.

## സാമൂഹ്യസംഘട്ടനവും മാദ്ധ്യമങ്ങളും

സമൂഹത്തിലുള്ള സംഘട്ടനങ്ങളും (conflicts) പിരിമുറുക്കങ്ങളും (tensions) ഇല്ലാതാക്കുന്നതിനു് പൊതുജനാഭിപ്രായത്തിനും

വിദ്യാഭ്യാസത്തിനും വലിയ പ്രാധാന്യമുണ്ട്. ഇവിടെയും ആശയ വിനിമയ മാദ്ധ്യമങ്ങളിലൂടെയുള്ള പ്രചരണം മേല്പറഞ്ഞ സംഘട്ടനങ്ങളെയും സംഘർഷങ്ങളെയും കറയ്ക്കുകയും ഇല്ലാതാക്കുകയും ചെയ്യും. ജാതിവഴക്ക്, വർഗ്ഗസമരം, പ്രാദേശിക മനോഭാവം, സമുദായസംഘർഷം മുതലായവ ലഘൂകരിക്കുന്ന പ്രോഗ്രാമുകൾ റേഡിയോയിലൂടെ ഇടയ്ക്കിടയ്ക്ക് നൽകിയാൽ അതു് രാജ്യസ്നേഹവും വൈകാരികോദ്ഗ്രഥനവും നേടാൻ വളരെ സഹായിക്കുന്നവയായിരിക്കും. മേൽസൂചിപ്പിച്ചിട്ടുള്ള ഇടുക്കൊന്ന ചിന്താഗതികൾ വളർത്തുന്ന പത്രമാസികകൾ ധാരാളം നമ്മുടെ ഇടയിൽ കണ്ടെത്തുവാൻ സാധിക്കും. അതിരുകടന്ന സ്വാതന്ത്ര്യത്തിന്റെ പേരിൽ ഇപ്രകാരമുള്ള ശിഥിലീകരണ പ്രവണതകളെ പാടിപ്പുകഴ്ത്തുകയും, അവയ്ക്ക് ഇന്ധനമേകുകയും ചെയ്യുന്ന സാഹിത്യകൃതികളും കണ്ടെന്നു വന്നേയ്ക്കാം. ഇവയെല്ലാം വിശാലമായ ലോകത്തിൽ മനുഷ്യമനസ്സിനെ ശുഷ്കവും ശൂന്യവും ചുരുങ്ങിയതുമാക്കിത്തീർക്കുന്നു. ഇതിനെതിരായി ആരോഗ്യകരമായ സാഹിത്യസൃഷ്ടികളെ പ്രോത്സാഹിപ്പിക്കുകയും അവയ്ക്ക് വേണ്ട പ്രസാധനപ്രോത്സാഹനങ്ങൾ നൽകുകയും ചെയ്ത് ഈ സംഘർഷം കറയ്ക്കുവാൻ സാധിക്കും. ഇവയിലൂടെ സമൂഹങ്ങൾ തമ്മിലുള്ള സൗഹൃദവും സഹകരണവും ലഭിക്കുകയും സഹവർത്തിത്വത്തിനു് അടിസ്ഥാനമിടുകയും ചെയ്യും.

ചുരുക്കത്തിൽ മനുഷ്യനു് മനുഷ്യനായി സാമൂഹ്യജീവിതം നയിക്കുന്നതിനു്, ആധുനിക യുഗത്തിൽ പ്രത്യേകിച്ച്, ആശയ വിനിമയോപാധികൾ അവശ്യം ആവശ്യമായിത്തീരുന്നു. മനുഷ്യബന്ധങ്ങളെ അരക്കിട്ടുറപ്പിക്കുന്നതിനും മനുഷ്യനെ മനുഷ്യനോട് അടുപ്പിക്കുന്നതിനും അവനെ അവനാക്കി തീർക്കുന്നതിനും സമ്പർക്ക മാദ്ധ്യമങ്ങൾ തീർത്തും അനിർവാര്യമാണ്.

## അദ്ധ്യായം മൂന്നു്

# സഭയും ആശയവിനിമയോപാധികളും

വ്യക്തികളുടെ ജീവിതത്തെയും സാമൂഹ്യബന്ധങ്ങളെയും രൂപീകരിക്കുന്നതിനും, നിലനിർത്തുന്നതിനും, പുരോഗമിപ്പിക്കുന്നതിനും ആശയചിനിമയോപാധികൾ എത്ര ആവശ്യമാണെന്നും അവയ്ക്കു് മനുഷ്യനിലുള്ള സ്വാധീനം എത്ര വലുതാണെന്നും കഴിഞ്ഞ അധ്യായത്തിൽ നാം കണ്ടു. ഇത്ര സുപ്രധാനവും ജീവിതത്തെത്തന്നെ ഇളക്കിമറിക്കുന്നതുമായ ഇവയുടെ ഉപയോഗത്തിൽ സഭയുടെ

നിലപാടെന്താണ്? ആശയങ്ങൾ മനുഷ്യനെ ഭരിക്കുകയും ആശയങ്ങൾ മനുഷ്യന്റെ വ്യക്തിത്വത്തെ വാർത്തെടുക്കയും ചെയ്യുന്ന ഇക്കാലയളവിൽ ആശയവിനിമയ മാദ്ധ്യമങ്ങളെക്കുറിച്ച് സഭ ബോധവതിയാകേണ്ടതുണ്ട്.

## അവകാശവും ഉപയോഗവും

സഭയുടെ അരുമസന്താനങ്ങൾ ജീവിക്കുന്ന ലോകസാഹചര്യം, സഭാതത്വങ്ങൾ ജീവിക്കുവാൻ അവർ സമരംതന്നെ നടത്തേണ്ടി വരുന്ന ഒരു പരിതസ്ഥിതി, ജീവിതത്തിന്റെ ഇരുൾപ്പരപ്പിൽ സത്യത്തിനുവേണ്ടി നട്ടം തിരിയുന്ന ഒരു കാലഘട്ടം—ഈ പ്രത്യേക പശ്ചാത്തലത്തിൽ ഇവരുടെ സമരം വിജയിപ്പിക്കുവാൻ, ഇവക്കു സത്യം കാണിച്ചുകൊടുക്കാൻ ശാസ്ത്രത്തിന്റെ കൈമുതലായി നമുക്കു ലഭിച്ചിട്ടുള്ള ഈ ഉപാധികളെ യാതൊരു സങ്കോചവും കൂടാതെ സഭ ഉപയോഗിക്കേണ്ടതത്രേ. ഇവ ഉപയോഗിക്കുക മാനവസമുദായത്തിന്റെ ഒരു ഭാഗമാണെന്ന നിലയ്ക്കു സഭയുടെ അവകാശമാണ്. കാരണം, ഇവ മനുഷ്യ നേട്ടങ്ങളാണ്, കണ്ടുപിടിത്തങ്ങളാണ്—മനുഷ്യനുവേണ്ടിയുള്ളവയാണ്. അതിനാൽ മനുഷ്യർക്കെല്ലാം ഇതു് ഉപയോഗിക്കുവാൻ ജന്മാവകാശമുണ്ട്. മാത്രമല്ല, സഭയൊരു സമൂഹമാണ്, സമൂഹമായതിനാൽ സാമൂഹ്യമാദ്ധ്യമങ്ങൾ ഉപയോഗിക്കുകയെന്നുള്ളതു് അവളുടെ സ്വഭാവത്തിൽ തന്നെയുള്ളതുമാണ്. സഭാംഗങ്ങളെ തമ്മിൽ ബന്ധിക്കുവാനും, പ്രാദേശിക സഭകളെ തമ്മിൽ അടുപ്പിക്കുവാനും, ഇതര സഭാവിഭാഗങ്ങളും കത്തോലിക്കാസഭയും തമ്മിൽ ഡയലോഗു നടത്തുവാനും സഭാതത്വങ്ങൾ പഠിപ്പിക്കുവാനും മററും ഏററം ഉപകരിക്കുന്ന മാർഗ്ഗമാണ് ആശയവിനിമയോപാധികൾ. ക്രിസ്തുവിനെ ലോകത്തിനവതരിപ്പിക്കുവാൻ, ക്രിസ്തീയത ലോകത്തിൽ പ്രചരിപ്പിക്കുവാൻ, ക്രിസ്തീയതത്വസംഹിതകളെ സംബന്ധിച്ച് ഒരു പൊതുജനാഭിപ്രായം രൂപീകരിക്കുവാൻ, ഇതിൽ മെച്ചമായ മാർഗ്ഗം സഭയ്ക്കു് ഇനിയും ലഭിക്കാ

നില്ല. ഇവയെ സ്നേഹത്തിൻെറയും ധർമ്മത്തിൻെറയും സത്യത്തിൻെറയും നീതിയുടെയും ഉപാധികൾ എന്നു വിളിക്കാം. ലോകത്തിൽ ഐശ്വര്യവും സമാധാനവും സംതൃപ്തിയും വളർത്തുവാനും സഭയുടെ തന്നെ അസ്തിത്വലക്ഷ്യം സാധിക്കുവാനും ഇവയിലൂടെ മാത്രമേ ഈ ആധുനിക കാലത്തു സാധിക്കൂ. അത്ര പരമ പ്രധാനമായവയാണ് സഭയുടെ ജീവിതത്തിൽ ഈ ഉപാധികൾ. സഭയുടെ ലക്ഷ്യങ്ങളെ ധ്യയനമേററ് വച്ചു തകക്കാൻ ഈ ഉപാധികൾക്കു സാധിക്കുമെന്നുള്ളതും ഒരു പരമാർത്ഥമാണ്. നന്മയ്ക്കും തിന്മയ്ക്കും കാരണമാകുന്ന ഈ ഉപാധികളെ നന്മയുടെ മാതാവായ സഭ കൈകാര്യം ചെയ്ത് നന്മയുടെ വളർച്ചയ്ക്ക് ഉപകരിക്കുമാറ് ഇവയെ ഉപയോഗിക്കേണ്ടതായിരുന്നു.

## നിഷേധാത്മക സമീപനം

എന്നാൽ സഭയുടെ ഭാഗത്തുനിന്നു ചിന്തിക്കുമ്പോൾ ഇതുവരെയും ആശയവിനിമയോപാധികളെക്കുറിച്ചുള്ള ഒരു സമ്പൂർണ്ണ തത്വശാസ്ത്രമോ, ദൈവശാസ്ത്രമോ കരുപ്പിടിപ്പിക്കാൻ അവൾക്കു സാധിച്ചിട്ടില്ല. സഭ അതിനായി മിനക്കെട്ടില്ലയെന്നതായിരിക്കും വാസ്തവം. വെറും ആദ്ധ്യാത്മികവും, അജപാലനപരവും, ധാർമ്മികവുമായ ചില നിർദ്ദേശങ്ങളും നിബന്ധനകളും മാത്രമേ ഇന്നോളം സഭയ്ക്കു നൽകാൻ സാധിച്ചിട്ടുള്ളു എന്ന പരമാർത്ഥം നാം മറച്ചുവച്ചിട്ടു കാര്യമില്ല. ഇതിൻെറ പ്രത്യാഘാതം, തിരിച്ചടി, സഭ ഇന്നും അനുഭവിച്ചുകൊണ്ടിരിക്കയാണ്. വെറും നിഷേധാത്മകമായ ഒരു വീക്ഷണവും സമീപനവുമാണ് മിക്കവാറും ഇക്കാര്യത്തിൽ സഭാകേന്ദ്രങ്ങളിൽനിന്നും ഉണ്ടായിട്ടുള്ളതു്.

മനുഷ്യാവതാരത്തോടുകൂടി ലൗകികവസ്തുക്കളെ സംബന്ധിച്ച് ഒരു പുതിയ വിലയിരുത്തൽ ലോകത്തിൽ ഉണ്ടായിട്ടുണ്ട്. ഈ വിലയിരുത്തൽ സംബന്ധിച്ച് അദ്ധ്യയനം നൽകുന്ന ഗുരുനാഥ സഭതന്നെയാണ്. ലോകത്തിൽ യാതൊന്നും അതിൽതന്നെ തിന്മ

യായിട്ടില്ല. എല്ലാ വസ്തുക്കളും, മനുഷ്യരക്ഷയ്ക്കും ദൈവമഹത്വത്തിനും കരുവാക്കിത്തീക്കാൻ സാധിക്കും. ഇതിനായിട്ടുതന്നെയാണു് വസ്തുക്കൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതും. എന്നാൽ, ഇവയുടെ ഉപയോഗത്തിൽ നേരിടുന്ന വൈകൃതമാണു് സാധുവായ മനുഷ്യനെ അധഃപതനത്തിൻെറ അടിത്തട്ടിൽ കൊണ്ടുചെന്നു ചാടിക്കുക. ഇവയെല്ലാം ഭരിക്കേണ്ട മനുഷ്യൻ ഇവയുടെയെല്ലാം അടിമയായിത്തീരുന്നു. ഇവയെല്ലാം മനുഷ്യനെ ഭരിയ്ക്കുന്ന ഒരു പരിതസ്ഥിതി നാമിന്നു കാണുന്നുവെങ്കിൽ, ആദ്യ പാപത്തിൻെറ ഫലമായി മനുഷ്യനിൽ പ്രവത്തനമാരംഭിച്ച അധമാംശത്തിൻെറ തള്ളലിൽ അവൻ അതിനെ ദുരുപയോഗിക്കുന്നതുകൊണ്ടുമാത്രമാണു്. ആശയവിനിമയോപാധികളുടെ കാര്യത്തിലും ഈ തത്വം അന്വത്ഥമാണു്. ഈ ആശയങ്ങൾ സഭ പഠിപ്പിക്കുന്നതാണു്. എങ്കിലും മാതാവായ സഭ തൻെറ മക്കളെക്കുറിച്ചു തനിക്കുള്ള മാതൃനിവ്വിശേഷമായ ആശങ്കയുടെ അടിസ്ഥാനത്തിൽ ഒരു പേടിയോടുകൂടിയാണു് അടുത്തകാലംവരെ ഈ മാദ്ധ്യമങ്ങളെ വീക്ഷിച്ചിരുന്നതു്. അതിനു് സഭയെ കുററപ്പെടുത്തിയിട്ടു കാര്യമില്ല. കാരണം, പാപത്തിൽനിന്നും തിന്മയിൽനിന്നും മനുഷ്യനെ അകററിനിത്തി അവനെ ദൈവോന്മുഖനാക്കിത്തീക്കാൻ നിഷേധാത്മകമായ ഈ പ്രതിരോധം (defence) തീത്തും ഉപകരിക്കുമെന്നവൾ വിശ്വസിച്ചുപോയി. 'വീഴാതിരിക്കുവാൻ വഴിമാറിപ്പോവുക'യെന്നുള്ള ഒരു സമീപന രീതി പോരെന്നു് ഇന്നു് അവൾക്കു്, തൻെറ ജീവിതാനുഭവങ്ങളിൽനിന്നും മനസ്സിലായിത്തുടങ്ങിയിട്ടുണ്ടെന്ന കാര്യം നാം വിസ്മരിക്കരുതു്. അതിനാലാണു് താമസിച്ചാണെങ്കിലും അനുലോമപരമായ (positive) സമീപനം അവൾ സ്വീകരിക്കുവാൻ തുടങ്ങിക്കാണുന്നതു്. ചരിത്രത്തിൻെറ ഏടുകൾ പരിശോധിച്ചു നോക്കിയാൽ ഇതു വ്യക്തമാണു്.

## അല്പം ചരിത്രം

പ്രസ്സ്:- പ്രസ്സിൻെറയും റേഡിയോയുടെയും സിനിമയുടെയും ടെലിവിഷൻെറയും ആരംഭചരിത്രങ്ങൾ ഇവിടെക്കൊണ്ടുന്നതു നല്ലതാണ്. ഗുണ്ടൻബെർഗ്ഗിൻെറ പ്രവർത്തനങ്ങളെത്തുടർന്നാണ് യൂറോപ്യൻ രാജ്യങ്ങളിൽ അച്ചടി നടപ്പിലായതു്. 1476-ൽ വില്യം കാക്സ്റ്റൺ (william Caxton) അച്ചടി വിദ്യ ഇംഗ്ലണ്ടിൽ കൊണ്ടുവന്നു. 1539 ഓടുകൂടി മെക്സിക്കോയിലുള്ള ന്യൂസ്പെയിൻ എന്ന സ്ഥലത്തു് ഒരു പ്രസ്സ് സ്ഥാപിക്കപ്പെടുകയുണ്ടായി. 15-ാം നൂററാണ്ടിനും 19-ാം നൂററാണ്ടിനും ഇടയിൽ അച്ചടി വിദ്യയിൽ വലിയ മാററം ഒന്നും ഉണ്ടായില്ല. 1810-ൽ ഫ്രെഡറിക്ക് കെനിഗ് (Friedrich Konig) ആവിശക്തി അച്ചടിയന്ത്രം നടത്തുവാൻ ഉപയോഗിച്ചു. 1846-47 റിച്ചാർഡ് മാർച്ചുഹോ ആദ്യത്തെ റോട്ടറി പ്രസ്സ് സംവിധാനം ചെയ്തു. ഇതിനെത്തുടർന്ന് ആധുനിക സജ്ജീകരണങ്ങളോടുകൂടിയ വൻകിട റോട്ടറി പ്രസ്സുകൾ വിവിധരീതികളിൽ പുറത്തുവരികയും മുദ്രണാലയ പ്രവർത്തനം വളന്നു പന്തലിക്കയും ചെയ്തു. ലോകത്തിൽ അടിച്ചു വിതരണം ചെയ്തിട്ടുള്ള അനേകലക്ഷം പുസ്തകങ്ങളും പത്രമാസികകളും എല്ലാം ഈ ആധുനിക സാങ്കേതിക വിദ്യയുടെ ഫലമായി ആശയവിനിമയം നടത്തുകയും മനുഷ്യമനസ്സിൽ വദ്ധിച്ച സ്വാധീനം ചെലുത്തുകയും ചെയ്യുന്നു.

റേഡിയോ:- റേഡിയോയുടെ വളച്ചയിലും ഒരു ചരിത്രമുണ്ടു്. 1864-ൽ ജയിംസ് ക്ലേർക്ക് മാക്‌വെൽ (James Clerk Macwell) റേഡിയോതരംഗങ്ങൾ ഉൾപ്പെടുന്ന ഇലെക്ട്രോ മാഗ്നററിക്ക് തരംഗങ്ങളുടെ തത്വം കണ്ടുപിടിച്ചു. 1888-ൽ വൈദ്യുതി ഉപയോഗിച്ചു് അത്തരം തരംഗങ്ങളെ (Waves) ഹെയ്ൻറിക്ക് ഹെർട്ട്സ് (Heinrick Hertz) പരീക്ഷണശാലയിൽ ഉല്പാദിപ്പിച്ചു. 1896-ൽ മാർക്കോണി, ആശയവിനിമയത്തിനുള്ള മാദ്ധ്യമമായി റേഡിയോ തരംഗങ്ങളെ ഉപയോഗപ്പെ

ടുത്തി. 1897-ൽ ആദ്യത്തെ സിഗ്നലിംഗ് കമ്പനി രൂപംകൊണ്ടു. 1900-ാ മാണ്ടിൽ ആദ്യത്തെ റേഡിയോ ഉണ്ടായി. 1904-ൽ അംബ്രോസ് ഫ്ളെമിംഗ് റേഡിയോ വാൽവ് കണ്ടു പിടിച്ചു. ഇതിനെത്തുടന്നു് ഉണ്ടായ സാങ്കേതിക പുരോഗതികളെക്കൂടി കണക്കിലെടുത്തു്, അവയെല്ലാം ചവുട്ടിനിന്നു് ഇന്നത്തെ പരിഷ്കൃത റേഡിയോ ഒരു വലിയ ആശയവിനിമയോപാധിയായിതീന്നു.

സിനിമ:- ഇതുപോലെതന്നെ ഒരു ചരിത്രമുണ്ടു് സിനിമയ്ക്കും. 1870 കളിൽ ആണു് സിനിമയുടെ ആരംഭം. തുടങ്ങിവച്ച ഈ സാങ്കേതിക വിദ്യയുടെ പുരോഗമനം തോമസ് എ. എഡിസന്റെയും ലൂമിയേർ (Lumiere) സഹോദരന്മാരുടെയും കണ്ടുപിടിത്തങ്ങളെ ആശ്രയിച്ചു മുന്നോട്ടുപോയി. ഇതിനെത്തുടന്നുള്ള സാങ്കേതിക പുരോഗതികളുടെയും ഉടമകളായി ചരിത്രത്തിൽ ജോർജ്ജസ് മെലിയെ (Georges Melies) യും എഡ്വിൻ. എസ്. പോർട്ടറെ (Edwin. S· Porter) യുമാണു് നാം കാണുന്നതു്. എന്നാൽ ഇന്നു നാം കാണുന്ന സിനിമയുടെ പിതാവായി നിലയുറപ്പിച്ചിരിക്കുന്നതു് D. W. ഗ്രിഫിത്താണു്. ആധുനികകാലം വരെയുള്ള എല്ലാ പുരോഗതിയും പേറിക്കൊണ്ടു് സാമാന്യ ജനങ്ങളുടെ ഹൃദയത്തെ കവന്നെടുക്കുകയും, അവരെ കോരിത്തരിപ്പിക്കുകയും വിനോദിപ്പിക്കയും അവക്കു വിജ്ഞാനം പകന്നു കൊടുക്കുകയും ചെയ്യുന്ന വൻശക്തിയായി, സിനിമയെന്ന ആധുനിക ആശയവിനിമയോപാധി നമ്മുടെ മുന്നിൽ നില്ക്കുന്നു.

ടെലിവിഷൻ:- ടെലിവിഷന്റെ ആരംഭചരിത്രവും ഇപ്രകാരം പലരെ ആശ്രയിച്ചും വഷങ്ങൾ എടുത്തും ഉണ്ടായിട്ടുള്ളതത്രേ. 1873-ൽ W. സ്മിത്തു് ഒരു കണ്ടുപിടിത്തം നിർവ്വഹിക്കയുണ്ടായി. സീലിയം (Selium) പ്രകാശത്തിൽ വച്ചാൽ, ആ പ്രകാശത്തിന്റെ തോതനുസരിച്ചു് സീലിയത്തിന്റെ വൈദ്യുതഗുണങ്ങളിൽ (electrical properties) വ്യത്യാസം വന്നുകൊണ്ടിരിക്കും. പ്രകാശ തരംഗങ്ങളെ (Light waves) വൈദ്യുത പ്രണോ

ദനങ്ങളാക്കി (electric impulses) മാററാൻ സാധിക്കമെന്ന തിലേയ്ക്കു് സ്മിത്തിൻെറ പഠനം വിരൽ ചൂണ്ടി. ഇതാണു്, സാക്ഷാൽ കാഴ്ച (sight) പ്രക്ഷേപണം (transmit) ചെയ്യുവാനുള്ളതിൻെറ ആദ്യപടി. ഇതിനെത്തുടന്നു് 1884-ൽ നിപ്കോ (Nipkow) സ്കാനിംഗ് ഡിസ്ക് (Scanning disc) കണ്ടുപിടിച്ചു. ഇതിനുശേഷം വെയ്ലർ (Weiller) മിറർ ഡ്രം കണ്ടുപിടിച്ചു. 1925ഓടുകൂടി ബ്രിട്ടിഷുകാരനായ ബേർഡും (Baird) അമേരിക്കനായ ജെൻകിൻസും (Jenkins) ചില നിഴലുകളും (shadows) രേഖാരൂപങ്ങളും (outlines) പ്രക്ഷേപണം ചെയ്യുകയുണ്ടായി. എന്നാൽ ആദ്യ ടെലിവിഷൻ പ്രക്ഷേപണം 1927 ജനുവരി 27-ാം തിയതിയാണു് നടന്നതു്. ബേർഡായിരുന്നു അതിൻെറ സൂത്രധാരകൻ. എന്നാൽ 1936 നവംബർ 2-ാതീയതിയാണു് ആധുനിക രീതിയിലുള്ള ആദ്യത്തെ പൊതു ടെലിവിഷൻ സെർവീസ് ആരംഭിച്ചതു്. B. B. C അലക്സാൺട്രാപാലസിൽ ആരംഭിച്ച ഈ ടെലിവിഷൻ സെർവീസ് ഇംഗ്ലണ്ടിലെ പോസ്റ്റ്മാസ്റ്റർ ജനറലാണു് ഉത്ഘാടനം ചെയ്തതു്. ഇന്നും ഈ ആശയവിനിമയോപാധി ലോകം മുഴുവൻ സർവ്വവ്യാപകമായിത്തീർന്നിട്ടില്ല. സാമ്പത്തിക പുരോഗതിയും സാങ്കേതിക പുരോഗതിയും കൈകോത്തുനില്ക്കുന്ന അനതിവിദൂരമായ ഭാവിയിൽ ഈ മാദ്ധ്യമം സാമാന്യക്കാരുടെ വീടുകളിലും അവയുടെ സേവനം നിവ്വഹിക്കും.

## അവഗണനയുംതിരിച്ചടിയും

നൂററാണ്ടുകളിലൂടെ വളന്നുവന്ന മുദ്രണവും ഏതാണ്ടു് ഒരു നൂററാണ്ടുകൊണ്ടു വളന്നുവന്ന സിനിമയും റേഡിയോയും ടെലിവിഷനും അവയുടെ വളച്ചയുടെ പശ്ചാത്തലത്തിൽ ഒരു സത്യം നമ്മുടെ മുന്നിൽ കൊണ്ടുവരുന്നു. ഏതാണ്ടു ഒരു നൂററാണ്ടു കാലത്തെ പഴക്കമുള്ള ഈ മാദ്ധ്യമങ്ങളെ സംബന്ധിച്ചു് സത്യത്തിൻെറ ഉറവിടവും സംരക്ഷകയുമായ ക്രിസ്തുവിൻെറ സഭ ഔദ്യോഗികമായി

സംസാരിക്കുന്നതു് 1936 ൽ മാത്രമാണു്. [1] ഈ കാലതാമസം ആശയവിനിമയ മാദ്ധ്യമങ്ങളെക്കുറിച്ചുള്ള അവളുടെ അവഗണ യാണു് കാണിക്കുന്നതെന്നു പറയാം. മനുഷ്യ മനസ്സുകളുടെമേൽ ഇവയ്ക്കുള്ള സ്വാധീനമോ, മാനവഹൃദയങ്ങളിൽ അവ ചെലുത്തുന്ന പ്രേരണയോ ഒന്നുംതന്നെ അതിൻെറ ആഴത്തിലും പരപ്പിലും കണക്കിലെടുക്കുവാൻ സാധിക്കാതെ പോയതിൻെറ വലിയ പരാ ജയം നാം ഇന്നും അനുഭവിച്ചുകൊണ്ടിരിക്കയാണു്.

ചരിത്രത്തിലൂടെയുള്ള സഭയുടെ ഔദ്യോഗിക പ്രതികരണ ങ്ങൾപോലും നല്ല ശതമാനം നിഷേധാത്മകങ്ങളായിരുന്നു. അനൗ ദ്യോഗിക പ്രതികരണങ്ങൾ തീർത്തും നിഷേധാത്മകം തന്നെയായി രുന്നു. അനുലോമപരമായ ഒരു വീക്ഷണം ഇവയെക്കുറിച്ചു് ഇല്ലാ തെപോയതിനാൽ, ഈ മാദ്ധ്യമങ്ങളുടെ ക്രിയാത്മകവും, ശക്തി മത്തും ഗുണകരങ്ങളുമായ പ്രവർത്തനവൃത്തങ്ങളെ ഊന്നിക്കാണിക്കു വാനും നന്മയുടെ ഈ പ്രതലത്തിൽ ചെയ്യാവുന്നവയെല്ലാം ചെയ്യു വാനും നാം മിനക്കെട്ടില്ല. അതിൻെറ ഫലമായി നമ്മുടെ പ്രതിരോധങ്ങളെ തകർത്തുകൊണ്ടു് ശത്രുക്കൾ അവരുടെ ഉദ്ദേ ശ്യങ്ങൾക്കും ലക്ഷ്യങ്ങൾക്കുമായി വിശിഷ്ടങ്ങളായ ഈ ഉപാ ധികളെ ഉപയോഗിക്കയും ചെയ്തു. നാമാകട്ടെ, അതിൽനിന്നും അടന്നു വീഴുന്ന തിന്മയെ വിരൽ ചൂണ്ടി അതിൽനിന്നും ഓടിയക ലുവാനും, കഴിയുന്നിടത്തോളം അവയെ സമീപിക്കാതിരിക്കുവാനും ഉദ്ബോധിപ്പിച്ചിരുന്നു ആദ്യകാലങ്ങളിൽ. തിന്മയുടെ ബീജം വാരിവിതറുന്ന ഈ ഉപാധികൾവഴി നന്മയുടെ ബീജം കൂടുതൽ വിതറാൻ തയ്യാറാകാതെ, ഇരുട്ടിനെ പഴിച്ചിരുന്ന ആ മനസ്ഥിതി യിൽനിന്നും ഒരു മാററം ഇന്നു വന്നിട്ടുണ്ടു്. ഇരുട്ടിനെ പഴിയ്ക്കാതെ ഒരു തിരിയെങ്കിലും കത്തിക്കുകയെന്നുള്ള ക്രിയാത്മകവും ക്രിസ്തീയ വുമായ ഒരു ജീവിത ദശനത്തിനു് മുൻതൂക്കം നൽകി കഴിഞ്ഞകാ ലത്തെ തെററിനു് പരിഹാരം കാണുവാൻ ഇന്നു് സഭ ശ്രമിക്കു

(1) Pius XI. Vigilanti Cura.

നുണ്ട്. എങ്കിലും, നിഷേധാത്മകതയ്ക്ക് ആക്കം കൊടുത്തുകൊണ്ടുള്ള, വെറും ഭയ ചൈതന്യത്തിന്റെ വാങ്ങൽ തുറിച്ചുനോക്കുന്ന, ഒരു സമീപനമാണ് ഇന്നും ഉള്ളതെന്ന് നാം ശ്രദ്ധിച്ചാൽ മനസ്സിലാകും. ചരിത്രത്തിലൂടെയുള്ള സഭയുടെ സമീപനരീതി പരിശോധിച്ചാൽ ഇതു വ്യക്തവുമാണ്.

## 11–ാം പീയൂസും മാദ്ധ്യമങ്ങളും

മുൻ സൂചിപ്പിച്ചതുപോലെ ചരിത്രത്തിൽ ആദ്യമായി ആശയ വിനിമയോപാധികളെ പുരസ്കരിച്ചുള്ള സഭയുടെ ഔദ്യോഗിക നിലപാട് 1936 ജൂൺ 29ന് പ. പിതാവ് തന്റെ ചാക്രിയലേഖനത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. പ്രധാനമായും സിനിമയെക്കുറിച്ചുള്ള ചർച്ചയായിരുന്നു ഈ ചാക്രിയലേഖനത്തിൽ ഉള്ളത്. പൊതുജനങ്ങളിൽ ഏററം ശക്തമായ സ്വാധീനം ചെലുത്തുവാൻ കഴിവുള്ളവയാണ് ഈ മാദ്ധ്യമങ്ങൾ എന്ന് പ. പിതാവു സമ്മതിക്കുന്നു. അതിനുശേഷം, സിനിമയുടെ നന്മതിന്മകളെക്കുറിച്ച് ഒരു വിശദീകരണം നൽകുന്നുണ്ട്. മോശമായ ചലച്ചിത്രങ്ങൾ പാപസാഹചര്യങ്ങളാണ്; ദുർവികാരങ്ങളെ മഹത്വീകരിച്ചുകൊണ്ട് തിന്മയുടെ പാതയിലേയ്ക്ക് യുവമാനസങ്ങളെ അവ വലിച്ചിഴയ്ക്കുന്നു. അവ ജീവിതത്തെ തെററായ ഒരു വെളിച്ചത്തിൽ കാണിക്കുകയും ആദർശങ്ങളെ മറയ്ക്കുകയും ചെയ്യുന്നു. പരിശുദ്ധ സ്നേഹത്തെയും, കുടുംബസ്നേഹത്തെയും, വിവാഹത്തോടുള്ള ബഹുമാനത്തെയും ഇവ തല്ലിത്തകർക്കുന്നു. വ്യക്തികളുടെ ഇടയിൽ മുൻവിധികളും, രാഷ്ട്രങ്ങളുടെയും വർഗ്ഗങ്ങളുടെയും സമുദായങ്ങളുടെയും ഇടയിൽ തെററിധാരണകളും പരത്തുവാൻ പോരുന്നവയുമാണിവ.[2] തീർത്തും നിഷേധാത്മകമെന്നു തോന്നാവുന്ന ഈ പഠനത്തോട് ഇവയിൽനിന്നും സംജാതമാകാവുന്ന ഗുണങ്ങളെയും ഉപകാരങ്ങളെയും അവിടുന്നു കൂട്ടിച്ചേർക്കുന്നു. കാഴ്ചക്കാരിൽ ധാർമ്മികമായ ഒരു വലിയ പ്രേരണ

(2) Pope. Pius XI. Vigilanti Cura.

ചെലുത്തുവാൻ ഈ ചലച്ചിത്രങ്ങൾക്ക് സാധിക്കും. വിനോദം പ്രദാനംചെയ്യുന്നതുപോലെതന്നെ, ജീവിതത്തെക്കുറിച്ച് പല നല്ല ആദർശങ്ങളും, പുതിയ അറിവുകളും, നല്ല നല്ല ആശയങ്ങളും, മാതൃരാജ്യത്തെക്കുറിച്ച് ഒരു നല്ല കാഴ്ചപ്പാടും ചരിത്രത്തെക്കുറിച്ചുള്ള അറിവും ഇവയ്ക്കു പ്രദാനം ചെയ്യാൻ സാധിക്കും. സത്യത്തെയും നന്മയേയും മനോഹരമായ വേഷവിധാനങ്ങൾ അണിയിച്ച് ആകർഷകമാക്കിത്തീർക്കാനും ചലച്ചിത്രത്തിനു കഴിയും. രാഷ്ട്രങ്ങളും, വർഗ്ഗങ്ങളും സമൂഹങ്ങളും തമ്മിൽ ഒരു ധാരണ വളർത്തുവാനോ, തീരെ കുറഞ്ഞതു് അതിനെ സഹായിക്കുവാനോ ഇവയ്ക്കു സാധിക്കും നീതിയ്ക്കുവേണ്ടി പോരാടാനും ഒരു നല്ല സാമൂഹ്യവ്യവസ്ഥിതി പടുത്തുയർത്തുവാനും ഇതിലൂടെ എളുപ്പമാണ്. [3] അതേ ചാക്രിയ ലേഖനത്തിൽ തന്നെ അവിടുന്നു് ചോദിക്കുന്നു തിന്മയിൽനിന്നു് മാറിയതുകൊണ്ടുമാത്രം എന്തുഫലമാണുള്ളതു് എന്നു്. വൃഥാ സമയം ചെലവഴിക്കുന്നതിനും വിശ്രമത്തിനും വിനോദത്തിനും മാത്രമുള്ള ഒരുപാധിയായി മാററാതെ, നന്മയുടെ മാർഗ്ഗനിർദ്ദേശകയും പ്രകാശത്തിൻെറ വാഹകയുമായി തീരത്തക്കവണ്ണം അതു സംവിധാനം ചെയ്യപ്പെടണം. വൈയക്തികവും സാമൂഹ്യവുമായ പുരോഗതിയുടെ അനിതരസാധാരണങ്ങളായ ലക്ഷ്യങ്ങളെ മുൻനിർത്തി, ഉപയോഗപ്രദമായവിധം അവയെ കൈകാര്യം ചെയ്യാൻ ചലച്ചിത്രവ്യവസായത്തിൻെറ നേതാക്കളെ ഇതേക്കുറിച്ച് ബോധവാന്മാരാക്കാൻ ലോകത്തിലുള്ള എല്ലാ മെത്രാന്മാരോടും തിരുമേനി ഉപദേശിക്കുന്നു. [4] അനുലോമപരമായ ഇത്തരം ചില പരാമർശങ്ങൾ ഒഴിച്ചാൽ പൊതുവിൽ ഈ ചാക്രിയലേഖനം നിഷേധാത്മകവും, പ്രതിരോധപരവു (defensive) മായ ഒന്നത്രേ. ലീജിയൻ ഓഫ്

(3) Pius XI. Ibid.
(4) Pius XI. Ibid.

ഡീസൻസി [5] പോലുള്ള സംഘടനകളെ തിരുമേനി വളരെയധികം ശ്ലാഘിച്ചു. ഇപ്രകാരമുള്ള പുതിയ സംഘടനകഠം ഉണ്ടാക്കി കത്തോലിക്കരെയും ഈ മാനദണ്ഡങ്ങഠം സ്വീകരിക്കുന്നവരെയും വൃത്തികെട്ട ചലച്ചിത്രങ്ങളിൽനിന്നും ഒഴിച്ചുനിത്താൻ പ. പിതാവു് ആഹ്വാനം ചെയ്തു. പ. പിതാവിൻെറ ആഹ്വാനം അനുസരിച്ചു് ഒരു ഇൻറർനാഷനൽ കാത്തലിക്ക് ഫിലിം ഓഫീസ് (O. C. I. C.) സ്ഥാപിക്കപ്പെട്ടു. ഇതിനോട്ടു് ബന്ധപ്പെട്ടു് പലയിടത്തും കത്തോലിക്കാ ഫിലിം ഓഫീസുകളും സ്ഥാപിതമായി. ഇവ വഴി ചലച്ചിത്രങ്ങഠം സെൻഷർ ചെയ്യുകയും അവയെ പ്രത്യേകം പ്രത്യേകം വിഭാഗങ്ങളായി ധാമ്മികതയുടെ അടിസ്ഥാനത്തിൽ തരംതിരിക്കയും ചെയ്തു. മോശമായ ചലച്ചിത്രങ്ങഠം കാണുവാൻ പോകരുതെന്നു് ഇവർ ജനങ്ങഠംക്കു മുന്നറിയിപ്പു നൽകി.

തീത്തും നിഷേധാത്മകമാണു് ഈ നിലനാട്ടു്. ഒരു ഫിലിം നല്ലതോ തീയതോ എന്നു മാത്രം പറയുക. ഇതിൻെറ മാനദണ്ഡം ലൈംഗികതയും. ലൈംഗികധാമ്മികതയും വിനയവും അടക്കമൊതുക്കവുമായിരുന്നു നന്മതിന്മകളുടെ അതിർവരമ്പുകഠം വരയ്ക്കുവാൻ ഉപയോഗിച്ചിരുന്ന മാനദണ്ഡം. ഇവിടെ ഒരു സംഗതി നാം അനുസ്മരിക്കണം. സഭ്യേതരങ്ങളെന്നു നാം വ്യവഹരിക്കുന്ന ചിത്രങ്ങഠം മാത്രമല്ല ദോഷകാരിയായിട്ടുള്ളതു്. ഇതിൽ കൂട്ടതൽ ഉപ

---

(5) Legion of Decency. 1934 ൽ അമേരിക്കയിൽ സ്ഥാപിക്കപ്പെട്ട ഒരു സംഘടനയാണു്. ധാമ്മികമായി അധഃപതിച്ചുകൊണ്ടിരുന്ന സിനിമയേ ഉന്നതനിലവാരത്തിലേയ്ക്കുയത്തുവാൻ വേണ്ടിയാണു് ഇതു ശ്രമിച്ചിരുന്നതു്. ചലച്ചിത്രങ്ങളെ ഇവർ നാലു് ഇനമായി തിരിച്ചു. $A_1, A_2$ ധാമ്മികമായി യാതൊരു തകരാറുമില്ലാത്ത ചിത്രങ്ങഠം.

B-ചില ഭാഗങ്ങളിൽ ധാമ്മികമായി തകരാറുണ്ടു്.

C-നിഷിധം. ഈ തരംതിരിവിൽ വീണ്ടും വ്യത്യാസം വന്നിട്ടുണ്ടു്. ഈ തരാതിരിവു് ജനങ്ങഠം സ്വീകരിച്ചതിനാൽ സാമ്പത്തികമായി ചലച്ചിത്ര വ്യവസായം അധഃപതിച്ചു. അവർ A. B. എന്നീ ഇനങ്ങഠം നിമ്മിക്കാൻ നിർബ്ബന്ധിതരായി.

ദ്രവം ചെയ്യുന്നതു് അടിസ്ഥാനപരമായി വികലമായ ജീവിതങ്ങൾ നങ്ങളാം നൽകുന്നവയത്രേ. ജീവിതത്തെ തെററായി ചിത്രീകരിക്കുക, വിശ്വാസത്തെ തകർക്കുക, നിരീശ്വരത്വം പരത്തുക, വിദ്വേഷത്തിന്റെ വിഷബീജം വിതയ്ക്കുക ഇവയെല്ലാമാണു് ഏററം തിന്മ ചെയ്യുന്നവ. ഇവയാകട്ടെ നേരിൽ പ്രത്യക്ഷപ്പെടുകയല്ല-മറിച്ച്, പരോക്ഷമായി ജനഹൃദയങ്ങളിൽ കയറിപ്പററുകയും മനുഷ്യനെ ഒരുജാതി മാനസിക അർബ്ബുദത്തിനു് (mental cancer) വിധേയനാക്കുകയും ചെയ്യുന്നു. എത്ര ഓപ്പറേഷൻ നടത്തിയാലും, Light അടിച്ചാലും, പിടിപെട്ട ഈ ക്യാൻസർ മാറിക്കിട്ടുകയില്ല. പരോക്ഷമായി ഉള്ളിൽ കടക്കുന്ന ആശയങ്ങളാം സൈദ്ധാന്തിക പഠനം (indoctrination) വഴിയും മസ്തിഷ്കക്ഷാളനം (brain washing) വഴിയും, വ്യക്തിത്വത്തെത്തന്നെ മാററി പ്രതിഷ്ഠിക്കുന്നു. ഈ വലിയ തിന്മയെക്കുറിച്ച് ചലച്ചിത്ര സംശോധകർ (censors) വലിയ ചിന്ത നൽകിയിരുന്നില്ല.

ഈ സെൻസറിംഗ്, ചിത്രത്തിന്റെ നന്മയെക്കുറിച്ച് യാതൊരു പരാമർശവും നടത്തിയിരുന്നുമില്ല. അതിനാൽ ഈ രീതി പൊതുജനത്തെ ബോധവാന്മാരാക്കുവാൻ കഴിയാതെ പോകുന്നു. ഏററം നല്ല കലാശില്പങ്ങളാം ഇവരുടെ കത്രികയുടെയും പേനായുടെയും പ്രഹരമേററ് വികലമാവുക സാധാരണമാണു്. അതിനാൽ ഇപ്രകാരമുള്ള സംശോധന കത്തോലിക്കരുടെ സ്വാതന്ത്ര്യത്തിലുള്ള ഒരു കൈകടത്തൽ മാത്രമായി ചിലർ കരുതി. ആദ്യകാലങ്ങളിൽ കുറച്ചൊക്കെ നന്മ ഉണ്ടായെങ്കിലും കാലാന്തരത്തിൽ ഈ സംഘടനകളുടെ ശക്തി ജനതയിൽ പ്രത്യേകിച്ച് വലിയ സ്വാധീനമൊന്നും ചെലുത്താതെയായി. അരുതുകളുടെ വേലിക്കെട്ടിൽ ഒതുങ്ങിനിന്നതുകൊണ്ടാണു് ഇതു സംഭവിച്ചതു്. വെറും നിഷേധാത്മകതയിൽ മനുഷ്യനു ജീവിക്കാൻ സാധിക്കയില്ലല്ലോ.

## ഒരു പ്രദേശിക കൗൺസിൽ

1937-ൽ മെച്ച്ലിനിൽ (Mechlin) ചേർന്ന 5-ാമത്തെ പ്രാദേശിക സൂനഹദോസ് ചലച്ചിത്രത്തെ സംബന്ധിച്ച് വളരെ കൎശനമായ ചില തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. 91-ാനമ്പരായി, ചാവുദോഷത്തിൻകീഴ് ചലച്ചിത്ര ഉടമകൾക്ക് ചില താക്കീതുകൾ ഈ കൗൺസിൽ നൽകുന്നു. 1) വിശ്വാസത്തെയോ സന്മാൎഗ്ഗത്തെയോ അപകടത്തിലാക്കുന്നവയും മോശമായവയുമായ ചിത്രങ്ങൾ പ്രദൎശിപ്പിച്ചുകൂടാ. 2) ധാൎമ്മികതയ്ക്കു യോജിക്കാത്തതും പ്രത്യേകിച്ച് യുവമനസ്സുകൾക്ക് ഉപദ്രവം ചെയ്യുന്നതുമായ പരസ്യോപാധികൾ (means of publicity) ഉപയോഗിക്കരുത്. പോസ്റ്ററുകളെയും ഫോട്ടോകളെയുമാണ് ഈ ഭാഗം വിരൽ ചൂണ്ടുന്നത്. 3) തീയേററുകളുടെ പരിസരങ്ങളിൽ വെളിച്ചം ഉണ്ടാകണമെന്ന് ഭരണാധികാരികൾ ആവശ്യപ്പെട്ടിരിക്കുന്നത് ധാൎമ്മികതയുടെ സംരക്ഷണത്തിനുള്ള ഒരു സൂക്ഷമായി കരുതാതെ ആ നിൎദ്ദേശത്തെ ലംഘിക്കുക. കൂടാതെ, ഫിലിം കമ്മീഷൻ കുട്ടികൾക്കു നിഷിദ്ധമായി കല്പിച്ചിട്ടുള്ള ചിത്രങ്ങൾ കാണുവാൻ അവൎക്കു പ്രവേശനം നൽകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കയും വേണം. [6]

ഒരു സാന്മാൎഗ്ഗിക നിയമസംഹിതയാണ് നാമിവിടെ കാണുക. നല്ലതും ഏററം ആവശ്യമായവയുമായ ഈ നിയമങ്ങളും വെറും നിഷേധാത്മകമാണെന്നു പറയാതെ തരമില്ല. തിന്മ ഉണ്ടാകാതിരിക്കാൻ ചില ശിക്ഷകളുടെ സമ്മൎദ്ദം ഉപയോഗിക്കുകയാണിവിടെ. എന്നാൽ ഈ തിന്മയെ ചെറുക്കുന്നതിനു് ഈ പ്രതിരോധത്തോടു കൂടിത്തന്നെ ഒരു പ്രത്യാക്രമണം (counter attack) തിന്മയ്ക്കെതിരായി അഴിച്ചുവിടേണ്ട കാര്യങ്ങളെക്കുറിച്ച് ഈ പ്രാദേശിക കൗൺസിലിനു് ഒന്നുംതന്നെ പറയാനില്ല. ചെളിയിൽ ചാടുന്നത് അപകടമാണെന്നും, ചാടിയാൽ ഇന്ന ഇന്ന ശിക്ഷകൾ ഉണ്ടാകുമെന്നും വ്യക്തമായി മനോഹരമായി പറയുന്നു. എന്നാൽ, ചെളി

(6) Cfr· Clergy monthly. Vol. 27. No. 5. P. 191-162·

യിൽ ചാടാതെ പോകാനുള്ള ഒരു മാർഗ്ഗനിർദ്ദേശം വയ്ക്കുവാൻ ഇവിടെ സാധിച്ചിട്ടില്ല എന്നുള്ളതാണ് പരിതാപകരം. ഗുണങ്ങളെ വിശദീകരിച്ച ദോഷം ചൂണ്ടികാട്ടുന്നതിനുപകരം, ദോഷം വിവരിച്ച് ഗുണം ചൂണ്ടിക്കാട്ടുക മാത്രം ചെയ്യുന്ന ഒരു രീതിയാണ് ഇവിടെയും സ്വീകരിച്ചിട്ടുള്ളതു്.

## 12–ാം പീയൂസും മാദ്ധ്യമങ്ങളും

ആശയവിനിമയോപാധികളുടെ കാര്യത്തിൽ തീർത്തും അനുലോമപരമായ ഒരു സമീപനം സ്വീകരിച്ചതു് പരി. പിതാവു് പന്ത്രണ്ടാം പീയൂസ് തിരുമനസ്സുകൊണ്ടാണ്. അദ്ദേഹം ജനങ്ങൾക്കു നൽകിയ രണ്ടു പ്രസംഗങ്ങൾ 'ആദർശചലച്ചിത്ര'ത്തെ സംബന്ധിച്ചായിരുന്നു. [7] ചലച്ചിത്രത്തിനു് മനുഷ്യരുടെ ഇടയിൽ നിർവ്വഹിക്കുവാനുള്ള മഹത്തായ പ്രേഷിതത്വത്തെക്കുറിച്ച് അങ്ങു് ഊന്നിപ്പറയുന്നുണ്ടു്. ഈ പ്രേഷിതത്വം നിർവ്വഹിക്കുവാൻ ഫിലിം വ്യവസായം ചില സാഹചര്യങ്ങളോടു കാട്ടേണ്ട വിശ്വസ്തതയെക്കുറിച്ചും അങ്ങ് ഊന്നിപ്പറയുന്നുണ്ടു്. ആൽബർട്ട് ഷ്വയ്റ്റ്സർ പണ്ടു പറഞ്ഞുവച്ച ആശയമാണ് പ. പിതാവിനും പറയാനുള്ളതു്. ആധുനിക വിനകളുടെയെല്ലാം മൂലകാരണം 'ജീവിതത്തോടു ബഹുമാനം' ഇല്ലായ്മയാണെന്നു് ഷ്വയ്റ്റ്സർ പറയുന്നു. ഫിലിം വ്യവസായം വിശ്വസ്തത കാണിക്കേണ്ട ആശയമായി പ. പിതാവിനു പറയാനുള്ളതും ഇതുതന്നെ. "ആദർശപരമായ ഒരു ചലച്ചിത്രത്തിന്റെ പ്രഥമ ഗുണം മനുഷ്യനോടു ബഹുമാനം കാണിക്കുക [8] (respect for man) യെന്നുള്ളതാണ്. ഏററം അനുലോമപരമായ ഒരു വീക്ഷണമാണിതു്–സമീപനമാണിതു്.

---

(7) Pope Pius XII. The Ideal Film. a) 1955. June21
b) 1955 October 28.

(8) Pope Pius XII. The Ideal Film.

പക്ഷേ, നല്ല ഇടയൻെറ സ്വരം കേൾക്കുവാൻ ആളില്ലാതായി. ചിലർ ഇതിൻെറ അത്ഥം മനസ്സിലാക്കിയില്ല. മനസ്സിലായവർ ഈ നിർദ്ദേശം നിരസിച്ചു. ക്രിസ്ത്യാനികൾ സിനിമയിലും റേഡിയോയിലും ടെലിവിഷനിലും ഒക്കെ അഭിമുഖീകരിക്കുന്ന അജപാലന പ്രശ്നങ്ങൾ (Prstoral Problems)കണ്ടുകൊണ്ടു് 1957 സെപ്റ്റംബർ മാസം 8-ാം തിയതി മിരാൻഡാപ്രോർസൂസ് (Miranda Prorsus) എന്ന ചാക്രിയലേഖനം അവിടുന്നു വിളംബരം ചെയ്തു. ആശയവിനിമയോപാധികൾമൂലം ഉണ്ടാകുന്ന വിപത്തുകളിൽനിന്നും മെത്രാന്മാർ സഭാതനയരെ സംരക്ഷിക്കേണ്ടതിനെ സംബന്ധിച്ചുള്ള ഒരു അജപാലക സന്ദേശ (Pastoral exhortation) മായിരുന്നു ഇതു്. എങ്കിലും നിഷേധാത്മകമെന്നതിനേക്കാൾ അനുലോമപരമായ സംഗതികൾ വളരെയധികം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. ഈ മാദ്ധ്യമങ്ങളുടെ ഉപയോഗത്തെ സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങളും, ബുദ്ധിയുടെയും സംസ്കാരത്തിൻെറയും ധാർമ്മികതയുടെയും തലങ്ങളിൽ പ്രായോഗികമായി സ്വീകരിക്കേണ്ട മാനദണ്ഡങ്ങളും ചർച്ച ചെയ്തിട്ടുണ്ടു്. അങ്ങിനെ ഈ രംഗങ്ങളിൽ എപ്രകാരം ഇവയെ മനുഷ്യ സേവനത്തിനു് ഉപകരിപ്പിക്കാൻ സാധിക്കുമെന്നു് അങ്ങു് കാണിച്ചുതരുന്നു. യാതൊരു നിയന്ത്രണവുമില്ലാതെ ഇവയെ മനുഷ്യൻെറ അധഃപതനത്തിനു് കാരണമാക്കരുതെന്നു് അവിടുന്നു് നിർദ്ദേശിക്കുന്നു.

ആശയവിധിമയത്തിനുള്ള സ്വാതന്ത്ര്യത്തെ പരാമർശിച്ചും ചാക്രിയലേഖനം പഠിപ്പിക്കുന്നുണ്ടു്. മനുഷ്യൻെറ ബുദ്ധിപരവും ആദ്ധ്യാത്മികവുമായ സംസ്കാര (Intellectual and Spiritual Culture) ത്തിൻെറ ഉന്നതിയ്ക്കുപകരിക്കുന്നതായിരിക്കണം. സംസർഗ്ഗസ്വാതന്ത്ര്യം (liberty of Communication). അസന്മാർഗ്ഗികതപോലും പ്രചരിപ്പിക്കുന്നതു് സ്വാതന്ത്ര്യമായി ചിലർ കരുതുന്നു. ഇതു് സ്വാതന്ത്ര്യമല്ല. മറിച്ചു് വെറും താന്തോന്നിത്തം

(licence) മാത്രമാണ്. കലയുടെ പേരിൽ ആവശ്യപ്പെടുന്ന സ്വാതന്ത്ര്യം മനുഷ്യാത്മാവിനെ വിഷമയമാക്കുന്നതോ, പൊതുജനങ്ങളുടെ ധാർമ്മികതയെയും സംസ്കാരത്തെയും തരം താഴ്ത്തുന്നതോ ആകാൻ പാടില്ല. സ്വാഭാവിക നിയമത്തെ അടിസ്ഥാനമാക്കി വളർന്നു വന്നിട്ടുള്ള പൊതു ധാർമ്മികത (Public morality) പരിരക്ഷിക്കാൻ, രാഷ്ട്രീയമായ എല്ലാ ചിന്തകളും മാററിവച്ചുകൊണ്ടുകൂടിയും ഭരണകർത്താക്കൾ ശ്രമിക്കേണ്ടതാണ്. ഇതു് അവരുടെ കടമയും അവകാശവുമാകുന്നു.

ഈ ചാക്രിയ ലേഖനത്തിൽ വളരെ ഊന്നിപ്പറഞ്ഞിരിക്കുന്ന മനോഹരമായ ഒരു ആശയമാണ് പൊതുജനങ്ങൾക്ക് അദ്ധ്യയനം നൽകുകയെന്നുള്ളതു്. ആശയവിനിമയ മാദ്ധ്യമങ്ങളിലൂടെ അവർ കേൾക്കുന്നതും കാണുന്നതും അപ്പാടെ വെട്ടിവിഴുങ്ങാതെ ശരിയായ ഒരു മനസ്സാക്ഷി രൂപീകരിച്ച് (form his Conscious Correctly) ഈ മാദ്ധ്യമങ്ങൾക്കു പ്രത്യേകമായ ഭാഷയും ശൈലിയും മനസ്സിലാക്കാൻ അവരെ അദ്ധ്യയനം ചെയ്യിക്കണം. അദ്ധ്യയന പ്രയത്ന (educational effort) ങ്ങളിലൂടെ, വെള്ളിത്തിരയിൽ കാണുന്നവയും ഉച്ചഭാഷിണിയിലൂടെ കേൾക്കുന്നവയുമായ സംഗതികളെക്കുറിച്ച് പരിപക്വമായ ഒരു വിധി പ്രസ്താവിക്കാൻ സാധാരണക്കാരനെ പ്രാപ്തനാക്കിത്തീർക്കണം. [9] അസന്മാർഗ്ഗികമായവയെന്തും കാണാനുള്ള ഒരു ലൈസൻസായി ഇതിനെ എടുക്കരുതെന്നു് പ. പിതാവു് വ്യക്തമായി ഇതിനെ തുടർന്നു നിർദ്ദേശിക്കുന്നുമുണ്ടു്. ഇപ്രകാരം ചലച്ചിത്ര വിമർശനം നിർവ്വഹിക്കയും അതിനു് വ്യക്തികളെ പ്രാപ്തരാക്കുകയും ചെയ്യുന്ന സിനിക് ഫോറങ്ങളും ചലച്ചിത്ര ക്ലബ്ബുകളും എല്ലാ സ്കൂളുകളിലും, ഇടവകസമൂഹങ്ങളിലും കത്തോലിക്കാപ്രവർത്തക സംഘടനകളിലും അവതരിപ്പിക്കേണ്ടതാണെന്നു് അങ്ങു നിർദ്ദേശിക്കുന്നു.

---

(9) Pius XII. Miranda Prorsus.

സിനിമ:- ഇതിനുശേഷം, സിനിമ, റേഡിയോ, ടെലിവിഷൻ, ഇവയുടെ ഉപയോഗത്തിൽ പാലിക്കേണ്ട പ്രത്യേകം പ്രത്യേകം നിർദ്ദേശങ്ങൾ നൽകുന്നു. ഫിലിമിന്റെ ധാർമ്മിക മൂല്യങ്ങളെ സംബന്ധിച്ച് സഭാതനയരെ അറിയിക്കുകയും പ. പിതാവ് 11-ാം പീയൂസ് ആവശ്യപ്പെട്ടിട്ടുള്ള തരംതിരിച്ചുള്ള ലിസ്റ്റ് [10] പുറപ്പെടുവിക്കയും ചെയ്യണമെന്നും അങ്ങ് മെത്രാന്മാരെ അനുശാസിക്കുന്നു. സഭാതനയർ അസന്മാർഗ്ഗിക ചിത്രങ്ങൾക്കു പണസഹായംപോലും നൽകരുതെന്നും, ഓരോ ടിക്കററെടുക്കുമ്പോഴും നന്മയും തിന്മയും തെരഞ്ഞെടുക്കുവാൻ അവർ വോട്ടുചെയ്യുകയാണെന്നും അങ്ങ് ഓർമ്മിപ്പിക്കുന്നു. ചലച്ചിത്ര വിമർശകർ ചിത്രത്തിന്റെ ധാർമ്മിക മൂല്യങ്ങളുടെ കാര്യം തങ്ങളുടെ വിലയിരുത്തലിൽ വിസ്മരിക്കരുതെന്നും അങ്ങനെ 'ധർമ്മിക ആപേക്ഷികത' (moral relativism) യിലേയ്ക്കു് ഇടിഞ്ഞിറങ്ങരുതെന്നും അനുശാസിക്കുന്നു. വിശ്വാസത്തിനും സന്മാർഗ്ഗത്തിനും എതിരായ പടങ്ങൾ പ്രദർശിപ്പിക്കാതിരിക്കുന്നതിന് കൊട്ടക ഉടമകൾക്ക് മനസ്സാക്ഷിയിൽ കടമയുണ്ടെന്നു് പ. പിതാവ് പ്രഖ്യാപിക്കുന്നു. ചലച്ചിത്ര വിതരണക്കാർ വെറും വ്യാപാരമല്ല നടത്തുന്നത്. ചലച്ചിത്രങ്ങളിൽനിന്നും ഉണ്ടാകുന്ന നന്മയ്ക്കും തിന്മയ്ക്കും അവർക്കും പങ്കുണ്ടെന്നു് അങ്ങ് അവരെ ഉദ്ബോധിപ്പിക്കുന്നു. അഭിനേതാക്കളായ കലാകാരന്മാർ മനുഷ്യരെന്നുള്ള മഹത്വം പരിഗണിച്ച് അധാർമ്മിക ചിത്രങ്ങൾക്കായി കഴിവുകളെ ദുരുപയോഗിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നു് അങ്ങ് ആവശ്യപ്പെടുന്നു. ചലച്ചിത്ര സംവിധായകരെയും നിർമ്മാതാക്കളെയും അവരുടെ ഏററം വലിയ ചുമതല അവിടുന്നു് ഓർമ്മിപ്പിക്കുന്നു. ഈ വ്യവസായത്തിൽ ഏററം വലിയ ഉത്തരവാദിത്വം ഈ രണ്ടു കൂട്ടർക്കുമാണെന്നും അവരെ അനുസ്മരിപ്പിക്കുന്നു.

റേഡിയോ:-റേഡിയോയുടെ കാര്യത്തിലും പ. പിതാവ് ചില നിർദ്ദേശങ്ങൾ നൽകുന്നു. കത്തോലിക്കർ റേഡിയോ ഉപയോഗിക്കണമെന്നു് അങ്ങ് ആവശ്യപ്പെടുന്നു. ഇതരജനങ്ങളെയും

(10) Cfr. Pius XI 'Vigilanti Cura.'

അവരുടെ നാഗരികതകളെയും ജീവിതത്തെയും പഠിക്കാൻ റേഡിയോ സഹായിക്കുന്നു. വിനോദം, വിദ്യാഭ്യാസം, കല, ദൈവവചനം ഇവ നമ്മുടെ മുന്നിൽ എത്തിക്കുന്ന റേഡിയോ നന്മയ്ക്കും തിന്മയ്ക്കും ഉപകരിപ്പിക്കാം. ഇതിൽ തിന്മയായിട്ടുള്ളത് തിരസ്കരിക്കുന്നതിന്നു് ഓരോരുത്തരും ശ്രദ്ധചെലുത്തണം. ദുർവൃത്തനായ ഒരു സുഹൃത്തിനെ കുടുംബത്തിന്റെ വിശുദ്ധസ്ഥലത്തേയ്ക്കു നാം കയററാത്തതുപോലെതന്നെ ദുഷിച്ച റേഡിയോ പരിപാടികളെയും നാം പുറന്തള്ളണം. മോശമായ പരിപാടികൾ തങ്ങൾ ഇഷ്ടപ്പെടുന്നില്ലന്നു കാണിച്ച് റേഡിയോ നിലയനങ്ങളിലേയ്ക്കു് ജനങ്ങൾ പരാതി ബോധിപ്പിക്കണമെന്നും നല്ലനല്ല പരിപാടികളെ സഹായിക്കയും അവയെ പ്രോത്സാഹിപ്പിക്കയും ചെയ്യണമെന്നും ചാക്രിയ ലേഖനം തുടന്നു് ഉദ്ബോധിപ്പിക്കുന്നു.

ടെലിവിഷൻ:—ടെലിവിഷന്റെ കാര്യത്തിലും പ. പിതാവു് ചില നിർദ്ദേശങ്ങൾ വയ്ക്കുന്നുണ്ടു്. സിനിമയുടെയും റേഡിയോയുടെയും ഗുണങ്ങൾ കൈകോത്തു നില്ക്കുന്ന ഈ ഉപാധി സ്വീകരിക്കുമ്പോഴും നാം പ. പിതാവിന്റെ നിർദ്ദേശങ്ങൾ സ്വീകരിക്കേണ്ടതത്രേ. [11]

ആകെക്കൂടെ ഈ ചാക്രിയലേഖനം പ്രശ്നത്തിന്റെ നിഷേധാത്മകവും അനുലോമപരവുമായവശങ്ങളെ എടുത്തുകാണിക്കുന്നുണ്ടു്. ഇതിലും ആധുനിക സാമൂഹ്യമാദ്ധ്യമങ്ങളെക്കുറിച്ചുള്ള ഒരു തത്വശാസ്ത്രമോ ദൈവശാസ്ത്രമോ പ. പിതാവും നൽകിയിട്ടില്ല. അവ വഴിയുള്ള നന്മതിന്മകളെ വിശദീകരിച്ച് തിന്മയിൽ നിന്നും ഓടി അകലുന്നതിനും നന്മയിലേയ്ക്കു് ഇവയെ കൊണ്ടുവരുന്നതിനുമുള്ള പ്രായോഗിക നിർദ്ദേശങ്ങളാണു് അധികവും. അതിൽ ആക്കം കൂടുതൽ തിന്മയെ ചെറുക്കുന്ന രീതികൾക്കാണു്. ഇതു് സ്വാഭാവികവുമാണു്. കാരണം, അജപാലന്റെ വ്യഗ്രതയാണിവിടെക്കാണുന്നതു്. ധാർമ്മികതയുടെ സൂക്ഷിപ്പുകാരനായ അങ്ങ്

(11) Pius XII. Ency. Miranda prorsus.

ഈ ഭാഗത്തിനു് മുൻതൂക്കം നൽകിയതിനാൽ ആരും എതിരു പറയുകയില്ല. അതു് അങ്ങയുടെ ചുമതലയുമാണു്. ക്രിയാത്മകമായ വിധത്തിലും സൃഷ്ടിപരമായ രീതിയിലും ഇത്ര മെച്ചമായി ഇതു സംബന്ധിച്ചു് ഇതിനു മുൻപു് ആരും ഇത്ര വ്യക്തമായ നിർദ്ദേശങ്ങൾ നല്കിയിട്ടില്ല തന്നെ. [12]

## രണ്ടാം വത്തിക്കാൻ കൗൺസിലും മാദ്ധ്യമങ്ങളും

എന്നാൽ ഈ മാദ്ധ്യമങ്ങളെ സംബന്ധിച്ചുള്ള ഏററം നവീനവും ആധികാരികവുമായ പഠനം വത്തിക്കാൻ കൗൺസിലിൻെറ സാമൂഹ്യസമ്പർക്ക മാദ്ധ്യമങ്ങളെക്കുറിച്ചുള്ള ഡിക്രിയാണു്. കൗൺസിലിൻെറ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഒന്നായിരുന്നു സഭയും ലോകവും തമ്മിലുള്ള സംഭാഷണം. അതിനു് ഏറ്റം ഉതകുന്ന മാർഗ്ഗങ്ങളാണു് ആശയവിനിമയോപാധികൾ. 'തിരുസ്സഭ', 'സഭ ആധുനിക യുഗത്തിൽ' എന്ന വിശ്വവശ്യങ്ങളും സുപ്രസിദ്ധങ്ങളുമായ പഠനങ്ങൾ കരുപ്പിടിപ്പിച്ചെട്ടത്ത രണ്ടാം വത്തിക്കാൻ കൗൺസിൽ പുറപ്പെടുവിച്ചതാണോ ഈ ഡിക്രിയെന്നു് സംശയിച്ചു പോകും. അത്രയ്ക്കു് ഉപരിപ്ലവവും, ഒരു സാർവ്വത്രിക കൗൺസിലിൻെറ ഗൗരവത്തിനോ, അദ്ധ്യാപന കഴിവിനോ ചേർന്നതായോ ഇതു കാണപ്പെടുന്നില്ല. ആധുനിക സംസ്ക്കാരവും സങ്കീർണ്ണതയും തദനുബന്ധിയായ പ്രശ്നങ്ങളും ആഴത്തിൽ പഠിച്ചു് മനസ്സിലാക്കാൻ കൗൺസിൽ പിതാക്കന്മാർ ഇതിൽ മിനക്കെട്ടിട്ടില്ല. കഴിഞ്ഞകാലങ്ങളിൽ പ. പിതാക്കന്മാർ ആശയവിനിമയ മാദ്ധ്യമങ്ങളെക്കുറിച്ചു പറഞ്ഞിട്ടുള്ളവയിൽനിന്നും അധികമൊന്നും കൂടുതലായി ഈ കൗൺസിൽ ഡിക്രിയിൽ കാണുന്നുമില്ല. ഈ മാദ്ധ്യമങ്ങൾക്കു് വർത്തമാനപരിത

---

(12) ഈ മാദ്ധ്യമങ്ങളെ സംബന്ധിച്ചുള്ള ഇതര നിർദ്ദേശങ്ങൾ പൊന്തിഫിക്കൽ കമ്മീഷൻ 1955-ൽ അടിച്ചിറക്കിയിട്ടുള്ള Le Cinema dans l'enseignement de l' Eglise. എന്ന പുസ്തകത്തിൽ ഉണ്ടു്.

സ്ഥിതിയിൽ കാണുന്ന അജപാലന ഗൗരവമോ പ്രാധാന്യമോപോലും ചിത്രീകരിക്കാൻ ഈ ഡിക്രിക്ക സാധിച്ചിട്ടില്ല. ഇതിൽ സമ്പക്ക് മാദ്ധ്യമങ്ങളെക്കുറിച്ച് ഒരു തത്വശാസ്ത്രമോ ദൈവശാസ്ത്രമോ അതിന്റെ സമ്പൂണ്ണതയിൽ തരുവാൻ കൗൺസിലിനു സാധിച്ചിട്ടില്ല എന്നതാണിതിന്റെ ഏററം വലിയ പരാജയം.

## പശ്ചാത്തലം:—

കൗൺസിലിൻെറ ആരംഭത്തിൽ തന്നെ ഈ ഡിക്രി പാസാക്കിയെടുത്തു. സഭയും ആധുനിക യുഗവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പഠിക്കുന്നതിനു് മുൻപുതന്നെ ഈ ബന്ധം സ്ഥാപിക്കാനുള്ള മാഗ്ഗങ്ങളെ പരാമശിച്ചതാണു് ഈ ഡിക്രിയുടെ ഒരു പരാധീനത. അന്ത്യം എന്താണെന്നു ചിന്തിക്കാതെ അതിനുള്ള മാഗ്ഗങ്ങളെക്കുറിച്ചു പരാമശിച്ചു കഴിഞ്ഞു. അതിനാലാണു് എന്തു പറയണമെന്നറിയാതെ പഴയതിൻെറ ആവത്തനംകൊണ്ടു് കൗൺസിൽ സംതൃപ്തിയടഞ്ഞതു്. ഈ ഡിക്രി വിളംബരം ചെയ്തുകൊണ്ടു് പ. പിതാവു് 6-ാം പൗലോസ് മാപ്പാപ്പാ പറഞ്ഞു. "ഈ ഡിക്രിയുടെ ആഭ്യന്തരവും ബാഹ്യവുമായ ഘടകങ്ങളും, പ്രവത്തനങ്ങളും പ്രാത്ഥനകളും തമ്മിൽ അന്വയിപ്പിക്കാൻ ഈ ഡിക്രിക്ക കഴിയും" [13] പ. പിതാവു് ഉദ്ദേശിക്കുന്ന ഈ ലക്ഷ്യത്തിനു് ഈ ഡിക്രി എത്രമാത്രം ഉപകരിക്കുമെന്നു് കണ്ടറിയണം. കാരണം ഇപ്പറഞ്ഞവയെക്കുറിച്ച് അധികമൊന്നുംതന്നെ ഈ ഡിക്രിയിലില്ല. ഈ ഡിക്രിയ്ക്കു്, ഒരു അജപാലക സന്ദേശ (Pastoral exhortation) ത്തിനുള്ളതിൽ കവിഞ്ഞ എന്തെങ്കിലും ആഴവും പരപ്പും ഉള്ളതായി വിദഗ്ദ്ധന്മാർ കരുതുന്നില്ല. വലിയ ചച്ചകളോ വാദപ്രതിവാദങ്ങളോ സൂക്ഷ്മ പഠനമോ ഒന്നും ഇക്കാര്യത്തെക്കുറിച്ചു നടന്നിട്ടില്ലെന്നതാണു് വാസ്തവം. അതുപോലെതന്നെ ഇന്നത്തെ വിദ്യാസമ്പന്നമായ ലോകത്തിൻെറ മുന്നിൽ ഇതു വെറും നിസ്സാര

---

(13) Cfr. രണ്ടാംവത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ. P. 402

മായ ഒരു രേഖയായിത്തീന്നു. അതിനാൽ ഇതിനെ "കൗൺസിലിനു മുമ്പുള്ള" (Preconciliar) പ്രമാണരേഖയെന്നു വിളിക്കാനേ പററു എന്നാണ് ചിലരുടെ അഭിപ്രായം. [14] ഫാ. ബെക്ക് ഇതിനെ രണ്ടാം വത്തിക്കാൻ കൗൺസിലിലെ "ഏററം നിസ്സാരമായരേഖ" (Slightest Document of the council) എന്നു വിളിക്കുന്നു. [15] പന്ത്രണ്ടാം പീയൂസിനു മുൻപുള്ള രേഖ (Pre-pius XII) യായും ഒരു കത്തോലിക്കാ പത്രപ്രവത്തകൻ ഇതിനെ വിളിക്കുകയുണ്ടായി. [16] വളരെയധികം അഭിപ്രായവ്യത്യാസങ്ങൾ ഈ ഡിക്രിയേക്കുറിച്ച് ചില കൗൺസിൽ പിതാക്കന്മാരുടെയും ദൈവശാസ്ത്രജ്ഞന്മാരുടെയും പത്രപ്രവത്തകരുടെയും ഇടയിൽ ഉണ്ടായിരുന്നു. [17]

ഈ ചരിത്രപശ്ചാത്തലം വിവരിച്ചതു് കൗൺസിൽ പഠിപ്പിക്കുന്നതു് എന്തെങ്കിലും തെററന്നു കാണിക്കാനല്ല. മറിച്ച്, കൗൺസിൽ കുറച്ചുകൂടി ആഴത്തിലും പരപ്പിലും പൂണ്ണമായും ഈ വിഷയത്തെക്കുറിച്ച് കൈകാര്യം ചെയ്യേണ്ടിയിരുന്നുവെന്നു കാണിക്കുവാനാണ്. കൗൺസിൽ പഠിപ്പിച്ചതു് മുഴുവൻ ശരിയാണ്– പക്ഷേ, പഠനം പൂണ്ണമല്ലെന്നും ആധുനികലോകത്തിൻെറയും ജനതയുടെയും ആവശ്യങ്ങൾ മുഴുവൻ കണക്കിൽ എടുത്തിട്ടില്ലയെന്നും മാത്രമേ മുകളിൽ പറഞ്ഞിരിക്കുന്നതിനു് അത്ഥമുള്ളു. ലിററർജി സംബന്ധിച്ചും ദൈവാവിഷ്ക്കരണം സംബന്ധിച്ചുമുള്ള വിദഗ്ദ്ധങ്ങളും സുപ്രധാനങ്ങളുമായ രണ്ടു പ്രമാണരേഖകളുടെ ചച്ച്യ്ക്കിട

(14) Kartheinz Schmidthus-In Commentary on the Documents of Vatican II vol. I P. 95

(15) Cfr. The Documents of Vatican II ed. by Walter M. Abbot. P. 332.

(16) Walter M. Abbot. Ibid. P. 332

(17) Cfr. Walter M. Abbot Ibid. P. 332-335 and Kartheinz Schmidthus in Commentary on the Documents of Vat. II. ed. by Herbert Vorgrimler. vol. I. Ps. 89-9

യിൽ കിട്ടിയ കുറച്ചു സമയത്തു് ക്ലേശവിമുക്തമായ ('easier') ചർച്ച്യ്ക്കുവേണ്ടി ദാഹിച്ച പിതാക്കന്മാരെയാണു് ആശയവിനിമയോപാധികറം സമീപിച്ചതു്. ഇതിനാലാണു് ആശയ ശുഷ്ക്കത ഇതിൽ അനുഭവപ്പെട്ടതും. എന്നാൽ, 'സഭ ആധുനികയുഗത്തിൽ, എന്ന വിശേഷാത്തരരേഖയുടെ നിർമ്മാണശേഷമായിരുന്നു വിഷയം ചർച്ച്ചെയ്തിരുന്നതെങ്കിൽ ഈ പ്രമാണ രേഖയും മെച്ചമാകുമായിരുന്നു.

## മുഴച്ചുനില്ക്കുന്ന ചൈതന്യം:—

വത്തിക്കാൻ കൗൺസിലിൽ പൊതുവേ നിഴലിച്ചു നിന്നിരുന്ന അജപാലനപരമായ വീക്ഷണമാണു് ഇവിടെയും പ്രകടമാകുന്നതു്. സാങ്കേതിക രംഗത്തു് ഉണ്ടായിട്ടുള്ള അത്ഭുതാവഹമായ കണ്ടുപിടിത്തങ്ങളെ സഭാമാതാവു് സ്വീകരിക്കുകയും അവയുടെ ഉപയോഗം മാനവസമുദായത്തിനു് വിലയേറിയ മുതൽക്കൂട്ടാണെന്നു് അംഗീകരിക്കുകയും ചെയ്യുന്നു.[18] ഇവയിലൂടെ വിനോദം, വിജ്ഞാനം, ദൈവരാജ്യത്തിൻെറ പ്രചരണം എന്നീ മൂന്നു് ഉപയോഗങ്ങളാണു് കൗൺസിൽ പ്രധാനമായി കാണുന്നതു്.[19] തുടന്നു് ഈ മാദ്ധ്യമങ്ങളുടെ ഉപയോഗത്തിൽ ശ്രദ്ധിക്കേണ്ട 'തത്വങ്ങളെയും നിർദ്ദേശങ്ങളെയും'(doctrines and guidance) വിവരിക്കുന്നു (art. 2). അതുപോലെതന്നെ ഇവയെല്ലാം മനുഷ്യരാശിയുടെ നന്മയ്ക്കുവേണ്ടി മാത്രം ഉപയോഗിക്കണമെന്നു് സന്മനസ്സുള്ള എല്ലാവരോടും പ്രത്യേകിച്ചു് ഇവയെ നിയന്ത്രിക്കുന്നവരോടും സൂനഹദോസ് അഭ്യർത്ഥിക്കുന്നു. സഭയുടെ മക്കളെല്ലാം ഭൂമിയുടെ ലവണമെന്നതുപോലെ അവയെ പരിരക്ഷിക്കണമെന്നും പിതാക്കന്മാർ അനുശാസിക്കുന്നു.[20] ഇവയുടെ മെച്ചമായ ഉപയോഗത്തിനുവേണ്ടി പ. പിതാവു് 11-ാം

---

(18) Decree on Communication Media. No. 1-2
(19) Ibid. No. 2
(20) Council Decree. No. 24

പീയൂസും, തുടന്ന് പ. പിതാവ് 12-ാ പീയൂസും നൽകിയിട്ടുള്ള[21] നിർദ്ദേശങ്ങൾ വീണ്ടും സൂനഹദോസ് ആവർത്തിക്കുന്നു. പൊതുജനങ്ങൾക്ക് ഇവ ഉപയോഗിക്കുന്നതിനുവേണ്ട ശിക്ഷണം നൽകണമെന്നും സിനിക് ക്ലബ്ബുകളും മററും ഉണ്ടാക്കി ഇതു നിർവ്വഹിക്കണമെന്നും പൊതുജനാഭിപ്രായം രൂപീകരിക്കണമെന്നും കൗൺസിൽ അനുശാസിക്കുന്നു.

## അല്പം വെളിച്ചം:—

അജപാലനസംബന്ധമായ പലേ നിർദ്ദേശങ്ങളും നൽകുന്നതിൻെറ കൂട്ടത്തിൽ[22] അവ—പഴയ നിർദ്ദേശങ്ങൾ തന്നെ—പ്രധാനമായ ഒരു കാര്യം സൂനഹദോസ് ഓർമ്മിപ്പിക്കുന്നുണ്ട്. "സഭയുടെ സന്താനങ്ങൾ ഉദാസീനരായി രക്ഷയുടെ വചനം തടസ്സപ്പെടുത്തുകയോ താമസിപ്പിക്കയോ ചെയ്യുന്നെങ്കിൽ അതു് അത്യന്തം അപലപനീയ (dishonourable) മാണ്." [23] കുറച്ചുകൂടി അവധാനതയോടെ ഈ ഭാഗം കൈകാര്യം ചെയ്തിരുന്നെങ്കിൽ ഇവിടെ നിക്ഷിപ്തമായിരിക്കുന്ന ധാർമ്മികമായ (moral obligation) വ്യക്തമാക്കാൻ കൗൺസിലിനു സാധിച്ചേനേ. 'എന്നോടുകൂടിയല്ലാത്തവൻ എനിക്കു വിരോധിയാകുന്നു' എന്നു് തറപ്പിച്ചു പറഞ്ഞ ക്രിസ്തുവിൻെറ ചൈതന്യം അവിടെ പ്രകടമാക്കിയാൽ 'രക്ഷയുടെ വചനം തടസ്സപ്പെടുത്തുന്നവനും താമസിപ്പിക്കുന്നവനും' ജീവൻെറ തന്നെ വിരോധിയാകുന്നു എന്നു പറയണം. 'ലോകത്തിനു ജീവനുണ്ടാകുവാനും അതു സമൃദ്ധമായുണ്ടാകുവാനും' ലോകത്തിൽ അവതരിച്ച ക്രിസ്തുനാഥൻെറ രക്ഷാകരസന്ദേശം തടസപ്പെടുത്തുന്നവൻ, അതു താമസിപ്പിക്കുന്നവൻ, തീർച്ചയായും അപരാധി തന്നെ. ഈ അപരാധബോധം ജനഹൃദയങ്ങളിൽ ആഞ്ഞടിച്ചു കയററുവാൻ പോരു

---

(21) cfr. Pius XI Vigilanti cura; Pius XII Miranda prorsus.
(22) Council Decree No. 18-22
(23) Decree On Communication Media. No. 17

ന്നതല്ല ആ ചെറിയ വാചകം. എങ്കിലും ഗുപ്താവസ്ഥയിൽ ഈ ആശയം അതിൽ ഉണ്ടെന്നുള്ള പരമാർത്ഥം വിസ്മരിക്കരുതു്. കൗൺസിൽ തുടരുന്നു: "സത്യം സംരക്ഷിക്കുവാനും പ്രചരിപ്പിക്കുവാനും മനുഷ്യസമുദായത്തിനു് ക്രിസ്തീയ രൂപം പകരുവാനുംവേണ്ടി പ്രവർത്തിക്കുന്ന കത്തോലിക്കാപത്രങ്ങൾ, മാസികകൾ, സിനിമ, റേഡിയോ-ടെലവിഷൻ പരിപാടികൾ, പ്രക്ഷേപണകേന്ദ്രങ്ങൾ എന്നിവയെ സഹായിക്കുവാനും സംരക്ഷിക്കുവാനും അവക്കുകടമയുണ്ട്"[24] ഉറച്ചഭാഷയിൽ ഈ കടമയെ തറപ്പിച്ചു പറയുന്ന കൗൺസിൽ കടമയുടെ ആഴവും പ്രകൃതവുംകൂടി വ്യക്തമാക്കേണ്ടിയിരുന്നു. ധാർമ്മികമായ കടമയുണ്ടെന്നു് ഈ ലേഖകനു തോന്നുന്നു. അതു് സുപ്രധാനമായ ഒരു ധാർമ്മിക കടമയാണു്. കാരണം, ക്രിസ്ത്യാനിയുടെ അസ്തിത്വത്തിൻെറ ഉദ്ദേശ്യം തന്നെ "സത്യം സംരക്ഷിക്കയും പ്രചരിപ്പിക്കയും മനുഷ്യസമുദായത്തിനു് ക്രിസ്തീയ രൂപം നല്കയും" ചെയ്യുകയെന്നതാണു്. സത്യത്തിനു സാക്ഷികളാകേണ്ട നാം അതിനുവേണ്ടി സഹകരിക്കുന്നില്ലെങ്കിൽ അതിനു സഹായിക്കുന്നില്ലെങ്കിൽ നമ്മുടെ അസ്തിത്വത്തിൻെറ തന്നെ അർത്ഥം നിഷേധിക്കുകയാണു്. അസ്തിത്വത്തിൻെറ ലക്ഷ്യം തടസപ്പെടുത്തിയാൽ തീർത്തും അതു് ആത്മഹത്യാപരമായിരിക്കും; വലിയ തെററായിരിക്കും. ഇന്നത്തെ ജീവിത സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ ഈ തിന്മയ്ക്കു് ആഴം കൂടുകയാണു്. സൂനഹദോസിനു് ഈ കടമയെക്കുറിച്ചു് തീർത്തും അവബോധമുള്ളതുകൊണ്ടാണു് സാമ്പത്തികശേഷിയും സാങ്കേതിക പരിജ്ഞാനവുമുള്ള വ്യക്തികളോടും ഈ രംഗത്തു് ഔദാര്യം കാട്ടുവാൻ അനുശാസിച്ചിരിക്കുന്നതു്. [25] കൗൺസിൽ ഡിക്രിയിലെ ഏററം ആശയസമ്പുഷ്ടവും പ്രധാനപ്പെട്ടതുമായ ഒരു ഭാഗമാണിതു്.

**ആഴമില്ല:–** എല്ലാ ആശയവിനിമയങ്ങളുടെയും ആരംഭം സത്യാന്വേഷണമാണെന്നുള്ളകാര്യം കൗൺസിൽ ചിന്തിച്ചതായി കാണുന്നില്ല. തന്മൂലം, ആശയവിനിമയ മാദ്ധ്യമങ്ങളുടെ സ്വഭാ

(24) Decree On Communication Media. No. 17
(25) ,, ,, Ibid,

വം (nature) സമ്പൂർണ്ണമായും സമഗ്രമായും ചർച്ചചെയ്യാൻ കൗൺസിൽ ബുദ്ധിമുട്ടിയില്ല. അതിനാൽ, മനുഷ്യ സംസർഗ്ഗത്തിന്റെയും (Communication) അഥവാ മനുഷ്യ സംഭാഷണത്തിൻെറയും ചിട്ടയിലുള്ള സംവാദത്തിൻെറയും (human dialogue) മാദ്ധ്യമങ്ങൾ എന്നതിനേക്കാൾ, മനുഷ്യരെ അഭിസംബോധന ചെയ്യുന്ന വെറും സാങ്കേതിക ഉപാധികളായിട്ടാണ് കൗൺസിൽ ഇവയെ പരിഗണിച്ചത്. [26] എങ്കിലും ഈ ഡിക്രിയിലെ 5-ാം ഖണ്ഡികയും സുപ്രധാനമായ ചില ആശയങ്ങൾ ഉൾക്കൊള്ളുന്നതത്രേ. മനുഷ്യസമുദായത്തിൻെറ ഇന്നത്തെ വളർച്ചയും അതിലെ അംഗങ്ങൾ തമ്മിലുള്ള അടുത്തബന്ധവും കണക്കിലെടുക്കുമ്പോൾ വാർത്താവിനിമയം അത്യന്തം ഉപകാരപ്രദവും അത്യന്താപേക്ഷിതവുമാണെന്നു കൗൺസിൽ സമ്മതിക്കുന്നു. മനുഷ്യനെ സംബന്ധിക്കുന്ന കാര്യങ്ങളിൽ, അവ വ്യക്തികളെയോ സമൂഹങ്ങളെയോ സംബന്ധിക്കുന്നവ ആയിക്കൊള്ളട്ടെ, ഓരോന്നിൻെറയും പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ട് വാർത്തകൾ അറിയിക്കുവാനുള്ള അവകാശം മനുഷ്യ സമൂഹത്തിൽ അന്തർലീനമായിരിക്കുന്നു. [27] മൗലികമായ ഈ അവകാശം പ്രായോഗിക രംഗത്ത് പ്രാവർത്തികമാക്കുന്നതിനുള്ള സുപ്രധാന മാർഗ്ഗങ്ങളാണിവ.

പ്രായോഗിക പ്രശ്നം:- ഈ അവകാശത്തെ വിനിയോഗിക്കുമ്പോൾ രണ്ടു പ്രശ്നങ്ങൾ കൗൺസിൽ കാണുന്നു. അതിൽ ആദ്യത്തേതു് ഉപയോഗത്തിൽനിന്നുണ്ടാകുന്ന പ്രശ്നമാണ്. അറിയിക്കുന്ന വാർത്തകൾ എപ്പോഴും വസ്തുനിഷ്ഠവും, നീതിയും പരസ്നേഹവും അനുവദിക്കുന്നിടത്തോളം സമ്പൂർണ്ണവുമായിരിക്കണം. അതുപോലെതന്നെ വാർത്താവിനിമയം ചെയ്യുന്നരീതി മാന്യവും

(26) Cfr. The Petition Signed by 90 Council Fathers and Submitted to the Commission. Dated 17-11-1963.

(27) Decree On Communication Media No. 5 also Pope John. Pacem in Terris. No. 12.

യുക്തവുമായിരിക്കണം. മനുഷ്യൻെറ വ്യക്തിമാഹാത്മ്യവും നിയമാനുസൃതങ്ങളായ അവകാശങ്ങളും പരിപൂർണ്ണമായി സംരക്ഷിക്കപ്പെടേണ്ടതത്രേ— [28] എന്നിങ്ങനെയുള്ള നിർദ്ദേശങ്ങൾ നൽകിക്കൊണ്ടു് വാർത്താവിനിമയത്തിൽ ആദ്യം കാണുന്ന പ്രശ്നത്തെ കൗൺസിൽ നിർദ്ധാരണം ചെയ്യുന്നു. പക്ഷേ, ഈ പ്രശ്നപരിഹാരം വെറും ഉപരിപ്ലവമെന്നതിൽ സംശയമില്ല. കാരണം, ആധുനിക ലോകത്തിൻെറ പശ്ചാത്തലത്തിൽ ആശയവിനിമയത്തിൻെറ പ്രാധാന്യത്തിലും സ്വഭാവത്തിലും വാർത്തകൾക്ക് എന്തു് ബന്ധവും സ്ഥാനവും ഉണ്ടെന്നു് എടുത്തുകാട്ടാൻ കൗൺസിലിനു കഴിഞ്ഞില്ല.

ഏററം വലിയ ഉപേക്ഷ:— എന്നാൽ, പണ്ഡിതന്മാർ ഈ ഭാഗത്തു് ചൂണ്ടിക്കാട്ടുന്ന ഏററം വലിയ ഉപേക്ഷ (Omission) പൊതുജനാഭിപ്രായത്തെക്കുറിച്ചുള്ള ഒന്നാണു്. പ. പിതാവു് 12-ാം പീയൂസ് വളർത്തിയെടുത്തതും [29] കൗൺസിലിൽ പലപ്പോഴും ഉയന്നു കേട്ടതുമായ ഈ ശബ്ദത്തിനു് രൂപവും ഭാവവും നൽകുന്നകാര്യം കൗൺസിൽ വിട്ടുകളഞ്ഞു. കത്തോലിക്കാസഭയിൽ വാർത്തകൾ അറിയാൻ സഭാംഗങ്ങൾക്ക് (the right to be informed) എത്രമാത്രം അവകാശ (right) ഉണ്ടു്? സഭയെ സംബന്ധിച്ചു് സഭാംഗങ്ങൾക്കുള്ള ഈ അവകാശത്തിനു് വല്ല അത്ഥവുമുണ്ടോ? പൊതുജനാഭിപ്രായം ഏതൊരു സമൂഹത്തെ സംബന്ധിച്ചും അവകാശപൂർവ്വമായ പൈതൃക (rightful heritage) മത്രേ. ഇതിൻെറ അഭാവത്തിൽ ഒരു സമൂഹത്തിൻെറ ജീവിതത്തിനു് എന്തോ കുറവു് അനുഭവപ്പെടുന്നു. സഭയിൽ ഇപ്രകാരമൊരു കുറവു സംഭവിച്ചാൽ അജപാലകരും അത്മായരും ഒരുപോലെ കുററക്കാരായിരിക്കും. ഒരു പൊതുജനാഭിപ്രായം സഭയുടെ ജീവിതത്തിനു് ഇത്രയധികം ആവശ്യമാണെങ്കിൽ, ഈ പൊതുജനാഭിപ്രായത്തിൻെറ രൂപീകരണത്തിനു് അത്രത്തോളം

(28) Decree on Communication Media, No. 5
(29) Cfr. Karl Rahner. Free Speech in the Church

തന്നെ ആവശ്യമാണ് ഇപ്രകാരം ഒരു അഭിപ്രായത്തിനു് ജനനം നൽകുന്ന വാർത്തകളും, വിവരങ്ങളും അറിവുകളും പ്രചരിപ്പിക്കുകയെന്നതു്. [30] കൗൺസിൽ വാർത്തകൾ ഇപ്രകാരം പ്രസിദ്ധം ചെയ്തിരുന്നു. അതിനാൽ ലോകത്തിനു മുഴുവൻ കൗൺസിൽ സംബന്ധമായ എല്ലാത്തിനോടും ഒരു പ്രത്യേക താല്പര്യം ഉണ്ടായിരുന്നു. പക്ഷേ, അതേ കൗൺസിലിന്റെ ഡിക്രിയിൽ ഇതിനെക്കുറിച്ചൊന്നും പരാമർശിക്കാതിരുന്നതു് വലിയ കുറവായിപ്പോയി. കത്തോലിക്കാസഭയിൽ പൊതുജനാഭിപ്രായത്തിനുള്ള സ്ഥാനവും, അതിന്റെ ഉപയോഗവും അതു് കരുപ്പിടിപ്പിക്കുന്നതിൽ വാർത്തകൾക്കുള്ള സ്ഥാനവും ഈ വാർത്തകൾ പൊതുജനത്തിനു് അറിയുവാനുള്ള അവകാശവും പരാമർശിക്കേണ്ടതായിരുന്നു. സഭയുടെ ഓരോ കാൽവയ്പും പൊതുജനങ്ങളുടെ ശ്രദ്ധ പിടിച്ചു പററാനും അവരെക്കൊണ്ടു് സഭയ്ക്കു് അനുഗുണമായ പൊതുജനാഭിപ്രായം രൂപീകരിച്ചെടുക്കാനും ഇപ്രകാരമുള്ള വാർത്താവിനിമയം ഇന്നു് ആവശ്യമാണ്. ഇതിന്റെ അഭാവംകൊണ്ടാണ് സഭയുടെ സ്വരം സ്വീകരിക്കാൻ ചിലപ്പോൾ മാത്രമല്ല, പലപ്പോഴും പൊതുജനം തയ്യാറാകാത്തതു്.

## മറെറാരു പ്രശ്നം:—

കൗൺസിൽ ഡിക്രിയിൽ ചർച്ചചെയ്യുന്ന അടുത്ത പ്രശ്നം ധാർമ്മിക നിയമങ്ങളും കലയുടെ അവകാശങ്ങളും തമ്മിലുള്ള ബന്ധമാണ്. ഇക്കാര്യത്തിൽ വസ്തുനിഷ്ഠമായ ധാർമ്മികമണ്ഡലത്തിനു് നിരാപേക്ഷികമായിത്തന്നെ സകലരും പ്രാധാന്യം നൽകേണ്ടതാണെന്നു് കൗൺസിൽ അനുശാസിക്കുന്നു. [31] ഉത്ഭവ പാപത്താൽ ക്ഷതമേററ മനുഷ്യമനസ്സിനെ അധാർമ്മികതയുടെ എലവാങ്കിട്ടു് ഇളക്കുന്നതു് മനുഷ്യത്വത്തോടുതന്നെ ചെയ്യുന്ന ഒരപരാധമായിരിക്കുമല്ലോ. മനുഷ്യനെ മെച്ചമായ ഒരു മനുഷ്യനാക്കുവാൻ ഉപകരി

(30) Kartheinz Schmidthus-Ibid. P. 98.
(31) Decree on Communication Media. No. 6

ക്കുന്നവയായിരിക്കണം ആശയവിനിമയോപാധികളിലൂടെ നാം സ്വീകരിക്കുന്നവയെല്ലാം. അവനെ പരിണാമത്തിൻെറ മുൻഘട്ട ങ്ങളിലേയ്ക്കു് പിന്നോക്കം പായിച്ചു് വെറും മൃഗീയ തലത്തിലേയ്ക്കു് ഇറക്കിവിടുന്നവ ആയിരിക്കരുതെന്നാണു് കൗൺസിലിൻെറ ഈ ഉത്ബോധനത്തിൻെറ അർത്ഥം.

ആകെക്കൂടെ സാന്മാർഗ്ഗികോപദേശത്തിൻെറ രൂപത്തിലുള്ള ഈ പ്രമാണരേഖയിൽ പല നല്ല കാര്യങ്ങളും പറഞ്ഞുവച്ചിട്ടുണ്ടു്. ഈ ഡിക്രി ഉപരിപ്ലവമെങ്കിലും ചുരുക്കം ചില സ്ഥലങ്ങളിൽ കുറച്ചൊക്കെ ആഴത്തിലേയ്ക്കിറങ്ങുന്നുമുണ്ടു്.

## സെൻസറിംഗ്:—

ഈ അദ്ധ്യായം അവസാനിപ്പിക്കുന്നതിനു മുൻപു് സെൻസ റിംഗിനെക്കുറിച്ചും രണ്ടു വാക്കു്. സെൻസറിംഗ് ഒരു വലിയ വിവാദ പ്രശ്നമാണു്.[32] അതു സ്വാതന്ത്ര്യത്തിൽ കൈകടത്തുന്നു, കലയെ കൊല്ലുന്നു എന്നെല്ലാം ചിലർ പറയാറുണ്ടു്. പക്ഷേ, സ്വാതന്ത്ര്യം എന്നുള്ളതു് തോന്ന്യവാസം ചെയ്യാനുള്ള (to do what it pleases) ഒരു ലൈസൻസല്ല. മറിച്ചു് ഒരുവൻ ചെ യ്യേണ്ടതു ചെയ്യുവാനുള്ള (to do what ought) സൗകര്യമാണു്.[33] ചെയ്യേണ്ടതു ചെയ്തില്ലെങ്കിൽ ചെയ്യിക്കാൻ സമൂഹത്തിനു് അവകാ ശമുണ്ടു്, അധികാരമുണ്ടു്. വ്യക്തികളെ സാമൂഹ്യവത്ക്കരിക്കുന്ന തിനും അങ്ങനെ സമൂഹത്തിനു് ഒത്തിണങ്ങിയവരാക്കിത്തീർക്കുന്ന തിനും സമൂഹം അധികാരം ഉപയോഗിക്കയും, നിയമം, പാരമ്പര്യം, ശിക്ഷ, നടപടിക്രമങ്ങൾ ഇവയെല്ലാം ഉപയോഗിച്ചു് വ്യക്തികളെ സമൂഹത്തിനു് ചേർന്നവരാക്കി തീർക്കയും ചെയ്യും. സമൂഹാംഗങ്ങ ളിൽ അന്തർല്ലീനമായിരിക്കുന്ന ചില കുറവുകൾ (deficiencies) നികത്തുവാൻ, സമൂഹം അതിൻെറ പ്രതിനിധികൾവഴി ചില

---

(32) Cfr. Harold C. Gardiner. Catholic viewpoint on censorship.

(33) Ibid, P. 32-46

പ്രത്യേക രീതികളിലൂടെ ബലം പ്രയോഗിച്ചുവെന്നും വരാം. [34] ഇതെല്ലാം ഉപയോഗിക്കുന്നതു് സമൂഹത്തിൻെറ പൊതുനന്മയ്ക്കുവേണ്ടിയാണു്. ഈ പൊതുനന്മയ്ക്കു് എന്തെങ്കിലും വിഘാതമായവയെ സെൻസർ ചെയ്യുവാൻ സമൂഹത്തിനു് അധികാരമുണ്ടു്. സത്യത്തിൻെറയും നീതിയുടെയും ധർമ്മത്തിൻെറയും വിശുദ്ധിയുടെയും സംരക്ഷകയായ സഭയ്ക്കും ഒരു സമൂഹമായതിനാൽത്തന്നെ സെൻസർ ചെയ്യാൻ അധികാരമുണ്ടു്. അതിൻെറ ആഴവും പരപ്പും ഒന്നും ഇവിടെ ചർച്ചചെയ്യേണ്ട വിഷയമല്ലതന്നെ. സഭയ്ക്കു് അതിനു് അധികാരവും അവകാശവുമുണ്ടെന്നു് സൂചിപ്പിച്ചുവെന്നു മാത്രം. എവിടെയൊക്കെ? എന്തുമാത്രം? ഇതെല്ലാം പൊതുനന്മയെ ആശ്രയിച്ചിരിക്കും. കടലാസിൽ കുറിക്കുന്ന ഓരോ അക്ഷരങ്ങൾക്കും Nihil obstat, Imprimi potest, Imprimatur, ഇവയെല്ലാം ഉണ്ടായിരിക്കണമെന്നു് ഇതിൽനിന്നും നിഗമിക്കുന്നില്ല. വേണ്ടവയ്ക്കെല്ലാക്കെ വേണം. പക്ഷേ, അതിൻെറ ഒരതിപ്രസരം ഇന്നു കാണുന്നുണ്ടു്—ഇത്രയും വേണമോയെന്നതാണു പ്രശ്നം. വളരെയധികം പ്രായോഗിക പ്രശ്നങ്ങൾ ഇതിൻെറ അടിയിൽ അടിഞ്ഞുകൂടി കിടപ്പുണ്ടു്.

---

(34) H. C. Gardiner. Ibid. P, 20-32

## അദ്ധ്യായം നാലു്

# ആശയവിനിമയോപാധികളുടെ ദൈവശാസ്ത്രം

മനുഷ്യസമ്പക്ക്ങ്ങളിലൂടെയും സംസർഗ്ഗങ്ങളിലൂടെയും മനുഷ്യനെ മനുഷ്യനോടടുപ്പിക്കയും സമൂഹത്തെയും സമുദായത്തെയും കെട്ടിപ്പടുക്കുകയും ചെയ്യുന്ന ആശയവിനിമയം (Communication) ഏകലോകസംസ്കാരത്തിൻെറയും സാർവ്വലൗകിക സാഹോദര്യത്തിൻെറയും അടിസ്ഥാന ശിലയാണു്. ഏകലോക ക്ഷേമരാഷ്ട്രത്തെ സ്വപ്നം കാണുന്ന രാഷ്ട്രീയമീമാംസകൻെറ ചിന്ത

യുടെയും അടിസ്ഥാനപ്രതലം ഈ ആശയ വിനിമയംതന്നെയത്രേ. [1] ചരിത്രത്തിലൂടെ പരിശോധിച്ചാൽ സംസർഗ്ഗത്തിലൂടെയാണു് ഇന്നുവരെയുള്ള മനുഷ്യതതി മുഴുവൻ അവരുടെ ഐക്യത്തിൻെറ ചൈതന്യത്തിൽ എത്തിച്ചേർന്നതു് എന്നു കാണുവാൻ സാധിക്കും. അതേ അവസരത്തിൽതന്നെ, മനുഷ്യനെ നയിക്കുവാനും അന്ധനാക്കുവാനും അതിനു കഴിഞ്ഞിട്ടുമുണ്ടു്. അനുകരണത്തിനും (imitation) പ്രേരണയ്ക്കും (Suggestion) ഉള്ള മനുഷ്യൻെറ വശഗത്വ (Susceptibility) ത്തിനും അതു് ആക്കം കൂട്ടിയിട്ടുണ്ടു്. ആശയവിനിമയത്തിൻെറ പ്രയോക്താക്കളുടെ ഇംഗിതാനുസാരം മനുഷ്യനെ വശീകരിക്കുവാനും ഈ പ്രക്രിയയിലൂടെ ഒരുവനു സാധിക്കുന്നു. ഇവയെല്ലാം മനഃശാസ്ത്രജ്ഞൻെറയും, സാമൂഹ്യശാസ്ത്രജ്ഞൻെറയും, രാഷ്ട്രീയ മീമാംസകൻെറയും ഒക്കെ പഠനത്തിനു വിധേയമായിട്ടുള്ളവയാണു്.

## ദൈവശാസ്ത്രപഠനത്തിൻെറ ആവശ്യം

അവരുടെ നിഗമനത്തോടും അനുമാനത്തോടും കൂട്ടിച്ചേർക്കുന്നതിനു് ദൈവശാസ്ത്രപരമായി ആശയവിനിമയത്തെയും, വിനിമയോപാധികളെയും സംബന്ധിച്ച ഒരു പഠനത്തിനു് വല്ല സ്ഥാനവുമുണ്ടോയെന്നു് നമുക്കു കാണേണ്ടതുണ്ടു്. എന്തിനെക്കുറിച്ചും ദൈവശാസ്ത്രവും താത്വികപഠനങ്ങളും വിരചിതമാകുന്ന ഈ ഘട്ടത്തിൽ, ദൈവത്തെയും ദൈവികമൂല്യങ്ങളെയും, മനുഷ്യനെയും മാനുഷികമൂല്യങ്ങളെയും ഇത്രയധികം സ്വാധിനിക്കയും, അവയോട് ഇത്രയധികം ബന്ധപ്പെട്ടിരിക്കയും ചെയ്യുന്ന ആശയവിനിമയോപാധികളുടെ ഒരു ദൈവശാസ്ത്രം ഇന്നു് ആവശ്യമായിത്തിർന്നിരിക്കുന്നു. വെറും നിഷേധാത്മകമായ സമീപനത്തിൽ മാത്രം തറഞ്ഞു നിന്നിരുന്ന ഈ പ്രതലത്തെ അനുലോമപരമായ ഒരു വീക്ഷണ കോണത്തിലൂടെ നോക്കിക്കാണേണ്ടതു് ഒരാവശ്യമാണു്. അങ്ങനെ ക്രിയാത്മകമായി നോക്കിക്കണ്ടെങ്കിൽ മാത്ര

(1) Cfr. Maciver & Page. Society. P. 232-234.

മേ അവയ്ക്കു് സൃഷ്ടിയുടെയും രക്ഷയുടെയും പശ്ചാത്തലത്തിൽ വിലയിരുത്താൻ സാധിക്കയുള്ളു. അങ്ങനെ അനുലോമപരമായി ഈ ഉപാധികളെ വീക്ഷിക്കണമെങ്കിൽ ദൈവപരിപാലനയുടെ സാഹചര്യത്തിൽ ഇവയ്ക്കുള്ള നിലയും വിലയും നാം മനസ്സിലാക്കണം. ആശയവിനിമയം സംബന്ധിച്ചുള്ള തത്വശാസ്ത്രത്തിന്റെയും ദൈവശാസ്ത്രത്തിൻെറയും പകൽ വെളിച്ചത്തിൽ മാത്രമേ ഈ ഉപാധികളെ നോക്കിക്കാണാൻ എളുപ്പമാകൂ. കൂട്ടപ്രവർത്തന (Collective behaviour) ത്തിൻെറ പ്രശ്നങ്ങളും അതിന്റെ മേന്മയും യഥാർത്ഥത്തിൽ പഠിച്ചെങ്കിലേ അതിൻെറ ആഴവും പരപ്പും തന്നെ മനസ്സിലാക്കുവാൻ സുസാദ്ധ്യമാകൂ.

## ആശയവിനിമയത്തിൻെറ സ്വഭാവം

ആശയവിനിമയം സംസർഗ്ഗം എന്നീ പദങ്ങളുടെ നിഷ്പത്തി മനസ്സിലാക്കുമ്പോഠം ആശയവിനിമയത്തിൻെറ സ്വഭാവം വ്യക്തമാകും. ഇംഗ്ലീഷിൽ 'കമ്മ്യൂൺ' (Commune) എന്നൊരു പദമുണ്ടു്. അതിനു്, അടുത്ത ബന്ധംപുലർത്തുക, ഗാഢസൗഹൃദത്തിൽ സംസാരിക്കുക, ഏകതാനത അനുഭവപ്പെടുക, എന്നെല്ലാം അർത്ഥം നൽകിയിരിക്കുന്നു. ഇതിൽനിന്നു് കമ്മ്യൂണിക്കബിൾ (Communicable) എന്നൊരു വാക്കു് രൂപം കൊള്ളുന്നു. സംക്രമിപ്പിക്കപ്പെടാവുന്ന ആശയങ്ങളും രോഗങ്ങളും ഒക്കെയാണിവ. ഇവിടെ രോഗമാണെങ്കിലും ആശയമാണെങ്കിലും അതു് വ്യക്തിയുടെ അസ്തിത്വത്തെതന്നെ ബാധിക്കുന്നു; വ്യക്തിയിൽ വ്യതിയാനം സംഭവിപ്പിക്കുന്നു. ആശയമോ രോഗമോ എന്തെങ്കിലുമാകട്ടെ, ഇവയുടെ സംക്രമണത്തിനു മുൻപുള്ള വ്യക്തിയുടെ അസ്തിത്വഭാവത്തിൽനിന്നും തീർത്തും വ്യത്യസ്ഥമായ ഒരു അസ്തിത്വഭാവമാണു് പിന്നീടു് നമുക്കു കാണുവാൻ സാധിക്കുക. പ്രകൃതിയിലും സ്വഭാവത്തിലും സാരമായ ചില വ്യതിയാനങ്ങഠം കടന്നുകൂടുന്നു. മാനസിക പ്രതലത്തിൽ ചില കോളിളക്കങ്ങഠം തന്നെ

സംസൃഷ്ടങ്ങളാകുന്നു. കമ്മ്യൂണിക്കബിറ്റി എന്ന പദത്തിൽനിന്നും കമ്മ്യൂണിക്കേററ് (Communicate) എന്ന ആംഗലക്രിയാപദം ഉരുത്തിരിയുന്നു. വാർത്തകൾ, വിജ്ഞാനശകലങ്ങൾ, അനുഭവങ്ങൾ, അനുഭൂതികൾ, ആശയങ്ങൾ, ചൂട്, ചലനം, രോഗം ഇവയെല്ലാം പകർന്നു കൊടുക്കുന്ന ആ പ്രക്രിയയ്ക്കാണ് കമ്മ്യൂണിക്കേററ് എന്നു പറയുക. സംഗമിക്കുക, സമ്പർക്കം പുലർത്തുക, പകരുക, വിനിമയിക്കുകയെന്നെല്ലാം ഇതിനർത്ഥമുണ്ട്. ഇതിൽനിന്നുമാണ് കമ്മ്യൂണിക്കേഷൻ (Communication) എന്ന നാമപദം രൂപംകൊള്ളുന്നതു്. സംഗമം, അനുഭൂതികളുടെയും അനുഭവങ്ങളുടെയും വിനിമയം, ആശയങ്ങളുടെയും അറിവിൻെറയും പകരൽ, വാർത്തകളുടെയും വിവരങ്ങളുടെയും അറിയിക്കൽ, എന്നിങ്ങനെ ഈ പദത്തിനു് അർത്ഥമുണ്ടാകുന്നു. [2] ഇതിൽനിന്നും മനുഷ്യവ്യക്തിത്വത്തിലും അവൻ ജീവിക്കുന്ന സാഹചര്യത്തിൽ തന്നെയും വ്യതിയാനവും വിപ്ലവാത്മകമായ പരിവർത്തനവും വരുത്താൻ കഴിയുന്നതാണ് ആശയ വിനിമയം (Communication)എന്നു സിദ്ധിക്കുന്നു. ആശയ വിനിമയത്തിനും സമ്പർക്കത്തിനുമുള്ള ഉപാധികളെ ആശയവിനിമയോപാധികൾ അഥവാ സംസർഗ്ഗമാദ്ധ്യമങ്ങൾ എന്നു നാം വിളിക്കുന്നു.

## സംസർഗ്ഗ മാദ്ധ്യമങ്ങൾ രണ്ടുതരം

സംസർഗ്ഗമാദ്ധ്യമങ്ങൾ രണ്ടുതരമുണ്ട്. ഒന്ന്, ഗതാഗതമാർഗ്ഗങ്ങൾ; രണ്ട്, ആശയവിനിമയ മാർഗ്ഗങ്ങൾ. ഇവയിൽ ഗതാഗതമാർഗ്ഗങ്ങളുടെ ആരംഭവും അവസാനവുമാണ് പലപ്പോഴും സമൂഹങ്ങളായി വളർന്നുവരിക. അവ ഗ്രാമങ്ങളും, പട്ടണങ്ങളും, നഗരങ്ങളുമായി വളരുന്നു. [3] ഈ ഗതാഗതമാർഗ്ഗങ്ങൾ എപ്രകാരം ധാർമ്മികതയേയും, മതങ്ങളെയും, മനുഷ്യസംസ്കാരത്തെയും അവയുടെ വളർച്ച

(2) Cfr. Advanced Learner's Dictionary of English.
(3) Maciver and Page. Society P. 282/283

യേയും ബാധിക്കുന്നുവെന്നതു് പ്രത്യേകം പഠനവിഷയമാക്കേണ്ട താണു്. ഇതു് നമ്മുടെ ചർച്ചാവിഷയമല്ലാത്തതിനാൽ ആശയവിനിമയോപാധികളെക്കുറിച്ചുമാത്രം നമ്മുടെ പഠനം പരിമിതപ്പെടുത്തുന്നു.

## അല്പം ചരിത്രം

സാമൂഹ്യബന്ധങ്ങളുടെ അടിത്തറയാണു് സംസർഗ്ഗം. പരസ്പരം ആശയങ്ങളും, വികാരങ്ങളും, ആഗ്രഹങ്ങളും കൈമാറാൻ സാധിക്കാത്തിടത്തു് യാതൊരു സാമൂഹ്യബന്ധവും ഉണ്ടാകുന്നില്ല. വ്യക്തി വ്യക്തിയെ അറിയുക, മനസ്സിലാക്കുക, സ്നേഹിക്കുക, വെറുക്കുക, വിമർശിക്കുക, എന്നീ പ്രക്രിയകളിലൂടെയാണു് മനുഷ്യനും മനുഷ്യനും പരസ്പര അസ്തിത്വത്തെക്കുറിച്ചു ബോധവാന്മാരാകുന്നതും ഈ അസ്തിത്വങ്ങളെ ചില ബന്ധങ്ങളുടെ അരക്കിട്ടു് ഉറപ്പിക്കുന്നതും. ഈ ബന്ധങ്ങളുടെ പ്രാക്‌രൂപങ്ങളിൽ ആവിഷ്കരണമാദ്ധ്യമങ്ങളുടെ വൈരള്യം കൊണ്ടു് ഈ പരസ്പര ബന്ധം ഏതാണ്ടു് പ്രകൃതീയവും ചിലപ്പോഴൊക്കെ പ്രാകൃതവുമായിരുന്നു. എങ്കിലും മനുഷ്യനെ ഒരു സാമൂഹ്യജീവിയാക്കിയതു് ഈ ബന്ധങ്ങൾതന്നെ. പക്ഷേ, സംസ്കാരം പന്തലിച്ചപ്പോൾ, പുരോഗതിയുടെ ചുവടുവയ്പുകൾക്കു് ആക്കം കൂടിയപ്പോൾ, സംസ്കൃതങ്ങളായ ഉപാധികൾ ഉപയോഗിച്ചു് മനുഷ്യൻ ആശയവിനിമയവും സമ്പർക്കവും പുലർത്തിപ്പോന്നു. അങ്ങനെ നാഗരീകതയുടെതന്നെ പ്രയാണ പഥങ്ങൾ വരച്ചുകാട്ടിയതു് ആശയവിനിമയമായിരുന്നുവെന്നു പറയാം. അസംസ്കൃതങ്ങളായ രീതികളിൽ നിന്നും മാദ്ധ്യമങ്ങളിൽ നിന്നും, സഹസ്രാബ്ദങ്ങൾ ചവിട്ടിക്കയറിയ മനുഷ്യൻ സംസ്കൃത മാനസനും, സംസ്കൃതങ്ങളായ രീതികളും മാദ്ധ്യമങ്ങളും ഉള്ളവനുമായിതീർന്നു. മനുഷ്യന്റെ ആശയവിനിമയരീതികളെക്കുറിച്ചു് ചരിത്രാതീത കാലഘട്ടം നമ്മുടെ മുന്നിൽ ഒന്നുംതന്നെ വയ്ക്കുന്നില്ല. പൂർവ്വശിലായുഗ (Paleolithic age) ത്തിൽ എല്ലുകൊണ്ടും തടികൊണ്ടും ആയുധങ്ങൾ ഉണ്ടാക്കിയിരുന്ന മനുഷ്യൻ ചിത്രകലയിൽ

അഭ്യാസം നേടിയവനായിക്കാണുന്നു. ദക്ഷിണ ഫ്രാൻസിലും ഉത്തരസ്പെയിനിലും ഏതാണ്ട് 25000 വഷങ്ങറംക്കു മുൻപു ജീവിച്ചിരുന്ന ആളുകറം [4] ആംഗ്യഭാഷയും, അവക്കു അന്നുണ്ടായിരുന്ന ചില പ്രാകൃത ഭാഷകളും ഉപയോഗിച്ച് ആശയവിനിമയം ചെയ്തിരുന്നതിനു പുറമേ കൊത്തുപണികളിലൂടെയും (Sculptures) ചിത്രകല (Paintings) യിലൂടെയും അവരുടെ അന്തർഗതങ്ങളെയും അനുഭൂതികളെയും ആവിഷ്കരിച്ചു. വൃത്താകൃതിയിലുള്ള കൊത്തുപണികളും ചിത്രങ്ങളും അവർ ഉപയോഗിച്ചിരുന്നു. കല്ലിൽകൊത്തിയ മനുഷ്യ ശിരസുകളും, അസ്ഥിയിലുള്ള പെൺകുട്ടികളുടെ ശിരസുകളും അവർ നിമ്മിച്ചു. സമൃദ്ധിയുടെ ദേവത (fertility goddess) യെ ഗർഭിണിയായ ഒരു സ്ത്രീയുടെ പ്രതിമയിലൂടെ അവർ അവതരിപ്പിച്ചു. ഇവയിലൊന്നും ഭാഗങ്ങറംക്ക് ഒരു പ്രാധാന്യമില്ല. ഈ കാലഘട്ടത്തിൽ കല യഥാതഥ്യമായിരുന്നു (realistic). എന്നാൽ, നവീന ശിലായുഗത്തിൽ (Neolithic Age) എത്തിയ മനുഷ്യൻ കുറച്ചുകൂടി അവയെല്ലാംതന്നെ മെച്ചപ്പെടുത്തി. യഥാതഥ്യത (realism) യിൽനിന്നും അവൻെറ ആശയാവിഷ്ക്കരണം ആദശപരത (idealism) യിലേയ്ക്കും മോടിയിലേയ്ക്കും (stylish) കടന്നുനിന്നു. പിച്ചളയുഗ (Bronze Age) വും, അയോയുഗവും (Iron Age) പിന്നിട്ട്, സംസ്ക്കാരത്തിൻെറ കല്പടികറം ഒന്നൊന്നായി ചവുട്ടി അണുയുഗത്തിലും ഫിപ്പിയുഗത്തിലുമെത്തിയ സംസ്ക്കാരസമ്പന്നനായമനുഷ്യനു് ആദിയിൽ ഉണ്ടായിരുന്ന ആശയവിനിമയാഗ്രഹം ('Communication desire') വളൻവരികയും പരിഷ്കൃത രൂപഭാവങ്ങളിൽ ആവിഷ്ക്കരിക്കപ്പെടുകയും ചെയ്തുവെന്നല്ലാതെ ഒട്ടും കുറഞ്ഞിട്ടില്ല. ഇതു വളൻ പന്തലിച്ചു വ്യക്തിത്വത്തിൻെറ ചട്ടക്കൂടിൽ നിന്നും സമൂഹത്തിൻെറ പൂമുഖത്തേയ്ക്കും ഏകലോക രാഷ്ട്രത്തിൻെറ മൈതാനിയിലേയ്ക്കും വികസിച്ചു വികസ്വരനായ ആധുനിക മനുഷ്യൻെറ ജീവശ്വാസമായി

---

(4) Aurignacians എന്നു് അവരെ നരവംശ ശാസ്ത്രം വിളിക്കുന്നു.

സമ്പക്കവും സംസർഗ്ഗവും (contact and communion) തീൎന്നിരിക്കയാണു്. മനഃശാസ്ത്രപരവും സാമൂഹ്യശാസ്ത്രപരവു മായ വിലയിരുത്തലുകളെയും ആധികാരികപഠനങ്ങളെയും ചവററ കൊട്ടയിലിടാതെ ദൈവശാസ്ത്രപരമായ ഒരു പഠനവും ഇന്നത്തെ മനുഷ്യനെ സംബന്ധിച്ച അനുപേക്ഷണീയമാണു്. കാരണം, സാ മൂഹ്യവും, മനഃശാസ്ത്രപരവും, സാംസ്ക്കാരികവുമായ മൂല്യങ്ങളോട് ദൈവശാസ്ത്രപരമായ പഠനങ്ങളും യോജിപ്പിച്ചെങ്കിൽ മാത്രമേ ആ പഠനം സമ്പൂൎണ്ണമായിത്തീരുകയുള്ള.

## സത്യാന്വേഷണം

ലോകത്തിൻെറ ആരംഭംമുതൽ ഇന്നോളം സത്യാന്വേഷണ കുതുകിയായ മനുഷ്യൻ സത്യത്തിൻെറ പിന്നാലെ ഇറങ്ങിത്തിരിച്ചി രിക്കയാണു്. ഈ സത്യത്തെ അവൻ പലേ രൂപത്തിലും ഭാവ ത്തിലും കാണുവാൻ ശ്രമിച്ചു. 'അഹംബ്രഹ്മാസ്മി', 'തത്വമസി', 'സത്യം ജ്ഞാനം അനന്തം ബ്രഹ്മം' എന്നീ അടിസ്ഥാനതത്വങ്ങരം പഠിപ്പിച്ച ഹിന്ദുമതവും, 'പദാൎത്ഥം', 'രൂപം', 'ആദ്യകാരണം' 'ആത്യന്തികലക്ഷ്യം' എന്നീ പ്രാഥമിക തത്വചിന്താശകലങ്ങളിൽ എല്ലാം ഒതുക്കിനിൎത്താൻ ശ്രമിച്ച യവന തത്വചിന്തയും ഇതുപോ ലുള്ള മററ ചിന്താശീലുകളും നൂററാണ്ടുകളിലൂടെയുള്ള ഈ സത്യാ ന്വേഷണത്തിൻെറ ഫലങ്ങളാണു്. 'നിങ്ങരം സത്യമറിയുമ്പോരം സത്യം നിങ്ങളെ സ്വതന്ത്രരാക്കുമെന്നുള്ള' ആഹ്വാനാനുസാരം സ്വതന്ത്രരാകാൻ പര്യാന്വേഷണ വ്യഗ്രതയിൽ കഴിഞ്ഞുകൂടുന്ന ഇന്നത്തെ മനുഷ്യൻ 'സത്യമെന്താണു്?' എന്ന ചോദ്യം എറിഞ്ഞ പീലാത്തോസിൻെറ പ്രതീകത്തിലൂടെ ഇന്നും സത്യാന്വേഷണ ത്തിൽ ഏൎപ്പെട്ടിരിക്കുന്നു. ഇതിനാദ്യമായി വേണ്ടതു് 'തന്നോടു തന്നെയുള്ള സത്യസന്ധതയാണു്'. കാരണം, തന്നോടുതന്നെ സത്യ സന്ധത കാണിക്കുന്നവനു് മററുള്ളവരോട് കാപട്യം കാണിക്കുവാൻ സാധിക്കയില്ല. [5] സത്യത്തെ ദൈവം നമുക്കു ദാനമായിത്തരുന്നു.

(5) Shakespeare Hamlet 1. 3.

വിശ്രമവും (repose) സത്യവുംകൂടി ഒരുവന്ന് സ്വന്തമാക്കാൻ സാധിക്കയില്ല. ഇതിൽ ഏതെങ്കിലും ഒന്നു് നാം തെരഞ്ഞെടുക്കേണ്ടിയിരിക്കുന്നു. [6] ഇവിടെയാണു് അന്വേഷണത്തിന്റെ പ്രാധാന്യം നാം മനസ്സിലാക്കുന്നതു്. മനുഷ്യന്റെ ഓരോ ചലനവും, ഓരോ കാലടിയും സത്യത്തിലേയ്ക്കാണു്. 'ലോകത്തിൽ ഏററം രസകരമായ നേരമ്പോക്കു് സത്യമാണു്. എന്നെ സംബന്ധിച്ച് തമാശെന്നതുതന്നെ സത്യം പറയുകയത്രേ' എന്നു് ബർണാർഡ്ഷാ പറയുന്നതും ഇതിനാലാണു്. [7] മനുഷ്യജീവിതത്തിന്റെയും മനുഷ്യബന്ധങ്ങളുടെയും, ഈശ്വരമർത്ത്യബന്ധത്തിന്റെതന്നെയും ആണിക്കല്ലു് ഈ സത്യമാണു്. ഈ സത്യത്തെ നാം കുഴിച്ചുമൂടിയാൽ, അതു് സ്വയം ശക്തി സംഭരിക്കയും അതിന്റെ പൊട്ടിത്തെറിയുടെ ദിവസത്തിൽ തന്റെ മാർഗ്ഗത്തിലുള്ള എല്ലാവരെയും തകർത്തു തരിപ്പണമാക്കുകയും ചെയ്യും. [8] അതിനാൽ നമ്മുടെ അസ്തിത്വത്തിന്റെ തന്നെ ആവശ്യമാണു് ഈ സത്യന്വേഷണം.

## അന്വേഷണത്തിന്റെയും കണ്ടെത്തലിന്റെയും മാർഗ്ഗം

ആശയങ്ങളിലൂടെയും, വാർത്തകളിലൂടെയും, വിജ്ഞാനശകലങ്ങളിലൂടെയും ഈ സത്യം അവനെ സമീപിക്കുന്നതും, ഇവയെല്ലാം അവൻ അന്വേഷിക്കുന്നതും, നാം ആശയവിനിമയോപാധികൾ എന്നു പറയുന്ന മാദ്ധ്യമങ്ങളിലൂടെയാണു്. ഇന്നത്തെ ജീവിത പശ്ചാത്തലത്തിൽ ജീവിച്ചുപോകുന്നതിനു വ്യക്തിഗതമായ അനുഭവജ്ഞാനക്കും വളരെ അപ്പുറത്തുനിന്നും മനുഷ്യൻ വിജ്ഞാനവും അറിവും ശേഖരിക്കേണ്ടിയിരിക്കുന്നു. മറെറാരു വാക്കിൽ ലോകത്തിന്റെ പലേ കോണുകളിൽനിന്നും വാർത്തകളും

(6) Emerson-Essays-Intellect·
(7) B· Shaw-John Bull's other island II
(8) Emile_zola· Jaccuse·

വിവരങ്ങളും, മനുഷ്യജീവിതത്തെയും ജീവിതസാഹചര്യങ്ങളെയും കുറിച്ചുള്ള അറിവുകളും, അവനു ലഭിക്കേണ്ടിയിരിക്കുന്നു. ഈ അറിവുകളും വൃത്താന്തങ്ങളും എല്ലാം അവനെ സമീപിക്കുന്നതു് സാമൂഹ്യസമ്പർക്ക മാദ്ധ്യമങ്ങളിലൂടെയത്രേ. ആധുനിക മനുഷ്യനെ സംബന്ധിച്ചു് ഇവയെല്ലാം നേരിലുള്ള അനുഭവം (direct experience) പോലെതന്നെയാണു്. ചുരുക്കത്തിൽ ഈ ആശയവിനിമയോപാധികളാണു് അവൻെറ യാഥാർത്ഥ്യ ബോധം(idea of reality) അവനു പ്രദാനം ചെയ്യുന്നതു്. ഏതാനും ചില വ്യക്തികളുടെ കൈകളിൽ ഈ വിനിമയോപാധികൾ ഒതുങ്ങിക്കഴിയുമ്പോൾ മനുഷ്യൻെറ യാഥാർത്ഥ്യ ബോധത്തെ മാററിമറിക്കുന്നതിനും തെററായ ഒരു വീക്ഷണകോണത്തിലൂടെ എല്ലാം കാണുന്നതിനും അവനെ പ്രേരിപ്പിക്കും. ഇവിടെയാണു് ഒരപകടം പതിയിരിക്കുന്നതു്. ഈ ദുർവിനിയോഗത്തെയാണു് കൗൺസിൽ പ്രാരംഭത്തിൽതന്നെ വിരൽ ചൂണ്ടിയിരിക്കുന്നതും. [9]

## തിന്മയേക്കാൾ നന്മ

എന്നാൽ ഈ കരുത്ത വശത്തേക്കാൾ വളരെയധികം ഉപകാരം ഇവയിലൂടെയുണ്ടായിട്ടുണ്ടു്. കാരണം, ഇതര മനുഷ്യരെ സംബന്ധിച്ചു്, സൗഹൃദത്തിൻെറയും, അനുശാസനത്തിൻെറയും, സഹായത്തിൻെറയും സാഹോദര്യത്തിൻെറയും, ഉൽക്കണ്ഠയുടെയും, അറിവിൻെറയും ഒരു പ്രതലം സൃഷ്ടിക്കുവാൻ ഇവയ്ക്കുകഴിഞ്ഞിട്ടുണ്ടു്. സഹജീവികളുടെ ആനന്ദത്തിലും സന്തോഷത്തിലും അവരോടൊത്തു് ആനന്ദിക്കുന്നതിനും, അവരുടെ കഷ്ടപ്പാടിലും ബുദ്ധിമുട്ടിലും അവരോടൊത്തു സഹതപിക്കുന്നതിനും, അവരുടെ ആവശ്യങ്ങളിൽ അവക്കു് സഹായഹസ്തം നീട്ടുന്നതിനും ഇന്നു് മനുഷ്യനു് ഈ ഉപാധികളുടെ സഹായത്തോടെ സാധിക്കുന്നു. മനുഷ്യനെ മനുഷ്യനോടും, ഹൃദയങ്ങളെ ഹൃദയ

(9) Decree On Communication Media. No. 2.

ങ്ങളോടും, മനസ്സിനെ മനസ്സിനോടും, വികാരത്തെ വികാരത്തോടും, തത്വങ്ങളെ തത്വങ്ങളോടും, കൂട്ടി ഉരുമ്മിച്ച് മനുഷ്യ ബന്ധങ്ങളെ അരക്കിട്ടുറപ്പിക്കാൻ ഇവയ്ക്കു സാധിക്കുന്നുണ്ട്. അനുകമ്പയുടെയും, സ്നേഹത്തിൻെറയും, സേവനത്തിൻെറയും, സഹകരണത്തിൻെറയും നീർച്ചാലുകളായി ഇന്നു് ഇവ മാറിയിട്ടുണ്ട്. ഇതു് മനുഷ്യരുടെ ഇടയിൽ ഐക്യം സൃഷ്ടിക്കുന്നു. പരസ്പരം മാനവ സംഭാഷണങ്ങളിലൂടെ (human-dialogue) ഏകലോകത്തെ പടുത്തുയർത്തുന്നു. [10] "പിതാവേ, നാം ഒന്നായിരിക്കുന്നതുപോലെ ഇവരും ഒന്നായിരിക്കുന്നതിനുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു" (John. 17.21-23) എന്നുള്ള ക്രിസ്തുവിൻെറ പ്രാർത്ഥന സഫലമാകുന്നതിനുള്ള ഏററം പ്രാധാനപ്പെട്ട ഉപാധിയാണു് ആശയവിനിമയോപാധികൾ. ഇവയുടെ സഹായംകൂടാതെ ഇന്നത്തെ പരിതസ്ഥിതിയിൽ ക്രിസ്തുവിൻെറ പ്രാർത്ഥന നിവർത്തിതമാകാൻ പോകുന്നില്ല. ഈ പ്രാർത്ഥന മനുഷ്യസംസർഗ്ഗത്തിലൂടെയും ആശയവിനിമയത്തിലൂടെയും മാത്രമേ സാധിക്കൂ. പ്രചാരണം, പൊതുജനാഭിപ്രായം എന്നീ പ്രക്രിയകളിലൂടെ ഈ 'ഒന്നായിത്തീരൽ' പ്രാവർത്തികമാകുന്നതിനു് പത്രമാസികകളും, റേഡിയോയും ടെലിവിഷനും സിനിമയുംകൂടിയേ തീരൂ.

## എന്താണീ സത്യം?

സത്യം കണ്ടെത്തുന്നതിനും, ആ സത്യത്തിൽ പങ്കു പററുന്നതിനും അങ്ങനെ ആ സത്യത്തിൻെറ പങ്കുചേരലിലൂടെ ഒരു ജനതയായിത്തീരുന്നതിനുമുള്ള പ്രയാണലക്ഷ്യമായ ഈ സത്യം എന്താണു്? പലരും പലരും 'സത്യങ്ങളെ' നമ്മുടെ മുന്നിൽ കാണിച്ചു തരുന്നുണ്ട്. പക്ഷേ, 'ആത്യന്തിക സത്യം' (Final Truth), ഈ സത്യവത്വങ്ങൾ എല്ലാം പങ്കു പററിയിരിക്കുന്ന സാക്ഷാൽ സത്യം എന്താണു്? സത്യത്തിൻെറ പലേ മുഖങ്ങളും മനുഷ്യൻ ധരിച്ചുവ

(10) Kartheinz Schmidthus. Ibid. P. 97-98,

ച്ചിട്ടുണ്ട്. മതങ്ങളിലൂടെയും, സംസ്ക്കാരങ്ങളിലൂടെയും, ബുദ്ധി പരമായ അന്വേഷണങ്ങളിലൂടെയും, കലോപാസനയിലൂടെയും മനുഷ്യൻ ആ സത്യത്തെത്തേടി. 'ക്ഷണികസുഖങ്ങളിൽ ഈശ്വരൻ മിഥ്യയായി മാറുന്നതും പൊയ്മുഖങ്ങളുടെ മറവിൽ സത്യം ഇരുളിൽ' നില്ക്കുന്നതും മനുഷ്യൻ കണ്ടു. ഇങ്ങനെ അന്ധാളിച്ചു നിന്ന മനുഷ്യനെ അന്വേഷിച്ച് 'സാക്ഷാൽ സത്യം' ഇറങ്ങിത്തിരിച്ചു. ആ സത്യത്തിൻെറ രൂപരേഖയാകട്ടെ "ഞാൻ എവിടെ നിന്നു വന്നുവെന്നും എവിടേയ്ക്കുപോകുന്നുവെന്നും എനിക്കറിയാം" (John VIII. 14) എന്ന ചെറിയ വാചകത്തിലുണ്ട്. ഒരുവൻ്റെ ഉത്ഭവം, അവൻെറ ജീവിതലക്ഷ്യം, ഇവ രണ്ടും വ്യക്തമായി മനസ്സിലാക്കുമ്പോഴാണ് ഒരുവൻ തന്നോടുതന്നെ സത്യസന്ധനായിത്തീരുന്നതു്. ഈ സത്യവത്വത്തിൽ ഒരുവൻ്റെ അസ്തിത്വം മുഴുവനും ചുറ്റിക്കറങ്ങുന്നു. അവനു് തന്നോടും, മററുള്ളവരോടും, ദൈവത്തോടുമുള്ള സാമൂഹ്യബന്ധത്തിൻെറ ഊടുംപാവും യഥാർത്ഥത്തിൽ ഈ അറിവിലാണ് നെയ്തു കൂട്ടിയിരിക്കുന്നതു്. ഇവിടെ മനുഷ്യമനസ്സ് ഇരുട്ടറയല്ല, അതു് തെളിവും തുറവിയും ഉള്ളതായിത്തീരുന്നു. മനുഷ്യമനസ്സിൻെറ ഈ തുറവി (Openness) യാണ് യഥാർത്ഥത്തിൽ സാമൂഹ്യബന്ധങ്ങളുടെ സൃഷ്ടിപരമായ സൗകുമാര്യം. ഈ തുറവിയും തെളിവും കരുപ്പിടിപ്പിക്കുന്നതിനുള്ള ഉപാധികളാണ് ആശയവിനിമയോപാധികൾ. ഇവിടെ മനുഷ്യൻെറ പൂർണ്ണതയുണ്ടു്, മനുഷ്യൻ പൂർണ്ണനായിട്ടുമുണ്ടു്. സാമൂഹ്യബന്ധത്തിനു് വ്യക്തിയുടെ സംഭാവനയായ ഈ തുറവി സാമൂഹ്യത അഥവാ സാമൂഹ്യ മനോഭാവത്തിൽ നിന്നുമാണ് ഉടലെടുക്കുന്നതു്. ക്രിസ്തു പറയുന്നു: "ഞാൻ വിധിച്ചാൽതന്നെയും എൻ്റെ വിധി ശരിയായിരിക്കും. കാരണം, ഞാൻ ഏകനല്ല; എന്നോടുകൂടി എന്നെ അയച്ച പിതാവുണ്ടു്" (John. VIII. 16). പിതാവും പുത്രനും തമ്മിലുള്ള ആ അടിസ്ഥാനപരമായ ബന്ധത്തിൻെറ ശക്തിയാലാണ് ഈ തുറവി അങ്ങേയ്ക്കുണ്ടായതു്. പിതാവിൽനിന്നു മറയ്ക്കപ്പെട്ടതോ, പുത്രനിൽ നിന്നും ഒളിക്കപ്പെട്ടതോ ആയി അവർ തമ്മിൽ ഒന്നുമില്ല. അവർക്കു്

പ്രത്യേക പ്രത്യേക വ്യക്തിത്വങ്ങൾ ഉണ്ടെങ്കിലും പരസ്പരം അറിയുന്നു. ഈ അറിവിൽ നിന്നുമാണ് ഈ ഉറവി പിറന്നുവീഴുന്നതും. ഒരുപടികൂടിക്കടന്നാല്പോൾ അങ്ങ് സത്യത്തിനു സാക്ഷി നില്ക്കുക മാത്രമല്ല ചെയ്യുന്നതു്. അങ്ങു തന്നെ സത്യമായിത്തീരുന്നു "ഞാൻ വഴിയും സത്യവും ജീവനുമാകുന്നു". ചുരുക്കത്തിൽ അങ്ങ് സത്യമാണ്, ആ സത്യത്തിലേയ്ക്കുള്ള വഴിയും സത്യമറിയാനുള്ള മാദ്ധ്യമവും, അങ്ങു തന്നെ. ആ സത്യമാണു ജീവൻ, ആ സത്യമാണു ദൈവം. ആ സത്യത്തിന്നു് വേണ്ടിയാണ് മനുഷ്യൻ അന്വേഷണവ്യഗ്രനായി ഓടിനടക്കുന്നതു്. അവിടെ എത്തിച്ചേരാൻ അവൻ കണ്ടെത്തേണ്ട മാർഗ്ഗവും അങ്ങു തന്നെയത്രേ. ദൈവമാണാസത്യം.

## ആ സത്യത്തിലേയ്ക്കുള്ള മാർഗ്ഗം

ആ സത്യത്തിലേയ്ക്കു് നാം അടുപ്പിക്കപ്പെടുന്നതു് ക്രിസ്തുവിന്റെ മനുഷ്യത്വത്തിലൂടെയാണ്. കാരണം, ദൈവമായ പുത്രൻതമ്പുരാൻ നമ്മെ സമീപിച്ചതു് തന്റെ മനുഷ്യത്വത്തിലൂടെയത്രേ. ആ മനുഷ്യത്വത്തിലൂടെയല്ലാതെ മാനവതതിക്കു് പുത്രനായ ദൈവത്തിൽ ചെന്നെത്തുക സാധ്യമല്ല. പുത്രനെ അറിയാതെ ഒരുവനും പിതിവിനെ അറിയുന്നില്ല. കാരണം, പുത്രനും പിതാവും ഒന്നാകുന്നു. "എന്നെ അറിയുന്നവൻ എന്നെ അയച്ചവനെ അറിയുന്നു." "നിങ്ങൾ എന്നെ അറിഞ്ഞിരുന്നുവെങ്കിൽ എന്റെ പിതാവിനെ അറിയുമായിരുന്നു" (John. VIII. 19). ദൈവമാകുന്ന സത്യത്തിലേക്കു് നാം ചെന്നെത്തുവാനുള്ള 'മാദ്ധ്യമമാണ്' ക്രിസ്തു. ക്രിസ്തു നമ്മിൽ നിന്നും എടുക്കപ്പെട്ടു, നാം ക്രിസ്തുവിനെയൊ അങ്ങയുടെ പിതാവിനെയോ അറിഞ്ഞില്ല (John VIII. 19). ക്രിസ്തു പറഞ്ഞു: "ഞാൻ പോകുന്നു. നിങ്ങൾ എന്നെ അന്വേഷിക്കും" (John VIII. 21). ഇന്നു് നാം ആ അന്വേഷണത്തിലൂടെയാണ്. അങ്ങിൽ ചെന്നു ചേരാതെ നാം നമ്മുടെ ലക്ഷ്യത്തിൽ എത്തിച്ചേരുകയില്ല. ക്രിസ്തുവിൽ നാം എത്തിച്ചേരണമെങ്കിൽ അങ്ങയുടെ

മനുഷ്യത്വത്തെ നാം പഠിക്കണം. ആ മാദ്ധ്യമം സ്വായത്തമാക്കണം. ക്രിസ്തുവിൻെറ മനുഷ്യത്വം നമ്മെ സംബന്ധിച്ച് ദൈവത്തിൻെറ ഭാനമാണ്. ഇന്നത്തെ മാനവസംസ്ക്കാരത്തിൻെറ പശ്ചാത്തലത്തിൽ സത്യം നമ്മെ അന്വേഷിക്കയും, നാം സത്യത്തെ അന്വേഷിക്കയും ചെയ്യുന്ന ആശയവിനിമയോപാധികൾക്ക് ക്രിസ്തുവിൻെറ മനുഷ്യത്വത്തോളം തന്നെ, അങ്ങയുടെ മാംസത്തോളം (Flesh) തന്നെ വിലയുണ്ട്, പ്രാധാന്യമുണ്ട്. കാരണം, ദൈവവും മനുഷ്യനും തമ്മിലും, മനുഷ്യനും മനുഷ്യനും തമ്മിലുമുള്ള സംസർഗ്ഗത്തിൻെറ ഏററം പരിപൂർണ്ണ 'മാദ്ധ്യമം' (media) അങ്ങയുടെ മാംസമാണ്. ഇന്ന് മനുഷ്യനെയും മനുഷ്യനെയും, മനുഷ്യനെയും സത്യത്തെയും–ദൈവം–സംസർഗ്ഗത്തിലെത്തിക്കാൻ ഏററം ഉപകരിക്കുന്ന മാദ്ധ്യമമാണ് ആശയവിനിമയോപാധികൾ.

## വി. ഗ്രന്ഥപഠനം

ആശയവിനിമയത്തെ സംബന്ധിച്ച് നാം വി. ഗ്രന്ഥം പരിശോധിച്ചാൽ വളരെ വ്യക്തമായ ചില ആശയങ്ങൾ നമുക്കു ലബ്ധമാകും. ലോകവും ലോകത്തിലുള്ളവയും തൻെറ വാക്കാൽ സൃഷ്ടിച്ച ദൈവം തൻെറ സാമൂഹ്യജീവിതത്തിൽ ആശയവിനിമയം നിർവ്വഹിക്കുന്നതായി വേദപുസ്തകം സാക്ഷിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവം ആലോചിക്കുന്നു: "നമുക്കു് നമ്മുടെ സാദൃശ്യത്തിലും ഛായയിലും മനുഷ്യനെ ഉണ്ടാക്കാം. സമുദ്രത്തിലെ മത്സ്യങ്ങളുടേയും, വായുവിലെ പക്ഷികളുടേയും, കന്നുകാലികളുടേയും, സമസ്ത വന്യമൃഗങ്ങളുടേയുംമേൽ അവന് ആധിപത്യമുണ്ടായിരിക്കട്ടെ" (Gen. 1: 26). വ്യക്തികൾ തമ്മിൽ ഇവിടെ നടക്കുന്ന ആശയവിനിമയം തന്റെ 'സാദൃശ്യവും' 'ഛായയും' മനുഷ്യനു പങ്കു വയ്ക്കുന്നതിനെക്കുറിച്ചുള്ള ഒരു പരസ്യ ആലോചനയായിരുന്നു. ഈ ആശയം ബാഹ്യവത്ക്കരിക്കപ്പെട്ടതു് മണ്ണിൽനിന്നും മനുഷ്യനെ നിർമ്മിച്ചപ്പോഴാണ്. ദൈവികവ്യക്തികൾ തമ്മിലുള്ള ഈ

ആശയവിനിമയം രേഖപ്പെടുത്തിയശേഷം വി. ഗ്രന്ഥകർത്താവു് മനുഷ്യനിർമ്മിതിയുടെ രീതി വിവരിക്കുന്നു. "അനന്തരം മൺപൊടികൊണ്ടു് മനുഷ്യനെ നിർമ്മിക്കയും, അവൻെറ നാസാദ്വാരങ്ങളിലേയ്ക്കു് ജീവശ്വാസം ഊതുകയും, അങ്ങനെ മനുഷ്യൻ ജീവനുള്ളവനാകുകയും ചെയ്തു" (Gen. 2: 7). ദൈവവും മനുഷ്യനുമായുള്ള ആദ്യബന്ധമിതാണു്. ദൈവത്തിന്റെ നിശ്വാസം കളിമണ്ണിലേയ്ക്കു് കടന്നപ്പോൾ അതു് സചേതനമായിത്തീർന്നു. ദൈവം കളിമണ്ണുമായി സംസർഗ്ഗത്തിലേർപ്പെട്ടപ്പോൾ, അതു് ജീവനായിത്തീർന്നു. ദൈവസമ്പർക്കവും സംസർഗ്ഗവുമാണു് മണ്ണായ മനുഷ്യൻെറ ജീവഹേതു. തുടർന്നു് ദൈവവും മനുഷ്യനും തമ്മിലുള്ള ആശയവിനിമയത്തിൻെറ വിവരണം ഉൽപ്പത്തിയുടെ പുസ്തകം 1, 2, 3, അധ്യായങ്ങളിൽ വിവരിച്ചിട്ടുണ്ടു്. ഇവയെല്ലാംതന്നെ നേരിലുള്ള സംഭാഷണ രീതികളായിരുന്നു. മററു മാദ്ധ്യമങ്ങൾ ഒന്നും അന്നു് ഉപയോഗിച്ചില്ല. കാരണം മനുഷ്യതതി അത്രയധികം വളർന്നു പന്തലിച്ചില്ല.

ദൈവവും മനുഷ്യനുമായി ഉണ്ടായ ആശയവിനിമയത്തിനുശേഷം മനുഷ്യൻ മനുഷ്യനോടു സംസർഗ്ഗം ചെയ്യുവാൻ ആരംഭിച്ചു. "മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല, അവനെപ്പോലുള്ള ഒരു സഹായിയെ അവനുവേണ്ടി ഞാനുണ്ടാക്കും" (Gen. 2: 18) എന്നു പറഞ്ഞുകൊണ്ടു് അന്നു് ആദ്യ മനുഷ്യ സമൂഹത്തിനു് അടിത്തറയിട്ടു. സ്ത്രീ ലോകത്തിലുണ്ടായി. ദൈവത്തിൽനിന്നും അസ്തിത്വം പങ്കു പററിയ പുരുഷനിൽനിന്നും അസ്തിത്വം സ്വീകരിക്കുന്നു സ്ത്രീ. സ്ത്രീയെ കണ്ടപ്പോൾ ആദം അവളെ സംബന്ധിച്ചുള്ള തന്റെ ആശയം വ്യക്തമാക്കുന്നു. "ഇവൾ എൻെറ അസ്ഥിയുടെ അസ്ഥിയും മാംസത്തിൻെറ മാംസവുമാകുന്നു. നരനിൽനിന്നും എടുക്കപ്പെട്ടവളാകയാൽ, ഇവൾ നാരിയെന്നു വിളിക്കപ്പെടും" (Gen. 2: 23). മനുഷ്യസമൂഹത്തിലെ ആദ്യ ആശയവിനിമയമാണിതു്. ഇവിടെ ഐക്യത്തിൻെറയും, പരസ്പരബന്ധത്തിൻെറയും പങ്കു പററലിന്റെയും ആദ്യബീജം നാം കാണുന്നു. ഇതാണു് പിന്നീടു്

വളൎന്നു പന്തലിച്ച് ആംഗ്യവും, അംഗവിക്ഷേപവും, ഭാഷയും സാഹിത്യവും എല്ലാം എല്ലാമായി വളൎന്നിട്ടുള്ളതു്. സാമൂഹ്യതയുടെ ഭാവമായി 'നാം ഒന്നു'' എന്നുള്ള മാനസികനിലപാടാണു്, അവകാശപ്രഖ്യാപനമാണു നാമിവിടെക്കാണുക. മനുഷ്യസമൂഹത്തിലെ ആശയവിനിമയത്തിൻെറയും സമ്പൎക്കത്തിൻെറയും സംസൎഗ്ഗത്തിൻെറയും ആരംഭം വളരെ മനോഹരമായി ചിത്രീകരിച്ചിട്ടുണ്ടു്. ഇതോടുകൂടിത്തന്നെ മനുഷ്യസമുദായത്തിലെ സ്നേഹബന്ധത്തിൻെറ ഇഴനൂലുകഠം പൊട്ടുന്നതും, മനുഷ്യതതി പരസ്പരം ഭിന്നിക്കുന്നതും, കുററാരോപണം നടത്തുന്നതും, അകലുന്നതും കാണാം. തൻെറ ജീവൻെറ ജീവനായിരുന്ന ഇതര വ്യക്തിയെ ആദം തള്ളിപ്പറയുന്നു. മാനസികമായ ഒരു വലിയ അകൽച്ച പ്രകടമാക്കുമാറു് അദ്ദേഹം അവളെ "എനിക്കു സഖിയായിതന്ന ആ സ്ത്രീ'' യെന്നു് (Gen. 2: 12) പറയുന്നു. ഇവിടെ പരസ്പരവിശ്വാസം ശിഥിലമാകുന്നു, സ്നേഹം കുറയുന്നു; അകൽച്ച വൎദ്ധിക്കുന്നു. ആ ശിഥിലീകരണപ്രവണതയാണു് വൎദ്ധിച്ച് കായേനിലും ആബേലിലും ആദ്യത്തെ സംഘട്ടനമായും (Gen. 4: 8-16) പിന്നീടുള്ള എല്ലാ സംഘട്ടനങ്ങഠംക്കും യുദ്ധങ്ങഠംക്കും പരസ്പര മത്സരങ്ങഠംക്കും അടിസ്ഥാനമായും സാമൂഹ്യബന്ധത്തിൽ തകൎച്ച വരുത്തിയതു്. എല്ലാ മനുഷ്യ സംസൎഗ്ഗങ്ങളിലും ഈ രണ്ടു ധ്രുവങ്ങളും നമുക്കു കാണുവാൻ സാധിക്കും.

മനുഷ്യനും മനുഷ്യനും തമ്മിലുള്ള ഈ ആശയവിനിമയത്തിൻെറയും സംസൎഗ്ഗത്തിൻെറയും പ്രതിഭാസംപോലെതന്നെ, മനുഷ്യനും മൃഗങ്ങളും (Gen: 19-20) തമ്മിലും, മനുഷ്യനും അരൂപികളും തമ്മിലും (Gen. 3: 1-4) സംസൎഗ്ഗമുണ്ടായിരുന്നതായി വി. ഗ്രന്ഥം സാക്ഷിക്കുന്നു. ആശയവിനിമയത്തിൻെറ ഈ ചരിത്രാരംഭം പിന്നീടു് മാററങ്ങഠംക്കും, പരിഷ്ക്കാരങ്ങഠംക്കും, സാംസ്ക്കാരിക ഉഠംക്കാഴ്ചകഠംക്കും, മതാത്മകപ്രവണതകഠംക്കും, പ്രതീകങ്ങഠംക്കും, അടയാളങ്ങഠംക്കും, സ്ഥാനം നല്കിക്കൊണ്ടു് പലേ രൂപത്തിലും ഭാവത്തിലും മാനവസമൂഹത്തിൽ വളൎച്ചയാൎന്നുവന്നു.

## മാദ്ധ്യമങ്ങളിലേയ്ക്കുള്ള മാററം

നേരിൽ ഉണ്ടായിരുന്ന ആദ്യസമ്പക്ക്ങ്ങളിൽ പിന്നീട്ട് മാദ്ധ്യമങ്ങറം സ്വീകൃതമായി. ദൈവത്തെപ്പററിയുള്ള കാര്യങ്ങളും, അദൃശ്യങ്ങളായ അങ്ങയുടെ ഗുണവിശേഷങ്ങളും സൃഷ്ടവസ്തുക്കളെന്ന മാദ്ധ്യമങ്ങളിലൂടെ (Rom. 1:19-20; Psalm. 50) അങ്ങ് അറിയിക്കുന്നു. പിന്നീട്ട് പ്രവാചകന്മാരെയും മററാളുകളെയും മാദ്ധ്യമങ്ങളാക്കി. പിശാച്ച് തന്റെ ആശയവിനിമയോപാധിയായി സ്വീകരിച്ചതു് സപ്പത്തെ (Gen. 3:1–15)യത്രേ. അതു പോലെതന്നെ മനുഷ്യൻ, അംഗവിക്ഷേപങ്ങളും അടയാളങ്ങളും, മററ സൃഷ്ടവസ്തുക്കറം പലതും മാദ്ധ്യമങ്ങളാക്കിത്തീത്തു. ഇന്നു് ശാസ്ത്രം കണ്ടുപിടിത്തങ്ങളിലൂടെ അവനു് ആധുനിക സമ്പക്ക്മാദ്ധ്യമങ്ങറം പ്രദാനം ചെയ്തപ്പോറം അവൻ അവ ഉപയോഗിച്ച് സാമൂഹ്യബന്ധങ്ങറം സ്ഥാപിക്കയും അവ തല്പിത്തകക്കുകയും പുനഃസ്ഥാപിക്കയും ചെയ്യുന്നു. ഇത്രയും കുറിച്ചതു് മനുഷ്യനും ദൈവവും പിശാചുപോലും ആശയവിനിമയത്തിനു് മാദ്ധ്യമങ്ങറം ഉപയോഗിച്ചിരുന്നു എന്നു കാണിക്കുവാനത്രേ.

## ആദ്യത്തെ മാദ്ധ്യമം

ഒരു വ്യക്തിയേ സംബന്ധിച്ച് ആശയവിനിമയത്തിനും സംസക്ഗത്തിനുമുള്ള ഏററം അടുത്ത ഉപാധി അഥവാ മാദ്ധ്യമം അവന്റെ ശരീരമാണു്. അവന്റെ മാനസിക നിലപാടിനെ ഇതരക്കു വ്യക്തമാക്കുന്നതിനുള്ള മാദ്ധ്യമം ശരീരമാണല്ലോ. അവന്റെ അംഗവിക്ഷേപം, ശബ്ദം, നോട്ടം, സംസാരം, ആംഗ്യങ്ങറം, ശരീരത്തിന്റെ നിസാരമായ ചലനങ്ങറം ഇവയെല്ലാംതന്നെ ആശയം വ്യക്തമാക്കാനുള്ള ഉപകരണങ്ങറം ആക്കിത്തീക്കുന്നു. പദസമൃദ്ധിയില്ലാത്ത പരിതസ്ഥിതിയിൽ ശാരീരികചലനങ്ങളിലൂടെ അവൻ ആശയം വ്യക്തമാക്കുന്നു. ഈ ശരീരമാകട്ടെ വിശുദ്ധവും പരിപാവനവുമായ ഒരു മാദ്ധ്യമവുമാണു്. വി. പൗലോ

സ് ഇതു വ്യക്തമായ ഭാഷയിൽ പഠിപ്പിക്കുന്നുണ്ട്. 'പരിശുദ്ധാത്മാവിൻെറ വാസസ്ഥലം,' 'ത്രിത്വത്തിൻെറ ആലയം' 'മിശിഹായുടെ അവയവം' എന്നീ വാക്കുകളിലൂടെയത്രേ വി. പൗലോസ് മനുഷ്യശരീരത്തിൻെറ വിശുദ്ധി പ്രകടമാക്കുന്നതു്. "എന്തെങ്കിലും പരിശുദ്ധമായിട്ടുണ്ടെങ്കിൽ അതു് മനുഷ്യശരീരമാണെ"ന്നു് വാൾട്ട് വിറ്റ്മാൻ പ്രഘോഷിക്കുന്നു. [11] ദൈവം ശരീരത്തെ സൃഷ്ടിച്ചതുകൊണ്ടും അന്ത്യദിവസത്തിൽ അതിനെ ഉയിർപ്പിക്കുമെന്നുള്ളതുകൊണ്ടും അതിനെ ഉത്തമവും ബഹുമാന്യവുമായി കരുതാൻ മനുഷ്യൻ കടപ്പെട്ടവനാണെന്നു് കൗൺസിൽ അസന്ദിഗ്ദ്ധമായ ഭാഷയിൽ പഠിപ്പിക്കുന്നു. [12] ഇത്ര പരിശുദ്ധമായ ഈ മാദ്ധ്യമം അതിൻെറ പാവനതയിൽ മനുഷ്യൻ സമ്പർക്കത്തിൻെറയും സംസർഗ്ഗത്തിൻെറയും മാദ്ധ്യമമാക്കിപ്പോന്നു.

## ഇതരമാദ്ധ്യമങ്ങൾ ആവശ്യം

മനുഷ്യൻ മനുഷ്യനോട്ട് സമീപസ്ഥനായിരുന്നപ്പോൾ, ഇതര വസ്തുക്കൾ അവൻെറ ശരീരത്തിൽനിന്നും അത്ര അകലെയല്ലായിരുന്നപ്പോൾ, ശരീരമെന്ന പ്രാഥമിക മാദ്ധ്യമത്തിൻെറ (Primary medium) പുറമെ മറെറാന്നു് ആവശ്യമായി അവനു തോന്നിയില്ല. അവൻെറ കൈയ്യ് എത്താവുന്നതു് അവൻ പറിച്ചിരുന്നു. കൈയ്യ് അപ്പുറമുള്ളതിനു് അവൻ തോട്ടി ഉപയോഗിച്ചു. അതിനു് ഉപരിയായിട്ടുള്ളിടത്തു് വള്ളവും, ബോട്ടും, കാറും, ബസ്സും, ട്രെയിനും, പ്ലെയിനും ഒക്കെ ഉപയോഗിച്ചു. വിളിച്ചു പറഞ്ഞാൽ കേൾക്കുന്നിടത്തു് ആശയവിനിമയത്തിനു് മറെറാരുപാധി വേണ്ടായിരുന്നു. എന്നാൽ, അവൻെറ സ്വരത്തിനുമപ്പുറമുള്ളവരെ കേൾപ്പിക്കാനും അവരിൽനിന്നു കേൾക്കാനും അവൻ എഴുത്തുകൾ, ഫോൺ, ടെലഗ്രാം, റേഡിയോ എന്നിവ

---

(11) Walt Whitman. I sing the body Electric.
(12) Decree Church in the Modern World No. 14

മാദ്ധ്യമങ്ങളെ നാം സാഹചര്യത്തിൻെറ സമ്മർദ്ദത്താൽ സ്വീകരിക്കുന്നു. ക്രിസ്തുവിൻെറ കാലത്തു് പ്രസംഗങ്ങളും, ശ്ലീഹന്മാരുടെ കാലത്തു് പ്രസംഗങ്ങളും എഴുത്തുകളും (epistles) അവർ ഉപയോഗിച്ചു. അന്നത്തെ മെച്ചമായ രീതികൾ അതായിരുന്നു. ഇന്നായിരുന്നെങ്കിൽ ക്രിസ്തുവും പൗലോസുമൊക്കെ റേഡിയോയും ടെലിവിഷനും ഉപയോഗിച്ച് മനുഷ്യനുമായി സമ്പർക്കത്തിലേപ്പെടുകയും ആശയങ്ങൾ വാരിവിതറുകയും ചെയ്യുമായിരുന്നു. ദൃശ്യശ്രാവ്യമാദ്ധ്യമങ്ങൾ കൈകോർത്തു നില്ക്കുന്ന ചലച്ചിത്ര രംഗം തീർച്ചയായും ക്രിസ്തുവിൻെറയും പൗലോസിൻെറയും പ്രചരണ മാദ്ധ്യമങ്ങളായിത്തീരുമായിരുന്നു. പുറജാതിയെ നേടാൻ പുറജാതിയും, യൂദനെനേടാൻ യൂദനുമായി രംഗത്തുവന്ന ശ്ലീഹാ തീർച്ചയായും സാമാന്യക്കാരനെ നേടാൻ ചലച്ചിത്രരംഗത്തു പ്രവർത്തിക്കുമായിരുന്നു.

## ദൈവം സ്വീകരിച്ച മാദ്ധ്യമം—'മാംസം'

വ്യക്തിപരമായ സംസർഗ്ഗത്തിനു് ഏററം ഉപകരിക്കുന്നതു് ശരീരമാണെന്നു നാം കണ്ടു. ഇന്നത്തെ വ്യാമിശ്രസാമൂഹ്യവ്യവസ്ഥിതിയിൽ ഈ ഉപാധി പിന്നിലേയ്ക്കു് തള്ളപ്പെട്ടു. എങ്കിലും സംസർഗ്ഗവും സമ്പർക്കവും മെച്ചപ്പെടുത്താൻ ഈ ഉപാധികളെ മനുഷ്യൻ ഇന്നും ഉപയോഗിക്കുന്നുണ്ടു്. ദൈവം മനുഷ്യനുമായി വ്യക്തിപരമായ ബന്ധം (personal relation) പുനഃസ്ഥാപിക്കാൻ ഇതരമാദ്ധ്യമങ്ങൾ പലതും ഉപയോഗിച്ചതിനുശേഷം ശരീരത്തിൻെറ മാർഗ്ഗമാണു് സ്വീകരിച്ചതു്. അതിൽ അങ്ങു വിജയിച്ചു. ഈശ്വരമർത്ത്യസംസർഗ്ഗത്തിൽ ഏററം പൂർണ്ണവും പരിശുദ്ധവും മനുഷ്യാവതാരത്തിൻെറ മാർഗ്ഗമായിരുന്നു. ദൈവം തന്നെക്കുറിച്ചുതന്നെയുള്ള തൻെറ ഗാഢവിചിന്തനത്തിനു വാക്കു കൊടുത്തു. അതാണു് വചനം (Verbum). [13] ഈ വചനം, ദൈവത്തെക്കുറിച്ചുള്ള പ്രസ്താവന

---

(13) വചനം, word എന്ന ഇംഗ്ലീഷു പദത്തിൻെറ പരിഭാഷയാണു്. ഇതിനു് പ്രസ്താവന, സന്ദേശം എന്നൊക്കെ അർത്ഥമുണ്ടു്. ഇതിനുള്ള ലത്തീൻ തൽസമമാണു് Verbum.

യാണ്, സന്ദേശമാണ്. പിതാവായ ദൈവം തന്റെ മനോദർപ്പണ ത്തിൽ സ്വയം പ്രതിബിംബിച്ചതാണ് പുത്രൻ. പിതാവിന്റെ പ്രതി ബിംബനം (image), അങ്ങയുടെ ചിന്ത, തന്നെക്കുറിച്ചുതന്നെ അങ്ങു നടത്തിയ പ്രസ്താവന, തന്നെക്കുറിച്ചു തനിക്കു ലോകത്തിനു നല്കാനുള്ള സന്ദേശം ഇതെല്ലാമാണ് രണ്ടാമാളായ പുത്രൻതമ്പുരാൻ. ആ വചനം മാംസമായി (Verbum Caro factum est) നമ്മുടെ ഇടയിൽ വസിച്ചു. ദൈവം തന്നെയായിരിക്കുന്ന വചന ത്തെ നാം മനസ്സിലാക്കുന്നതു് ക്രിസ്തുവിലൂടെയാണ്. ക്രിസ്തുവിന്റെ ശരീരത്തിലൂടെ, അങ്ങയുടെ മനുഷ്യത്വത്തിന്റെ മാദ്ധ്യമത്തിലൂടെ യാണ് ദൈവം നമ്മോടു സംസർഗ്ഗം ചെയ്തതു്. അങ്ങിലായിരുന്ന ജീവൻ, മനുഷ്യരുടെ പ്രകാശമായിരുന്ന ജീവൻ, മനുഷ്യരി ലേയ്ക്കു് പ്രവഹിച്ചതു് അങ്ങയുടെ തിരുശരീരത്തിലൂടെയായിരുന്നു. ക്രിസ്തുവിന്റെ മാംസമാണ്, ക്രിസ്തുവിന്റെ ശരീരമാണ് അങ്ങ യുടെ മനുഷ്യത്വമാണ് മനുഷ്യനുമായി ആശയവിനിമയം നടത്തുന്നതിനും സംസർഗ്ഗം ചെയ്യുന്നതിനുമുള്ള ഉപാധിയായി ദൈവം സ്വീകരിച്ചതു്. [14] ഈ ഉപാധിയിലൂടെയാണ് ദൈവവും മനുഷ്യനും, മനുഷ്യനും മനുഷ്യനും, മനുഷ്യനും അരൂപികളും, തമ്മിൽ സംസർഗ്ഗത്തിൽ ഏർപ്പെടുക. മനുഷ്യാവതാരത്തിന്റെ ഈ അടിസ്ഥാനത്തിലെ 'ഇതരൻ' എന്റെ സഹോദരനായിത്തീരുന്നുള്ളു. അവന്റെ ഉള്ളിൽ കടന്നു് അവന്റെ മനസ്സിൽ ചലനം സൃഷ്ടിക്കു വാൻ ക്രിസ്തുവാകുന്ന ഉപാധി മാത്രമേ, വാതായനം മാത്രമേ, മനുഷ്യനു സംലബ്ധമായിട്ടുള്ളൂ. അതിനാൽ ഇതര വ്യക്തികളുമായി ആശയ വിനിമയത്തിനു് അടിസ്ഥാനമായ സംഭാഷണത്തിന്റെയും (dialogue) സംസർഗ്ഗത്തിന്റെയും (Communication) ദൈവ ശാസ്ത്രത്തിന്റെ അടിസ്ഥാനശില ക്രിസ്തുവിന്റെ മാംസമാണ്, മനു ഷ്യത്വമാണ്. ദൈവം മനുഷ്യനുമായി സംസാരിച്ചതും, മനുഷ്യൻ

(14) മാംസം (flesh) ശരീരം (body) എന്നീ പദങ്ങൾ സമ്പൂർണ്ണവ്യക്തിയെ ദ്യോതിപ്പിക്കുന്നതിനായി വി. ഗ്രന്ഥത്തിൽ ഉപയോഗിക്കുന്നു.

ഉപയോഗിക്കാനാരംഭിച്ചു. കാഴ്ചയുടെ കാര്യത്തിലും ഇതുതന്നെ യാണ് സംഭവിച്ചതു്. അവൻെറ കണ്ണെത്താത്ത ദൂരത്തിൽ സംഭവിച്ച സംഗതികളെ അവൻ ടെലിവിഷനിലൂടെയും, സിനിമയിലൂടെയും പത്രത്തിലെ വാർത്തകളിലൂടെയും ഫോട്ടോ കളിലൂടെയും മനസ്സിലാക്കാൻ നിർബന്ധിതനായി. മനുഷ്യ ശരീരമെന്ന പ്രാഥമിക മാദ്ധ്യമത്തിൻെറ പരിക്ലിപ്തി (limitation) യിൽ നിന്നുമാണ് ഇതര മാദ്ധ്യമങ്ങൾ അവൻ സ്വീ കരിച്ചതു്. അതിനാൽ ഇവയെല്ലാം അവനെ സംബന്ധിച്ച് ശാരീരികപ്രലംബന (Physical extension) ങ്ങളായിത്തീരുന്നു. പരസ്പര സമ്പർക്കവും സംസർഗ്ഗവും ആവശ്യമുള്ള മനുഷ്യവർഗ്ഗം ഇന്നു വളർന്നു പന്തലിച്ച് ലോകം മുഴുവൻ ചിതറിക്കിടക്കുകയാ ണ്. പരസ്പരസമ്പർക്കത്തിനും സംസർഗ്ഗത്തിനും അവനെ അഭിമു ഖീകരിക്കുന്നതു് ഭൂമുഖത്തു ചിന്നിച്ചിതറിക്കിടക്കുന്ന മനുഷ്യമക്ക ളാണ്. അതിനാൽ, അവൻ നേരിടുന്നതു് ഒരുമിച്ചുകൂടിയിട്ടുള്ള സ്വാഭാവിക ശ്രോതാക്ക (Physical andience) ളെയല്ല. ശാരീ രികമായി അവർ ഒരുമിക്കപ്പെട്ടുന്നുമില്ല. പകരം ചിതറിക്കപ്പെ ട്ടിട്ടുള്ള കേൾവിക്കാരെയത്ര (dispersed audience) ലഭിച്ചി ട്ടുള്ളതു്. വെറുമൊരു കൂട്ടമല്ലാത്തതിനാൽ ശാരീരിക അടുപ്പ ത്തിൽനിന്നും ഉളവാകുന്ന പാരസ്പരിക ഉത്തേജനം (interstimulation) ഇവിടെ ലഭിക്കുന്നില്ലെന്നുള്ളതു ശരിയാണ്. ചിന്നി ച്ചിതറിക്കിടക്കുന്ന കേൾവിക്കാരെയും അനുവാചകരെയും ഒക്കെ ഉൾക്കൊള്ളുന്ന ഒരു 'സഭയി'ൽ ശാരീരികമായ സംസർഗ്ഗത്തിനു് വലിയ വിലയില്ല. അതിനാലാണ് റേഡിയോ, സിനിമ, ടെല വിഷൻ, പത്രമാസികകൾ എന്നീ ഉപാധികൾ നാം സ്വീകരി ക്കാൻ നിർബന്ധിതരായിത്തീരുന്നതു്. വ്യക്തിപരമായ സംഭാഷ ണങ്ങളും, നിഷ്കൃഷ്ടങ്ങളായ സദസ്സുകളും, എഴുത്തുകളും, ദൂതൻ വഴിയുള്ള സംസർഗ്ഗങ്ങളും, ക്ലേശപൂർണ്ണവും വ്യയഹേതുകവുമാണ്. അതിനേക്കാൾ സുഗമവും സൗകര്യപ്രദവും, ശാസ്ത്രീയവും, സാങ്കേതിക പുരോഗതിയും നമ്മുടെ മുമ്പിൽ കാഴ്ചവയ്ക്കുന്നവയുമായ ആധുനിക

മനുഷ്യനോട്ട് ഇന്നു സംസാരിക്കുന്നതും ക്രിസ്തുവാകുന്ന മാദ്ധ്യമത്തിലൂടെയാണ്. ദൈവം സംസർഗ്ഗം ചെയ്തതും അങ്ങിനെതന്നെ. ക്രിസ്തുവാണ്, അങ്ങയുടെ മനുഷ്യാവതാരമാണ്, ഈശ്വരമർത്ത്യബന്ധത്തിനു് അരക്കിട്ടുറപ്പിച്ചതു്, 'ദൈവത്തിൻെറ മഹത്വം നാം ദർശിച്ചതു്, നമ്മുടെ കണ്ണുകൾകൊണ്ടു കണ്ടതു്" ക്രിസ്തുവിലത്രേ.

## ആരാധനക്രമത്തിലെ തെളിവുകൾ

ഈ ആശയംതന്നെയാണ് ദൈവാരാധനക്രമവും നമ്മെ പഠിപ്പിക്കുന്നതു്. പിതാവിൻെറ സത്തയും പ്രതിരൂപവും, മഹത്വത്തിൻെറ പ്രകാശവുമായ അങ്ങ് മനുഷ്യശരീരത്തോടെ പ്രത്യക്ഷപ്പെട്ടു. [15] പിതാവിൻെറ സത്തയും പ്രതിരൂപവും ക്രിസ്തുവിൻെറ മനുഷ്യശരീരമാകുന്ന മാദ്ധ്യമത്തിലൂടെയാണ് നമുക്കു പ്രത്യക്ഷമായതു്. സ്നേഹത്തെയും ശരണത്തെയും വദ്ധിപ്പിക്കുന്ന ജീവദായകമായ സന്ദേശം നാം ശ്രവിക്കുന്നതു് വേദപുസ്തകത്തിൻെറ മാദ്ധ്യമത്തിലൂടെയാണ്. [16] ഈ വേദപുസ്തകം കേന്ദ്രീകൃതമായിരിക്കുന്നതു് ക്രിസ്തുവിലുമാണ്. വേദപുസ്തകത്തിൻെറ സാരസംഗ്രഹമാകട്ടെ മനുഷ്യനായി അവതരിന്നനായ ക്രിസ്തുവും. മനുഷ്യാവതാരത്തിൻെറ അഭാവത്തിൽ പഴയ നിയമവും പുതിയ നിയമവും അത്ഥമില്ലാത്ത വെറും പാഴ്വാക്കുകളായി മാറുന്നു. അപ്പോൾ ബൈബിളിലൂടെ നമ്മെ സമീപിക്കുന്ന ജീവദായകമായ സന്ദേശം ക്രിസ്തുവാണ്. പിതാവിൻെറ സന്ദേശമാണതു്. നമ്മുടെ മനുഷ്യസ്വഭാവം അങ്ങു സ്വീകരിച്ചതു് ദൈവിക ജീവനിൽ നമ്മെ പങ്കുകാരാക്കുന്നതിനുവേണ്ടിയത്രേ. [17] മനുഷ്യസ്വഭാവത്തിലൂടെയാണ്, മനുഷ്യത്വത്തിലൂടെയാണ്, തൻെറ ജഡത്തിലൂടെയാണ് ഈ ദൈവിക ജീവനു് നമ്മെ പങ്കു ചേക്കുന്നതു് (Communicate) ഈ പങ്കു ചേരൽ (Com-

---

(15) സീറോ മലബാർ കുർബ്ബാനക്രമം. P. 8.
(16) ,, ,, P. 9.
(17) ,, ,, P. 29.

munication) പ്രാവർത്തികമാക്കാനാണ് ക്രിസ്തു മനുഷ്യശരീരം സ്വീകരിച്ചതെന്നു വ്യക്തം.

ക്രിസ്തു ഇന്നു് തൻെറ ജീവിതം നമുക്കു പങ്കുവച്ചു തരുവാൻ, തന്നെത്തന്നെ നമുക്കു തരുവാൻ, നമ്മോടു സമ്പക്കത്തിലും സംസർഗ്ഗത്തിലും ഏർപ്പെടുവാൻ ഉപയോഗിക്കുന്ന ഏററം വലിയ മാർഗ്ഗം പ. കർബ്ബാനയാണല്ലോ. വി. കുർബ്ബാനയിൽ അങ്ങു് നമ്മേ സമീപിക്കുന്ന മാർഗ്ഗമാകട്ടെ 'അപ്പത്തിൻെറയും വീഞ്ഞിന്റേയും സാദൃശ്യ'ങ്ങളിലാണ്. 'വചനം മാംസമായ' ക്രിസ്തുവിൻെറ 'മാംസരക്തങ്ങൾ' അപ്പത്തിൻെറയും വീഞ്ഞിൻെറയും 'സാദൃശ്യത്തിൽ' നമ്മെ സമീപിക്കുന്നു. ഏതാണ്ടിതുപോലെതുല്ല്യത ഇല്ല ദൈവവും ദൈവികമൂല്യങ്ങളും, മനുഷ്യനും മാനുഷിക മൂല്യങ്ങളും, ആദർശങ്ങളും, ആശയങ്ങളും ദർശനങ്ങളും അനുഭൂതികളുമെല്ലാം ഇന്നു മനുഷ്യനെ സമീപിക്കുന്നതു് ആശയവിനിമയോപാധികളുടെ സാദൃശ്യത്തിലാണ്. വി. കുർബ്ബാനയിലെ വസ്തുമാററം പോലെ ഇവിടെ സംഭവിക്കുന്നുവെന്നു് വിവക്ഷയില്ല. വചനം വചനമായിട്ടോ, മനുഷ്യൻ മനുഷ്യനായിട്ടോ, തത്വങ്ങളും ആശയങ്ങളും അവയുടെ തനിരൂപത്തിലോ, അല്ല നമ്മെ സമീപിക്കുക. മറിച്ചു് നോവലും നാടകവും ചെറുകഥയും, സിനിമയും, പാട്ടും, ഡാൻസും, പത്രവും ഒക്കെയായി, അവയുടെ സാദൃശ്യം സ്വീകരിച്ചു് നമ്മിലേയ്ക്കു് ഇറങ്ങി വരുന്നു. നാം ഇവയുടെ സാദൃശ്യങ്ങളിൽ ആശയങ്ങളെയും അനുഭൂതികളെയും മനുഷ്യനെയും ദൈവത്തെത്തന്നെയും സ്വീകരിച്ചു് സാത്മീകരിക്കുന്നു. ഇവിടെയും ദൈവം മാദ്ധ്യമങ്ങൾ സ്വീകരിക്കുന്നതു വ്യക്തമാണല്ലോ.

## മാംസത്തിൻെറ വികലത ദൈവം സ്വീകരിച്ചു

ദൈവം മനുഷ്യശരീരം സ്വീകരിച്ചു് ആ മാദ്ധ്യമത്തിലൂടെ നമ്മെ തന്റെ സാമൂഹ്യജീവിതത്തിൽ പങ്കു ചേർത്തപ്പോൾ, ദൈവവും മനുഷ്യനും പരസ്പരം ആശയവിനിമയം സാധിച്ചപ്പോൾ, തന്നെക്കുറിച്ചുള്ള 'നല്ല വാർത്ത' [18] നമ്മെ അറിയിക്കാൻ സ്വയം തീരുമാ

(18) സുവിശേഷം=നല്ല വാർത്ത.

നിച്ചപ്പോഠം, മനുഷ്യശരീരത്തിൻെറ വികലതകൂടി സ്വയം സ്വീകരിക്കാൻ തയ്യാറായി. ക്രിസ്തുവിൻെറ കാര്യത്തിൽ എന്തെങ്കിലും ധാമ്മിക അപാകത അചിന്തനിയമാണല്ലോ. ഇവിടെ സൂചിപ്പിക്കുന്നതു് മനുഷ്യവ്യക്തിത്വത്തിൻെറയും, മനുഷ്യശരീരത്തിൻെറയും സ്വാഭാവിക പരിക്ലിപ്തി (Natural limitations) കളത്രേ. സ്ഥലകാലപരിമാണങ്ങഠംക്കു വിധേയമായ ആ പരിക്ലിപ്തിയാണു് വിവക്ഷിക്കപ്പെടുന്നതു്. അതുപോലെതന്നെ, വിശപ്പു്, ദാഹം, തളച്ച്, പ്രയത്നം, ക്ഷീണം, മരണം ഇവയാലും മനുഷ്യശരീരം ഗ്രസ്തമാണല്ലോ. ഈ പരിമിതികഠം മനുഷ്യസ്വഭാവത്തിൻെറ പ്രത്യേകതകളാണു്. മനുഷ്യശരീരം സ്വീകരിക്കാൻ തീരുമാനിച്ചപ്പോഠം ദൈവം സ്വയം ഈ പരിമിതികഠംക്കു തന്നെത്തന്നെ അധീനനാക്കി. ക്രിസ്തുവും ഇവയ്ക്കെല്ലാം വിധേയനായിരുന്നു.

## മനുഷ്യനിലെ ധാമ്മിക വികലത

എന്നാൽ ആദ്യപാപത്താൽ ചില പ്രത്യാഘാതങ്ങഠംക്കു വശഗനാകുകയും, പിന്നീടു് രക്ഷണീയനാകയും ചെയ്ത മനുഷ്യൻെറ കാര്യത്തിൽ വെറം സ്വാഭാവികപരിമിതികഠംക്കപ്പുറം ധാമ്മികവികലതകളും നാം ദശിക്കുന്നു. പാപം ചെയ്യുന്ന മനുഷ്യൻ, പാപത്തിലേയ്ക്കു് ആകഷിക്കപ്പെടുന്ന മനുഷ്യൻ, പാപസാഹചര്യങ്ങളിൽക്കിടന്നുഴലുന്ന മനുഷ്യൻ, സംസഗ്ഗമാദ്ധ്യമമായി ശരീരത്തെയും ഇന്നത്തെ സാഹചര്യത്തിൽ ആധുനിക സാമൂഹ്യമാദ്ധ്യമങ്ങളെയും ഉപയോഗിക്കുമ്പോഠം അവയുടെ പരിമിതികളും, ഉപയോഗത്തിലുള്ള തിന്മയും അവനിൽ കടന്നുകൂടുന്നു. പക്ഷേ, ഉപയോഗ വികലതയും, അതിൽനിന്നും ഉൽഭൂതമാകുന്ന തിന്മയും പേടിച്ചു് അവയെ ഉപേക്ഷിക്കുന്നതു് ശരിയല്ല. അവയെ, ഇന്നത്തെ പരിപാലനാവൃത്തത്തിൽ, സമ്പക്മാദ്ധ്യമങ്ങളായി സ്വീകരിക്കുമ്പോഠം ഇവയുടെ സ്വഭാവത്തിലും ഉപയോഗരീതിയിലും അന്തല്ലീനമായിരിക്കുന്ന പരിമിതിയേയും പരിക്ലിപ്തിയേയും നാം സ്വീകരിച്ചേ പററ. എന്നാൽ അവയുടെ ഉപയോഗത്തിലുള്ള തിന്മയെ ദൂരീകരിക്കാൻ

സ്വാതന്ത്ര്യബുദ്ധിയുള്ള ഒരു സൃഷ്ടിയെന്നനിലയ്ക്കു് മനുഷ്യനു് ധാർമ്മികമായ ഒരു കടമയുണ്ടു്. അതു വിസ്മരിക്കാവതല്ല. എങ്കിലും തിന്മയുടെ ലവലേശംപോലും തീണ്ടാത്ത, സമ്പൂർണ്ണപരിശുദ്ധമായ ഒരു ഉപയോഗരീതി സ്വീകരിക്കാൻ പാപിയായ മനുഷ്യനു്, പാപത്തിലേയ്ക്കു പ്രവണതയുള്ള മനുഷ്യനു് പ്രായോഗിക ജീവിതത്തിൽ വളരെ ബുദ്ധിമുട്ടുകൾ ഉണ്ടു്. നന്മതിന്മകളുടെ ഇടനാഴിയിൽ ഞെരുങ്ങിക്കഴിഞ്ഞുകൂടുന്ന ആധുനിക മനുഷ്യൻ നന്മ പ്രചരിപ്പിക്കുന്നതിനും, സത്യം അറിയിക്കുന്നതിനും, മനുഷ്യനു് വിജ്ഞാനവും വിനോദവും പകരുന്നതിനും ശ്രമിക്കുമ്പോൾ സാമൂഹ്യതിന്മകളുടെ ചിത്രം വരച്ചുകാട്ടേണ്ടി വരും. അതു് ആവശ്യമാണു്. ഇന്നത്തെ ഈ വ്യവസ്ഥിതിയിൽ നന്മമാത്രമുള്ള ഒരു ജീവിതത്തെ ചിത്രീകരിക്കാൻ മനുഷ്യൻ ശക്തനല്ല. തിന്മ ചിത്രീകരിക്കപ്പെടുന്നിടത്താണു് ബോധപൂർവ്വമായ ഉപയോഗരീതിയോടു് അവൻ സത്യസന്ധത പുലർത്തേണ്ടതു്.

## കലയും ധാർമ്മികതയും

ഇവിടെ കലയും ധാർമ്മികതയും തമ്മിലുള്ള ബന്ധം അല്പം വിശകലനം ചെയ്യേണ്ടിയിരിക്കുന്നു. കലയുടെ ശ്രോതസ്സ് ദൈവമാണു്. ദൈവിക ഉൽപ്പത്തിയാണതിനുള്ളതു്. [19] ദൈവമഹത്വത്തിൻെറ സാക്ഷ്യമാണു് (witness) കല. പരിശുദ്ധവും, ഉചിതവും (right), തുറന്ന ഹൃദയത്തോടുകൂടിയതുമായ ഒരു അവസ്ഥയെയാണു് സൗന്ദര്യം ആശ്രയിച്ചിരിക്കുന്നതു്. ഈ സൗന്ദര്യം ഹൃദയ വിശുദ്ധിയുള്ളവർക്കു മാത്രമേ സംലബ്ധമാകൂ. കാരണം, ഹൃദയ വിശുദ്ധിയുള്ളവരാണല്ലോ ദൈവത്തെക്കാണുക. അതിനാലാണു് 'സൗന്ദര്യം ഒരു ദൈവദാനമാണെന്നു" റസ്കിൻ പറയുന്നതു്. [20]

---

(19) R. A. Scott-James. The making of Literature. P. 283.

(20) Ruskin, Modern Painters, 111, 1, 2.

അദ്ദേഹത്തിൻെറ ഭാഷയിൽ കലാകാരൻ ഒ ദൈവദാസ നാണ്. അദ്ദേഹം ഒരു അദ്ധ്യാപകനാണ്. പ്രധാനമായും അയാഠം ഒരു ധാർമ്മികമനുഷ്യനായിരിക്കണം ('m al' man). അയാളുടെ കടമയാകട്ടെ മനുഷ്യരെ മെച്ചപ്പെടുത്തു യന്നുള്ളതും. കലവറകൂടാതുള്ള ഈ ചിന്തകളോട് ല്ലാ ക ാകാരന്മാരും യോജിക്കുമെന്നു തോന്നുന്നില്ല. ജീവിതതെ ്ും സദാചാരത്തെയും (Character) പ്രതിപാദിക്കുന്ന കലാകാര രുടെയെല്ലാം വിഷ യങ്ങളിൽ ധാർമ്മിക ചിന്തയ്ക്കു് (moral consideration) വലിയ സ്ഥാനമുണ്ട്. ഈഡിപ്പസ്, ഹാം ററ്, മാക്ബത്തു് തുടങ്ങിയുള്ള ലോകപ്രസിദ്ധങ്ങളായ ട്രാജഡികളുടെ വിഷയംത ന്നെ ധാർമ്മികത ചായപ്പണി നടത്തുന്ന പ്രതിപാദ്യങ്ങളാണ്. കഥാപാത്രങ്ങളുടെ ധാർമ്മിക ഗുണലക്ഷണങ്ങളെ ചിത്രീകരിച്ചി രിക്കുന്ന രീതിയനുസരിച്ച് അനുവാചകലോകം ഒരു കഥാപാത്ര ത്തെ വെറുക്കുകയോ സ്നേഹിക്കയോ ചെയ്യേന്നു വരാം. ജീവിത ത്തിൻെറ സുപ്രധാന പ്രമേയങ്ങളിൽ ഒന്നായ ധാർമ്മികത കല യുടെ അസ്ഥിയിലും മജ്ജയിലും അലിഞ്ഞു ചേർന്നിട്ടുള്ള ഒന്നത്രേ. ജീവിതം പ്രതിപാദ്യമാകുമ്പോഠം ഇപ്രകാരമല്ലാതിരിക്കാൻ വയ്യ.[21]

കലാകാരൻ കലാകാരൻ എന്ന നിലയ്ക്കു് ഇതര വിജ്ഞാന കതുകികളിൽനിന്നും അവനെ വേർതിരിക്കുന്നതു് എന്തായിരിക്ക ണം? ശാസ്ത്രജ്ഞൻ പഠിക്കുകയും അറിയുകയും തെളിയിക്കയും ചെയ്യുന്നു. പ്രസംഗകൻ മനുഷ്യനെ അനുനയിപ്പിക്കുന്നു. നീതി ശാസ്ത്രജ്ഞൻ (moralist) പഠിപ്പിക്കുന്നു. എന്നാൽ കലാകാരൻ വസ്തുതകഠം കാണിച്ചു കൊടുക്കുക (Show) മാത്രം ചെയ്യുന്നു. 'ജീവിതം ഇപ്രകാരമായിരിക്കണമെന്നു'' നീതിശാസ്ത്രജ്ഞൻ പറ യുമ്പോഠം, 'ജീവിതം ഇപ്രകാരം അനുഭവപ്പെടുന്നു' എന്നു മാത്ര മേ ഒരു കലാകാരൻ പറയുകയുള്ളു. അവൻ സാക്ഷാൽ കലാ കാരനാണെങ്കിൽ ജീവിതത്തെ കാണുന്നതുപോലെ തന്നെ ചിത്രീ

---

(21) Scott-James-Ibid. P. 289-90.

കരിക്കേണ്ടിയിരിക്കുന്നു. അനുയോജ്യമല്ലാത്ത പ്രമേയങ്ങൾ അവതരിപ്പിക്കുമ്പോൾ, അവൻ അതിനെ സ്നേഹിക്കുമ്പോൾ, നാം അവനെ വെറുക്കാം; അപ്രകാരം ചിത്രീകരിക്കരുതെന്നു് ആവശ്യപ്പെടാം. എന്നാൽ, ധാർമ്മികതയുടെ പേരിൽ, കലാപരമല്ലാത്ത രീതിയിൽ അതാവിഷ്ക്കരിക്കാൻ നാം ആവശ്യപ്പെടുന്നതു ശരിയല്ല. നീതിശാസ്ത്രജ്ഞൻ ഉപദേശിക്കുമ്പോൾ (exhort), കലാകാരൻ പ്രദർശിപ്പിക്കുന്നു (exhibit). ഒരാൾ മനുഷ്യനെ കർമ്മോത്സുകനാക്കുമ്പോൾ ഇതരൻ ഗ്രഹണോന്മുഖൻ (awake Perception) ആക്കുന്നു. [22]

## തിന്മയുടെ ചിത്രീകരണം

കലയും ധാർമ്മികതയും തമ്മിലുള്ള ഈ ബന്ധം കണ്ടുകഴിയുമ്പോൾ വസ്തുതകൾ പ്രദർശിപ്പിക്കുന്ന കലാകാരൻ എപ്രകാരമാണു് തിന്മയും പാപവും ചിത്രീകരിക്കേണ്ടതു് എന്നുകൂടി നാം വ്യക്തമായി മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഒരു കലാകാരനു് കലാകാരൻ മാത്രമായിരിക്കുന്ന ഒരു ജീവിതാവസ്ഥയില്ലെന്ന കാര്യം നാം ഇവിടെ വിസ്മരിക്കരുതു്. കലാകാരൻ ആദ്യവും അവസാനവുമായി ഒരു മനുഷ്യനാണു്. സാമൂഹ്യ ജീവിയാണു്. ഈശ്വരോന്മുഖനായി ചരിക്കുന്ന ഒരു വ്യക്തിയാണു്. മറെറാരുവാക്കിൽ, ഒരുവൻെറ സമ്പൂർണ്ണ അസ്തിത്വസാഹചര്യങ്ങളിൽ (existential circumstances) മാത്രമേ ഒരു കലാകാരനെയും അവൻെറ പ്രവർത്തനങ്ങളെയും കാണുവാൻ സാധിക്കയുള്ളു. മി. ജോൺ ഗാൾസ്‌വർത്തി പറയുന്നതു് ഇവിടെ അനുസ്മരണീയമത്രേ. "നന്മയുടെ അഭാവമുള്ള ഒരുവനെയും മഹാനെന്നു് സമ്പൂർണ്ണമായി പറയാൻ സാധിക്കയില്ല" എന്നാണദ്ദേഹത്തിൻെറ ചിന്ത. [23] സാക്ഷാൽ കലാകാരൻ മഹാനായിത്തീരണമെങ്കിൽ അവനിൽ

---

(22) Scoot-James-Ibid, P. 292-93.
Quoted by Scott-James Ibid. P. 290.

നന്മയുണ്ടാകണം, അവൻ നന്മബാഹ്യവത്ക്കരിക്കണം. അവൻ ജീവിക്കുന്ന സമുദായത്തെയും അതിലെ അംഗങ്ങളുടെ പൊതുനന്മയേയും, മനുഷ്യ ജീവിതത്തിൻെറ ഇന്നത്തെ വ്യവസ്ഥിതിയേയും അവൻ കണക്കിലെടുക്കണം. അയാഠം ജീവിതത്തോടു ബഹുമാനമുള്ളവനും[24] ബുദ്ധിപരവും സാംസ്ക്കാരികവും ധാർമ്മികവുമായ എല്ലാവറെറയും ബഹുമാനിക്കുന്നവനുമായിരിക്കണം. ബുദ്ധിപരവും ആദ്ധ്യാത്മികവുമായ സംസ്ക്കാരത്തിനു ഉപകരിക്കുന്നതായിരിക്കണം ആശയവിനിമയത്തിൽ അവൻ എടുക്കുന്ന സ്വാതന്ത്ര്യം. ഈ സ്വാതന്ത്ര്യത്തിൽ അവിഹിതമായി സ്വാർത്ഥതാല്പര്യങ്ങളും, സ്വകീയാശയങ്ങളും, പണവും, അധികാരവുമൊന്നും കൈകടത്തരുതു്. ഇതു് സ്പെഷ്യലൈസേഷൻെറ കാലമാണു്. ഓരോ വിജ്ഞാനശാഖയിലും എല്ലാവക്കും പ്രാവീണ്യം ലഭിച്ചിരിക്കുകയില്ല. അതിനാൽ, പ്രാവിണ്യം നേടിയിട്ടുള്ള വ്യക്തികഠം പറയുന്നതു് മനസ്സിലാക്കുവാനാണു് എല്ലാവരും ശ്രദ്ധിക്കേണ്ടതു്. എല്ലാവറെറയും തൻെറ സ്വന്തം കണ്ണാടിയിലൂടെയും കാഴ്ചപ്പാടിലൂടെയും മാത്രം വിലയിരുത്തി അധികാരത്തിൻെറയോ, സ്വാധീനത്തിൻെറയോ, പണത്തിൻെറയോ മുഷ്ടി ഉപയോഗിച്ചു് കലയും, കലോപാധികളും വികൃതമാക്കുന്ന വ്യവസ്ഥിതി സത്യസന്ധമല്ലതന്നെ. കല സൗന്ദര്യമാണു്. സൗന്ദര്യം സത്യമാണു്. അപ്പോഠം കലയും സത്യമായിരിക്കണം. സത്യം, ശിവം, സൗന്ദര്യമായ പരമ്പൊരുളിനെയായിരിക്കണം കലയിലൂടെ ആവിഷ്ക്കരിക്കുവാൻ, കലയിൽ കാണുവാൻ.

## കല മനുഷ്യനെ പൂർണ്ണനാക്കണം

കല മനുഷ്യനെ പൂർണ്ണമനുഷ്യനാക്കുവാൻ ഉപകരിക്കുന്നതുമായിരിക്കണം; അവനെ ഉൽബുദ്ധനാക്കാൻ പോരുന്നതുമായിരിക്കണം.

(24) Pius XIIII Ideal Film

അരിസ്റ്റോട്ടൽ നിർദ്ദേശിക്കുന്ന വൈകാരികശുദ്ധീകരണം (Katharsis)[25] ഭയത്തിലൂടെയും (fear) സഹതാപത്തിലൂടെയും (pity) സംസിദ്ധമാകണം. പൂർണ്ണതയിലേയ്ക്കു് പരിണാമംകൊള്ളുകയെന്ന പ്രകൃതിനിയമത്തിനു് വിരുദ്ധമായി മനുഷ്യനെ പിന്നോക്കം പായിക്കാൻ ഇടവരുത്തി അവൻെറ മൃഗീയ വാസനകളിൽ ഇക്കിളി ചാത്തുന്ന കല സാക്ഷാൽ കലയല്ല. ജീവിതത്തിന്റെ വസ്തുനിഷ്ഠമായ ചിത്രീകരണത്തിൽ മനുഷ്യജീവനെ മനുഷ്യജീവനായിത്തന്നെ ചിത്രീകരിക്കണം. ധാമ്മികത ജീവിതത്തിൻെറ സുപ്രധാനഘടകങ്ങളിൽ ഒന്നായതിനാൽ അതിനെ മറികടക്കുക ശരിയല്ല. തിന്മ ചിത്രീകരിക്കുമ്പോഠം തിന്മയെ നന്മയാക്കി കാണിക്കയോ തിന്മയ്ക്കു് അംഗീകാരം നല്കയോ ചെയ്യരുതു്. തിന്മ തെററാണെന്നുള്ള നിഗമനത്തിലായിരിക്കണം അനുവാചകനും ശ്രോതാവും എല്ലാം എത്തിച്ചേരേണ്ടതു്. സിനിമയിലും, റേഡിയോയിലും, പത്രമാസികകളിലും പുസ്തകങ്ങളിലും ടെലിവിഷനിലുമെല്ലാം സാമൂഹ്യതിന്മകഠം ചിത്രീകരിക്കപ്പെടേണ്ടിവരും. വേശ്യാവൃത്തിയും, വ്യഭിചാരവും, കള്ളക്കടത്തും, തെണ്ടലും, മോഷണവും, കൊലപാതകവും, നിരീശ്വരത്വവുമെല്ലാം വിഷയങ്ങളാകും. അതിനെ എതിർത്തിട്ടു കാര്യമില്ല. പക്ഷെ ഇവിടെയെല്ലാം ഓരോ വ്യക്തിയുടെയും, ഓരോ സമൂഹത്തിൻെറയും മതത്തിൻെറയും ധാമ്മികചിന്താഗതികളെ കണക്കിലെടുക്കാൻ പലപ്പോഴും സാധിച്ചെന്നു വരികയില്ല. പ്രത്യേകം പ്രത്യേകമായ ധാമ്മികനിയമങ്ങളെ പ്രചരിപ്പിക്കുന്നതിനു് അവയുടെ വക്താക്കഠം ഈ രംഗങ്ങളിലൂടെ പ്രയത്നിക്കയേ നിവൃത്തിയുള്ളു. എങ്കിലും ധാമ്മികത ഒന്നേയുള്ളു. അതിൻെറ അടിസ്ഥാനവും ഒന്നുതന്നെ. ഇവിടെ തീരെ കുറഞ്ഞതു് എല്ലാവരും പരിഗണിക്കേണ്ടതും പരിപാലിക്കേണ്ടതുമായ ചില നിബന്ധനകഠം ഉണ്ടായിരിക്കണം. വസ്തുനിഷ്ഠമായ (objective) ധാമ്മികതയ്ക്കു് എതിരായ ഒന്നുംതന്നെ ആശയവിനിമയോപാധികളിലൂടെയും, കലാരൂപങ്ങളിലൂടെ

---

(24) stotle 'Poetics'

യും പ്രകാശിതമാകേണ്ടതല്ല. [25] അതുപോലെതന്നെ സ്വാഭാവിക നിയമത്തെ പിടിച്ചു വളൎന്നിട്ടുള്ള പൊതു ധാൎമ്മികത (public morality) [26] യുടെ വേലിക്കെട്ടിനുള്ളിൽ ഒതുങ്ങി നില്ക്കുന്നതായിരിക്കണം തിന്മയുടെ ചിത്രീകരണം. അടിസ്ഥാനപരമായ ഈ രണ്ടു നിബന്ധനകൾ പാലിക്കപ്പെട്ടുകൊണ്ടുള്ളവയെങ്കിലുമായിരിക്കണം സമ്പൎക്കമാദ്ധ്യമങ്ങളിലൂടെ നാം ജനമദ്ധ്യത്തിൽ ഇറക്കിവിടുന്ന ആശയങ്ങളും, ചിത്രങ്ങളും, മറെറല്ലാ സംസൎഗ്ഗരീതികളും തന്നെ. എല്ലാ കലാകാരന്മാൎക്കും, എല്ലാ ആസ്വാദകൎക്കും, ഇവരെ നിയന്ത്രിക്കയും നയിക്കയും ഉത്തേജിപ്പിക്കയും ചെയ്യുന്ന എല്ലാ അധികാര രീതികൾക്കും ഈ നിബന്ധനകളുടെ ചട്ടക്കൂട്ടിൽ നില്ക്കുവാനും നിൎത്താനും ഒരു ധാൎമ്മിക കടമയുണ്ടു്. പത്രമാസികകളുടെയും, സിനിമയുടെയും, നിശ്ചല ചിത്രങ്ങളുടെയും, റേഡിയോ ടെലിവിഷൻ പരിപാടികളുടെയും കാൎയ്യങ്ങളിൽ ഈ ധാൎമ്മികകടമ (moral responsibility) എല്ലാവൎക്കുമുള്ളതാണു്. ഇതിന്റെ ലംഘനം ആത്മഹത്യാപരവുമായിരിക്കും. ഓരോ വ്യക്തിയുടെയും, പ്രത്യേക സമൂഹങ്ങളുടെയും, ധാൎമ്മികചിന്ത (moral Concepts) പരിരക്ഷിക്കേണ്ടതു് വ്യക്തികളും ആ സമൂഹങ്ങളുമാണു്. അതിന്റെ കടമയും അവൎക്കുതന്നെയാണു്. പലേ സാംസ്ക്കാരികപൈതൃകങ്ങളും, പലേ മത ചിന്താഗതികളും, പലേ സാഹചര്യങ്ങളും, പാരമ്പര്യങ്ങളും ആചാരരീതികളും, പലവിധ ഗ്രഹണശക്തി (Sensibilities) യും ഇടകലൎന്നുള്ള നമ്മുടെ പ്രത്യേക സാഹചര്യങ്ങളിൽ മുൻപു സൂചിപ്പിച്ച അടിസ്ഥാനപരങ്ങളായ രണ്ടു നിബന്ധനകളിൽ ഒതുങ്ങിനിന്നുകൊണ്ടു് ആശയവിനിമയോപാധികളുടെ ഉപയോഗം നിൎവ്വഹിക്കുകയെന്നുള്ളതാണു് പ്രായോഗിക ജീവിതത്തിനു് ഏററം ഉപകരിക്കുന്നതു്.

---

(25) Decree On Communication Media No. 6.
(26) Pius XII Miranda Prorsus.

## തിന്മയ്ക്കെതിരെ എന്തുചെയ്യണം

ആശയവിനിമയോപാധികളിലൂടെ ഒഴുകി വരുന്ന തിന്മയും, പാപവും, ദുഷ്ടതയും, അനീതിയും ചെറുത്തുനില്ക്കുന്നതിനു് എററം പ്രായോഗികമായ ചില നിർദ്ദേശങ്ങൾകൂടി നാം ചിന്താവിഷയമാക്കേണ്ടതുണ്ടു്. തിന്മയ്ക്കെതിരായി വൃഥാ വിരൽചൂണ്ടിയതുകൊണ്ടോ നിഷേധാത്മകമായ ഒരു സമീപനരീതി സ്വീകരിക്കുന്നതുകൊണ്ടോ വലിയ പ്രയോജനമില്ല. ആദ്യമായി നാം ഈ ആശയവിനിമയോപാധികളെ സമ്പൂർണ്ണമായി ഉപയോഗിക്കണം. വിനോദത്തിനും, വിജ്ഞാനത്തിനും, പ്രേഷിതപ്രവർത്തനത്തിനും അവയെ ഉപകരിപ്പിക്കണം. അതു് ഒരാവശ്യമാണു്. അവയിൽനിന്നും ഓടിയകലാതെ, അവയെ വെറുക്കാതെ, സംസർഗ്ഗോപാധിയായ ശരീരത്തിൻെറ പ്രലംബനമായി (extension) തന്നെ അവയെ നാം സ്വാഗതം ചെയ്യുകയും ജീവിതത്തിൻെറ ഒരാവശ്യമായി അംഗീകരിക്കയും ചെയ്യേണ്ടിയിരിക്കുന്നു. ഇവയുടെ പഠനങ്ങളിലുള്ള നമ്മുടെ നിഷേധാത്മകമനസ്ഥിതി (negative attitude) മാററി അനുലോമപരവും (positive) ക്രിസ്തീയവുമായ മനസ്ഥിതി വളർത്തിയെടുക്കേണ്ടിയിരിക്കുന്നു. മനുഷ്യാവതാരത്തോടുകൂടി ലോകവസ്തുക്കൾക്കു് ഒരു പുതിയ വിലയിടീൽ ഉണ്ടായിട്ടുണ്ടെന്നു് നാം ലോകത്തിനു കാണിച്ചുകൊടുക്കണം.

ഇപ്രകാരമൊരു മനസ്ഥിതിക്കു് രൂപംനല്കാൻ ഒരു പൊതുജനാഭിപ്രായം രൂപീകരിക്കയും ആ പൊതുജനാഭിപ്രായരൂപീകരണത്തിനു് ക്രിസ്ത്യാനികളും ക്രിസ്തീയസഭകളും നേതൃത്വം നല്കുയും വേണം. ഇതിനുള്ള ചെലവു് ഒരു നഷ്ടമായി കരുതരുതു്. ഈ പൊതുജനാഭിപ്രായത്തിൻെറ ശക്തികൊണ്ടു് കലാകാരന്മാരെയും, ആസ്വാദകരെയും ശ്രോതാക്കളെയും അവരുടെ വഴി തെററിയുള്ള പരക്കം പാച്ചിലിൽ നിന്നു് പ്രതിനിവർത്തിപ്പിക്കയും ചെയ്യാം. ഇതിനായി സിനിക്കു് ഫോറങ്ങളും, റേഡിയോക്ലബ്ബുകളും രൂപീകരിച്ചു് പരാതികൾ അയ

ച്ചും, വൃത്തികെട്ട പരിപാടികളും ചിത്രങ്ങളും ബഹിഷ്ക്കരിച്ചും ഈ പ്രസ്ഥാനത്തിനു് ആക്കംകൂട്ടാവുന്നതുമാണു്.

ഏററം പ്രധാനമാഗ്ഗം പ. പിതാവു് 11-ാം പീയൂസും, പന്ത്രണ്ടാം പീയൂസും, രണ്ടാംവത്തിക്കാൻ കൗൺസിലും നിർദ്ദേശിച്ചിട്ടുള്ള അദ്ധ്യയന പരിശ്രമം (educational) ആണു്. ഞായറാഴ്ച കുബ്ബാനയേക്കാഠ സിനിമയ്ക്കു പ്രാധാന്യം നൽകിയിട്ടുള്ള ഇന്നത്തെ പരിതസ്ഥിതിയിൽ സിനിമ ജീവിതത്തിൻെറ ഒരത്യാവശ്യ ഘടകമായി സാമാന്യക്കാരും ചെറുപ്പക്കാരും സ്വീകരിച്ചിരിക്കയാണു്. ഇവരാരും സിനിമയ്ക്കും, ഡാൻസിനും, നാടകത്തിനും പോകരുതെന്നു വിലക്കിയിട്ടത്ഥമില്ല. ഇന്ന ഇന്ന പുസ്തകങ്ങളും മാസികകളും വായിക്കരുതെന്നു പറഞ്ഞിട്ടു ഫലവുമില്ല. ഇതിനു പകരം നമ്മുടെ ആളുകഠക്കു്, പ്രത്യേകിച്ചു് കുട്ടികഠക്കും യുവജനങ്ങഠക്കും തങ്ങളുടെ ക്രിസ്തീയ മനസ്സാക്ഷി രൂപീകരിച്ചെടുക്കവാൻ അറിവും മാഗ്ഗവും ചൂണ്ടിക്കാണിച്ചു കൊടുക്കുക. ഓരോ കാലഘട്ടത്തിലും ഇറങ്ങുന്ന പുസ്തകങ്ങളെക്കുറിച്ചും, ചിത്രങ്ങളെക്കുറിച്ചും വേദപാഠ ക്ലാസ്സുകളിലോ, മറേറതെങ്കിലും സമയത്തോ വസ്തുനിഷ്ഠമായ ഒരു നിരൂപണം നല്കുക. ഒളിഞ്ഞുകിടക്കുന്ന തിന്മ മനസ്സിലാക്കി കൊടുക്കുക. നന്മ വിശദമായി ചിത്രീകരിച്ചു് മനസ്സിൽ പതിപ്പിക്കുക. ഈ അവതരണം (introduction) സ്വകീയമാക്കിക്കൊണ്ടു് പത്രമാസികകളും പുസ്തകങ്ങളും വായിക്കയും ചലച്ചിത്രങ്ങളും നാടകങ്ങളും കാണുകയും ചെയ്യുന്ന സാമാന്യക്കാരനു് കുറച്ചുകൂടി ബുദ്ധിപരവും വിമർശനാത്മകവുമായ ഒരു വീക്ഷണത്തോടെ ആശയവിനിമയോപാധികളെ സമീപിക്കാൻ സാധിക്കും. ഇതിൻെറ പ്രായോഗികതയെപ്പററി ചിന്തിക്കാവുന്നതാണു്. ഏതായാലും ഞായറാഴ്ച പ്രസംഗങ്ങളെക്കാഠ ഇതു് ഇന്നത്തെ ഒരാവശ്യമാണു്. കാരണം, എത്ര നിയമങ്ങഠ ഉണ്ടായാലും ധാമ്മികതയുടെ ആത്യന്തിക മാനദണ്ഡം ഓരോരുത്തൻെറയും മനസ്സാക്ഷിയാണല്ലോ. പക്ഷേ ഈ മനസ്സാക്ഷി, രൂപവത്ക്കരണം നേടിയിട്ടുള്ള ഒരു ക്രിസ്തീയമനസ്സാ

ക്ഷിയായിരിക്കേണ്ടതു് ആവശ്യമാണ്, അതിനാൽ സിനിമയു ടെയും, പുസ്തകങ്ങളുടേയും, റേഡിയോയുടെയും എല്ലാം ഉപയോഗത്തിൽ സ്വയം തീരുമാനമെടുക്കുവാൻ ഒരുവനെ പ്രാപ്തനാക്കിത്തീക്കുമാറു് ഓരോ ക്രിസ്ത്യാനിയ്ക്കും നിർദ്ദേശങ്ങൾ നല്കി അവനെ തഴകിയെടുക്കണം. നമ്മുടെ വിദ്യാത്ഥികൾക്കും ഇടവക ജനങ്ങൾക്കും ഇപ്രകാരമുള്ള ഒരു അദ്ധ്യയനം നൽകിയാൽ അവർ നല്ല നല്ല കലാശില്പങ്ങളും, റേഡിയോ ടെലവിഷൻ പരിപാടികളും ആസ്വദിക്കാൻ പ്രാപ്തരായിത്തീരും. സാങ്കേതികമായും കലാപരമായും മെച്ചപ്പെട്ട പുസ്തകങ്ങളും കലാശില്പങ്ങളും ചിത്രങ്ങളും അതിൽ തന്നെ ധാമ്മികമായിരിക്കണം.

പൊതുവിൽ ഇത്രയും കണ്ടശേഷം, ഓരോ ആശയവിനിമയ മാഗ്ഗങ്ങളെ പ്രത്യേകം പ്രത്യേകം കാണേണ്ടതുണ്ടു്. വളരെ ചുരുക്കമായി മാത്രമേ ഇവ പരാമശ് വിധേയങ്ങളാക്കുന്നുള്ളു.

## പ്രസിദ്ധീകരണങ്ങൾ

ആശയവിനിമയത്തിനുള്ള ഏററം ബൃഹത്തായ മാർഗ്ഗമാണിതു്. വളരെയധികം ഉത്തേജനശക്തി മാനവഹൃദയങ്ങളിൽ ആഞ്ഞുചെലുത്തുന്ന ഇവയുടെ പ്രേരണാവിശേഷം നാം മനസ്സിലാക്കി ക്രിയാത്മകമായി മുന്നോട്ടു നീങ്ങണം. ഗൊയ്ഥേയുടെ 'വെർതറുടെ ദുഃഖങ്ങൾ' പലരെയും ആത്മഹത്യയ്ക്കു പ്രേരിപ്പിച്ചുവെങ്കിൽ വാൾട്ടയറുടെയും റൂസോയുടെയും ഗ്രന്ഥങ്ങൾ ഫ്രഞ്ചുവിപ്ലവം അഴിച്ചുവിട്ടു. മാർക്സിൻെറ 'മാനിഫെസ്റ്റോ'യും എംഗൽസിൻെറ 'ഡാസ്കാപ്പിററലും' കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിനു് രൂപരേഖ പകന്നു. ആകെമ്പിസിൻെറ 'മിശിഹാനുകരണം' ജീവിതത്തിൽ പലക്കും പ്രകാശമരുളിയപ്പോൾ പൗലോസിൻെറ ലേഖനങ്ങളും സുവിശേഷവും മനുഷ്യനു് ജീവിതത്തിൻെറ അത്ഥം മനസ്സിലാക്കിക്കൊടുത്തു. ടാഗോറിൻെറയും, ഷെയ്ക്സ്പിയറിൻെറയും വിശ്വോത്തരകൃതികൾ മാനവചേതനയെ ഇന്നും ത്രസിപ്പിച്ചുകൊണ്ടിരി

ക്കുന്നു. പ്രസിദ്ധീകരണങ്ങൾക്കു നന്മയും തിന്മയും വാരിവിതറാനുള്ള കഴിവു് ഇതിൽനിന്നും സുവ്യക്തമാണല്ലോ. മാനുഷികവും, ധാർമ്മികവും ദൈവികവുമായ മൂല്യങ്ങളെ ഉൾക്കൊള്ളുന്ന കൃതികൾക്കു മാത്രമെ ജനതയുടെ പുരോഗതിയ്ക്കു് വളക്കൂറേകാൻ സാധ്യമാകൂ.

എന്നാൽ, അശ്ലീലതയുടെയും നിരീശ്വരത്വത്തിൻെറയും സെക്കുലറിസത്തിൻെറയും ചെളിക്കുണ്ടിൽ കാലുപുതഞ്ഞു് മുന്നോട്ടോടാൻ നിവൃത്തിയില്ലാത്ത ഒരു ജനതയേയാണു് ഈ നൂററാണ്ടിൽ നാം കാണുന്നതു്. ജീവിക്കുന്ന മനുഷ്യനെ അവൻെറ സമ്പൂർണ്ണതയിൽ ചിത്രീകരിക്കുന്നതിനു പകരം, അവൻെറ വ്യക്തിത്വത്തെ വെട്ടിമുറിച്ചു് വെറും മാംസക്കുറവുകളായി കെട്ടിത്തൂക്കി, സാമാന്യക്കാരൻെറ വൈകാരികമണ്ഡലത്തിൽ ചിറേറാളങ്ങൾ ഇളക്കിവിട്ടു്, മനുഷ്യൻെറ ചേതനയിൽ ഇക്കിളിചാർത്തി, ബലഹീനതയെ വിജ്റംഭിപ്പിക്കുന്ന പ്രസിദ്ധീകരണങ്ങൾ ഇന്നു് ധാരാളമുണ്ടു്. ഇവയെല്ലാം 'വേനല്ക്കാലത്തു് മധുരനാരങ്ങാപോലെ' വിററഴിയുന്നുമുണ്ടു്. കോടാനുകോടി രൂപാ വ്യയം ചെയ്തു് സ്കൂളുകളും കലാലയങ്ങളും നിർമ്മിച്ചു് നമ്മുടെ ഇളംതലമുറയ്ക്കു് രൂപീകരണം നൽകുന്നവർ, പലപ്പോഴും, അവരുടെ പ്രയത്നത്തിൻെറ കാതലിൽതന്നെ പുഴുക്കുത്തുളവാക്കുന്ന ഈ വലിയ വിപത്തിനെ സാരമാക്കാറില്ല. വിദ്യാർത്ഥികളുടെയും ചെറുപ്പക്കാരുടെയും സന്തത സഹചാരികളായി നമ്മുടെ വിദ്യാഭ്യാസ ശ്രമങ്ങളെ തകർത്തു തരിപ്പണമാക്കുന്ന ഇത്തരം പ്രസിദ്ധീകരണങ്ങൾ നമ്മുടെ തലമുറയ്ക്കു് ഒരു ശാപമായി തീർന്നിട്ടുമുണ്ടു്.

ഇതിനെതിരായുള്ള സമരം, 'മുടക്കുകളിലും' 'എതിർപ്പുകളിലും' മാത്രം ഒതുങ്ങിനില്ക്കരുതു്. വായിക്കാനുള്ള മനുഷ്യൻെറ മനഃശാസ്ത്രപരമായ ആവശ്യവും, വാർത്തകളും വിജ്ഞാനശകലങ്ങളും അറിയുവാനുള്ള മനുഷ്യൻെറ അടിസ്ഥാനപരമായ അവകാശവും കണക്കിലെടുത്തുകൊണ്ടു് നല്ല നല്ല തത്വങ്ങളെയും, സത്യസന്ധമായ വാർത്ത

കളെയും, ജീവിതത്തെത്തന്നെയും അണിയിച്ചൊരുക്കി, 'രസവും' 'അനുഭൂതിയും' നൽകാൻ ഉതകുമാറ് പ്രസിദ്ധീകരിക്കണം. ഇപ്രകാരം സാഹിത്യസൃഷ്ടികൾ ഉണ്ടാകണമെങ്കിൽ സാഹിത്യകാരന് ഒരു ജീവിതാദർശവും കൈമുതലായി ഉണ്ടാകണം. ജീവിതത്തിന്റെ മണൽക്കുന്നയിൽ ഇരിപ്പുറപ്പിച്ചുകൊണ്ടു് നൽകാനൊരു സന്ദേശവും, അതു രംഗത്തവതരിപ്പിക്കാൻ സങ്കേതിക പരിജ്ഞാനവും വേണം. മാനവചേതനയിൻ വികാരത്തിന്റെ കൊട്ടങ്കാററു സൃഷ്ടിക്കാനും, അങ്ങനെ വികാരത്തെ തീക്ഷ്ണമാക്കുന്നതോടൊപ്പം ബുദ്ധിയുടെ സ്ഫുലിംഗങ്ങളെ ആളിക്കത്തിക്കാനും ശ്രമിക്കണം. അങ്ങനെ വിനോദവും വിജ്ഞാനവും മനഃപരിവർത്തനവും പ്രേഷിതത്വവും ഒരു സാഹിത്യകാരൻ നിർവ്വഹിക്കണം. 'വചന'ത്തിന്റെ ആവിഷ്കരണമാണു് കൃതികളിലൂടെ ഒരുവൻ നിർവ്വഹിക്കുന്നതു്. അതിനാൽ അതു പ്രേഷിതപ്രവർത്തനവുമാണു്. ഈ പ്രേഷിതപ്രവർത്തനം തീർത്തും പരോക്ഷമായിരിക്കുക (indirect) യാണു നല്ലതു്. നാം 'കലോപാസകരെ'ന്നതിനേക്കാൾ 'കലായോധകരാ'യിരിക്കട്ടെ. ഈ ആയോധനത്തിലൂടെ മനുഷ്യനെയും ദൈവത്തെയും, മാനുഷിക മൂല്യങ്ങളെയും സംരക്ഷിക്കുകയെന്നതാണു് സാഹിത്യകാരന്റെയും പത്രപ്രവർത്തകന്റെയും ധർമ്മം; അവന്റെ ദൈവവിളി.

സാഹിത്യത്തിലെ കച്ചവടമനോഭാവം മാററിവച്ചുകൊണ്ടു് അതൊരു പ്രേഷിതത്വവും തപസ്യയുമാക്കിത്തീർക്കണം. സാഹിത്യവും സമ്പത്തും തമ്മിലുള്ള ബന്ധം ഇവിടെ വിട്ടുകളയുന്നില്ല. പക്ഷേ, ഒരു കത്തോലിക്കാ സാഹിത്യകാരന് ഗ്രന്ഥരചന മററു ഭക്താഭ്യാസങ്ങളെപ്പോലെതന്നെ വരപ്രസാദവർദ്ധകവും ദൈവൈക്യസംദായകവുമാണു്. അവൻ ദൈവത്തോടുകൂടി 'സൃഷ്ടികർമ്മം' നിർവ്വഹിക്കുന്നു. അതേ അവസരത്തിൽ തന്നെ സത്യമായ ദൈവത്തെ തേടുകയും അവൻ കാണുന്ന ആ സത്യത്തെ മററുള്ളവർക്കു സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു. ഈ 'സൃഷ്ടികർമ്മത്തിൽ പരിപൂർണ്ണനായിത്തീരുമ്പോൾ അവൻ സ്വയം പരിപൂർണ്ണത നേടുകയും

ചെയ്യും. ഒരു സാഹിത്യകാരനെ സംബന്ധിച്ച് ഇതു് ജീവിത ലക്ഷ്യംതന്നെ ആയതിനാൽ സൃഷ്ടിയിലും രചനയിലും പരിപൂർണ്ണത കണ്ടെത്തുവാൻ അവൻ ശ്രമിക്കയും അതിനുപയുക്തമായ സാങ്കേതിക പരിജ്ഞാനം സമ്പാദിക്കാൻ കടപ്പെട്ടുകയും ചെയ്യുന്നു.

വൈദികരുടെയും സന്യാസികളുടെയും കന്യാസ്ത്രീകളുടെയും ദൈവവിളി പരിപോഷിപ്പിക്കയും പരിരക്ഷിക്കയും ചെയ്യുന്നതുപോലെ സാഹിത്യകാരന്മാരുടെയും പത്രപ്രവർത്തകരുടെയും പ്രേഷിതാഹ്വാന (apostolic call) ത്തെയും വളർത്തിയെടുക്കാനും സംരക്ഷിക്കുവാനും സമുദായത്തിനും അധികാരികൾക്കും ധാർമ്മികചുമതലയുണ്ട്. കത്തോലിക്കാ പ്രസിദ്ധീകരണ ശാലകൾ നിലകൊള്ളുന്നതു് കുറച്ചു പ്രാർത്ഥനപുസ്തകങ്ങളും, തിരുനാൾ പരസ്യങ്ങളും നമസ്ക്കാരങ്ങളും അടിച്ചിറക്കുവാൻ മാത്രമല്ല. ഏതാനും ചില കുത്തകക്കാരുടെയും സ്വകാര്യ താല്പര്യക്കാരുടെയും ആശയങ്ങളും, അഭിപ്രായങ്ങളും, സ്തുതിഗീതങ്ങളും പ്രചരിപ്പിക്കുവാനുമല്ല. അവ സത്യത്തിൻെറ വാഹകരാക്കളും, സ്വാതന്ത്ര്യമായ ആശയവിനിമയത്തിൻെറ ഉപാധികളും, വളരുന്ന സാഹിത്യോപാസകരെ വളർത്തിയെടുക്കുന്നതിനുള്ള മാർഗ്ഗങ്ങളുമായിരിക്കണം.

പ്രസിദ്ധീകരണങ്ങൾക്കും, പ്രസാധകർക്കും, ഗ്രന്ഥകാരന്മാർക്കുമുള്ള സ്വാതന്ത്ര്യം എത്രമാത്രമുണ്ടെന്നുള്ളതു് ഇന്നും ഒരു വിവാദവിഷയമാണ്. പ്രസിദ്ധീകരണങ്ങൾ ചിന്തയെ സ്വാധീനിക്കയും മാറ്റിമറിക്കയും രൂപീകരിക്കയും മാത്രമല്ല ചെയ്യുന്നതു്. അവ മൂല്യങ്ങളെയും ആദർശങ്ങളെപ്പോലും ഇളക്കി പ്രതിഷ്ഠിക്കയും രൂപീകരിക്കയും ചെയ്യാറുണ്ട്. പ്രസിദ്ധീകരണങ്ങൾ ആശയങ്ങളുടെയും ചിന്തയുടെയും ആദർശത്തിൻെറയും മൂല്യങ്ങളുടെയും ആവിഷ്ക്കരണ മാദ്ധ്യമങ്ങളാണല്ലോ. അപ്പോൾ, പ്രസിദ്ധീകരണസ്വാതന്ത്ര്യം എന്നു പറയുന്നതു് ആവിഷ്കരണ സ്വാതന്ത്ര്യം (freedom of expression) തന്നെയാണ്. ഇതു് ഒരുവൻെറ അടിസ്ഥാന അവകാശങ്ങളിൽ (fundamental rights) ഒന്നാണ്. സഭയ്ക്കും, സമുദായത്തിനും,

രാഷ്ട്രത്തിനും ഈ സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യാൻ അവകാശമില്ല. പക്ഷേ, പ്രസിദ്ധീകരണങ്ങൾക്ക് കേവലവും പരമവുമായ (absolute) സ്വാതന്ത്ര്യം ഒരിക്കലും ഉണ്ടായിരിക്കേണ്ടതല്ല. [27] ഒരു വ്യക്തിയ്ക്കോ, സമൂഹത്തിനോ, രാഷ്ട്രത്തിനോ ഉപദ്രവം വരുത്തുന്നിടത്ത് പ്രസിദ്ധീകരണങ്ങളെ നിയന്ത്രിക്കേണ്ടതത്രേ. സ്വാതന്ത്ര്യത്തിന്റെ പേരിൽ എന്തും പറയാം എഴുതാം എന്നുള്ള നയം ശരിയല്ലതന്നെ. ധാർമ്മികനിയമങ്ങളെയും, മനുഷ്യബഹുമാനത്തെയും കാററിൽ പറത്തുവാൻ ഒരു ഗ്രന്ഥകാരനും പ്രസിദ്ധീകരണത്തിനും സ്വാതന്ത്ര്യമില്ലായെന്നു ചുരുക്കം.

എന്നാൽ അശ്ലീലത്തിന്റെയും അധാർമ്മികതയുടെയും ഏറാപടക്കങ്ങളുമായി സാഹിത്യകാരന്മാരേയും പ്രസിദ്ധീകരണങ്ങളെയും വേട്ടയാടുന്ന ഒരു സ്വഭാവം ചില മൂലകളിൽനിന്നും ഉണ്ടാകാറുണ്ട്. എന്തു കണ്ടാലും എന്തു പറഞ്ഞാലും അശ്ലീലമാണു ചിലർക്ക്. സ്ത്രീ പോലും അശ്ലീലം! പുരുഷന്റെ മൃഗീയവാസനയുടെ ശമനോപാധിയെന്നതിൽ കവിഞ്ഞ ഒരു പ്രതിബിംബനം സ്ത്രീയ്ക്കു പേഗൺ വ്യവസ്ഥിതിയിൽ ലഭിച്ചിരുന്നില്ല. ക്രൈസ്തവാദർശനങ്ങളുടെ പകൽ വെളിച്ചത്തിലും ഈ കണ്ണാടിയിൽക്കൂടിത്തന്നെയാണ് ചിലരൊക്കെ ഇന്നും നോക്കിക്കാണുക. ഒരു പ്രസിദ്ധീകരണത്തിൽനിന്നും ഒരു വാക്കോ ഒരു വാചകമോ, ഒരു ഖണ്ഡികയോ അടർത്തിക്കാട്ടി ഊതിവീർപ്പിച്ച് അതും കൊണ്ടോടുന്നവരുടെ അസഹിഷ്ണുതാമനോഭാവവും ഇടുക്കാർന്ന ചിന്താഗതിയും പരിവർജ്ജ്യമത്രേ. നാം ഒരു പുസ്തകമോ, ഒരു കഥയോ, ഒരു നോവലോ വായിക്കുമ്പോൾ ആ കലാവിഭവത്തിനു് അനുവാചകനു നല്കാനുള്ള സന്ദേശ (message) മാണ് എടുക്കേണ്ടതു്. ആകെക്കൂടെ ആ കഥയുടെ, ആ നോവലിന്റെ ഗതിയും (tenor), ചായ്‌വും (trans) ആണു നാം എടുക്കേണ്ടതു്. അല്ലാതെ കുറവു തിരിക്കുകയല്ല വേണ്ടതു്. എന്നാൽ തിന്മ ഒരു ആവശ്യമായി ചിത്രീകരിക്കപ്പെടുകയും നന്മയുടെ പരിവേഷത്തിൽ

(27) Dr. Vatsyayam. Ibid. 358-361.

പ്രത്യക്ഷപ്പെടുകയും ചെയ്യുന്നിടത്താണ് നാം കൂടുതൽ സൂക്ഷിക്കേണ്ടതു്. കലയുടെ പ്രത്യേക ഭാഷ മനസ്സിലാക്കിക്കൊണ്ടു് ആകെക്കൂടിയുള്ള സന്ദേശം കണ്ടെത്തുവാനുള്ള ശ്രമമാണ് നമുക്കു് ഉണ്ടായിരിക്കേണ്ടതു്.

## സിനിമ, റേഡിയോ, ടെലിവിഷൻ

ആധുനികയുഗത്തിൽ റേഡിയോയ്ക്കും സിനിമയ്ക്കും ടെലിവിഷനുമുള്ള അതി പ്രധാനമായ സ്വാധീനത്തെ നാം വിസ്മരിക്കരുതു്. ഇവയിൽ ആദ്യത്തേതു രണ്ടും സാമാന്യ ജനങ്ങളുടെ വിനോദമാർഗ്ഗങ്ങളാണ്. പ്രത്യേകിച്ചു്, പ്രേഷിതപ്രവർത്തനത്തിനു് ഇന്നു് ഇവയോളം ഉപകാരപ്രദമായ മാദ്ധ്യമങ്ങൾ ഇല്ലതന്നെ. ക്രിസ്തീയാശയങ്ങളുടെ പ്രചരണത്തിനും ധാർമ്മികമൂല്യങ്ങളെക്കുറിച്ചു് ഒരു പൊതുജനാഭിപ്രായം കരുപ്പിടിപ്പിക്കുന്നതിനും ഇവയോളം ഉപകാരപ്രദമായ ഉപാധികൾ ഇല്ലെന്ന വസ്തുത നാം മറക്കരുതു്. ഇവ ഉപയോഗിക്കണമോ വേണ്ടയോ എന്നതിനേക്കുറിച്ചു് നാമിരുന്നു് ആലോചിക്കുന്ന നേരത്തു് മററുള്ളവർ ഇവ ഉപയോഗിക്കുകയാണ്. ഇക്കാര്യത്തിൽ അന്ധകാരത്തിൻെറ മക്കൾ വെളിച്ചത്തിൻെറ മക്കളേക്കാൾ ബുദ്ധി കാണിച്ചുകഴിഞ്ഞു. ക്രിസ്ത്യാനികൾ ഈ ഉപാധികൾ ഉപയോഗിച്ചു് പ്രേഷിതപ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതിൻെറ ആവശ്യം പ. പിതാവു് 12-ാ പീയൂസ് സമർത്ഥമായി പ്രതിപാദിക്കുന്നു. “നമ്മുടെ കാലയളവു് നവ്യവും, ബൗദ്ധികവും, ആകർഷകവും, ചിന്തോദ്ദീപകവും സാർവ്വത്രികവും വ്യക്തിപരവുമായ എല്ലാ ഉപാധികളെയും സ്വീകരിക്കണം. ഈ ഉപാധികളിൽ അലിഞ്ഞുചേർന്നിരിക്കുന്ന യാതൊരു വിഭവവും നാം ഉപയോഗിക്കരുതു്, യാതൊരു പ്രശ്നവും നിർദ്ധാരണം ചെയ്യാതെ വിട്ടുകളയരുതു്, യാതൊരു പ്രതിഭയും അവഗണിക്കയും ചെയ്യരുതു്.... അനാഗതരും വലിയ തീക്ഷ്ണതയില്ലാത്ത കത്തോലിക്കർ പോലും കലയോടുള്ള സ്നേഹത്തെപ്രതിയോ, ഒരു താത്വികാവഗ്രഹണം ശ്രാവി

ക്കന്നതിലുള്ള ആനന്ദമത്തപ്രതിയോ സാവധാനം നമ്മുടെ റേഡി യോ പ്രോഗ്രാമുകറം കേറംക്കാൻ തുടങ്ങും....ഇതിനെ തുടന്ന് അവ രിൽ ജന്മനായുള്ള മതവികാരങ്ങളെ അവക്ക് പ്രത്യേകമായ രീതി യിൽ സംതൃപ്തമാക്കേണ്ടതിൻെറ ആവശ്യകത മനസ്സിലാക്കം.... രക്ഷയുടെ പാതയിലൂടെയുള്ള പ്രയാണത്തിനു, അതു വഴിതെളിക്ക യും ചെയ്യം."

പ്രസിദ്ധീകരണങ്ങളെ സംബന്ധിച്ച പറഞ്ഞവയെല്ലാം സിനിമ സംബന്ധിച്ചും റേഡിയോ സംബന്ധിച്ചും തികച്ചും അന്വത്ഥമാണ്. ഒരു പടത്തിൻെറ ആകെക്കൂടെയുള്ള സന്ദേശ മാണു നാം കണക്കിലെടുക്കേണ്ടതു്. ഇടയ്ക്കുള്ള ഒരു സംഭാഷ ണമോ, ഒരു സീനോ തിന്മയ്ക്കും വികലതയ്ക്കും ചിത്രീകരിച്ചാലും അവയെ ഒററപ്പെടുത്തിയെടുത്തു് തെററായ വിമശനത്തിൽ എത്ത രുതു്. [28] തിന്മയും പാപവും സാമാന്യവും സാധാരണവും ('nor-mal') ആണെന്നു സ്ഥാപിച്ചുകൊണ്ടു ജീവിതത്തെ ചിത്രീകരിക്ക വാൻ അനുവദിക്കുകയും ചെയ്യരുതു്. ദൈവശാസ്ത്രപരമായ പിച്ചി ക്കീറലിലൂടെ പാപം ദൈവദ്രോഹമാണെന്നു മനസ്സിലാക്കിക്കൊടു ക്കാൻ സാധിച്ചില്ലെങ്കിലും, അതു് മാനവ മനസ്സാക്ഷിയെ അശുദ്ധ മാക്കുന്നതാണെന്നെങ്കിലും കാണിച്ചിരിക്കണം. [29] പ്രസിദ്ധീകര ണങ്ങളെപ്പോലെതന്നെ മനസ്ഥിതിയേയും മൂല്യപരിഗണനകളെയും മാററിമറിക്കാനും തിരുത്തിയെഴുതാനും ചിത്രങ്ങറംക്കു കഴിവുണ്ടു്. പൊതുവും വസ്തുനിഷ്ഠവുമായ ധാമ്മികതയ്ക്കു വിഘാതമായി യാതൊ ന്നുംതന്നെ ചിത്രങ്ങളിലും റേഡിയോ പരിപാടികളിലും ഉണ്ടാകാ തിരിക്കാൻ സൂക്ഷിക്കണം. ഇവയിലൂടെ പ്രചരിപ്പിക്കുന്ന ആശയ ങ്ങളും ആദശങ്ങളും മാനവ പുരോഗതിയ്ക്കും മനുഷ്യൻെറ ആകെ ക്കൂടിയുള്ള വളച്ച്യയ്ക്കും ഉപകരിയ്ക്കുന്നതായിരിക്കണം. ഇവയെ

(28) Frank Geltein & H. Gardiner, movies, Morals and Art. P. 128

(29) „ „ Ibid P. 135

ഹൃദ്യവും കലാസുഭഗവുമായ വിധത്തിൽ അവതരിപ്പിക്കയും വേണം. കമ്മ്യൂണിസ്റ്റുകാർ മനോഹരമായ നാടകങ്ങളിലൂടെയും, സിനിമകളിലൂടെയും മാനവഹൃദയങ്ങളിലേയ്ക്കു് അവരുടെ ആശയങ്ങളെ അറിയാതെ അരിച്ചിറക്കുന്നതുപോലെ ക്രൈസ്തവാദർശങ്ങളെയും, ആശയങ്ങളെയും നാം കടത്തിവിടണം. ധാർമ്മികതയ്ക്കു വേണ്ടി കലയെ നാം പലപ്പോഴും കൊലചെയ്യാറുണ്ടു്. ധാർമ്മികത ഉയർത്തിക്കാട്ടാൻ, അതും പലപ്പോഴും പ്യൂരിട്ടൻ ഈററില്ലങ്ങളിൽ പിറന്നവയും വിക്ടോറിയൻ നഴ്സറികളിൽ വളർന്നവയുമായ ചേതോവികാരങ്ങളെ പിടിച്ചുനിർത്താൻ, കലയുടെ ശവവുമായി ഇറങ്ങാൻ ക്രിസ്ത്യാനി നിർബ്ബന്ധിക്കപ്പെടുന്നു. ഇതു ശരിയല്ല. നാം യഥാർത്ഥ ക്രിസ്തീയ ധാർമ്മികതയെ ഉയർത്തിപ്പിടിക്കയും അതേസമയം കലയെ കൊലചെയ്യാതിരിക്കയും വേണം. കലയ്ക്കുവേണ്ടി ധാർമ്മികതയ്ക്കു് ഡൈനമേററ് വയ്ക്കരുതു്. അതുപോലെതന്നെ ധാർമ്മികതയുടെ പേരു പറഞ്ഞു് കലയെ കുറവുതീരിക്കയും ചെയ്യരുതു്. ക്രിസ്തുവിൻെറ വീക്ഷണമാണു്; ക്രിസ്തീയ വീക്ഷണമാണു് നമുക്കിവിടെ വേണ്ടതു്. മനുഷ്യാവതാരത്തോടുകൂടി വസ്തുവിനു വന്ന നല്ലം്, വസ്തുവിനെ നോക്കിക്കാണുന്നതിൽ സംഭവിച്ച വ്യതിയാനം, സായത്തമാക്കി ഒരു പുതിയ സമീപനം കാലാനുസൃതമായി ഇക്കാര്യത്തിൽ നാം സ്വീകരിക്കണം. പരിമിതവും പരിക്ലിപ്തവും അപൂർണ്ണവുമായ മാംസത്തെ ദൈവം സ്വീകരിക്കയും അതിനെ പൂർണ്ണമാക്കിച്ചെയ്യുകയും ചെയ്തെങ്കിൽ തീർത്തും അപൂർണ്ണങ്ങളും വികലവുമായ ഈ ആശയവിനിമയോപാധികളെ നാം സ്വയം ആത്തുപുൽകുകയും അവയെ മെച്ചപ്പെടുത്തുകയും ചെയ്യണം. പലേ തട്ടുകളിൽ നിന്നുകൊണ്ടു് ഈ രംഗത്തു പ്രവർത്തിക്കുന്ന അനേകായിരങ്ങൾക്കു് ഉണർവ്വും ഉന്മേഷവും നൽകി ഈ മാദ്ധ്യമങ്ങളെ ക്രിയാത്മകമായി നാം പ്രോത്സാഹിപ്പിക്കണം. നാടകക്കാരും സിനിമാക്കാരും ഏതോ 'രണ്ടാംതരം' മനുഷ്യർ ആണെന്നുള്ള ചിന്തയെ എറിയണം. ഈ ചിന്ത ഉറഞ്ഞുകൂടിയതിനാൽ നാടക രംഗത്തും സിനിമാരംഗത്തും ഒന്നും നാം ആളുകളെ നിർല്ലോഭമായി

വിട്ടിരുന്നില്ല, നമ്മുടെ ആളുകളുടെ കഴിവുകളെ വളത്തുവാനുള്ള വിശാലവും സ്വതന്ത്രവുമായ രംഗങ്ങൾ വെട്ടിത്തുറന്നില്ല. ഈ അപാകതകളെ തുടച്ചുനീക്കി ഈ പ്രതലങ്ങൾ പിടിച്ചടക്കുവാനും നാം ബോധപൂർവ്വം ശ്രമിക്കേണ്ടിയിരിക്കുന്നു. ഇതുവരെ സ്കൂളിനും കോളേജിനും, കവലക്കപ്പേളകൾക്കും വേണ്ടി വ്യയം ചെയ്തിരുന്ന പണം ഈ രംഗത്തേയ്ക്കു് ഒഴുക്കുന്നതു് ഇന്നത്തെ ഒരാവശ്യമാണെന്നു് നാം മനസ്സിലാക്കണം. ജനതയെ ക്രൈസ്തവീകരിക്കാൻ ഏററം നല്ല ഉപാധിയാണിതു്. ആധുനികകാലത്തെ ദേവാലയങ്ങളും ദേവസ്ഥാനങ്ങളുമാണു് സിനിമാ കൊട്ടകകളും നാടകശാലകളും. അവിടെനിന്നാണു് ജീവിതാദർശങ്ങളും, ദർശനങ്ങളും ഒരുവൻ സ്വീകരിക്കുക. അവിടെയാണു് സൗന്ദര്യവും സത്യവും മനുഷ്യൻ അന്വേഷിക്കുകയും അവനിഷ്ടമായ രീതിയിൽ കണ്ടെത്തുകയും ചെയ്യുക. അതിലൂടെയാണു ദൈവത്തെ സ്നേഹിക്കുയോ വെറുക്കുകയോ, അങ്ങിൽ വിശ്വസിക്കയോ വിശ്വസിക്കാതിരിക്കയോ ചെയ്യുക.

അതുപോലെതന്നെ, പ്രസംഗങ്ങളേക്കാൾ ഇന്നു മനുഷ്യൻ റേഡിയോ പ്രഭാഷണങ്ങൾ ശ്രവിക്കുന്നു, വിശ്വസിക്കുന്നു. ജീവിതത്തിലേയ്ക്കു പകത്തുന്നു. ആ പ്രതലത്തിൽ നമ്മുടെ ശക്തിയും പണവും വ്യയം ചെയ്തു് ദൈവിക മൂല്യങ്ങളെയും മാനുഷിക മൂല്യങ്ങളെയും നാം ജനഹൃദയങ്ങളിൽ പ്രചരിപ്പിക്കാൻ ശ്രമിക്കണം. പുൾപ്പിററിനു് പണ്ടുണ്ടായിരുന്ന സ്ഥാനം ഇന്നു് റേഡിയോയ്ക്കുണ്ടു്. രാഷ്ട്രീയ ക്രയവിക്രയങ്ങൾ നടക്കുന്ന ഈ നാട്ടിൽ, വിലപറച്ചിലുകളിലൂടെയും, ഇലക്ഷൻ ലേലത്തിലൂടെയുമൊക്കെ, എന്തും സാധിക്കാവുന്ന ഈ രാഷ്ട്രീയ സാഹചര്യത്തിൽ, കേരളത്തിൽ ഒരു സ്വതന്ത്ര റേഡിയോ നിലയം നിർമ്മിക്കാൻ ക്രിസ്ത്യാനികൾ സാധിച്ചാൽ അതു വലിയ നേട്ടമായിരിക്കും. ബുദ്ധിമുട്ടുകളും പ്രതിബന്ധങ്ങളും ഉണ്ടെങ്കിലും അസാദ്ധ്യമാണതെന്നു് ഈ ലേഖകനു തോന്നുന്നില്ല. തത്വത്തിൻെറ വിശുദ്ധിയും ആദർശത്തിൻെറ സ്വച്ഛീയതയും ചില പൊടിക്കൈകളിലൂടെ നമുക്കു് പ്രചരിപ്പിക്കു

വാനും അതിലൂടെ ഒരു പൊതുജനാഭിപ്രായം രൂപീകരിച്ചെടുക്കുവാനും സാധിക്കും. ഇൻഡ്യാഗവണ്മെൻറിൻെറ പോളിസി ഇതിനെതിരെന്നു ചിലർ പറയും. പോളിസി മാറുന്നതും മറിയുന്നതും തിരുത്തിയെഴുതപ്പെടുന്നതും നാം നിരന്തരം കണ്ടുകൊണ്ടിരിക്കുന്ന ഒന്നാണ്. ഈ പോളിസിയെന്നു പറയുന്നതു് ഇരുമ്പൊലക്കയൊന്നുമല്ലല്ലോ. അധികാരത്തിൻെറ മുന്നിൽ പോളിസികളുടെ ഉരുക്കുകോട്ടകൾ പോലും തകന്നു വീഴുന്നതു നിത്യസംഭവങ്ങളാണ്.

"നിങ്ങൾ പോയി സകല ജാതികളെയും പഠിപ്പിക്കുക" യെന്ന ക്രിസ്തുനാഥൻെറ നിർദ്ദേശം ശിരസാ വഹിച്ചിരിക്കുന്ന സഭയ്ക്കു് വിദ്യാഭ്യാസത്തിനും പ്രേഷിതപ്രവത്തനത്തിനും, മനുഷ്യജീവിതത്തിനത്യന്താപേക്ഷിതമായ വിനോദത്തിനും ഈ മാദ്ധ്യമങ്ങളെക്കാൾ മെച്ചപ്പെട്ട ഉപാധികൾ ഇല്ലതന്നെ. ഇവ വിദ്യാഭ്യാസത്തിൻെറ തുടച്ച്യും പൂത്തീകരണവും നിവ്വഹിക്കുന്നു. മനുഷ്യനെ ബഹുമാനിക്കുക, മനുഷ്യനേയും മനുഷ്യജീവിതത്തേയും സ്നേഹപൂവ്വം മനസ്സിലാക്കുക, മനുഷ്യൻെറ അഭിലാഷങ്ങളെ പൂത്തീകരിക്കുക, മനുഷ്യവ്യക്തിയെന്ന നിലയിൽ ഒരുവനു ലഭിച്ചിരിക്കുന്ന ദൈവികാഹ്വാനത്തോടു വിശ്വസ്തത പുലത്തുവാൻ സഹായിക്കുക [30] എന്നീ മഹത്തായ ലക്ഷ്യങ്ങൾ ചിത്രങ്ങളിലൂടെ സാധിച്ചെടുക്കണം. യഥാത്ഥ വിദ്യാഭ്യാസത്തിൻെറ പൂത്തീകരണമില്ലെങ്കിൽ പിന്നെയെന്താണ്?

സിനിമയുടെയും റേഡിയോയുടെയും ഗുണങ്ങൾ സമ്മേളിച്ചിട്ടുള്ള ഒരു ആശയവിനിമയോപാധിയാണ് ടെലിവിഷൻ. നമ്മുടെ നാട്ടിൽ ഇതു് സാമാന്യമായിട്ടില്ല. പക്ഷേ, സാമാന്യമായിത്തീരും. ഓരോ വീട്ടിലും ടെലിവിഷൻ സെററുകൾ ഉണ്ടാകുന്ന കാലം അത്ര വിദൂരമല്ല. അപ്പോൾ സിനിമാടെൻറുകളിലേയ്ക്കു് ഓടിക്കൂടുന്നതിനു പകരം കുടുംബം മുഴുവൻ ടെലിവിഷൻ

---

(30) Pius XII. Ideal Film.

ദൃമിൽ ഒരുമിച്ചുകൂട്ടം. ഇന്നു് പ്രാർത്ഥനയ്ക്കായി വീട്ടിൽ പ്രത്യേകം സജ്ജീകരിച്ചിട്ടുള്ള 'പ്രാർത്ഥന മുറി'കളിൽ ഓടിക്കൂടുന്ന നമ്മുടെ കുടുംബം ടെലിവിഷൻ മുറിയിലായിരിക്കും ഒതുങ്ങിക്കൂടുക. പിഞ്ചുകുഞ്ഞുമുതൽ എല്ലാവരും അവിടെ കൂടി ടെലിവിഷൻ പ്രോഗ്രാമുകളിൽ സംബന്ധിക്കും. മതകർമ്മങ്ങൾമുതൽ എല്ലാം തന്നെ ടെലിവിഷനിലൂടെ നമ്മെ സമീപിക്കും. അക്കൂട്ടത്തിൽ മററു പലതും. എല്ലാം നാം സ്വീകരിക്കും. ടെലിവിഷൻ മനുഷ്യരിൽ സൃഷ്ടിച്ചുവിടുന്ന പ്രശ്നങ്ങളെക്കുറിച്ചു് പ. പിതാവു് വ്യക്തമായ ഭാഷയിൽ മുന്നറിയിപ്പു നൽകുന്നുണ്ടു്. [31]

ഭാരതത്തെ സംബന്ധിച്ചു് സാമ്പത്തിക പരാധീനത ടെലിവിഷൻ പ്രചരണത്തെ വളരെയധികം ബാധിച്ചിട്ടുണ്ടു്. ഭാരതത്തിൽ ടെലിവിഷൻ പ്രചരിപ്പിക്കുന്നതിനും പ്രോഗ്രാമുകൾ നടത്തുന്നതിനും ഉള്ള ഏജൻസി സഭയായിത്തീർന്നാൽ, അതിനുവേണ്ടി എന്തു ചെലവായാലും, അതു് ഭാരതസഭയ്ക്കു ചെയ്യാവുന്ന വലിയ പ്രേഷിതത്വവും, കാണിക്കാവുന്ന വലിയ രാജ്യസ്നേഹവുമായിരിക്കും. ഭാരതത്തിനു് ക്രിസ്തീയ രൂപം നൽകാനുള്ള ഏററം മെച്ചപ്പെട്ട മാർഗ്ഗവും ഇതുതന്നെ. നാം വേണ്ടവിധത്തിൽ ഗവണ്മെന്റിനെ സമീപിച്ചാൽ, സ്വാധീനിച്ചാൽ, ഈ വലിയ കാര്യം നിർവ്വഹിച്ചു കിട്ടും എന്നു് തോന്നുന്നു. ക്രിസ്തീയ സഭകൾ ഒററക്കെട്ടായിനിന്നു് ഇക്കാര്യത്തിൽ പ്രവർത്തിച്ചാൽ അതു് ചരിത്രം സൃഷ്ടിക്കുന്ന ഒരു മഹത്കാര്യമായിത്തീരും. ഇതിൽനിന്നും ഉളവാകുന്ന വമ്പിച്ച സാമ്പത്തികഭാരം ഇവിടെ മറന്നുപോകുന്നില്ല.

## ഉപസംഹാരം

പരോക്ഷമായ ഈ പ്രേഷിതപ്രവർത്തനങ്ങളിലൂടെയും വിദ്യാഭ്യാസ പരിപാടികളിലൂടെയും വിനോദ സാധ്യതകളിലൂടെയും കർത്തൃനിർദ്ദേശത്തിൻെറ പൂർത്തീകരണമായിരിക്കും നാം നിർവ്വ

(31) Cfr. Pius XII. Miranda Prorsus.

ഷിക്കുക. ഇവിടെ മനുഷ്യനെ മുഴുവനായി നമുക്കു നേടിയെടുക്കുവാൻ സാധിക്കുമെന്നതിൽ പക്ഷാന്തരമില്ല. സഭയുടെ സുപ്രധാന പ്രേഷിതരംഗമാണു് ആശയവിനിമയോപാധികൾ. സഭയുടെ അസ്തിത്വംതന്നെ വരുംകാലങ്ങളിൽ ഇവയോടുള്ള അവളുടെ സമീപനത്തെ ആശ്രയിച്ചാണിരിക്കുന്നതു്. വത്തിക്കാൻ കൗൺസിലിൻെറ വാചകങ്ങളിൽ നമുക്കു് ഈ പഠനം അവസാനിപ്പിക്കാം. സാങ്കേതികവിജ്ഞാനത്തിൻെറ അഭാവമോ, വ്യയഭാരത്തെക്കുറിച്ചുള്ള ശങ്കയോ, രക്ഷയുടെ സന്ദേശം വിഫലമാക്കാൻ സഭാസന്താനങ്ങൾ അനുവദിക്കുന്നതു് അനുചിതവും അനഭിലഷണീയവുമത്രേ. സത്യം സംരക്ഷിക്കുവാനും, പ്രചരിപ്പിക്കുവാനും, മനുഷ്യ സമുദായത്തിനു് ക്രിസ്തീയ രൂപം പകരാനുംവേണ്ടി പ്രവർത്തിക്കുന്ന പ്രസിദ്ധീകരണങ്ങൾ, സിനിമ-റേഡിയോ-ടെലിവിഷൻ പരിപാടികൾ, പ്രക്ഷേപണ കേന്ദ്രങ്ങൾ എന്നിവയെ സഹായിക്കാനും സംരക്ഷിക്കാനും അവർക്കു കടമയുണ്ടു്. അതുപോലെതന്നെ, യഥാർത്ഥ സംസ്കാരത്തിനും പ്രേഷിതപ്രവർത്തനത്തിനും വേണ്ടിയുള്ള ശ്രമങ്ങളിൽ ഈ മാദ്ധ്യമങ്ങളെ ഉപയോഗപ്പെടുത്താൻ വേണ്ടി തങ്ങളുടെ കഴിവുകളെ വിദഗ്ദ്ധമായ സേവനങ്ങളും നൽകേണ്ടതാണു്. ഇതു് സാമ്പത്തികശേഷിയും സാങ്കേതിക പരിജ്ഞാനവുമുള്ള വ്യക്തികളുടെയും സംഘടനകളുടെയും കർത്തവ്യവുമാണു്. [32] അതുപോലെ തന്നെ ഈ മാദ്ധ്യമങ്ങളുടെ സംശോധകർ (Censors) വ്യക്തികൾ തന്നെ ആയിരിക്കണം. അതിനാൽ, ഈ ഉപാധികളുടെ വിനിയോഗം സംബന്ധിച്ചു് സഭാതനയർ ശരിയായ മനസ്സാക്ഷി രൂപീകരിച്ചെടുക്കണം-അങ്ങനെ യഥാതഥ്യവും ശരിയായതുമായ മനസ്സാക്ഷിരൂപവത്കരണത്തിനുള്ള എല്ലാ സൗകര്യങ്ങളും അവർക്കു് ഉണ്ടായിരിക്കേണ്ടതുമാണു്. [33] അങ്ങനെ ഒററക്കെട്ടായി നിന്നു് ഈ മാദ്ധ്യമങ്ങളെ സ്വീകരിക്കയും ഉപയോഗിക്കയും പ്രചരിപ്പി

(32) Decree on Communication Media No. 17.

(33) ,, ,, No. 21.

ക്കയും പ്രോത്സാഹിപ്പിക്കയും നന്മയുടെയും മാനവപുരോഗതിയുടെയും അടയാളങ്ങളും (signs) പ്രതീകങ്ങളും (symbols) ഉപകരണങ്ങളും (instruments) ആക്കിത്തീർക്കയും വേണം. ഇതു് ഒരു പുതിയ പന്തക്കുസ്ത വിളംബരം ചെയ്യും; സ്വർഗ്ഗവും ഭൂമിയും, ദൈവവും മനുഷ്യനും, മനുഷ്യനും മനുഷ്യനും ഇവിടെ പരസ്പരം ആലിംഗനബദ്ധരാകയും ചെയ്യും.

ACHARYA PALACKAL JEEVASS KENDRAM
LIBRARY
15077

# സാമൂഹ്യ സമ്പർക്ക മാദ്ധ്യമങ്ങൾ

ജെ. ചിറയിൽ

Indic Digital Archive Foundation
gpura.org